# അക്ഷരജ്വാല

കുടുംബശ്രീ ജില്ലാമിഷൻ
തിരുവനന്തപുരം

# അവതാരിക

കുടുംബശ്രീ പതിനാലാം വാർഷികത്തിന്റെ ഭാഗമായി അനേകലക്ഷം അയൽക്കൂട്ടാംഗങ്ങൾ കേരളത്തിലുടനീളം അക്ഷരങ്ങൾ പകർത്തിയ കുടുംബശ്രീ അനുഭവസാക്ഷ്യങ്ങൾ സമാഹരിച്ച് പുസ്തകങ്ങൾ ശേഖരിച്ച് വനിതാകലാജാഥയുടെ അകമ്പടിയോടെ 'പുസ്തകയാത്രയായി' സംഘടിപ്പിക്കുകയുണ്ടായി.

അടുക്കളചുവരുകളിൽ ഒതുങ്ങിക്കഴിഞ്ഞവർ കുടുംബശ്രീയിലൂടെ പൊതുധാരയിൽ എത്തിയപ്പോൾ ലഭിച്ച കഴിവുകൾ, പൊതു പ്രവർത്തന രംഗത്തും ജീവിത വീക്ഷണത്തിലുമുണ്ടായ മാറ്റങ്ങൾ, കാഴ്ചപ്പാട് എന്നിവയ്ക്കൊപ്പം ചുറ്റും ഉള്ളവരുടെ ജീവിതത്തിൽ വരുത്താൻ കഴിഞ്ഞ മാറ്റങ്ങളും അനുഭവക്കുറിപ്പുകളുടെ രചനയിൽ വിഷയങ്ങളായി.

തിരുവനന്തപുരം ജില്ലയിലെ 83 ഗ്രാമനഗര സി.ഡി.എസുകളിൽ നിന്നായി ലഭിച്ച 83 അനുഭവസമാഹരണ പുസ്തകങ്ങളിൽ നിന്ന് പ്രചോദനപരമായ ലേഖനങ്ങൾ തെരഞ്ഞുടത്താണ് ജില്ലാതലത്തിൽ ഇത്തരമൊരു പുസ്തകം രൂപീകരിച്ചിരിക്കുന്നത്. ആലങ്കാരികതയും കൂട്ടിച്ചേർക്കലുകളും ഒഴിവാക്കിക്കൊണ്ട് പച്ചയായ ജീവിത യാഥാർത്ഥ്യങ്ങൾ വരച്ചുകാട്ടുന്ന ലേഖനങ്ങൾ ഉൾച്ചേർത്ത ഈ പുസ്തകം അനേകം പേർക്ക് പ്രചോദനമാകും എന്ന വിശ്വാസത്തോടെ സമർപ്പിക്കുന്നു.

**ജില്ലാമിഷൻ കോ-ഓർഡിനേറ്റർ**

# ആമുഖം

കനലെരിയുന്ന അനുഭവങ്ങളുമായി ജീവിതത്തെ ചോദ്യചിഹ്നമായി നോക്കികണ്ട ഒരുകൂട്ടം സ്ത്രീകൾ ഇനി എന്ത് എന്ന് പകപ്പോടെ നോക്കിക്കണ്ട.. പലപ്പോഴും മരണത്തെ മുഖാമുഖം നേരിട്ട്.... എല്ലാ ആശയും ആശ്രയവും അറ്റവർ.. പക്ഷെ അവരിലെല്ലാം ഒന്നുണ്ടായിരുന്നു; ഒടുങ്ങാത്ത പോരാട്ട വീര്യം... ആ തീപൊരിയെ അണയാൻ അനുവദിക്കാതെ കുടുംബശ്രീയിലൂടെ അത് ഒരു തീപന്തമാക്കി മാറ്റി.. പറഞ്ഞും പരിതപിച്ചും കഴിയാതെ ജീവിതത്തെ വെല്ലുവിളിയായി ഏറ്റെടുത്ത്, വിജയക്കൊടി പാറിച്ച് വഴിതെളിച്ച് മുന്നേറി അവർ..

കനലെരിയുന്ന അനുഭവങ്ങൾ അക്ഷരങ്ങളാകുമ്പോൾ അവർക്ക് പറയാൻ ഒന്നേ ഉള്ളൂ; ജീവിതം തോൽക്കാനുള്ളതല്ല; ജയിച്ച് മുന്നേറാനുള്ളതാണ്; അവസരങ്ങൾ നമ്മുടേതാണ് അവ വെട്ടിപിടിക്കുക തന്നെ വേണം. അത്തരം 41 അയൽക്കൂട്ട സഹോദരിമാരുടെ നേരനുഭവങ്ങളും വിജയഗാഥകളും മറ്റുള്ളവർക്ക് ഒരു പ്രചോദനമാകും എന്ന് തീർച്ച.

## പ്രതീക്ഷയുടെ പുതുവഴികൾ

എന്റെ പേര് രമ. ഞാനൊരു വീട്ടമ്മയാണ്. എനിക്കു രണ്ടു പെൺമക്കളാണ്. എന്റെഭർത്താവ് ഒരു മദ്യപാനിയാണ്. രണ്ടാമതു ജനിച്ചതും പെൺകുട്ടിയാണെന്നറിഞ്ഞ ആ നിമിഷം മുതൽ ആ മനുഷ്യനും അമ്മായി തള്ളയും ചേർന്ന് ഒരു സ്വസ്ഥതയും തന്നിട്ടില്ല. എന്റെ ഭർത്താവ് ഒരു തെങ്ങുകയറ്റ തൊഴിലാളിയാണ്. രാവിലെ മുതൽ ആൾക്കാരുടെ തിരക്കാണ്. തേങ്ങയിടാൻ ഇയാളെ അന്വേഷിച്ചു വരുന്നവരുടെ തിരക്കാണ്. എന്നാലയാളൊട്ട് പണിക്കു പോകുന്നുമില്ല. രാവിലെ ഉണർന്നാൽ പല്ലു തേയ്പ്പും കുളിയുമൊന്നുമില്ല. കഷായം പോലൊരു തേയില അതാണ് തുടക്കം. അതുകഴിഞ്ഞാൽ വീടിനകത്ത് കയറും മക്കളെ സ്നേഹിക്കാനോ ഭാര്യയെ കാണാനോ ഒന്നുമല്ല. എന്തെങ്കിലും ചില്ലറ തള്ളവല്ലയിടത്തും വച്ചിട്ടുണ്ടോ എന്ന് പരതുന്നതാണ്. അമ്മയെ തള്ളയെന്നല്ലാതെ മറ്റൊന്നുംവിളിക്കുന്നത് ഞാൻ കേട്ടിട്ടില്ല.

എന്റെ വീട്ടിൽ ഞാൻ ഒറ്റമകളാണ്. ഇല്ലായ്മയും വല്ലായ്മയും ഒക്കെയാണെങ്കിലും പൊന്നുപോലെയാണ് അമ്മയും അപ്പനും നോക്കിയിരുന്നത്. പണിക്കൊന്നും പോയി ഒരുപരിചയവുമില്ല. ഞാൻ പത്താംതരം തോറ്റുനിന്നപ്പോഴാണ് മിന്നുകെട്ട്. വിദ്യാഭ്യാസത്തിന്റെ വില ഇപ്പോഴാണ് അറിയുന്നത്. എനിക്ക് പെൺമക്കളാണെങ്കിലും അവരെനിയ്ക്ക് പൊൻകണികളാണ്. എങ്ങനെയെങ്കിലും മക്കളെ നന്നായി പഠിപ്പിക്കണം എന്നാണ് ആഗ്രഹം. പട്ടിണിയും പരിവട്ടവുമായിരിക്കുന്ന എനിക്കിതെങ്ങനെ കഴിയുമെന്ന് ആലോചിച്ചിരിക്കുമ്പോഴാണ് ഞങ്ങളുടെ വാർഡിലെ മെമ്പർ കുടുംബശ്രീയിലെത്തിയത്. അദ്ദേഹത്തിന്റെ വക പറമ്പിലും തേങ്ങയിടുന്നത് എന്റെ കെട്ടിയവനാണ്. ഈ പഞ്ചായത്തിലെആകെ ഒരു മുഴുവൻ സമയ തെങ്ങുകയറ്റതൊഴിലാളി. എന്നാൽ അയാൾ മുഴുവൻ സമയവും ഷാപ്പിലും കടവരാന്തയിലും കുടിച്ച് ബോധമില്ലാതെ കിടക്കും ഈ വിവരം മെമ്പർമാർക്കറിയാം.

ഗ്രാമസഭ കൂടിയപ്പോൾ, കുടിവെള്ളപ്രശ്നം, റോഡിലെ കുണ്ടുംകുഴിയും, തോടിലെ മാലിന്യം അങ്ങനെ ചർച്ച ചെയ്തപ്പോൾ, പഞ്ചായത്തിൽ തൊഴിൽ ചെയ്യാൻ തൊഴിലാളികളെ കിട്ടാനില്ലാത്തതും ചർച്ചാവിഷയമായി. തൊഴിലാളികളായ പുരുഷൻമാരുടെ സ്ഥാനത്ത് സ്ത്രീ തൊഴിലാളികളെ സ്വീകരിക്കാൻ നാട്ടുകാർ ഒരുങ്ങണമെന്നും അവരെ തൊഴിലിൽ സഹായിക്കാൻ ലഘുയന്ത്രങ്ങളും കൈവായ്പകളും നൽകുവാൻ പഞ്ചായത്ത് ഒരുക്കമാണെന്നും പഞ്ചായത്ത് പ്രസിഡന്റ് ആഹ്വാനം ചെയ്തു. ഗ്രാമസഭ

കഴിഞ്ഞ് പുറത്തിറങ്ങിയപ്പോൾ കുടുംബശ്രീയിലെ വനിതകൾ ലഘുയന്ത്രങ്ങളെക്കുറിച്ച് സംശയം പറഞ്ഞു. കയർ പിരിക്കുവാനും നൂൽനൂൽക്കുവാനും തെങ്ങുകയറുന്നതിനും ലഘുയന്ത്രങ്ങൾ വിപുലമായ രീതിയിൽ ഇപ്പോൾ വിപണിയിൽ ഉണ്ടെന്ന് വനിതാമെമ്പർ പറഞ്ഞുതന്നു.

## കൈത്തിരിവെട്ടം

ഞാൻ എന്ന വ്യക്തിയെപ്പറ്റി എഴുതാൻ എന്നെങ്കിലും അവസരം ഉണ്ടാകുമെന്ന് സ്വപ്നത്തിൽ പോലും കരുതിയില്ല. എന്നാൽ ഇപ്പോൾ ഒരു ചെറിയ കുറുപ്പെങ്കിലും എഴുതാൻ എനിക്ക് അവസരം കിട്ടിയിരിക്കുന്നു. ഈ അവസരം തന്ന കുടുംബശ്രീ പ്രസ്ഥാനത്തിന് നന്ദി പറഞ്ഞ് കൊണ്ട് എഴുതട്ടെ എന്റെ അനുഭവക്കുറിപ്പ്.

മഹാൻമാരായ സാഹിത്യകാരൻമാരും സാഹിത്യകാരികളും എഴുതുമ്പോൾ സമൂഹത്തിലെ സർക്ഷവാസനയുള്ള നമ്മുടെ സാധാരണക്കാരായ വനിതകളുടെ കഴിവിനെ മുന്നോട്ടുകൊണ്ട് വരാനുള്ള കുടുംബശ്രീയുടെ ശ്രമം അഭിമാനകരം തന്നെ.

എന്റെ അനുഭവം പങ്കുവയ്ക്കുന്നതിന് മുൻപ് എന്നെ പറ്റി പറയാം. ഞാൻ എം ബി എ ബിരുദധാരിയാണ്. ചെന്നയിലെ ഒരു പബ്ലിക് ലിമിറ്റഡ് കമ്പനിയിൽ അക്കൗണ്ട് മാനേജരായി ജോലി ചെയ്തിരുന്നു. ഇപ്പോൾ ജോലി രാജി വച്ച് ഭർത്താവും കുടുംബവുമൊത്ത് സന്തോഷമായി ജീവിക്കുന്നു. കുട്ടികളില്ലാത്ത സങ്കടം മാത്രം ബാക്കി. കുടുംബശ്രീയിൽ അംഗമായതോടെ അതിനും ഒരു അയവ് വന്നിട്ടുണ്ട്. എന്റെ വിദ്യാഭ്യാസ യോഗ്യതയും ജോലി ചെയ്തതിനെപ്പറ്റി എഴുതിയതിൽ ആരും എന്നെ അഹങ്കാരിയായി കരുതരുത്. വെറും ഒരു താരതമ്യപ്പെടുത്തലിനു വേണ്ടി എഴുതിയതാണ് കാരണം. ആ സമയത്ത് ജീവിതം വെറും യാന്ത്രികമായിരുന്നു, സന്തോഷവും മനഃസുഖവും വളരെ കുറവ് മാത്രവുമല്ല ടെൻഷൻ കൂടുതലും എന്നാൽ ഇപ്പോൾ കുടുംബശ്രീയുടെ ഭാഗമായപ്പോൾ ജീവിതമേ മാറിപ്പോയി. നമുക്ക് ആരൊക്കയോ ഉള്ളതുപോലെ എന്ത് വിഷമമുണ്ടങ്കിലും അത് പരിഹരിക്കാൻ കൂടെ എന്റെ കുടുംബശ്രീയിലെ അംഗങ്ങൾ എപ്പോഴും ഉണ്ട്. എല്ലാതരത്തിലും സന്തോഷകരമായ ഒരു ജീവിതെ തന്നെയാണ് ഇപ്പോൾ ഇത് വായിക്കുമ്പോൾ നിങ്ങൾക്ക് തോന്നിയേക്കാം. ഭംഗിക്കോ പൊലിമയ്ക്കോ വേണ്ടി എഴുതിയതാകാം എന്ന് പക്ഷേ അതല്ല എന്റെ മനസ്സിൽ നിന്ന് വന്ന സന്തോഷം തന്നെയാണ് ഞാൻ എഴുതിയത്.

അയൽ വീട്ടിലെ സഹോദരിമാർ വന്ന് കുടുംബശ്രീയെ പറ്റി പറഞ്ഞപ്പോൾ ആദ്യം എനിക്ക് താല്പര്യമുണ്ടായിരുന്നില്ല. അവരുടെ സ്നേഹപൂർണ്ണമായ നിർബന്ധത്തിന് വഴങ്ങിയാണ് ഞാൻ ഈ പ്രസ്ഥാനത്തിലെ ഒരു അംഗമായി തീർന്നത്. ഇന്നെനിക്ക് വളരെ അധികം അഭിമാനം തോന്നുന്നു. ഇതിൽ അംഗമായിരുന്നില്ലെങ്കിൽ ഏറ്റവും

വലിയ നഷ്ടം തന്നെയായിരിക്കാം അത് എന്ന്. അതും എന്നെ പോലുള്ള ഒരു സാധാരണ സ്ത്രീയ്ക്ക്. കാരണം ഞാൻ അധികം സംസാരിക്കാത്ത, ആരോടും അടുത്ത് ഇടപഴകാത്ത ഒരു വ്യക്തി ആയിരുന്നു. എന്നാലിപ്പോൾ ഒരു സുഹൃദ് വലയം തന്നെയുണ്ട് എനിക്ക്. മാത്രമല്ല ഒരുപാട് വ്യക്തികളെ പരിചയപ്പെടാനും അവരുടെ കുടുംബാംഗങ്ങളെ അടുത്തറിയുവാനും സാധിച്ചു. ഇതൊക്കെ കൈവന്നത് കുടുംബശ്രീയിലൂടെയാണെന്ന് ഓർക്കുമ്പോൾ വളരെയധികം സന്തോഷമുണ്ട്.

എന്റെ കുടുംബശ്രീയുടെ പേര് സ്നേഹതീർത്ഥ എന്നാണ്. പേര് അന്വർത്ഥമാക്കുന്ന രീതിയിൽ തന്നെയാണ് എന്റെ കുടുംബശ്രീയിലെ കൂട്ടുകാരികളുടെ പ്രവർത്തനവും പെരുമാറ്റവും ഇത് എനിക്ക് വളരെയധികം സന്തോഷം തരുന്നു. ഞാൻ എന്റെ കുടുംബശ്രീയുടെ സെക്രട്ടറിയാണ്. അതുകൊണ്ട് തന്നെ സഭാകമ്പമില്ലാത്ത ഏത് വേദിയിലും എനിക്കിപ്പോൾ സംസാരിക്കാൻ കഴിയുന്നുണ്ട്. കുടുംബശ്രീയിൽ ചേർന്നതിനു ശേഷം എന്റെ ജീവിതത്തിന് നല്ല മാറ്റം വന്നിട്ടുണ്ട്. ഒരു കാര്യത്തിനും താല്പര്യമില്ലായിരുന്ന എനിക്കിപ്പോൾ സോപ്പ് നിർമ്മാണം, അച്ചാർ, പലഹാരം എന്നിവ ഉണ്ടാക്കി വിൽക്കുന്നതിലുമൊക്കെ അതീവ താല്പര്യം ഉണ്ടായി. ഇത് എന്റെ ജീവിതത്തിലെ ഒരു മാറ്റം തന്നെയാണ് അതേ സമയം നേട്ടവും.

എന്റെ ജീവിതത്തിലെ ഏറ്റവും സന്തോഷം നൽകിയ ഒരു അനുഭവമാണ്. 2011 ലെ ഓണചന്തയിൽ പങ്കെടുത്തത്. ഞങ്ങൾ ഉണ്ടാക്കിയ ഉല്പന്നങ്ങൾ വില്ക്കാൻ സാധിച്ചു എന്നതിലും സമൂഹത്തിലെ ചെറിയവരും വലിയവരുമായ ഒരുപാട് പേരെ പരിചയപ്പെടാനും അടുത്തിടപഴകാനും സാധിച്ചു.

ഇതിനേക്കാളും സന്തോഷം നൽകിയ മുഹൂർത്തമായിരുന്നു ക്യാൻസർ രോഗികളെ സഹായിക്കുന്നതിന് വേണ്ടി ഒരു സഹായനിധി രൂപീകരിച്ചത്. നമ്മുടെ കുടുംബശ്രീയുടെ രണ്ടാം വാർഷികദിനമായ 22–6–2012 ൽ ആയിരുന്നു നമ്മൾ ഈ തീരുമാനം പ്രഖ്യാപിച്ചത്. എന്റെ എക്കാലത്തെയും ഒരു ആഗ്രഹമായിരുന്നു ഇത്. ഈ ആഗ്രഹം തീവ്രമായി വരാൻ കാരണം ഡോക്ടർ ഗംഗാധരൻ അവർകളുടെ അനുഭവക്കുറിപ്പ് ബുക്ക് വായിച്ചതിനാലാണ്. ആ പുസ്തകത്തിൽ അദ്ദേഹം ക്യാൻസർ രോഗികളുടെ അവസ്ഥയും, സങ്കടവും വേദനയും എഴുതിയിട്ടുണ്ട്. ചെറിയ സഹായമെങ്കിലും അവർക്ക് വേണ്ടി ചെയ്യണമായിരുന്നു എന്റെ ആഗ്രഹം. പക്ഷേ തനിയെ ചെയ്യാൻ സാധിക്കാത്ത ഒരു കാരണ മായതു കൊണ്ട് കൂട്ടായ്മയിലൂടെ

ചെയ്യാം എന്ന് തീരുമാനിച്ചു. എന്റെ കുടുംബശ്രീ അംഗങ്ങളോട് ഇതിനെപ്പറ്റി സംസാരിച്ചു. എല്ലാവരും വളരെ സന്തോഷത്തോടു കൂടി എന്റെ ഈ ആഗ്രഹത്തിനൊപ്പം നിന്നു. ഇനി എന്റെ ജീവിതത്തിൽ ഒന്നും നേടിയില്ലെങ്കിലും വിഷമമില്ല. കാരണം ഇത്രയും വലിയ ഒരു കാര്യം എനിക്ക് ചെയ്യാൻ പറ്റിയല്ലോ. നന്മയുള്ള ഒരുപാട് പേർക്കും നല്ല മനസ്സുണ്ടെങ്കിലും ഏതുകാര്യവും നിഷ്പ്രയാസം ചെയ്യാം എന്നാണ് ഇതിൽ നിന്നും മനസ്സിലാക്കുന്നത്. സ്ത്രീകൾ വീടിന് ഐശ്വര്യമാകണമെന്ന് പഴമക്കാർ പറയും. പക്ഷേ അത് മാറ്റി സ്ത്രീകൾ വീടിനും നാടിനും ഐശ്വര്യമാകണമെന്നാണ് എനിക്ക് പറയാനുള്ളത്.

സ്നേഹക്കൂട്ടായ്മയിൽ എന്ത് നേടാം അതാണ് കുടുംബശ്രീ നമുക്ക് നേടിതരുന്നത്. ഈ സ്നേഹക്കൂട്ടായ്മയിലൂടെ നാം നമ്മുടെ നാടിന്റെ നന്മയ്ക്കായി പ്രവർത്തിക്കണം.

കുടുംബശ്രീയിലുള്ള സ്നേഹക്കൂട്ടായ്മ ഒരിക്കലും മാഞ്ഞുപോകരുതേ എന്ന് ജഗദീശ്വരനോട് പ്രാർത്ഥിച്ചുകൊണ്ട് എന്റെ അനുഭവക്കുറിപ്പ് ഇവിടെ അവസാനിക്കുന്നു.

എന്ന്

**സജിതാ ഷാജി**

**സ്നേഹതീർഥ കുടുംബശ്രീ.**

**ഒറ്റൂർ പഞ്ചായത്ത്**

## അറിവിലേക്കൊരു വെട്ടം.

2-4-2006 ൽ പ്രസിഡന്റ് ജംഗ്ഷനിൽ തിരുവോണം കുടുംബശ്രീ അയൽകക്ൂട്ടം നിലവിൽ വരികയും കുടുംബശ്രീയുടെ സെക്രട്ടറിയായി അന്ന് നിലവിലുണ്ടായിരുന്ന 21 അംഗങ്ങളും കൂടി എന്നെ സെക്രട്ടറിയായി തെരഞ്ഞെടുക്കുകയും ചെയ്തു. കുടുംബകാര്യം മാത്രം നോക്കി നടന്നിരുന്ന എനിക്ക് ഒരുപാട് കുടുംബശ്രീയുമായി ബന്ധപ്പെട്ട കാര്യങ്ങൾ മനസ്സിലാക്കുവാനും, ബാങ്കുമായി ബന്ധപ്പെട്ട കുറെ കാര്യങ്ങൾ പഠിക്കുവാനും സാധിച്ചു. ഒരുയോഗം നടന്നാൽ അതിൽ എന്തെങ്കിലും രണ്ട് വാക്ക് സംസാരിക്കാനുള്ള കഴിവ് കിട്ടുകയും അതുപോലെ തന്നെ നമുക്ക് ഒരു അത്യാവശ്യം വന്നാൽ കുറഞ്ഞ പലിശയ്ക്ക് ലോണെടുക്കുവാനുള്ള അവസരവും കിട്ടി. നമ്മളെ കൂടുതൽ അറിവിലേയ്ക്ക് നയിക്കുന്ന ഈ കുടുംബശ്രീ നിലനിൽക്കണമെന്ന് ആഗ്രഹിക്കുന്നു.

എന്ന്

**സുഗന്ധകുമാരി**

**തിരുവോണം കുടുംബശ്രീ**

**പ്രസിഡന്റ് ജംഗ്ഷൻ, കല്ലമ്പലം**

ഞാൻ അനുപമ സംഘത്തിൽ ആരംഭം മുതൽ 5–ാമത്തെ അംഗമായി പ്രവർത്തിച്ചു വരുന്നു. ഞാൻ ചെറിയ രീതിയിൽ മുടന്തൽ ഉള്ള വ്യക്തിയാണ്. വീണ് കാലൊടിഞ്ഞതാണ്. അതിനാൽ മറ്റ് ജോലികൾ ഒന്നും ചെയ്യാൻ കഴിയില്ലായിരുന്നു. എന്നാൾ സംഘത്തിൽ അംഗമായി  കുറച്ചുനാൾ കഴിഞ്ഞപ്പോൾ തന്നെ എനിക്ക് കച്ചവടം ചെയ്യുന്നതിനായി ചെറിയ പലിശ നിരക്കിൽ പതിനായിരം രൂപ ലഭിക്കാൻ ഇടയായി. അതുകൊണ്ട് ഞാൻ ചെറിയ രീതിയിൽ കച്ചവടം ചെയ്യുവാൻ ആരംഭിച്ചു. (പലചരക്കുകടയും, തുണിക്കച്ചവടവും) അതിൽ നിന്നും ലാഭം ഉണ്ടാക്കുവാനും കച്ചവടം തുടർന്നുപോകാനും സാധിച്ചു. വീണ്ടും പതിനഞ്ചായിരം രൂപ വായ്പ എടുത്ത് പലചരക്കു കട തുടരുവാൻ കഴിയാത്തതിനാൽ അതിനെ കുറച്ച് തുണിക്കച്ചവടം കൂടുതലായി മുന്നോട്ടു കൊണ്ടുപോകുന്നു. അതിൽ നിന്നും എന്റെ ചിലവുകൾ ആരെയും ആശ്രയിക്കാതെ നടത്തുവാനും മിച്ചം പിടിക്കുവാനും കഴിയുന്നുണ്ട്. എനിക്ക് നിക്ഷേപം 7500 രൂപയ്ക്കടുത്തായി. തുടർന്ന് ഗ്രാമസഭയിൽ പങ്കെടുക്കുകയും കുടുംബശ്രീയിൽ അംഗമായതിനാലും ഒരു കക്കൂസ് ലഭിക്കുവാൻ കഴിഞ്ഞു. ഇപ്പോൾ ആരും ഇല്ലെങ്കിലും എന്തെങ്കിലും ആവശ്യം ഉണ്ടായാൽ ഏത് ഓഫീസിലും പോയി കാര്യങ്ങൾ അന്വേഷിക്കുന്നതിനുള്ള  ഭയം കുറഞ്ഞു. മറ്റുള്ളവരുമായി കൂടുതൽ ഇടപഴകുന്നതിനുള്ള മടിയൊക്കെ മാറുവാനും, പരസ്പരം ജീവിതത്തിലെ ബുദ്ധിമുട്ടുകൾ കുടുംബശ്രീയിൽ പറയുവാനും ആശ്വാസങ്ങളും, നിർദ്ദേശങ്ങളും മറ്റുള്ളവർക്ക് നൽകുവാനും എനിക്ക് ഇവയൊക്കെ തിരിച്ചു ലഭിക്കുവാനും ഇടയായി തീർന്നു. കുടുംബശ്രീ തുടങ്ങിയതിൽ ഒരംഗമായതോടെ ജീവിതത്തിലെ നിലനിൽപ്പിനു തന്നെ വളരെ മാറ്റം ഉണ്ടാകുവാനും ജീവിതം സന്തോഷകരമായി മുന്നോട്ടു കൊണ്ടുപോകുവാനും കഴിയുന്നു. ഇത്രയും നല്ല രീതിയിൽ കുടുംബശ്രീയെ വളർത്തിക്കൊണ്ടുവന്ന എല്ലാപേർക്കും നന്ദി പറയുന്നതോടൊപ്പം എന്റെ സംഘത്തിലെ ഓരോ വ്യക്തികൾക്കും നന്ദി അർപ്പിച്ചു കൊണ്ട് എന്റെ അനുഭവസാക്ഷ്യം ചുരുക്കത്തിൽ പറഞ്ഞു നിർത്തുന്നു.

**സിൽവിഭായി കെ**

**അനുപമ കുടുംബശ്രീ**

<u>ഒരു കൈത്താങ്ങ്</u>

എന്റെ പേര് രമണി. ഞാൻ ചെറുനാരകംകോട് കുടുംബശ്രീയിൽ അംഗമാണ്. എന്റെ ഭർത്താവ് മദ്യത്തിന് അടിമയായിരുന്നു. 33–ാമത്തെ വയസ്സിൽ എന്നേയും 3 കുട്ടികളേയും തനിച്ചാക്കി അദ്ദേഹം യാത്രയായി. എങ്ങനെ ജീവിക്കും കുട്ടികളെ വളർത്തും എന്ന് ആലോചിച്ച് പകച്ചു നിന്ന കാലം. ആത്മഹത്യ ചെയ്യാൻ തോന്നിയ നിമിഷങ്ങൾ. രോഗി കൂടി ആയപ്പോൾ ഞാൻ ആകെ തളർന്നു. ആ അവസരത്തിലാണ് കുടുംബശ്രീ നിലവിൽ വരുന്നത്. കുടുംബശ്രീ അംഗമായ എനിക്ക് പശുവളർത്തലിനുള്ള ആനുകൂല്യം ലഭിച്ചു. പശുവളർത്തി കുട്ടികളെ പഠിപ്പിച്ചു. മൂത്തമകൾ ജെ.പി.എച്ച്.എൻ കോഴ്സ് പാസ്സായി. രണ്ടാമത്തെ മകനെ പ്ളസ്ടു പഠിപ്പിച്ചു. മൂന്നാമത്തെ കുട്ടിയും പഠിക്കുന്നുണ്ട്.

എന്റെ മകൾ ജെ.പി.എച്ച്.എൻ കോഴ്സ് പൂർത്തിയാക്കിയപ്പോൾ പാലിയേറ്റീവ് കെയർ യൂണീറ്റിലേയ്ക്ക് ഒരു നേഴ്സിന്റെ ഒഴിവുള്ളതായി അറിയിപ്പ് ലഭിച്ചു. കുടുംബശ്രീ അംഗമോ, അംഗത്തിന്റെ മക്കൾക്കോ അപേക്ഷിക്കാം എന്ന് അറിഞ്ഞപ്പോൾ എനിക്ക് നേരിയ പ്രതീക്ഷ തോന്നി. മകൾ പാലിയേറ്റീവ് ട്രെയിനിംഗിൽ പങ്കെടുത്തു. തുടർന്ന് ആ ജോലി ലഭിക്കുകയും ചെയ്തു. ഞാൻ എന്റെ അസുഖത്തെ മറന്നുകൊണ്ട് തൊഴിലുറപ്പിൽ വ്യാപൃതനായി. സോപ്പുണ്ടാക്കിയും മറ്റും ഞാൻ വരുമാനം ഉണ്ടാക്കുന്നുണ്ട്. എന്നെ പോലെ ദുഃഖം അനുഭവിക്കുന്നവർക്ക് സാന്ത്വനമേകാൻ ഞാൻ ശ്രമിക്കുന്നുണ്ട്. എന്റെ നാട്ടിൽ ഒരു വിധവയ്ക്കും എന്റെ അനുഭവങ്ങൾ വരാതിരിക്കാൻ കുടുംബശ്രീ പ്രവർത്തകർ ഒറ്റക്കെട്ടായി ശ്രമിക്കുന്നുണ്ട്. ഇന്ന് മകൻ ഗൾഫിലാണ്. ഇങ്ങനെ ഒരു പ്രസ്ഥാനം സംരക്ഷിക്കാൻ ഉള്ളതുകൊണ്ട് വിധവകളായ സഹോദരിമാർക്ക് ധൈര്യത്തോടെ അഭിമാനത്തോടെ ജീവിക്കാൻ കഴിയുന്നു. എന്നെയും എന്റെ കുടുംബത്തേയും ജീവിക്കാൻ പ്രേരിപ്പിച്ച കുടുംബശ്രീക്ക് ആരുടെ മുന്നിലും തല താഴ്ത്താതെ നിൽക്കാൻ കഴിയട്ടെ.

എന്ന്

**രമണി**

**ചെറുനാരകംകോട് കുടുംബശ്രി**

**കടയ്ക്കാവൂർ ഗ്രാമപഞ്ചായത്ത്**

## എന്റെ ജീവിത സാഫല്യം

എന്റെ പേര് മുത്തമമ. ഞാൻ പെരുമ്പഴിഞ്ഞി വാർഡിൽ താമസ്സിക്കുന്നു. ഭർത്താവും മൂന്നു പെൺമക്കളും അടങ്ങുന്നതാണ് എന്റെ കുടുംബം. എന്റെ ഭർത്താവിന് അലർജി രോഗമാണ്. പൊടിപറ്റുന്ന ഒരു ജോലിയും ചെയ്തുകൂടാ. ഞാൻ ഏതങ്കിലും വീട്ടിൽ മുറ്റമടിച്ചും തുണിയലക്കിയും, പാത്രം കഴുകിയുമാണ് ജീവിക്കുന്നത്.

എന്റെ വീടിനടുത്ത് ഒരു അയൽക്കൂട്ടം തുടങ്ങി. അത് അയൽക്കൂട്ടം എന്ന് എനിക്ക് അറിഞ്ഞൂകൂടായിരുന്നു. പെണ്ണുങ്ങൾ വരുന്നു, സംസാരിക്കുന്നു, പൈസ കൊടുക്കുന്നു പല കാര്യങ്ങളും ചർച്ച ചെയ്യുന്നു. മെമ്പർ വരുന്നു പിന്നെ പല ഉന്നത വ്യക്തികളും വരുന്നു. ഒരു ദിവസം അവിടെ എന്ത് നടക്കുന്നു എന്ന് അറിയാൻ ഞാനും പോയി. അവിടെ അയൽക്കൂട്ടം കൂടുന്നു. അതിൽ പൈസ നിക്ഷേപിക്കുന്നു. എനിക്കാണങ്കിൽ അന്നത്തെ അഷ്ടിയ്ക്ക് വകയില്ല. ഞാനും പോയി ചുമ്മാ ഇരിക്കും. ചർച്ചയും മറ്റും കേട്ട് പൈസ കൊടുക്കാൻ ഇല്ല എന്ന നിരാശയോടെ മടങ്ങും. അങ്ങനെ നീണ്ട മൂന്നുവർഷം കടന്നുപോയി. അവിടെ പൈസ ഇട്ടിരിക്കുന്നവർ ലോൺ എടുക്കുന്നതുകണ്ട് ഞാനും ലോൺ ചോദിച്ചു. പക്ഷേ അടയ്ക്കാൻ ഒരു നിവർത്തിയും ഇല്ല. അവിടത്തെ സെക്രട്ടറി, മുത്തമ്മയ്ക്ക് ഒരു ലോൺ കൊടുക്കാമോ എന്ന് മറ്റുള്ളവരോട് ചോദിച്ചു. എല്ലാവരും സമ്മതിച്ചു എനിക്ക് ഒരു ലോൺ അനുവദിച്ചു തന്നു.

എനിക്ക് ലോൺ ആയി. 5000/- രൂപ തന്നു. ഉടനെ ഞാൻ ഒരു പശുവിനെ വാങ്ങി. കെട്ടാൻ തൊഴുത്തോ, വീടോ എനിക്ക് ഇല്ല. ഒരു ചെറ്റപുരയാണ് വീട്. ഞങ്ങൾ അതിൽ നിന്നും വളരാൻ തുടങ്ങി. രാവിലെ ചായ കിട്ടും , പിന്നെ നല്ല ഭക്ഷണം, കുട്ടികളുടെ വിദ്യാഭ്യാസം, ഭർത്താവിന്റെ ചികിൽസ അങ്ങനെ പല നല്ല കാര്യങ്ങളും. മൂത്തമകൾ പ്ലസ്ടു കഴിഞ്ഞു. ഉടനെ ജനറൽ നഴ്സിംഗിനയച്ചു. ഇളയകുട്ടി എസ്.എസ്.എൽ.സി കഴിഞ്ഞു. പ്ലസ്ടുവിന് അയച്ചു. ഒരു വർഷം കഴിഞ്ഞു. പശുവിന് പാൽ കുറഞ്ഞു. ഇതിനകം എനിക്കും മറ്റുള്ളവരേപ്പോലെ അയൽക്കൂട്ടത്തിൽ സമ്പാദ്യം വളർന്നു. വീണ്ടും ഒരു ലോൺ കൂടെ ചോദിച്ചു. മുടക്കം കൂടാതെ അടച്ചു മാത്രമല്ല നല്ല പോലെ സമ്പാദ്യം ഉണ്ട് എന്ത് ചെയ്യണം എന്ന് സെക്രട്ടറി മറ്റുള്ളവരോട് ചോദിച്ചു. എല്ലാവരും ഒരേ സ്വരത്തിൽ പറഞ്ഞു മുത്തമ്മയ്ക്ക് ലോൺ കൊടുക്കൂ എന്ന്. എന്റെ

സ്നേഹിതരെ ഇതും കൂടെ കേൾക്കൂ ഞാൻ വീണ്ടും ഒരു പശുകൂടെ വാങ്ങി. ഇപ്പോൾ 2 പശുക്കൾ.

എന്റെ മൂത്തകുട്ടി നല്ല വിജയത്തിൽ നേഴ്സിംഗ് പാസ്സായി. അടുത്ത ആശുപത്രിയിൽ ജോലി കിട്ടി. ഉടനെ രണ്ടാമത്തവൾ ടി.ടി.സിയ്ക്ക് പോയി. മൂന്നാമത്തവൾ എസ്.എസ്.എൽ.സി കഴിഞ്ഞു. ഉടനെ തന്നെ ഇ.എം.എസ്. ഭവന പദ്ധതി പ്രകാരം ഒരു വീട് കിട്ടി. എനിക്കും മക്കൾക്കും സ്വന്തമായി ഒരു നല്ല വീടും കിട്ടി. . ദൈവത്തിന് ഞാൻ നന്ദി പറഞ്ഞു. കൂടാതെ എന്റെ അയൽക്കൂട്ട അംഗങ്ങൾക്കും. എനിക്ക് അക്ഷരം അറിഞ്ഞു കൂടായിരുന്നു. അയൽക്കൂട്ടം എന്നെ അക്ഷരം പഠിപ്പിച്ചു. എന്തിനു ഞാൻ ഏറെ പറയണം. രണ്ടാമത്തെ കുട്ടിയേയും വിവാഹം കഴിപ്പിച്ച് അയച്ചു. മൂന്നാമത്തവൾ ബി.എസ്.സി നേഴ്സിംഗ് പഠിക്കാൻ പോയി. ഇപ്പോൾ ഞങ്ങൾക്ക് രണ്ട് പശു. ആദ്യ പശുവിന്റെ കുട്ടി ഇപ്പോൾ ഗർഭിണി. ലോൺ കൂടാതെ മകളെ പഠിപ്പിച്ചു. എന്റെ പ്രാരാബ്ദം എല്ലാം കഴിഞ്ഞു. ഭർത്താവിന് നല്ല ഭക്ഷണം, ശുശ്രൂഷ ഇവ കൊണ്ട് രോഗം ഇല്ല. ഇപ്പോൾ അയൽ വീട്ടിലെ പണി നിർത്തി. മകൾ ഉന്നത വിജയം നേടി ബി.എസ്.സി പാസ്സായി. വിവാഹം കഴിഞ്ഞു. ഇപ്പോൾ കടം ഇല്ലാതെ രണ്ട് പശുക്കൾ. നല്ല ഭക്ഷണം. മക്കളുടെ എല്ലാ ആവശ്യങ്ങളും നല്ല രീതിയിൽ നടക്കുന്നു. എനിക്കും ഭർത്താവിനും, മക്കൾക്കും, ഭർത്താവിനും ഈ അയൽക്കൂട്ടത്തിലെ അംഗങ്ങൾക്കും അയൽക്കൂട്ടത്തിനും അതിലെ ഭാരവാഹികൾക്കും കുടുംബശ്രീക്കും നന്ദി രേഖപ്പെടുത്തുന്നു. എന്റെ അഭിനന്ദനങ്ങൾ.

**മുത്തമ്മ**

**കുളത്തൂർ ഗ്രാമപഞ്ചായത്ത്**

## ഓർമ്മച്ചെപ്പിൽ ഒരു കൂട്ടായ്മ

2002–ൽ എസ്.ജി.എസ്.വൈ സംഘാംഗമായി. ആ സംഘത്തിന്റെ സെക്രട്ടറിയായി പ്രവർത്തനം ആരംഭിച്ച് കുടുംബശ്രീയിലേയ്ക്ക് വരുകയും അവിടെയും പ്രസിഡന്റ്, സെക്രട്ടറി സ്ഥാനങ്ങളിലേയ്ക്ക് മാറി മാറി പ്രവർത്തിക്കുകയും ആ അവസരത്തിൽ എ.ഡി.എസ്.ൽ സെക്രട്ടറി സ്ഥാനത്തേയ്ക്ക് വരുകയും ചെയ്തു. എ.ഡി.എസ് സെക്രട്ടറിയായപ്പോൾ വാർഡിന്റെ കാര്യങ്ങളിൽ സജീവമായി പങ്കെടുക്കുവാനും, നമ്മുടെ വാർഡിലെ ജനങ്ങളുടെ പ്രശ്നങ്ങൾ പഠിക്കുവാനും അവരുടെ പ്രശ്നങ്ങളിൽ ഇടപെടാനും, കുറെയൊക്കെ പരിഹാരങ്ങൾ കണ്ടെത്തുവാനും, അവർക്കുവേണ്ടുന്ന കാര്യങ്ങളിൽ അവരെ സഹായിക്കുവാനുമൊക്കെ ഒരു പരിധിവരെ കഴിഞ്ഞു എന്നുള്ളതാണ്.

അങ്ങനെ പ്രവർത്തിച്ചുകൊണ്ടിരുന്ന സാഹചര്യത്തിൽ എന്റെ പ്രദേശത്ത് പല മദ്യ വില്പനക്കാരും മദിച്ചു വാഴുകയായിരുന്നു. എന്റെ സമീപ പ്രദേശത്ത് നാല് കുടുംബശ്രീ യൂണിറ്റുകൾ ഉണ്ടായിരുന്നു. ഈ നാല് കുടുംബശ്രീ യൂണീറ്റിലുമുള്ള കുറച്ചു സഹോദരിമാരുടെ ജീവിത സാഹചര്യം വളരെ പരിതാപകരമായിരുന്നു. അതായത് സമാധാനമില്ലാത്ത ജീവിതം രാത്രിയോ പകലോ എന്നില്ലാതെ ഈ സഹോദരിമാരുടെ ഭർത്താക്കൻമാർ വീടുകളിൽ അത്താഴം പോലും കഴിക്കാൻ പറ്റാത്ത തരത്തിലുള്ള ഉപദ്രവവും അസഹ്യം പറച്ചിലുമൊക്കെ. കുട്ടികൾക്ക് പഠിക്കാൻ പറ്റാത്ത അവസ്ഥ. ഇവർ സ്കൂളിൽ പോകുന്ന വഴിയിലും വരുന്ന വഴിയിലും മദ്യപിച്ച് ലക്ക് കെട്ട് കിടക്കുന്ന രക്ഷിതാക്കളുടെ അസഭ്യവാക്കുകൾ കേട്ട്, ഇവരും നാളെ വഴി തെറ്റുമോ എന്ന പേടിയിൽ നമ്മുടെ സഹോദരിമാർ അങ്ങനെ ഈ വിഷയങ്ങൾ അയൽക്കൂട്ടങ്ങളിൽ ചർച്ചയായി. ഒടുവിൽ ഈ നാല് അയൽക്കൂട്ടങ്ങളിലേയും സഹോദരിമാർ ഒത്തുകൂടി തീരുമാനിച്ചു. ഈ മദ്യവിൽപ്പന എന്ത് ത്യാഗം സഹിച്ചും ഇല്ലാതാക്കണം. അങ്ങനെ അവരവരുടെ സംഘത്തിന്റെ പേരിലുള്ള ലെറ്റർ പാഡിൽ പരാതി എഴുതി സംഘാംഗങ്ങൾ ഒപ്പിട്ട്. സ്ഥലം പോലീസ് സ്റ്റേഷനിലും സർക്കിളാഫീസിലും എക്സൈസ് ഓഫീസിലും, മുഖ്യമന്ത്രിക്കും, വകുപ്പ് മന്ത്രിയ്ക്കും കളക്ടർക്കും, കമ്മീഷണർക്കും ഒക്കെ കത്തയക്കുകയും ഇവരിൽ നിന്ന് എല്ലാം മറുപടി കത്ത് രജിസ്റ്റേഡ് ആയി ലഭിക്കുകയും അതിൻപ്രകാരം ഈ മദ്യവിൽപ്പനക്കാർ മദ്യം കൊണ്ട്

വരുന്ന വഴിയിൽ പതിയിരുന്ന് കണ്ടുപിടിക്കുകയും അവരെ എല്ലാപേരും ചേർന്ന് തടഞ്ഞുവയ്ക്കുകയും ആ വിവരം പരാതി കൊടുത്ത സ്ഥലങ്ങളിൽ അറിയിക്കുകയും അങ്ങനെ എല്ലാ മദ്യവിൽപ്പനക്കാരേയും പിടികൂടാൻ സാധിക്കുകയും ചെയ്തു. അങ്ങനെ എന്റെ പ്രദേശത്തുള്ള മദ്യ വില്പന അവസാനിപ്പിക്കാൻ കുടുംബശ്രീ സഹോദരിമാരായ ഞങ്ങളുടെ കൂട്ടായ്മയ്ക്ക് കഴിഞ്ഞു എന്നത് തന്നെ വലിയൊരു നേട്ടമായി കണക്കാക്കുന്നു.

കുടുംബശ്രീയിലെ അംഗമായ ഒരു സഹോദരിയുടെ വീട്ടിൽ എന്തെങ്കിലും ആവശ്യം വന്നാൽ (വിവാഹം, മരണം, അസുഖം തുടങ്ങിയവ) എല്ലാ സഹോദരിമാരുടേയും കൂട്ടായ്മ അവിടെ ഉണ്ടാകും സന്തോഷം പങ്കിടാനായാലും ദുഃഖം പങ്കിടാനായാലും ഈ കൂട്ടായ്മയ്ക്ക് കഴിയും. ഇതിനോടപ്പം സാമ്പത്തിക സഹായത്തിനും മുൻതൂക്കം നൽകാൻ കഴിയുന്നു.

ഈ പ്രവർത്തനങ്ങൾ തുടർന്നുകൊണ്ടിരിക്കുന്നതിനിടയിൽ എ.ഡി.എസ് ൽ നിന്നും 2008 ൽ ഞാൻ സി.ഡി.എസിലേയ്ക്ക് വരുകയും സി.ഡി.എസിന്റെ ചെയർപേഴ്സൺ ആകാൻ കഴിയുകയും പഞ്ചായത്തിലെ നാന്നൂറോളം വരുന്ന യൂണീറ്റിലെ സഹോദരിമാരുടെ ഒരു കുടുംബാഗമായി മാറുവാൻ കഴിഞ്ഞതും അവരുടെ കാര്യങ്ങൾ കേൾക്കാനും പരിഹാരം കാണാനും അവരെ സഹായിക്കാനും, നേരായ മാർഗ്ഗത്തിലേയ്ക്ക് നയിക്കാനും ഒക്കെ കഴിഞ്ഞു എന്നതും അഭിമാനിക്കാവുന്ന കാര്യമാണ്. തുടർന്ന് 2012–ൽ നടന്ന സി.ഡി.എസ് തെരഞ്ഞെടുപ്പിൽ തുടർച്ചയായി രണ്ടാം തവണയും ചെയർപേഴ്സൺ ആകാൻ കഴിഞ്ഞു. ഇന്ന് എന്റെ പഞ്ചായത്തിൽ എല്ലാവരും അറിയപ്പെടുന്ന ഒരു വ്യക്തി ആകാൻ കഴിഞ്ഞതും ഈ കുടുംബശ്രീ പ്രസ്ഥാനത്തിൽ വന്നതുകൊണ്ട് മാത്രമാണ്. വലിയ സദസ്സിനു മുന്നിൽ ഒരു പേടിയോ മടിയോ കൂടാതെ കയറി ചെല്ലാനും സംസാരിക്കാനും ഇന്നെനിക്ക് കഴിയും. ഞാനൊരു കുടുംബശ്രീ മെമ്പർ എന്നു പറയാൻ എനിക്കഭിമാനമുണ്ട്. ലോകമുള്ള കാലത്തോളം ഈ കുടുംബശ്രീ പ്രസ്ഥാനം നിലനിൽക്കണമെന്നും , വരും തലമുറയെ ഈ പ്രസ്ഥാനത്തിലേയ്ക്ക് കൈപിടിച്ചുയർത്താൻ നമുക്കോരോരുത്തർക്കും കഴിയട്ടേ എന്ന പ്രാർത്ഥനയോടെ.. . . . . .

**രേണുകാ സി**
**സി ഡി എസ് ചെയർപേഴ്സൺ**
**വിളപ്പിൽ ഗ്രാമപഞ്ചായത്തിൽ**

എന്റെ പേര് ഉഷാകുമാരി കുടുംബശ്രീ അയൽക്കൂട്ടത്തിൽ വന്നതിനു ശേഷം എനിക്ക് ഒരുപാട് മാറ്റങ്ങളും നേട്ടങ്ങളും ഉണ്ടായിട്ടുണ്ട്. എന്നാൽ എന്റെ മനസ്സിൽ നിന്ന് മറക്കാൻ കഴിയാത്ത അനുഭവം ഞാൻ നിങ്ങളോട് പറയുകയാണ്. എന്റെ അയൽക്കൂട്ടത്തിന്റെ പേര് നവരശ്മി. 20 അംഗങ്ങൾ ഉണ്ട്. 200 ൽ സംഘം ആരംഭിച്ചു. 2003 ഫെബ്രുവരി മാസം തെറ്റിമൂട് ജംഗ്ഷനിൽ ഒരു ചാരായകട വന്നു. അതിനോട് ചേർന്ന് വണ്ടികയറുന്നതിനു വേണ്ടി ഇട്ടിട്ടുള്ള പോസ്റ്ററുകൾ ചാരായം കുടിക്കാൻ വരുന്നവരുടെ തെറിവിളിയും മോശമായ പെരുമാറ്റവും കാരണം കുട്ടികൾക്കോ സ്ത്രീകൾക്കോ ബസ്സ് കയറാനോ നിൽക്കാനോ, അടുത്ത വീടുകളിൽ പോകാനോ പറ്റാത്ത അവസ്ഥയാണ്. അന്ന് ഈ പ്രദേശത്ത് ഈ അയൽക്കൂട്ടം മാത്രമേ ഉള്ളു. ഞാൻ അതിന്റെ പ്രസിഡന്റും. സ്ത്രീകളും കുട്ടികളും കൂടി ഞങ്ങൾക്ക് പരാതി തന്നു. ഈ ഷാപ്പ് അടപ്പിക്കണം. ഞാൻ അന്തം വിട്ടുപ്പോയി. എന്ത് ചെയ്യണം. അന്ന് നാലു മണിക്ക് അയൽക്കൂട്ട കമ്മറ്റി വിളിച്ചു. അംഗങ്ങൾ തടയാൻ തയ്യാർ. പക്ഷേ അടുത്തു താമസ്സിക്കുന്ന മുഴുവൻ സ്ത്രീകളും നമുക്ക് ഒപ്പം നിൽക്കണം. ഞാൻ എല്ലാവരോടും ചോദിച്ചു. കൂടെ നിൽക്കുമോ? ചേച്ചി നിന്നാൽ ഞങ്ങളും നിൽക്കും എന്ന് അവർ. 5 മണിക്ക് ഞങ്ങൾ 100 സ്ത്രീകളെ സംഘടിപ്പിച്ച് ഷാപ്പ് തടഞ്ഞു. വഴക്കായി ഞാൻ പറഞ്ഞു എന്ത് വന്നാലും ആരും പോകരുത്. പ്രശ്നമായി. പോലീസ് എത്തി നിങ്ങൾ പിരിഞ്ഞു പോകണം. ഞങ്ങൾ ഉടൻ അടപ്പിച്ചോളാം. ഞങ്ങൾ തയ്യാറായില്ല. എസ് ഐ വന്നു സിഐ വന്നു. സ്ത്രീകൾ പിൻമാറുന്നില്ലാ. അവസാനം രാത്രി 10 മണിയോട് കൂടി ഷാപ്പ് അടച്ച് സീലും വച്ചു. പിറ്റേദിവസം രാവിലെ നാട്ടുകാരുടെ സഹായത്തോടെ 20 പേർക്ക് വരെ ഇരിക്കാൻ പറ്റുന്ന ഒരു വെയിറ്റിംഗ് ഷെഡ് ഷീറ്റിട്ട് നിർമ്മിക്കാൻ എന്റെ നേതൃത്വത്തിൽ കഴിഞ്ഞു. വീട്ടിൽ നിന്നും വെളിയിൽ ഇറങ്ങാൻ മടിയായിരുന്ന ഞാൻ കുടുംബശ്രീയിൽ എത്തി ഒരു വർഷത്തിനുള്ളിൽ ഇത്രയൊക്കെ ചെയ്യാൻ നേതൃത്വം നൽകി എന്നത് എനിക്ക് അഭിമാനം ഉണ്ടാക്കി. ഇതിലൂടെ ഞാൻ എന്റെ നാട്ടിൽ അറിയപ്പെടുന്ന ആളായി. ചെറിയ ഒരുപാട് നല്ല കാര്യങ്ങൾ പിന്നീട് സമൂഹത്തിന് ചെയ്യാൻ എനിക്ക് കഴിഞ്ഞിട്ടുണ്ട്. കുടുംബശ്രീ പ്രസ്ഥാനത്തെ ജീവനായാണ് ഞാൻ കാണുന്നത്.

എന്ന്

**ഉഷാകുമാരി**
**നവരശ്മി അയൽക്കൂട്ടം**
**പനവൂർ ഗ്രാമപഞ്ചായത്ത്**

## അയൽക്കൂട്ടത്തിലൂടെ

ആയിരവല്ലി കുടുംബശ്രീ യൂണീറ്റിൽ അംഗമാകാനുള്ള ഈ സാഹചര്യം എന്റെ അയൽക്കൂട്ട പ്രവർത്തന വിജയത്തിന്റെ വലിയ കഥ.

തിരുവനന്തപുരം ജില്ലയുടെ തൊട്ടടുത്ത ജില്ലയായ കൊല്ലം ആണ് എന്റെ ജന്മദേശം. പഠനകാലയളവിൽ കലാരംഗത്തും രാഷ്ട്രീയരംഗത്തും നന്നായി പ്രവർത്തിച്ചിരുന്നു. വിവാഹം കഴിഞ്ഞതിനു ശേഷം ഇവരോട് എല്ലാം തന്നെ വിട പറഞ്ഞു. എങ്കിലും ചില പ്രത്യേക സാഹചര്യത്തിൽ പൊതുപ്രവർത്തനം ഉണ്ടായിരുന്നു. അങ്ങനെ ഇരിക്കുന്ന കാലത്ത് നാട്ടിലെല്ലാം അയൽക്കൂട്ടങ്ങൾ ആരംഭിച്ചു. ഞങ്ങളുടെ വീടിനടുത്ത് അയൽക്കൂട്ട അംഗങ്ങൾ കുറവായിരുന്നു. 2004 ഡിസംബർ മാസം രാവിലെ എന്റെ വീട്ടിനു തൊട്ടു മുന്നിലുള്ള ഒരു സാധാരണ കുടുംബം. അവിടെ നിന്നും ഉച്ചത്തിലുള്ള സംഭാഷണവും കരച്ചിലും കേൾക്കുന്നു. അയൽ വീട് എന്ന നിലയിൽ കാര്യം അന്വേഷിച്ചു. ഒരു വീട്ടിലെ നാല് സഹോദരങ്ങൾ തമ്മിലുള്ള സൗന്ദര്യ പിണക്കം ആണ് വഴക്കിനുള്ള കാരണം എന്നാണ് ആദ്യം അറിയാൻ കഴിഞ്ഞത്. പക്ഷേ അവിടെ പ്രശ്നം ഗുരുതരമായിരുന്നു. കുട്ടികൾ പോലും തമ്മിൽ സംസാരിക്കാതെ ആയി. എനിക്ക് വളരെ വിഷമം തോന്നി. കാരണം ഇവർ നാല് പേരും എന്റെ നല്ല സുഹൃത്തുക്കൾ ആയിരുന്നു. ദിവസങ്ങൾ കടന്നു പോയി ഇവരെ എങ്ങനെ സഹകരിപ്പിക്കും എന്ന് ഞാനും മറ്റു സുഹൃത്തുക്കളും ആലോചിച്ചു. അങ്ങനെയിരിക്കെ എന്റെ കുടുംബസുഹൃത്തിന്റെ കൂടെ ഞാൻ ഈ പ്രശ്നം അവതരിപ്പിച്ചു. ഒരു വാർഡ് മെമ്പറും കൂടി ആയിരുന്ന സുഹൃത്ത് ചേച്ചി ഇവരെ നാലുപേരേയും അയലത്തെ മറ്റു കുടുംബങ്ങളേയും കൂട്ടി ഒരു അയൽക്കൂട്ടം കൂടി പരീക്ഷിച്ചുനോക്കു അത് വിജയിക്കും എന്ന് എന്നോട് പറഞ്ഞു. എന്തായാലും നോക്കാം എന്ന് ഞാൻ ചിന്തിച്ചു. അങ്ങനെ ഈ കുടുംബാംഗങ്ങളെയും ചുറ്റിലുമുള്ള മറ്റു കുടുംബാംഗങ്ങളേയും ചേർത്തുകൊണ്ട് അയൽക്കൂട്ടം രൂപീകരിച്ചു. ആദ്യമൊക്കെ തമ്മിൽ മിണ്ടുകയോ അടുത്തിരിക്കുകയോ ചെയ്തിരുന്നില്ല. ക്രമേണ അവരെ ഒരോരുത്തരേയും കൊണ്ട് നിക്ഷേപം പിരിക്കുകയും ഒരോ വീടുകളിലും അയൽക്കൂട്ടം കൂടുകയും ചെയ്തു. ശത്രു ഏതായാലും വീട്ടിൽ കയറി വന്നാൽ നല്ലതേ പ്രവർത്തിക്കാവൂ എന്നാണല്ലോ പ്രമാണം. അങ്ങനെ ഏകദേശം നാല് മാസം ആയപ്പോഴേക്കും ഈ സഹോദരങ്ങൾ തമ്മിലുള്ള വൈരാഗ്യത്തിന് അയവു വരുകയും ക്രമേണ അവർ എല്ലാം മറന്ന് ഒരു കുടുംബം പോലെ ഇന്ന് പ്രവർത്തിച്ച് സന്തോഷത്തോടെ കഴി

യുകയും ചെയ്യുന്നു. പ്രിയമിത്രമേ ഇന്നും ചില സന്ദർഭങ്ങളിൽ അവരും മറ്റുള്ളവരും എന്നോട് പറയുന്നുണ്ട്. ശരിയ്ക്കും അയൽക്കൂട്ടം കൂടി ആ പേര് അർത്ഥം ഉള്ളതാക്കി മാറ്റിയത് ചേച്ചിയുടെ പരിശ്രമം കൊണ്ട് തന്നെയാണ് എന്ന്. അത് എനിക്ക് അഭിമാനിക്കാൻ പറ്റിയ ഒരനുഭവമാണ്.

ഇനി സ്ത്രീശാക്തീകരണത്തെപ്പറ്റി– എന്റെ വീടിന്റെ അയലത്ത് ഞങ്ങൾ സഹകരിച്ചു കൊണ്ടിരിക്കുന്ന ഒരു കുടുംബത്തിന്റെ വീട് തേടി ഒരു കാറിൽ രണ്ട് അപരിചിതൻമാർ എന്റെ വീട്ടിൽ വന്നു. ഞാൻ വീട് പരിചയപ്പെടുത്തി കൊടുത്തു. എന്നിട്ട് സംഭാഷണം എന്ന നിലയിൽ കാരണം ചോദിച്ചു. അവർ റിലയൻസ് കമ്പനിയിൽ നിന്നും സ്ഥലം വിലയ്ക്ക് വാങ്ങാൻ വന്നവരാണ് എന്നും, എന്റെ അയൽവാസി സ്ഥലം അവർക്ക് നൽകാനുള്ള എഗ്രിമെന്റ് പാസ്സാക്കാനാണ് വന്നതെന്നും അവർ പറഞ്ഞു. ഈ കക്ഷികൾക്ക് എന്റെ വസ്തുവിലൂടെ ആണ് വഴി നൽകിയിരുന്നത്. ഞങ്ങൾ പോലും അറിയാതെ രഹസ്യമായി കാര്യം കൈകാര്യം ചെയ്യുകയായിരുന്നു. അപ്പോൾ കാര്യത്തിന്റെ ഗൗരവം അറിയില്ലായിരുന്നു. ആ ആഴ്ചയിലെ അയൽക്കൂട്ട സഭയിൽ ഞാൻ കാര്യം മറ്റംഗങ്ങളെയും അറിയിച്ചു. അപ്പോഴാണ് മൊബൈയിൽ ടവറുകൾ നാട്ടിൽ പലയിടങ്ങളിലും സ്ഥാപിക്കുന്നതും അതുമായി ബന്ധപ്പെട്ട പ്രശ്നങ്ങളും അറിയുന്നത്. വീട്ടിൽ അന്ന് മറ്റ് കുടുംബാംഗങ്ങളുമായി ചർച്ച ചെയ്തു. വീട്ടിൽ നിന്നും പറഞ്ഞത് ഈ കക്ഷിയെ വിളിച്ച് വരും കാലങ്ങളിൽ ഉണ്ടാകുന്ന വിപത്തിനെ കുറിച്ച് മനസ്സിലാക്കി, അവരെ അതിൽ നിന്നും പിൻതിരിപ്പിക്കാൻ പറഞ്ഞു. അപ്രകാരം ഞാനും മറ്റ് അയൽവാസികളും ചേർന്ന് അയൽവാസിയായ കുടുംബാംഗങ്ങളെ വിളിച്ച് വിവരം ധരിപ്പിച്ചു. പക്ഷേ അവരിൽ നിന്നും വളരെ രൂക്ഷമായ പ്രതികരണമാണ് കിട്ടിയത്. വീണ്ടും ഞങ്ങൾ പറഞ്ഞു നിങ്ങൾക്ക് സാമ്പത്തിക പ്രശ്നപരിഹാരമാണ് എങ്കിൽ മറ്റ് പല ഉപാധികളുമുണ്ട്. അവർ തീരെ കേൾക്കുക ചെയ്യാതെ ഞങ്ങൾക്ക് നേരെ ഭീഷണി ഉയർത്തുകയും ചെയ്തു.

നാട്ടിൽ കുറച്ചു പേർ അവർക്ക് പിൻതുണ നൽകിയിരുന്നു. ഞങ്ങളുടെ പരിസരങ്ങളിൽ ചില വ്യക്തികൾക്ക് ക്യാൻസർ, ഹൃദ്രോഗം എന്നിവ ഉണ്ടായിരുന്നു. ടവർ പ്രശ്നം രൂക്ഷമായി. കമ്പനിക്കാർ പല തവണ വന്നു. അവരോട് ഞാൻ കാരണം പറഞ്ഞു. അവർക്ക് ഒരു സ്ത്രീ പറയുന്നത് ഹാസ്യമായാണ് തോന്നുന്നത്. ഇവിടെ ആണുങ്ങൾ ഒന്നും തന്നെ ഇല്ലേ എന്ന് എന്നോട് ചോദിച്ചു.

മിത്രമേ ഇത് എനിക്കും അഭിമാനപ്രശ്നമായി. തോന്നി. എന്റെ അയൽക്കൂട്ട അംഗങ്ങളെ എല്ലാവരേയും സങ്കടിപ്പിച്ച് അവരോട് പൊരുതാൻ തന്നെ തീരുമാനിച്ചു. ടവറിന്റെ ദൂഷ്യത്തെക്കുറിച്ച് ഞങ്ങൾ പോസ്റ്റർ ഇറക്കി. അവരും വിട്ടില്ല. അതിന് വിപരീതമായി അവരും ഇറക്കി. എനിക്ക് കേൾക്കാൻ സുഖമില്ലാത്ത പേരുകളും അവർ പറഞ്ഞു പരത്തി. ചുരുക്കത്തിൽ റിയലൻസ് അമ്പാനിയോട് മത്സരിക്കാൻ വെള്ളംകൊള്ളിയിലെ 18 സ്ത്രീകൾ ജയിലിൽ കിടക്കുമ്പോൾ പഠിച്ചോളും എന്നായി. ഞാനും എന്റെ കൂട്ടുകാരും വിട്ടില്ല. ജയിലെങ്കിൽ അതിനും തയ്യാർ എന്ന് വിചാരിച്ചു. വീട്ടിലും എന്നെ പരിഹസിക്കാൻ തുടങ്ങി. അതോടെ വാശികൂടി. ഒരു ദിവസം ടവർ നിർമ്മാണ സാമഗ്രികൾ എത്തും എന്ന് അറിയാൻ കഴിഞ്ഞു. ഞങ്ങൾ സ്ത്രീകൾ ഉറക്കം കളഞ്ഞ് നേരം വെളുപ്പിച്ചു. വന്നാൽ തടയാൻ തന്നെ തീരുമാനിച്ചു. അപ്പോഴേക്കും മറ്റ് നാട്ടുകാരും ഞങ്ങൾക്ക് സഹായികളായി എത്തി. ഏകദേശം രണ്ട് മാസം കടന്നു പോയി. കമ്പനി ഏജന്റുമാർ പല പ്രാവശ്യം വന്നു. അവരുടെ വീട്ടിലേയ്ക്ക് വാഹനം പോകുന്ന വഴി ഞങ്ങൾ അടച്ചു. കമ്പനിയ്ക്ക് എതിരെ ഞങ്ങൾ ശക്തമായി പ്രതികരിക്കുകയാണെന്ന് അവർക്ക് മനസ്സിലായി. വാഹനം പോകാൻ പറ്റാത്ത സ്ഥലം അവർ ഉപേക്ഷിക്കുമെന്ന് അവർക്ക് മനസ്സിലായി. അവർ പരമാവധി കമ്പനികാരെ പ്രോത്സാഹിക്കുവാൻ തുടങ്ങി. സുഹൃത്തേ ഒടുവിൽ ഞങ്ങൾ തന്നെ ജയിച്ചു ടവർ നിർമ്മാണം കമ്പനിക്കാർ മതിയാക്കി. പകരം കോയിക്കമൂല എന്ന സ്ഥലത്ത് ആൾപ്പാർപ്പില്ലാത്ത കുന്നിന്റെ മുകളിലേയ്ക്ക് മാറ്റി. ഇതിൽ നിന്നും എനിക്ക് മനസ്സിലായി സ്ത്രീകളായാലും, പുരുഷമേധാവിത്വം കുറച്ചെങ്കിലും നിലനിൽക്കുന്ന നമ്മുടെ സമൂഹത്തിന് കൂട്ടായി ഉറച്ച തീരുമാനം എടുത്താൽ അത് മാനവരാശിയ്ക്ക് ഗുണം ചെയ്യുന്നതാണെങ്കിൽ പുരുഷൻമാർ നമുക്ക് സഹായവും ആത്മവിശ്വാസവും തന്ന് പ്രോത്സാഹിപ്പിക്കും.

മിത്രമേ സ്ത്രീശാക്തീകരണം നമ്മുടെ അയൽക്കൂട്ടങ്ങളിൽ എത്ര കണ്ട് വലുതാണ് എന്ന് എന്റെ അനുഭവം നിങ്ങൾക്ക് പ്രചോദനം നൽകട്ടെ എന്ന് ആശംസിക്കുന്നു.

എന്ന്

**ഉഷാഭായി കെ എസ്**

**ആയിരവല്ലി കുടുംബശ്രീ അംഗം**

**നഗരൂർ ഗ്രാമപഞ്ചായത്ത്**

## പൊരുതി ജയിച്ചവർ

അക്ഷര കുടുംബശ്രീ അയൽക്കൂട്ടത്തിലെ അംഗമാണ് ഞാൻ. അയൽക്കൂട്ടത്തിലെ അനുഭവങ്ങൾ വച്ചുകൊണ്ട് ഒരു അനുഭവക്കുറിപ്പ് എഴുതണമെന്ന് എ.ഡി.എസ് സെക്രട്ടറി പറഞ്ഞു. ഒരു അയൽക്കൂട്ടത്തിൽ നിന്ന് കുറഞ്ഞത് രണ്ട് അനുഭവക്കുറിപ്പെങ്കിലും വേണമെന്നാണ് പറഞ്ഞത്. ഞാൻ അനുഭവം എഴുതുമ്പോൾ എന്നെ പോലെ എല്ലാ അംഗങ്ങളും അവർക്ക് അയൽക്കൂട്ടം കൊണ്ട് എന്തൊക്കെ അനുഭവങ്ങൾ ഉണ്ടായിട്ടുണ്ട് എന്ന് എഴുതുവാനും പറയുവാനും ഒരായിരം കാര്യങ്ങൾ പറയുകയുണ്ടായി. എല്ലാവർക്കും അയൽക്കൂട്ടം കൊണ്ട് നല്ലതേ ഉണ്ടായിട്ടുള്ളു. സ്ത്രീകളുടെ കൂട്ടായ്മയിലൂടെ ഉയർന്നുവന്ന ഈ പ്രസ്ഥാനം ഈ ലോകം അവസാനിക്കുന്നതുവരെ നിലനിൽക്കട്ടെ. . ഓരോ സ്ത്രീയ്ക്കും ഈ പ്രസ്ഥാനത്തിലൂടെ ശക്തിയും കഴിവും വർദ്ധിക്കട്ടെ എന്ന പ്രാർത്ഥനയിലൂടെ എന്റെ അനുഭവം ഞാൻ ഇവിടെ പങ്കുവയ്ക്കട്ടെ. ഒരു പേപ്പറിലോ രണ്ട് പേപ്പറിലോ എഴുതി തീർക്കാവുന്ന അനുഭവങ്ങൾ അല്ല എനിക്ക് അയൽക്കൂട്ടത്തിൽ നിന്നും ഉണ്ടായിട്ടുള്ളത്.

ആദ്യമായി എനിക്ക് ഉണ്ടായ അനുഭവം ഞാൻ നഗരൂരിൽ നിന്ന് തിരുവനന്തപുരത്തേയ്ക്ക് യാത്ര ചെയ്യുകയായിരുന്നു. ബസ്സിൽ നല്ല തിരക്കുണ്ടായിരുന്നു. എന്റെ തൊട്ടടുത്തായി ഏകദേശം 17 വയസ്സ് തോന്നിക്കുന്ന ഒരു പെൺകുട്ടി നിൽക്കുന്നുണ്ടായിരുന്നു. 12–ാം ക്ലാസ്സ് വിദ്യാർഥി ആകാം ആ കുട്ടി. ബസ്സിലെ തിരക്ക് കൂടികൂടി വന്നു. ഇതിനിടയിൽ ഈ പെൺകുട്ടി പല പ്രാവശ്യം അസ്വസ്ഥത പ്രകടിപ്പിച്ചു. അപ്പോൾ ഞാൻ കരുതിയത് തിരക്കുകൊണ്ട് ആയിരിക്കും എന്ന്. ആ കുട്ടി കുറച്ച് കഴിഞ്ഞപ്പോൾ എന്നോട് പറഞ്ഞു ചേച്ചി എന്റെ അടുത്തു നിൽക്കുന്ന ആൾ എന്നെ കുറെ നേരമായി ഉപദ്രവിക്കുന്നു, അപ്പോൾ ഞാനും അത് ശ്രദ്ധിച്ചു. കാര്യം ശരിയാണ്. ഉടൻ ഞാൻ അയാളോട് പറഞ്ഞു. നിൽക്കുന്നത് കൊള്ളാം മര്യാദയ്ക്ക് നില്ക്കണമെന്ന്. ഇത് കണ്ടപ്പോൾ കണ്ടക്ടർ അടുത്തുവരികയും കുട്ടിയോട് കാര്യം ചോദിക്കുകയും ആ മനുഷ്യനെ അവിടെ നിന്ന് മാറ്റി നിർത്തുകയും ചെയ്തു.

നമ്മുടെ അയൽക്കൂട്ടം സ്ഥിതി ചെയ്യുന്ന ആ ചുറ്റുപാടിൽ കുറച്ചു സാമൂഹ്യവിരുദ്ധന്മാർ രാത്രി എന്നോ പകലെന്നോ ഇല്ലാതെ ഏതു സമയത്തും ചീട്ടുകളിയും മദ്യപാനവും ചീത്തവിളിയും എല്ലാം നടത്തുന്നുണ്ടായിരുന്നു. നമ്മുടെ സംഘത്തിലെ എല്ലാവരും ചേർന്ന് പോലീസിൽ പരാതി കൊടുക്കാം എന്ന് തീരുമാനിച്ചു. അതിന്റെ അടിസ്ഥാനത്തിൽ പരാതി കൊടുക്കുകയും രാത്രിയും പകലും ആ സ്ഥലത്ത് പോലീസ് വരുകയും അത്തരത്തിലുള്ള പ്രവർത്തനം അവസാനിപ്പിക്കുകയും ചെയ്തു. ഇതിനെല്ലാം പ്രചോദനം നൽകിയത് കുടുംബശ്രീ പ്രസ്ഥാനമാണ്.

ഇനി പറയാനുള്ളത് മറ്റൊരു അനുഭവമാണ്. നമ്മുടെ സംഘത്തിലെ ഒരു അംഗ ത്തിന്റെ ഭർത്താവ് സ്ഥിരം മദ്യപാനിയും, ജോലിയ്ക്ക് പോയാൽ 5 പൈസ പോലും വീട്ടിൽ കൊടുക്കുകയോ കുട്ടികളുടെ കാര്യം നോക്കുകയോ ചെയ്യില്ലായിരുന്നു. നിര ന്തരം അയാളുടെ ചീത്തശീലം വർദ്ധിച്ചു വന്നു. വീട്ടിൽ വന്നാൽ ചീത്തവിളിയും ആഹാരം പാകം ചെയ്തുവയ്ക്കുന്ന പാത്രങ്ങൾ എടുത്ത് എറിയലും തുടർന്നു. ഒരു ദിവസം അയൽക്കൂട്ടം തുടങ്ങിയപ്പോൾ ഈ അംഗത്തിന്റെ ദുഃഖം എല്ലാ അംഗങ്ങൾക്കും വിഷമം ഉണ്ടാക്കുകയും ചെയ്തു. അങ്ങനെ അന്നത്തെ യോഗത്തിൽ നമ്മൾ എല്ലാവരും കൂടി തീരുമാനിച്ചു. ഇതിനു ഒരു പരിഹാരം കാണണം എന്ന്. ഞങ്ങൾ എ.ഡി.എസ് പ്രസിഡന്റിനേയും സെക്രട്ടറിയേയും വിവരങ്ങൾ ധരിപ്പിക്കുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ വാർഡ് മെമ്പർ ഉൾപ്പടെയുള്ളവർ ഒരു ദിവസം നമ്മുടെ സംഘത്തിൽ വരികയും ഈ അംഗത്തിന്റെ വീട്ടിൽ എല്ലാ അംഗങ്ങളും കൂടി പോകുകയും അവരുടെ ഭർത്താവിന്റടുത്ത് ഈ കാര്യങ്ങളെല്ലാം പറഞ്ഞ് മനസ്സിലാക്കുകയും ചെയ്തു. എന്താണ് എന്ന് അറിയില്ല. ആ വ്യക്തി പറഞ്ഞ കാര്യങ്ങൾ എല്ലാം തന്നെ സശ്രദ്ധം കേട്ടിരിക്കുക യും, തൊട്ടടുത്ത ദിവസം മുതൽ കുടി മതിയാക്കുകയും ചെയ്തു. തുടർന്ന് വീടിന്റെ പണി പൂർത്തിയാക്കുകയും ഇന്ന് അയാൾ ഒരു മാന്യവ്യക്തി ആയിത്തീരുകയും ചെയ്തു. ഇത്രയും നല്ല അനുഭവങ്ങൾ വേറെ ഒന്നും തന്നെയില്ല എന്നാണ് എനിക്ക് മന സ്സിലാക്കാൻ കഴിയുന്നത്. ഇതിനെല്ലാം സ്ത്രീകൾക്ക് കരുത്ത് പകർന്നുകൊണ്ട് അയൽക്കൂട്ടം അതിന്റെ വിജയ വഴിയിലൂടെ മുന്നേറുകയാണ്. സ്ത്രീക്കും അതുപോലെ തന്നെ അയൽക്കൂട്ടത്തിനൊപ്പം ബാലസഭയും പ്രവർത്തിപ്പിക്കുന്നുണ്ട്. അതിലൂടെ പുതിയ തലമുറയെ വാർത്തെടുക്കാനും അ.യൽക്കൂട്ടത്തിന് കഴിയും എന്നതിൽ യാതൊരു സംശയവും ഇല്ല.

അയൽക്കൂട്ടത്തിൽ വന്നതിനു ശേഷ.ം പഞ്ചായത്തുമായി ബന്ധപ്പെട്ട് നടക്കുന്ന പല പ്രവർത്തനങ്ങളിലും പങ്കെടുക്കാൻ അവസരം ലഭിക്കുകയും തൊഴിലുറപ്പു പദ്ധതി യിൽപണിയെടുക്കുകയും അതുവഴി ചെറിയ സമ്പാദ്യം ഉണ്ടാക്കുവാനും കഴിഞ്ഞു. അയൽക്കൂട്ടത്തിൽ നിന്നും ലോണുകളും നിത്യോപയോഗ സാധനങ്ങളും ലഭിക്കുന്നു. അതുവഴി ദാരിദ്ര്യലഘൂകരണം പൂർണ്ണമായും സാധ്യമാകുന്നു എന്ന് തന്നെ പറയാം.

അക്ഷരകുടുംബശ്രീ അംഗം

നഗരൂർ

## സ്ത്രീശക്തി

ഞാൻ കല്ലിയൂർ ഗ്രാമപഞ്ചായത്തിൽ ഒൻപതാം വാർഡിലെ (വള്ളംകോട്) സാരഥി കുടുംബശ്രീയിലെ സെക്രട്ടറിയും സി ഡി എസ് അംഗവും ആണ്. ഈ കുടും ബശ്രീ 2000 ത്തിൽ തുടങ്ങിയ നാൾ മുതൽ ഇതിൽ പ്രവർത്തിച്ചുവരികയാണ്. 1986 മുതൽ ഞാൻ അഖിലേന്ത്യാ മഹിളാ അസോസിയേഷൻ പ്രവർത്തകയായിട്ടാണ് പൊതു രംഗത്തു വന്നത്.

ഞാൻ 1995 ൽ പഞ്ചായത്തു പ്രസിഡന്റ് ആകുകയും തുടർന്ന് 2005 ൽ വീണ്ടും പഞ്ചായത്ത് മെമ്പർ ആകുകയും ചെയ്തു. ഞാൻ പ്രസിഡന്റായിരുന്ന കാലത്താണ് ജന കീയ ആസൂത്രണപദ്ധതിയുടെ ഭാഗമായി സ്ത്രീകൾക്ക് 10 ശതമാനം തുക വിനിയോഗി ക്കണമെന്നുള്ള സർക്കാർ ഉത്തരവ് പ്രകാരം സ്ത്രീകളെ പങ്കെടുപ്പിച്ചു കൊണ്ട് സ്വയം സഹായ സംഘം എന്ന പേരിൽ പഞ്ചായത്തിൽ എല്ലാ വാർഡുകളിലും ചെറിയ ചെറിയ യൂണീറ്റുകൾ പ്രവർത്തനം തുടങ്ങി. പിന്നെ 2000 ആയപ്പോൾ കേരളത്തിലെ മുഴുവൻ പഞ്ചായത്തുകളിലും കുടുംബശ്രീ രൂപീകരിച്ചു. അതിന്റെ ഭാഗമായി സ്ത്രീകളെ ശാക്തീ കരിച്ച് സ്വയം തൊഴിൽ കണ്ടെത്തുന്നതിനും, അവർക്ക് സമ്പാദ്യശീലം വളർത്തുന്ന തിനും, അവർക്കുള്ള കഴിവുകളെ പരിപോഷിക്കുന്നതിനു വേണ്ടി കുടുംബശ്രീ മിഷന്റെ സഹകരണത്തോടു കൂടി കുടുംബശ്രീ യൂണീറ്റുകൾ രൂപീകരിച്ചു.

2001 മുതൽ 2003 വരെ ഞാൻ കുടുംബശ്രീ ചെയർപേഴ്സൺ ആയി പ്രവർത്തിച്ചി ട്ടുണ്ട്. അത് എന്റെ ഏറ്റവും വലിയ ഒരു അനുഭവമാണ്. എന്നാൽ ഞാൻ എ.പി.എൽ വിഭാഗത്തിൽ പെട്ട അംഗമാണന്ന സാങ്കേതിക കാരണം പറഞ്ഞ് രാഷ്ട്രീയ പ്രേരിത മായി ആ സ്ഥാനത്തു നിന്ന് മാറ്റുകയാണ് ചെയ്തത്. അതും ഈ രംഗത്തു എനിക്ക് ഉണ്ടായ തിക്ത അനുഭവമാണ്.

ദാരിദ്ര്യ നിർമ്മാണം എന്ന ഉദ്ദേശത്തോടു കൂടി തുടങ്ങിയ അയൽക്കൂട്ടങ്ങൾ ഇന്ന് നല്ല രീതിയിൽ കാര്യമായി പ്രവർത്തിക്കുന്നുണ്ട്. വ്യത്യസ്ത കുടുംബത്തിൽ നിന്നുള്ള വർ വ്യത്യസ്ത സ്വഭാവക്കാർ അടങ്ങുന്ന ഒരു മഹത്പ്രസ്ഥാനമാണ് ഇന്ന് കുടുംബശ്രീ. ഇവരെയെല്ലാം ഒരുമിച്ച് ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിനും അവരുടെ സുഖ ദുഃഖ ങ്ങളിൽ പങ്കെടുക്കുന്നതിനുമെല്ലാം തുടക്കത്തിൽ പലർക്കും ബുദ്ധിമുട്ടുകൾ ഉണ്ടായി രുന്നു എങ്കിലും 12 വർഷം പിന്നിട്ടപ്പോൾ അത് ജീവിതത്തിൽ ഒരു പുതിയ അനുഭവ മായി മാറി. ഇപ്പോൾ ഒരോ യൂണീറ്റിൽ പെടുന്ന അംഗങ്ങളും അവരുടെ കുടുംബങ്ങളെ

പോലെ ഓരോ അംഗങ്ങൾക്കും ഉണ്ടാകുന്ന പ്രശ്നങ്ങൾ തങ്ങളുടേതാണെന്ന ബോദ്ധ്യത്തോടെ പ്രവർത്തിക്കാൻ കഴിയുന്നു എന്നത് ചാരിതാർത്ഥ്യം ഉളവാക്കുന്ന അനുഭവമാണ്.

കുടുംബശ്രീയിൽ പ്രവർത്തിക്കാൻ തുടങ്ങിയതിനു ശേഷം എനിക്ക് ധാരാളം കാര്യങ്ങൾ പഠിക്കുവാനും ഞങ്ങളുടെ കുടുംബശ്രീയിൽ നിരക്ഷരരായിരുന്നവർക്ക് ചെറിയ രീതിയിൽ വായിക്കുവാനും ഒപ്പിടാനും ബാങ്കിംഗ് ഇടപാടുമൊക്കെ പറഞ്ഞു മനസ്സിലാക്കി കൊടുക്കുവാനും സാധിച്ചു. ഇപ്പോൾ എല്ലാ അംഗങ്ങൾക്കും കുടുംബശ്രീയുമായുള്ള എല്ലാ കാര്യങ്ങളും അിറയാം.

പഞ്ചായത്ത് മെമ്പറായി പ്രവർത്തിച്ചിരുന്ന കാലഘട്ടത്തിൽ രൂപീകരിച്ച ജാഗ്രത സമിതിയിൽ കുടുംബശ്രീ പ്രവർത്തകരെ ബന്ധപ്പെടുത്തുന്നതിനും സ്ത്രീകൾക്ക് എതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനും അവരുടെ നിരവധി പ്രശ്നങ്ങൾക്ക് പരിഹാരം കാണുവാൻ കഴിഞ്ഞിട്ടുള്ളതുമായ അനുഭവങ്ങൾ എനിക്ക് ഉണ്ടായിട്ടുണ്ട്.

കഴിഞ്ഞ 10 വർഷത്തിലേറെ കാലത്തെ കുടുംബശ്രീ സംഘങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ ഫലമായി നിരവധി ഊഷ്മളമായ അനുഭവങ്ങൾ എനിക്ക് ഉണ്ടായിട്ടുണ്ട്.

ഇതിൽ ഒരനുഭവം ഞാൻ വെളിപ്പെടുത്തുവാൻ ആഗ്രഹിക്കുന്നു. ഇവിടെ പരാമർശിക്കപ്പെടുന്ന പേരുകൾ സാങ്കല്പികമാണ്. ഞാൻ പഞ്ചായത്ത് മെമ്പർ ആയിരിക്കുമ്പോൾ ഒരു കുടുംബശ്രീയിലെ അംഗമായ ശ്രീമതി.സാവിത്രി അവരുടെ മകൻ ശ്രീകുമാറിന്റെ വിവാഹബന്ധം കുടുംബകോടതി വഴി വേർപ്പെടുത്തുവാൻ പോകുന്ന വിവരം വേദനയോടെ എന്നോട് പറഞ്ഞു. മരുമകൾ അഭയയുമായി മകന് ഏതൊരുവിധ പിണക്കവും ഇല്ല. എന്നാൽ അവളുടെ സഹോദരനുമായിട്ടാണ് പിണക്കം. ആ മാതാവിന്റെ ദുഃഖത്തിന് പരിഹാരം കാണാൻ കഴിയുമോ എന്ന് അവരുടെ കുടുംബശ്രീയുടെ പ്രസിഡന്റിനേയും സെക്രട്ടറിയേയും കണ്ട് സംസാരിച്ചപ്പോൾ സാവിത്രിയുടെ അതേ അഭിപ്രായമാണ് പറഞ്ഞത്. അഭയയുടെ സഹോദരനുമായിട്ടാണ് സ്വത്ത് സംബന്ധിച്ച് വഴക്ക് ഉണ്ടായതെന്നും അതിന്റെ വാശിക്കാണ് ശ്രീകുമാർ കുട്ടിയേയും ഭാര്യയേയും അവളുടെ വീട്ടിൽ കൊണ്ട് ആക്കിയതെന്നും പറഞ്ഞു. കുടുംബകോടതിയിൽ കേസ് കൊടുത്തിട്ടി

പ്പോൾ 5 വർഷം കഴിഞ്ഞു. എന്നാൽ അഭയയ്ക്ക് ഇപ്പോഴും അവന്റെ കൂടെ യോജിച്ച് താമസ്സിക്കണം എന്നാണ് ആഗ്രഹം എന്ന് നമ്മളെ കാണുമ്പോൾ പറഞ്ഞിട്ടുണ്ട്.

എന്തായാലും ഞങ്ങൾ അഭയയുടെ വീട്ടിൽ പോയി അവളെ കാണാൻ തീരുമാനിച്ചു. അവളുമായി സംസാരിച്ചപ്പോൾ  സഹോദരന്റെയും ഭർത്താവിന്റെയും വെറും വാശിയും വൈരാഗ്യവുമാണ് ഈ കുഴപ്പങ്ങൾക്ക് എല്ലാം കാരണം എന്ന് അവൾ പറഞ്ഞു. ശ്രീകുമാർ ഇന്ന് വന്ന് വിളിച്ചാൽ മോനേയുംകൊണ്ട് പോകാൻ തയ്യാറാണന്നും പറഞ്ഞു. അപ്പോൾ ഞങ്ങൾ അഭയയുടെ അച്ഛനോട് മകനെ നേരിട്ട് കാണാൻ താല്പര്യം പ്രകടിപ്പിച്ചു. അദ്ദേഹം ഉടൻ തന്നെ മകനെ വീട്ടിൽ വിളിച്ചു വരുത്തി. ഞങ്ങൾ അവളുടെ സഹോദരനോട് സംസാരിച്ചപ്പോൾ ഒരു വിട്ടുവീഴ്ചയ്ക്കും തയ്യാറാകാത്ത ഒരു കർക്കശക്കാരനേപ്പോലെ നോക്കുമെന്നും മേലിൽ അവൻ ഇവിടെ വന്നുപോകരുത് എന്ന് താക്കീതും ചെയ്തു. ഞങ്ങൾ അഭയയോട് വീണ്ടും കാണാം എന്ന് രഹസ്യമായി പറഞ്ഞിട്ട് അവിടുന്ന് പോന്നു.

പിന്നെ ശ്രീകുമാറിനെ കണ്ട് ഈ വിഷയം സംസാരിച്ചപ്പോൾ ഞങ്ങൾ അഭയയെ കാണാൻ പോയതു തന്നെ നാണക്കേടായിപ്പോയെന്നും അവൾക്ക് കൊടുക്കാമെന്നു പറഞ്ഞ സ്വത്ത് അവളുടെ സഹോദരൻ എഴുതി കൊടുത്താൽ മാത്രമേ ഞങ്ങൾ ഒരുമിച്ച് ജീവിക്കൂ എന്നും അല്ലാതെ യോജിക്കുന്ന പ്രശ്നമേ ഇല്ല എന്ന് തറപ്പിച്ചു പറഞ്ഞു. അപ്പോൾ ഞാൻ ചോദിച്ചു നിനക്ക് നിന്റെ ഭാര്യയോടും മകനോടും എന്തെങ്കിലും വിരോധമുണ്ടോ എന്ന്. ഇല്ലെന്നും അവൻ പറഞ്ഞു. അവർ വീട്ടിൽ വന്നാൽ നീ വരുമോ എന്ന് ചോദിച്ചപ്പോൾ  എന്റെ വീടല്ല അത് അമ്മയുടെ വീടാണ്. അവരോട് ചോദിക്കണം എന്നും പറഞ്ഞു.

അഭയയുടെ സഹോദരനെ വിളിച്ചിട്ടു പറഞ്ഞു. അവർ  ഭാര്യയും ഭർത്താവും ഒരുമിച്ച് താമസിക്കാൻ തയ്യാറാണന്നും അതിന് നിങ്ങളാണ് തടസ്സമെന്നും അവർ രണ്ടു പേരും പറഞ്ഞു. അപ്പോൾ പറഞ്ഞത് എന്റെ സഹോദരി അവനോടൊപ്പം പോകാൻ തയ്യാറാണന്ന് എന്റെ സാന്നിദ്ധ്യത്തിൽ പറയുകയാണങ്കിൽ ആ നിമിഷം അവരെ യോജിപ്പിച്ച് താമസിപ്പിക്കാമെന്ന് പറഞ്ഞു. പക്ഷേ ഞങ്ങളുടെ സാന്നിദ്ധ്യത്തിൽ മാത്രമേ അവൾക്ക് അങ്ങനെ പറയാൻ ധൈര്യംകാണുകയുള്ളു എന്നും അയാൾ പറഞ്ഞു. അടുത്ത ദിവസം അഭയയുമായി അയാൾ എന്റെ വീട്ടിൽ വന്നു. ഞാൻ ഉടൻ തന്നെ സ്വത്ത് സംബന്ധിച്ച് ചർച്ച ചെയ്യാനെന്ന് പറഞ്ഞ് ശ്രീകുമാറിനേയും അമ്മയേയും മറ്റ്

കുടുംബശ്രീ അംഗങ്ങളെയും വരുത്തി. കൂട്ടായ ചർച്ചയിലൂടെ എല്ലാ തർക്കവിഷയ ങ്ങൾക്കും ധാരണ ഉണ്ടാക്കി ആ തീരുമാനം കോടതിയിലും അറിയിച്ചു. അതിന്റെ മൂന്നാംനാൾ ശ്രീകുമാറും മകനും ഭാര്യയും സാവിത്രിയുടെ വീട്ടിൽ എത്തിയ വാർത്ത അറിഞ്ഞ് ഞാനും അവരുടെ കുടുംബശ്രീ അംഗങ്ങളും വീട്ടിൽ എത്തി പായസ്സം വച്ച് അവരുടെ പുനഃസംഗമത്തിന് മധുരം നൽകി.

വേർപിരിഞ്ഞ ഇവരെ കുടുംബശ്രീ അംഗങ്ങൾക്ക് കൂട്ടിയോജിപ്പിക്കാൻ കഴി ഞ്ഞത് ഒരിക്കലും കഴിയാത്ത ഒരു അനുഭവമായി ഞാൻ വിശ്വസിക്കുന്നു.

കുടുംബശ്രീ പ്രവർത്തനങ്ങളിൽ നിന്നും ഉണ്ടായിട്ടുള്ള അനുഭവങ്ങളിൽ പലതും എനിക്ക് പ്രചോദനവും കരുത്തും നൽകുന്നവയാണന്ന് പറഞ്ഞുകൊണ്ട് ഞാൻ ഈ കുറിപ്പ് അവസാനിപ്പിക്കുന്നു.

**ബി എസ് ഹേമ**
**സാരഥി അയൽക്കൂട്ടം**
**കല്ലിയൂർ ഗ്രാമപഞ്ചായത്ത്**
**നേർവീഥി**

## നേർവീഥി

1999–ഡിസംബറിൽ പഞ്ചായത്തിന്റെ അനുമതിയോടെ അയൽക്കൂട്ടങ്ങൾ രൂപീകരിക്കണമെന്ന് പറയുകയും അതനുസരിച്ച് ഞാൻ വീട് വീടാന്തരം കയറിയിറങ്ങി ഇരുപത് അംഗങ്ങളെ ചേർത്ത് ഒരു ഗ്രൂപ്പ് രൂപീകരിച്ചു. അന്ന് ഓരോ വാർഡിൽ പ്രവർത്തിക്കുന്ന അംഗൻവാടിയുടെ കീഴിലാണ് അയൽക്കൂട്ടങ്ങൾ കൂടിയത്. അത് പിന്നീട് സ്വയംസഹായ സംഘങ്ങളായി രജിസ്റ്റർ ചെയ്തു. ഈ സംഘത്തിന്റെ ഉത്തരവാദിത്വം ഞാൻ ഏറ്റെടുത്ത് പ്രവർത്തിക്കുന്ന സാഹചര്യത്തിൽ വനിതകളുടെ കലാകായിക മത്സരങ്ങൾ നടത്തണമെന്ന് പഞ്ചായത്തിൽ നിന്ന് അറിയിച്ചു. അങ്ങനെ എന്റെ ഗ്രൂപ്പിൽ നിന്ന് കായിക മത്സരത്തിലും കലാ മത്സരത്തിലും പേരുകൾ നൽകി. അതിൽ ഒരംഗം പ്രസംഗ മത്സരത്തിന് ചേർന്നു. മത്സരം നടക്കുന്നതിന്റെ തലേ ദിവസം പ്രസംഗത്തിന് ഏറ്റിരുന്ന അംഗത്തിന്റെ ബന്ധു മരിച്ചതുകൊണ്ട് അവൾക്ക് പകരം എനിക്ക് മത്സരത്തിൽ പങ്കെടുക്കേണ്ടതായി വന്നു. അന്ന് അംഗൻവാടിയുടെ കീഴിൽ പ്രവർത്തിക്കുന്ന 14 ഗ്രൂപ്പുകളിൽ നിന്ന് ഓരോരുത്തർ വീതം പ്രസംഗ മത്സരത്തിൽ ഉണ്ടായിരുന്നു. മത്സര ദിവസം അടുക്കുംതോറും എനിക്ക് ടെൻഷൻ കൂടി വന്നു. നല്ലതുപോലെ പറയാൻ പറ്റിയില്ലെങ്കിൽ നാണക്കേടാകുമല്ലോയെന്ന് ചിന്തിച്ച് മനസ്സിൽ അതിനുള്ള തയ്യാറെടുപ്പ് നടത്തിക്കൊണ്ടിരുന്നു.

എന്തായാലും ആ ദിവസം വന്നെത്തി. 5 മിനിറ്റ് മുൻപ് വിഷയം തന്നു. കുറെ വാക്കുകൾ ഒക്കെ മനസിൽ കുറിച്ചിട്ട് സ്റ്റേജിൽ കയറി. തുടക്കത്തിൽ ഒരു ആട്ടം ഉണ്ടായിരുന്നു. പറഞ്ഞ് തുടങ്ങിയപ്പോൾ ആരുടെയോ കാരുണ്യമെന്നതുപോലെ വാക്കുകൾ ഇടതടവില്ലാതെ പറയുവാൻ പറ്റി. എന്തായാലും സ്കൂളിൽ പഠിക്കുന്ന കാലത്ത് മത്സരത്തിന് സ്റ്റേജിൽ കയറിയിട്ടില്ല. വർഷങ്ങൾ കഴിഞ്ഞ് വീട്ടമ്മ ആയി കഴിഞ്ഞതിനുശേഷം സ്റ്റേജിൽ കയറി മത്സരിക്കാൻ പറ്റിയത് ഈ ഗ്രൂപ്പ് കൂടിയതുകൊണ്ടാണ്. അങ്ങനെ ഉച്ച കഴിഞ്ഞപ്പോൾ പ്രസംഗത്തിന്റെ ഫലം അറിഞ്ഞു. ഫസ്റ്റ് പ്രൈസ് എനിക്ക് തന്നെ കിട്ടി. അനൗൺസ്മെന്റ് ചെയ്തപ്പോൾ വിശ്വസിക്കാൻ കഴിഞ്ഞില്ല. തുള്ളിച്ചാടണമോ, പൊട്ടിച്ചിരിക്കണമോ എന്ത് ചെയ്യണമെന്നറിയാൻ വയ്യാത്ത അവസ്ഥ. പിറ്റേന്ന് മത്സരങ്ങൾ കഴിഞ്ഞപ്പോൾ അൻസജിത റസ്സലിന്റെ കയ്യിൽ നിന്ന് സമ്മാനവും വാങ്ങി. ഇത് ഒരിക്കലും മറക്കാനാവാത്ത നല്ല കുളിർമ്മയുള്ള ഒരോർമ്മയായ് ഇന്നും അവശേഷിക്കുന്നു. ഈ സംഘങ്ങൾ രൂപീകരിച്ചതുവഴി നല്ല അയൽബന്ധങ്ങൾ ഉണ്ടാക്കിയെടുക്കാൻ കഴിയുകയും അവരുടെ വീട്ടിലെ

ആവശ്യങ്ങളിൽ പങ്കെടുക്കാനും അത്യാവശ്യ സഹായങ്ങൾ ചെയ്യുന്നതിന് ഗ്രൂപ്പ് അംഗങ്ങളുടെ സഹായം ഉണ്ടായി. കൂടാതെ സാമ്പത്തിക സഹായം വേണ്ടവർക്ക് നൽകി സഹായിക്കാനും സാധിച്ചിട്ടുണ്ട്. ഓണം, ക്രിസ്തുമസ് എന്നീ ആഘോഷങ്ങൾ ജാതിമതവർഗ്ഗവ്യത്യാസമില്ലാതെ ഗ്രൂപ്പ് അംഗങ്ങൾ ഒത്തൊരുമയോടെ ആഘോഷിക്കുന്നു.

വീടിന്റെ അകത്തളങ്ങളിൽ ഒതുങ്ങിക്കഴിഞ്ഞിരുന്ന വീട്ടമ്മമാർ സംഘങ്ങൾ കൂടുന്നതിനുമുമ്പ് ആളുകളുടെ മുമ്പിൽ നിന്ന് സംസാരിക്കാനും അഭിപ്രായം പറയാനും മടിക്കുന്ന ഒരു കാലഘട്ടമായിരുന്നു. എന്നാൽ ഇന്ന് എവിടെ ഒരു കമ്മിറ്റിയിലാണെങ്കിലും പിള്ളേരുടെ ആവശ്യങ്ങൾക്ക് പി.റ്റി.എ മീറ്റിംഗിന് സ്കൂളിൽ പോയാലും നമ്മുടെ അഭിപ്രായങ്ങൾ എഴുന്നേറ്റ് നിന്ന് പറയുന്നതിനും അത്യാവശ്യം മൈക്കിന്റെ മുമ്പിൽ ചെന്ന് നിന്ന് സംസാരിക്കുന്നതിനുള്ള മടി മാറികിട്ടി. അന്ന് ഒൻപതാം ക്ലാസ്സിൽ പഠിക്കുന്ന എന്റെ മോന്റെ പി.റ്റി.എ മീറ്റിംഗ് ആയിരുന്നു. രക്ഷിതാക്കളെ കൊണ്ട് ഹാൾ നിറഞ്ഞു നിൽക്കുന്ന സമയത്ത് മാതാപിതാക്കൾക്ക് എന്തെങ്കിലും അഭിപ്രായം ഉണ്ടെങ്കിൽ പറയാൻ ക്ഷണിച്ചു. ഈ അവസരത്തിൽ എനിക്ക് മനസ്സിൽ ഒരഭിപ്രായം ഉണ്ടായിരുന്നു. അത് പറയണമോ വേണ്ടയോ എന്ന ഒരു ചാഞ്ചാട്ടം എന്നെ അലട്ടിക്കൊണ്ടിരുന്നു. എന്തായാലും രണ്ടും കൽപ്പിച്ച് എഴുന്നേറ്റ് മുമ്പിൽ ചെന്നു. അവർ മൈക്ക് കൈയിൽ തന്നു. എന്റെ അഭിപ്രായം അവിടെ പറഞ്ഞ് തീർത്തിട്ട് ഞാൻ ഇരുന്നിടത്ത് വീണ്ടും വന്നു. അപ്പോൾ അടുത്തുണ്ടായിരുന്ന അമ്മമ്മാർ പറഞ്ഞു ഞങ്ങൾക്കെല്ലാവർക്കും ഈ അഭിപ്രായം ഉണ്ടായിരുന്നു എന്നും എല്ലാവർക്കും ഉപകാരമായി എന്നും. പിറ്റേന്ന് മോൻ സ്ക്കൂളിൽ പോയിട്ട് വന്നപ്പോൾ ടീച്ചർമാർ മോന്റെയടുത്ത് അമ്മയ്ക്ക് ഞങ്ങളുടെ കൺഗ്രാജുലേഷൻ കൊടുക്കണമെന്ന് പറഞ്ഞ് വിട്ടു. വീണ്ടും ഒരു വർഷം കഴിഞ്ഞപ്പോൾ ഞാൻ ബസ്സ് സ്റ്റാൻഡിൽ നിൽക്കുമ്പോൾ ആറിലോ ഏഴിലോ പഠിക്കുന്ന കുട്ടി എന്റെ മോന്റെ പേര് പറഞ്ഞിട്ട് ആ കുട്ടിയുടെ അമ്മ അല്ലേയെന്ന് ചോദിച്ചു. എന്താ മോളെ എന്ന് കാര്യം തിരക്കിയപ്പോൾ കഴിഞ്ഞ വർഷം ആന്റി ആഴ്ചയിൽ ഒരു റീഡിംഗ് പിരീഡ് വേണമെന്ന് പറഞ്ഞിരുന്നല്ലോ അത് ഇപ്പോൾ ഞങ്ങൾക്ക് ഏർപ്പെടുത്തി. ഒരു കുട്ടിയുടെ വാക്കുകളിൽ നിന്ന് ഇത് കേട്ടപ്പോൾ ഉണ്ടായ സന്തോഷം ഒരിക്കലും കെടാത്ത ഒരനുഭവമാണ് ഉണ്ടായത്. ഇത് തീർച്ചയായും നമ്മൾ അടുക്കളയിൽ നിന്ന് അരങ്ങത്തെത്തി എന്നതിന്റെ ഒരു തെളിവാണ്.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പഞ്ചായത്തുകളിൽ ആരംഭിക്കുകയും കേന്ദ്രഗവൺമെന്റിന്റെ ഒരു തൊഴിലാളി ആകാനും അതിൽ നിന്ന് കിട്ടുന്ന പ്രതിഫലം നമുക്ക് എ.റ്റി.എം വഴി നേടിയെടുക്കാനും അവസരം ഉണ്ടായി.

ഇങ്ങനെ ഒരു തൊഴിൽ ഉണ്ടായതും അതും വനിതകളുടെ മേൽനോട്ടത്തിൽ ചെയ്യിപ്പിക്കാനും കുടുംബശ്രീ വഴി അതിന് പരിശീലനം നൽകുകയും ഏത് ജോലിയും പുരുഷൻ മാർക്കൊപ്പം സ്ത്രീകൾക്ക് ചെയ്യാൻ പറ്റുമെന്ന് തെളിയിക്കാനും കഴിയുന്നു. കൂടാതെ നമ്മുടെ നാട്ടിലെ പാവപ്പെട്ട സ്ത്രീകൾക്ക് എ.റ്റി.എം ഉപയോഗിക്കാനും അത് മനസിലാക്കാനും സഹായിച്ചു. ഇല്ലെങ്കിൽ ഒരു വിഭാഗം സമ്പന്നരുടെ ഇടയിൽ മാത്രം ഒതുങ്ങിപ്പോയേനേ എ.റ്റി.എം. ഇത് നമ്മുടെ ജീവിതത്തിലെ പുരോഗതിയുടെ അടുത്ത കാൽവെയ്പ്പാണ്. ഈ അനുഭവം നമ്മുടെ ജീവിതത്തിന്റെ വിളക്കായ് മുന്നോട്ട് തുടരട്ടെ.

**സൗദാമിനി**
**ദീപം കുടുംബശ്രീ**
**അമ്പൂരി ഗ്രാമപഞ്ചായത്ത്**

## ഉയർച്ചയിലേക്കൊരു വഴികാട്ടി

കുടുംബശ്രീ പെൺ കരുത്ത് – ആരുടെ മുന്നിലും പതറാതെ ഏതു വിഷമഘട്ടങ്ങളിലും തളരാതെ കൈപിടിച്ചു നയിക്കുന്ന ഉത്തമ തോഴി.

1999 ൽ കോളേജ് വിദ്യാഭ്യാസം കഴിഞ്ഞിറങ്ങിയ ഞാൻ മറ്റെല്ലാപേരെപ്പോലെയും ഒരു സർക്കാർ ജോലി നേടുവാനായി എഴുതാത്ത ടെസ്റ്റുകളില്ല. ഒരിക്കൽ പി.എസ്.സി വഴി പോലീസിൽ റാങ്ക് ലിസ്റ്റിൽ കയറി കൂടുവാൻ കഴിഞ്ഞ എനിക്ക് ആ ജോലി നഷ്ടപ്പെട്ടപ്പോൾ ഞാൻ വിഷമത്തിലായി എന്നാലും സർക്കാർ ജോലി കണ്ടു കൊണ്ടു ഞാൻ വീണ്ടും ടെസ്റ്റുകൾ എഴുതികൊണ്ടേയിരുന്നു

കുടുംബശ്രീയുടെ ആരംഭഘട്ടത്തിൽ തന്നെ കുടുംബശ്രീയെ കുറിച്ച് നന്നായി മനസ്സിലാക്കുകയും ഞങ്ങൾ കുറച്ചുപേർ ചേർന്ന് പ്രിയദർശിനി കുടുംബശ്രീ രൂപികരിച്ചു പ്രവർത്തനം ആരംഭിച്ചു. സെക്രട്ടറിയായ ഞാൻ ആദ്യ ഘട്ടങ്ങളിൽ ഒത്തിരി കഷ്ടം സഹിച്ചു. ആ ഇടയ്ക്കാണ് ബി.പി.എൽ അംഗമായവർക്ക് പഞ്ചായത്തിൽ നിന്നും സൗജന്യ കംപ്യൂട്ടർ പഠനം ആരംഭിച്ചത്. അതിൽ പഠിച്ചിറങ്ങിയ 10 വനിതകളെ ഉൾപ്പെടുത്തി കുടുംബശ്രീ ഒരു ഐ റ്റി യൂണിറ്റ് ആരംഭിച്ചു. പഞ്ചായത്തിൽ നിന്നും കംപ്യൂട്ടർ പരിശീലനം കഴിഞ്ഞിറങ്ങിയ എനിക്ക് കുടുംബശ്രീയിലെ യൂണിറ്റിൽ ഒരു അംഗമാകുവാൻ കഴിഞ്ഞത് എന്റെ ഭാഗ്യം ആണ്. അങ്ങനെ 10 പേർ ചേർന്ന് ടെക്നോ യൂണിവേഴ്സ് എന്ന സ്ഥാപനം തുടങ്ങി. അതു എന്റെ ജീവിതത്തിലെ ഒരു വലിയ വഴിത്തിരിവായി ദൈവത്തിന് നന്ദി. കുടുംബശ്രീക്കും.

പി എസ് സി ടെസ്റ്റുകൾ എഴുതി കൈ കുഴഞ്ഞ എനിക്ക് പിന്നെ സർക്കാർ ജോലി എന്ന സ്വപ്നം ഇല്ലാതായി.

കുടുംബശ്രീ ഐ റ്റി യൂണിറ്റ് ആയ ടെക്നോ യൂണിവേഴ്സ് നന്നായി വളർന്നുകൊണ്ടിരുന്നു. അതിലുപരി എന്റെ ആത്മധൈര്യവും. മുൻകാലങ്ങളിൽ ഒന്നിനോടും പ്രതികരിക്കാതെ വീടിനുള്ളിൽ കഴിഞ്ഞിരുന്ന ഞാൻ കുടുംബശ്രീയിൽ അംഗമായതിനു ശേഷം പല ഉയർന്ന ഉദ്യോഗസ്ഥരുമായി കണ്ടു സംസാരിക്കാനും പല

നല്ല കാര്യങ്ങളും നേടിയെടുക്കുവാനും അതിലുപരി പലർക്കും നേടികൊടുക്കുവാനും കഴിഞ്ഞതിൽ ഞാൻ ഇന്നു വളരെ സന്തോഷവതിയാണ്. മാത്രമല്ല ഇതിലൂടെ നല്ലവരായ കുറെ സ്ത്രീ ജനങ്ങളുടെ നന്മ നിറഞ്ഞ സൗഹൃദം പങ്കുവയ്ക്കുവാനും പലരുടെയും നല്ല ആശയങ്ങൾ സ്വീകരിച്ചുകൊണ്ട് എന്റെ ജീവിതത്തിലും മറ്റുള്ളവരുടെ ജീവിതത്തിലും നന്മ നേരുവാൻ കഴിഞ്ഞു എന്ന സത്യം ഞാൻ ഓർക്കുന്നു.

വാർഡിലായാലും ദേശത്തായാലും സ്ത്രീകളെയും വൃദ്ധജനങ്ങളെയും മുന്നിൽ കണ്ടു കൊണ്ടു പഞ്ചായത്തു മെമ്പർ സാംസ്കാരിക സംഘടനകൾ പാർട്ടി നേതാക്കൾ നല്ലവരായ നാട്ടുകാർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ പ്രവർത്തിക്കുവാൻ സാധിച്ചത് കുടുംബശ്രീയിൽ ചേർന്നു പ്രവർത്തിച്ച ധൈര്യം തന്നെയാണ്. മാത്രവുമല്ല ഒരിക്കൽ സർക്കാർ ജോലി മാത്രം സ്വപ്നം കണ്ടുകൊണ്ടിരുന്ന എനിക്ക് പഞ്ചായത്ത് ആർ.റ്റി.ഒ മുനിസിപ്പാലിറ്റി എന്നു വേണ്ട പല പല സർക്കാർ സ്ഥാപനങ്ങളിൽ ജോലി ചെയ്യുവാൻ കഴിഞ്ഞതും താൽക്കാലികമാണെങ്കിലും നൂറുകണക്കിന് ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരെ ഇന്റർവ്യൂ നടത്തി ജോലി നൽകുവാൻ കഴിഞ്ഞത് കുടുംബശ്രീ ഐ റ്റി യൂണിറ്റിൽ ചേർന്നതു കൊണ്ടു മാത്രമാണ്. ഇന്ന് ഞങ്ങളുടെ ഐറ്റി യൂണിറ്റ് ഒരു കമ്പനിയായി ഉന്നതി കൺസോർഷ്യമായി ഉയർന്നിരിക്കുന്നു. കുടുംബശ്രീയ്ക്ക് നന്ദി.

എന്റെ ആത്മധൈര്യവും അർപ്പണബോധവും വിശ്വാസവും സ്നേഹവും സൗഹാർദ്ദവും സഹകരണ മനോഭാവവും പെരുമാറ്റ രീതിയും ഞാൻ ആഗ്രഹിച്ചതിനെക്കാളേറെ എന്നെ ഉയർത്തിയിരിക്കുന്നു. ഇന്ന് ഞാൻ പല പ്രസ്ഥാനങ്ങളിലും അംഗമാണ് പലതിലും ഉയർന്ന പദവി അലങ്കരിയ്ക്കുകയും ചെയ്യുന്നു. ഇതിനെക്കാളേറെ ഭർത്താവും കുഞ്ഞുങ്ങളുമൊത്തു സന്തോഷവും സമാധാനവും നിറഞ്ഞ ഒരു കുടുംബ ജീവിതം നയിച്ചു പോരുന്നു.

എന്ന്

**ശ്രീജാമോൾ ആർ**

**ടെക്നോ യൂണിവേഴ്സ് ഐ റ്റി യൂണിറ്റ്**

**വെങ്ങാനൂർ ഗ്രാമപഞ്ചായത്ത്**

## കൈത്താങ്ങ്

കേരളത്തിലെ സ്ത്രീ സമൂഹത്തിന് ഒട്ടനവധി സഹായങ്ങൾ നൽകിയും അവരുടെ ആവശ്യങ്ങളെ നിറവേറ്റിയും വളരുന്ന കുടുംബശ്രീ എന്നും നാടിന് ഐശ്വര്യമാണ്. സ്ത്രീകളുടെ ഉന്നമനത്തിനായി കുടുംബശ്രീ വളരെ വലിയ പങ്കാണ് വഹിക്കുന്നത്. ആധുനിക സമൂഹത്തിലെ സ്ത്രീകളുടെ വളർച്ചയ്ക്ക് പിന്നിലെ രഹസ്യം പോലും കുടുംബശ്രീ പോലുള്ള സംഘടനകളാണ്. ചെറിയ ചെറിയ സമ്പാദ്യങ്ങൾ വഴി വലിയ സന്തോഷം ഉണ്ടാക്കാൻ ഈ സംഘടനയ്ക്ക് കഴിയുന്നു.

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി അവതരിപ്പിച്ചതോടെ ഒന്നിനും ഒരാളെയും ആശ്രയിക്കാതെ ജീവിക്കാനുള്ള ചങ്കൂറ്റം സ്ത്രീകൾക്ക് വർദ്ധിച്ചു. സ്വയം തൊഴിൽ പരിശീലനങ്ങളും തൊഴിലുകളും ഇതിന്റെ ആക്കം കൂട്ടി. എന്ത് ആവശ്യം വന്നാലും വീട്ടുമുറ്റത്തെ ബാങ്ക് പോലെ ധനസഹായം നൽകാൻ കുടുംബശ്രീ കൂട്ടായ്മയുണ്ട്. ഇന്ന് ഞങ്ങൾ 5 പേർ ചേർന്ന് ലോണെടുത്ത് ഒരു കട നടത്തി വരുന്നു. കൃഷ്ണാ സ്റ്റോർ കാണാൻ ആഫ്രിക്കയിൽ നിന്നും ആസ്ട്രേലിയയിൽ നിന്നും മന്ത്രിമാരും മറ്റ് ഉയർന്ന ഉദ്യോഗസ്ഥരും ഇവിടെ വരികയും ചെയ്തു. അവരെ കാണാനും അവരുമായി അടുത്തിടപഴകാനും സാധിച്ചത് ഞങ്ങൾക്ക് മറക്കാനാവാത്ത ഒരനുഭവമാണ്. ഇതിനെല്ലാം കാരണം നമ്മുടെ കുടുംബശ്രീയാണ്. ഇന്ന് ഞങ്ങൾക്ക് പെട്ടെന്ന് ഒരാവശ്യം വന്നാൽ ഓടി കുടുംബശ്രീയിൽ എത്തി കുറച്ചു രൂപ വാങ്ങാം. അല്ലെങ്കിൽ ബാങ്കിനെ ആശ്രയിക്കുകയും സമയത്ത് ആവശ്യം നടക്കാതെ വരുകയും ചെയ്യുമായിരുന്നു. എല്ലാ ആഴ്ചയിലും ഓരോ മണിക്കൂർ കുടുംബശ്രീ അംഗങ്ങളുമായി വീട്ടുകാര്യവും ലോകകാര്യവും സംസാരിക്കുന്നത് സന്തോഷകരമായ നല്ല ഒരനുഭവമാണ്.

**ഹരിത കുടുംബശ്രീ**
**അരുവിക്കര ഗ്രാമപഞ്ചായത്ത്**

## ജന്മസാഫല്യം

എന്റെ പേര് ബിന്ദു. ഞാൻ പള്ളിച്ചൽ ഗ്രാമപഞ്ചായത്തിലെ 20–ാം വാർഡിൽ താമസിക്കുന്നു. സംസ്കൃതം ഐച്ഛിക വിഷയമായെടുത്ത് ഡിഗ്രി കഴിഞ്ഞ ശേഷം ട്യൂഷനുമായിരുന്നു ഉപജീവനമാർഗ്ഗം. വളരെയധികം കഷ്ടപ്പാടുകൾ നിറഞ്ഞതായിരുന്നു എന്റെ ജീവിതം. ധാരാളം ടെസ്റ്റുകൾ എഴുതിയെങ്കിലും ഒരു സർക്കാർ ജോലി എന്ന സ്വപ്നം സാക്ഷാത്കരിച്ചിരുന്നില്ല. സാമ്പത്തിക ബുദ്ധിമുട്ടു കാരണം വിചാരിച്ച മേഖലയിൽ എത്തുവാനും സാധിച്ചില്ല. അങ്ങനെ മനസ്സിലുണ്ടായ ആശയങ്ങളിലൂടെയും ഗുരുക്കൻമാരിൽ നിന്നും കിട്ടിയ അറിവിലൂടെയും സ്വന്തമായി ആതിരാ ഹെയർടോൺ എന്ന ഉത്പന്നം നിർമ്മിച്ചു. എന്നാൽ ഈ ഉത്പന്നം വിതരണം ചെയ്യുവാനുള്ള മാർഗ്ഗം ഇല്ലായിരുന്നു. അങ്ങനെയാണ് സ്ത്രീ ശാക്തീകരണത്തിലൂടെ ദാരിദ്ര്യ നിർമ്മാർജ്ജനം ലക്ഷ്യമിട്ട് പ്രവർത്തിക്കുന്ന കുടുംബശ്രീയെക്കുറിച്ച് ഒരു സുഹൃത്ത് വഴി അറിയാൻ കഴിഞ്ഞത്.

അതിനെക്കുറിച്ച് (കുടുംബശ്രീ) നന്നായി മനസ്സിലാക്കി 2006– ൽ 10 അംഗങ്ങളെ ഉൾപ്പെടുത്തി ഐശ്വര്യാ കുടുംബശ്രീക്ക് രൂപം നൽകി. ആദ്യത്തെ രണ്ടു വർഷം വളരെ വിഷമകരമായിരുന്നു. 2008 ൽ തിരുവനന്തപുരം ചന്ദ്രശേഖരൻനായർ സ്റ്റേഡിയത്തിൽ നടന്ന ദേശീയ അന്നം മേളയിൽ കുടുംബശ്രീ സംസ്ഥാന മിഷൻ നമുക്ക് ഒരു സ്റ്റാൾ അനുവദിച്ചു നൽകി. നല്ല വിജയം ഉണ്ടായിരുന്നു. അവിടെ വച്ചാണ് ബ്രഹ്മി ഉത്പന്നങ്ങൾ നിർമ്മിക്കുവാനുള്ള ആശയം കിട്ടിയത്. പഞ്ചായത്തിലെ അന്നത്തെ എൽ.വി.ഇ.ഒ യും, സി.ഡി.എസ്സ് ചെയർപേഴ്സണും, ജില്ലാ മിഷനും, സംസ്ഥാന മിഷനും നല്ലരീതിയിലുള്ള പ്രോത്സാഹനം നൽകിയിരുന്നു. കുടുംബശ്രീ മിഷൻ പറയുന്ന പ്രവർത്തനങ്ങൾ നന്നായി ഫലവത്താക്കാൻ വളരെയധികം പരിശ്രമങ്ങൾ വേണ്ടി വന്നു. ധാരാളം സാമ്പത്തിക ബാദ്ധ്യതയും ഉണ്ടായി. കുടുംബശ്രീയുടെ ഗ്രേഡിംഗ് കഴിഞ്ഞ് പഞ്ചായത്തിൽ നിന്നും 5000 രൂപ സബ്സിഡിയോടുകൂടി 25000 രൂപ പ്രാവച്ചമ്പലം എസ്സ്.ബി.റ്റി.യിൽ നിന്നും റിവോൾവിംഗ് ഫണ്ടായി അനുവദിച്ചു കിട്ടി. അതിൽ നിന്നും അത്യാവശ്യം വേണ്ട ഉപകരണങ്ങൾ വാങ്ങി അതിനുശേഷം കുടുംബശ്രീ 7500 രൂപ സബ്സിഡിയും 95000 രൂപ ബാങ്ക് വായ്പയും കിട്ടി ആ തുക

കൊണ്ട് മെഷിനറികളും, അനുബന്ധ ഉപകരണങ്ങളും വാങ്ങി. കുടുംബശ്രീ കൂടുതൽ വിപുലീകരിക്കുവാൻ തുടങ്ങി.

പഞ്ചായത്തിൽ പുതിയ ഭരണം വന്നതോടുകൂടി നമ്മുടെ പ്രവർത്തനങ്ങൾക്കും മാറ്റമുണ്ടായി. വളരെ നല്ലരീതിയിലുള്ള പ്രോത്സാഹനമായിരുന്നു പഞ്ചായത്തിൽ നിന്നും ലഭിച്ചത്. പുതിയ വളർച്ചയിലേക്കു നീങ്ങുവാൻ വേണ്ട നിർദ്ദേശങ്ങളും സഹായങ്ങളും പ്രസിഡന്റും, കുടുംബശ്രീ ഉദ്യോഗസ്ഥരും, മറ്റുള്ള ഉദ്യോഗസ്ഥരും നൽകിവരുന്നു. നമുക്ക് സ്വന്തമായി ഒരു വിപണനകേന്ദ്രം പഞ്ചായത്ത് അനുവദിച്ചു നൽകി. അതിലേക്കായി പഞ്ചായത്തിലെ പ്ലാൻഫണ്ടിൽ നിന്നും 80000/- രൂപ സബ്സിഡിയോടുകൂടി 250000/- രൂപ ബാങ്ക് നൽകി. അതൊരു വൻ വിജയമായി മാറിക്കൊണ്ടിരിക്കുകയാണ്. ഇതിന് മുൻകൈയെടുത്തു സഹായിച്ച പഞ്ചായത്തു പ്രസിഡന്റിനോട് വളരെയധികം നന്ദിയുണ്ട്. വിപണന കേന്ദ്രത്തിന്റെ വിജയത്തിനായി നല്ല വഴികാട്ടിയായി പ്രവർത്തിച്ച കുടുംബശ്രീ ചാർജ്ജ് ഓഫീസർക്കും (വി.ഇ.ഒ) നന്ദി അറിയിക്കുകയാണ്. ഇപ്പോൾ സപ്ലൈ-കോ വഴിയും നമ്മുടെ ഉത്പ്പന്നങ്ങൾ വിതരണം ചെയ്തു വരുന്നു. ആതിരാ ഹെയർടോൺ എന്ന ഒരു ഉത്പന്നത്തിൽ തുടങ്ങി രാമച്ചം സ്ക്രബ്ബർ, ഈഞ്ച സ്ക്രബ്ബർ, രാമച്ചം ദാഹശമനി, ബ്രഹ്മി ജാം, ബ്രഹ്മി ന്യൂട്രീഷ്യൻസ് ഫുഡ്, ബ്രഹ്മി സിറപ്പ്, ബ്രഹ്മി ഓയിൽ ഫെയ്സ്പാക്ക്, താളിപ്പൊടി, രാമച്ചൂർണ്ണം, ബാത് പൗഡർ തുടങ്ങി 15 ഉത്പന്നങ്ങൾ സ്വന്തമായി നിർമ്മിച്ച് വിതരണം ചെയ്തുവരുന്നു. 2012 ലെ ഏറ്റവും നല്ല പ്രവർത്തനത്തിനുള്ള സംസ്ഥാന സർക്കാറിന്റെ ബഹുമതിയടക്കം ധാരാളം അവാർഡുകളും, സർട്ടിഫിക്കറ്റുകളും നമുക്ക് കിട്ടിയിട്ടുണ്ട്. ഇതുവരെ എത്താൻ സഹായിച്ച വിവിധ മേഖലകളിലെ ഉദ്യോഗസ്ഥർക്കും, നാട്ടുകാർക്കും, കുടുംബശ്രീ അംഗങ്ങൾക്കും നന്ദി അറിയിക്കുകയാണ്. ഇല്ലായ്മയിലൂടെ വളർന്നു വന്ന് ഇന്ന് ദാരിദ്ര്യം വിട്ടകന്ന് തെറ്റില്ലാത്ത രീതിയിലുള്ള വരുമാനവും സമ്പാദിക്കുവാൻ സാധിക്കുന്നുണ്ട്. വളർച്ചയുടെ അടുത്ത ഘട്ടത്തിലേക്കു കടക്കുന്ന നമുക്ക് അതിനുവേണ്ട പ്രോത്സാഹനങ്ങളും, സഹായങ്ങളും ലഭിക്കുന്ന പ്രതീക്ഷയിൽ യാത്ര തുടരുന്നു.

**ബിന്ദു**

**ഐശ്വര്യാ കുടുംബശ്രീ**

**പള്ളിച്ചൽ ഗ്രാമപഞ്ചായത്ത്**

## മരുഭൂമിയിൽ മരുപ്പച്ച

ഞാൻ ഉൾപ്പെടുന്ന കമലാ കുടുംബശ്രീ തുടങ്ങിയിട്ട് ഇന്ന് 12 വർഷം ആകുന്നു. ഈ കൂട്ടായ്മയിലെ ഒരു അംഗം എന്നതിലുപരി ഈ കുടുംബശ്രീയുടെ പ്രസിഡന്റ് ആയി സ്ഥാനം വഹിക്കാനുള്ള ഭാഗ്യം എനിക്ക് കിട്ടി. അന്നുതൊട്ടിന്നു വരെ ആരുടെയും സ്വാർത്ഥതയ്ക്കുവേണ്ടി നിലകൊള്ളുവാൻ ഉള്ള അവസരം ഞങ്ങൾക്കുണ്ടായിട്ടില്ല. എല്ലാവരുടേയും ആവശ്യങ്ങൾ നിറവേറ്റുക തന്റേയും കൂടി ആവശ്യമാണെന്ന് ബോധ്യപ്പെടുത്തലുകളോടെയാണ് ഈ കുടുംബശ്രീ പ്രവർത്തിക്കുന്നത്. രാപകൽ കൂലിപ്പണി ചെയ്ത് കുടുംബത്തെ വളർത്താൻ ശ്രമിക്കുന്ന ഗൃഹനാഥന്മാർക്കിടയിൽ നിസഹായരായി നിൽക്കുന്ന വീട്ടമ്മമാർ. ഇത് എന്റെ നാടിന്റെ മുൻകാല ചിത്രം മാത്രമാണ്. എന്നാൽ ഇന്ന് ഗൃഹനാഥൻമാർക്കൊപ്പം നിന്ന് അവരെ സഹായിക്കാൻ വീട്ടമ്മമ്മാർ ഒരുപോലെ കരുത്ത് നേടിയിരിക്കുന്നു. എല്ലാവരുടെയും ആവശ്യങ്ങൾ ഒരേപോലെ പരിഗണിക്കുന്നതു കൊണ്ടാവണം ഈ കുടുംബശ്രീ ഇത്രയും വളർന്നത്. ഓരോരുത്തർക്കും ഈ കുടുംബശ്രീ പല നേട്ടങ്ങളും നേടികൊടുത്തിട്ടുണ്ട്. അതിൽ എന്റെ ഒരനുഭവം ഈ അവസരത്തിൽ ഞാൻ നിങ്ങളുമായി പങ്കുവയ്ക്കാം.

കുടുംബശ്രീ പ്രസിഡന്റ് എന്നതുകൊണ്ട് തന്നെ ലോൺ എടുക്കാനും മറ്റും ഓടിനടന്ന് ബുദ്ധിമുട്ടിയിട്ടുണ്ട്. വേനൽചൂടിൽ കുളിർ ചൊരിയുന്ന മഴ എങ്ങിനെയാണോ ആശ്വാസം നൽകുന്നത് അതുപോലെയാണ് ലോൺതുക കിട്ടുമ്പോൾ. 13 വർഷങ്ങൾക്കു മുൻപ് ഞാൻ 15000/- രൂപ സമ്പാദ്യലോൺ എടുത്തു. ലോൺ അടച്ചുതീർക്കാൻ വേറൊരുമാർഗം കണ്ടെത്താൻ ബുദ്ധിമുട്ടായതിനാൽ ആദ്യതവണ പലിശക്ക് കൊടുത്തു. അതുകൊണ്ട് യാതൊരു പ്രയാസവും ഇല്ലാതെ ലോൺ അടച്ചു. പിന്നെ കാലാവധി കഴിഞ്ഞപ്പോൾ പലിശ തുക തിരികെ ലഭിച്ചു. അതുകൊണ്ട് ഒരു ചെറിയ ഹോട്ടൽ തുടങ്ങി. അതിൽ നിന്നും ഉള്ള വരുമാനം 80% ലാഭം നേടി തന്നു എന്റെ ജീവിതം പതിയെ മെച്ചപ്പെടാനും സന്തോഷം നിറഞ്ഞതാകാനും തുടങ്ങി. അതിന് എന്നെ സഹായിച്ചത് കുടുംബശ്രീയിൽ നിന്നും ഞാനെടുത്ത സമ്പാദ്യലോണാണ്. കമലാ കുടുംബശ്രീക്ക് എന്റെ നന്ദി അറിയിക്കുന്നു.

**കവിത**

**കമലാ കുടുംബശ്രീ**

അരുവിക്കര ഗ്രാമപഞ്ചായത്ത്

## കുടുംബശ്രീവഴി ദാരിദ്ര വിമോചനം

ഗാർഹിക പീഡനം അനുഭവിക്കുന്നത് കൂടുതൽ സ്ത്രീകൾ (അമ്മമാർ) ആണ്. ദാരിദ്യം ആകുന്നു കുടുംബത്തിലെ പ്രധാന കാരണം. ഇതിൽ നിന്നും സ്ത്രീകൾക്ക് മോചനം ഉണ്ടാകുക എന്ന ലക്ഷ്യബോധത്തോടെ നടപ്പിലാക്കിയ ഒന്നാണ് കുടുംബശ്രീ അയൽക്കൂട്ടം എന്നു ഞാൻ മനസിലാക്കുന്നു.

02/12/2000–ൽ ആണ് സമൂഹ കുടുംബശ്രീ എന്ന പേരിൽ ചെങ്കലിൽ ആരംഭിച്ചത്. 20 പേർ അടങ്ങുന്ന ആ സംഘത്തിൽ എനിക്കും അംഗമാകാൻ സാധിച്ചു. 7 അംഗ ഭരണ സമിതിയിൽ ജോയിന്റ് സെക്രട്ടറിയായി എന്നെ നിയമിച്ചു. 2005–ൽ പഴയ സെക്രട്ടറി രാജി വച്ചതിനെ തുടർന്ന് എനിക്ക് സെക്രട്ടറി ആകുവാൻ സാധിച്ചു. ഈ അയൽക്കൂട്ടം മുഖേന സാമ്പത്തിക ബുദ്ധിമുട്ടുകൾ മാറ്റുവാനുള്ള അവസരങ്ങളും എല്ലാ വീട്ടമ്മമാർക്കും ലഭിക്കുകയുണ്ടായി.

ഒരു കുടുംബത്തിലെ കുടുംബനാഥൻ മദ്യപിച്ചു വന്നു വീട്ടിൽ ബഹളം ഉണ്ടാക്കുമ്പോൾ ഉള്ള അവസ്ഥ എന്തായിരിക്കും എന്ന് നമുക്കറിയാം. അങ്ങനെയുള്ള കുടുംബത്തിന് ഭർത്താവിനെ ആശ്രയിക്കാതെ സ്വന്തമായി ഒരു വരുമാനം ഉണ്ടാക്കുവാൻ കുടുംബശ്രീ അയൽക്കൂട്ടം വളരെ പ്രയോജനപ്പെടുന്നു എന്നുള്ളത് എടുത്തു പറയേണ്ട കാര്യമാണ്. മാത്രമല്ല സ്ത്രീകൾക്ക് സമൂഹത്തിൽ ഇറങ്ങി പ്രവർത്തിക്കാനുള്ള അവസരങ്ങളും അയൽക്കൂട്ടം വഴി ലഭിക്കുകയുണ്ടായി. നല്ല രീതിയിൽ പ്രവർത്തിക്കുന്ന അയൽക്കൂട്ടങ്ങൾക്ക് ഗ്രേഡിംഗ് നടത്തി ബാങ്കിൽ നിന്നും വായ്പകൾ ലഭിക്കുന്നതിനും സാധിച്ചിട്ടുണ്ട്. അയൽക്കൂട്ടം വഴി പേപ്പർ ബാഗ് നിർമ്മിക്കുന്നതിനും, സ്വാദിഷ്ടമായ അച്ചാറുകൾ, ജാം, ജ്യൂസ്, സ്കോഷ്, പലഹാരങ്ങൾ എന്നിവ ഉണ്ടാക്കുന്നതിനുള്ള പരിശീലനങ്ങളും നമ്മുടെ അയൽക്കൂട്ടത്തിന് ലഭിക്കുകയും ചെയ്തു. അതിന്റെ പശ്ചാത്തലത്തിൽ ബാങ്കിൽ നിന്നും 250000/– രൂപ വായ്പ ലഭിക്കുകയും അതു ഉപയോഗിച്ചു നല്ല രീതിയിൽ ചെങ്കലിൽ ഒരു കട നടത്തുകയും അതിൽ നിന്നും ഓരോ അമ്മമാർക്കും 10000 രൂപ വരെ ലാഭം നേടുവാൻ കഴിഞ്ഞിട്ടുണ്ട്. കൂടാതെ ഓണം വാരാഘോഷത്തിന്റെ ഭാഗമായി തിരുവനന്തപുരത്ത് നടത്തിവരുന്ന ഐ.ആർ.ഡി.പി വിപണന മേളയിൽ

പങ്കെടുക്കുന്നതിനും ഈ അയൽക്കൂട്ടം വഴി സാധിച്ചിട്ടുണ്ട്. ഇങ്ങനെ പലതരത്തിലുള്ള നേട്ടങ്ങൾ അയൽക്കൂട്ടം മുഖേന ലഭിക്കുകയുണ്ടായി. ഇനിയും നല്ല പ്രവർത്തനങ്ങൾ ആവിഷ്കരിക്കുവാനും, ദാരിദ്ര്യനിർമ്മാർജ്ജനം പൂർണ്ണമായി മാറ്റുന്നതിനും കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് സാധിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

എന്ന്

**സലീല സെൽവൻ**

**സമൂഹ കുടുംബശ്രീ**

**ചെങ്കൽഗ്രാമപഞ്ചായത്ത്**

## ഇനിയും മുന്നോട്ട്

പ്രിയ സുഹൃത്തുക്കളെ, ചെറുന്നിയൂർ പഞ്ചായത്ത് കല്ലുമലകുന്ന് കേന്ദ്രമാക്കി പ്രവർത്തിക്കുന്ന കാരുണ്യം സ്വയം സഹായ സംഘത്തിലെ ഒരു അംഗമാണ് ഞാൻ. ഞാൻ ഈ സംഘത്തിൽ വന്നിട്ട് 7 വർഷമായി. സംഘത്തിൽ പ്രവർത്തിച്ചതിനെ തുടർന്ന് എനിക്കു അയൽക്കൂട്ടങ്ങളുമായി മനസ്സു തുറന്നു സംസാരിക്കുവാനും അവരുടെ അനുഭവങ്ങൾ കേൾക്കുവാനും എന്റെ അനുഭവങ്ങൾ അവരോട് പങ്കുവയ്ക്കുവാനും സാധിക്കുകയും ചെയ്തു. അയൽകൂട്ടപ്രവർത്തക എന്ന നിലയിൽ അക്കൗണ്ട് തുടങ്ങുവാനും സാധിച്ചു. ഇതുവരെ അക്കൗണ്ട് പോലും ഇല്ലാത്ത എനിക്കു ബാങ്കുമായി ബന്ധം സ്ഥാപിക്കാൻ കഴിഞ്ഞു. അതുപോലെ പഞ്ചായത്തിൽ വരുവാനും ഉദ്യോഗസ്ഥരുമായി കാര്യങ്ങൾ പറയുവാനും സാധിച്ചു. അയൽകൂട്ടത്തിന്റെ അംഗമായിരിക്കെ അതിന്റെ സെക്രട്ടറി സ്ഥാനത്തുനിന്നുകൊണ്ട് അയൽകൂട്ടത്തെ ഗ്രേഡിംഗ് ചെയ്യുന്നതിനുവേണ്ടി ബാങ്കിനെ സമീപിക്കുകയും ഗ്രേഡുവഴി ലോൺ വാങ്ങി കൊടുക്കുവാൻ സാധിച്ചു.

എന്നെ 2 തവണ സി.ഡി.എസ് സ്ഥാനത്തേക്ക് തിരഞ്ഞെടുക്കുകയും ചെയ്തു ഇതോടെ എനിക്കു പഞ്ചായത്തുമായും ബ്ലോക്കുമായും കൂടുതൽ ബന്ധം പുലർത്താൻ സാധിച്ചു. ഞാൻ ബ്ലോക്കിൽ നിന്നും ആർ. എഫ് ഇനത്തിൽ ലോൺ അയൽകൂട്ടത്തിനു വാങ്ങികൊടുക്കുകയും ഈ ലോൺ വഴി ഞങ്ങൾ കൃഷിസംബന്ധമായ കാര്യങ്ങളിൽ ഏർപ്പെടുകയും പച്ചക്കറികൃഷിയിൽ കൂടുതൽ ശ്രദ്ധപുലർത്തുകയും ചെയ്തു. പച്ചക്കറികൃഷിയിൽ ഇൻസെന്റീവ് ഇനത്തിലും കൃഷിഓഫിസ് വഴിയും നമുക്ക് വാങ്ങിയെടുക്കുവാൻ സാധിച്ചു. ഇതിൽ പുറമെ ലിങ്കേജ് ലോൺ ഇനത്തിൽ 250000/– രൂപ വാങ്ങി ഒരു സംരംഭം തുടങ്ങാൻ ഞങ്ങൾക്ക് സാധിച്ചു. കല്ലുമലകുന്നിന്റെ ഹൃദയഭാഗത്ത് ഒരു റ്റീഷോപ്പ് തുടങ്ങുവാൻ ഞങ്ങൾക്ക് സാധിച്ചു. ഇത് ഞങ്ങളുടെ അയൽകൂട്ടത്തിലെ അംഗങ്ങൾക്ക് ഒരു ആശ്വാസം ആയി. ഈ സംരംഭം നല്ലരീതിയിൽ മെച്ചപ്പെടുത്തുന്നതിനുവേണ്ടി കുടുംബശ്രീയിൽ നിന്നും ആർ.എഫ് ഇനത്തിൽ വായ്പനൽകുകയും ചെയ്തു. ഇതോടെ ഞാൻ പഞ്ചായത്തിൽ ഭാഗമായതുപോലെ അനുഭവപ്പെടുകയും ചെയ്തു. വിവിധ ആവശ്യങ്ങൾക്കായി കൂടുതൽ സമ്പർക്കമുണ്ടാകുകയും ചെയ്തു. വനിതകൾക്ക് ആട്ടോ പരിശീലനവും, ആട്ടോ പഞ്ചായത്തിൽ നിന്നു അനുവദിക്കുകയും ചെയ്തു. അതിനു മുന്നോടിയായി

മൂന്നുമാസത്തെ പരിശീലനത്തിനു ഞാൻ പോവുകയും പരിശീലനം പൂർത്തിയാക്കി ലൈസൻസ് കിട്ടുകയും ചെയ്തു. ഇത് എന്റെ ജീവിതത്തിനൊരു വരുമാനമാവുകയും കൂടുതൽ പ്രോത്സാഹനം നേടുകയും ചെയ്തു. ഇപ്പോൾ ഞങ്ങൾ ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ 60 സെന്റ് സ്ഥലത്ത് വാഴകൃഷി ചെയ്തുവരുകയാണ്. ഇതിനുവേണ്ടി ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് കൃഷി ഓഫിസർ വഴി വാഴ കന്നും വളവും വേണ്ട എല്ലാ സൗകര്യവും അവർ നമുക്ക് ചെയ്തു തന്നു. ഇതോടെ ഞങ്ങളുടെ അയൽകൂട്ടത്തിലെ അംഗങ്ങൾക്ക് ഒരു ഉറച്ച വിശ്വാസവും മനോധൈര്യവും കൈവന്നു.

ഇത് എല്ലാ അംഗങ്ങളുടേയും അയൽകൂട്ടത്തിനു വാങ്ങികൊടുക്കുവാൻ സാധിച്ചതിൽ അയൽകൂട്ടാംഗം എന്നനിലയിൽ വളരെയധികം ബഹുമാനവും അതിലേറെ സന്തോഷവുമുണ്ട്. അയൽകൂട്ടത്തിൽ പ്രവർത്തിക്കുന്നതിന് അനുകൂലവും പ്രതികൂലവുമായ സാഹചര്യങ്ങൾ നേരിടേണ്ടിവരുകയും ചെയ്തു. എന്നാലും ഞാൻ സന്തുഷ്ടയാണ്. എന്റെ ജീവിതത്തിൽ ഇത്രയും മാറ്റങ്ങൾ സംഭവിച്ചു. അയൽകൂട്ടം എന്ന മഹാപ്രസ്ഥാനത്തോടു വളരെയധികം നന്ദി രേഖപ്പെടുത്തികൊണ്ട് നിർത്തുന്നു.

**തങ്കച്ചി**
**കാരുണ്യ സ്വയം സഹായ സംഘം**
**ചെറുന്നിയൂർ ഗ്രാമപഞ്ചായത്ത്**

## ഇനിയും ഇനിയും മുന്നേറാൻ

കുടുംബശ്രീയും ഞാനുമായുള്ള ബന്ധം അല്ലെങ്കിൽ അനുഭവകഥ എഴുതണമെന്ന് സി.ഡി.എസ് ചെയർപേഴ്സൺ പറഞ്ഞപ്പോൾ അതിനെ ഒന്ന് ഓർത്തെടുക്കാൻ ഞാൻ ശ്രമിച്ചുനോക്കുകയാണ്. എന്റെ മാനസികാവസ്ഥയിൽ ഓർത്തെടുക്കാൻ എനിക്ക് കഴിയുന്നില്ല. ഒരുപാട് അനുഭവങ്ങൾ എനിക്കുണ്ടായിട്ടുണ്ട്. എന്റെ ജീവിതത്തെ ആകെ മാറ്റിമറിച്ചതും, എന്നെ ജീവിതത്തിൽ പിടിച്ച് നിൽക്കാനും ജീവിക്കാനും ഇന്നത്തെ അവസ്ഥയിൽ ഞാനായി തീരാനും കാരണം കുടുംബശ്രീതന്നെയെന്നു പറയാം.

രണ്ടായിരത്തി രണ്ടിൽ എല്ലാവരും നിർബന്ധിച്ചാണ് എന്നെ ഒരു അയൽക്കൂട്ട സെക്രട്ടറിയാക്കി നിർത്തുന്നത്. അവിടെ നിന്നും സി.ഡി.എസ് കമ്മറ്റിയിലാകുന്നു. ഇന്നത്തെ സി.ഡി.എസ് അല്ല അന്ന്. ഒന്നിനും ആരെയും വിളിച്ചാൽ വരികയോ, സ്ത്രീകൾ പൊതുവെ ഉള്ളിൽ വലിയുന്ന അവസ്ഥയുമായിരുന്നു. ആ അവസ്ഥയിൽ പഞ്ചായത്തിൽ എന്ത് ആവശ്യത്തിനും വിളിച്ചാലും ഞാൻ ചെല്ലുന്നതുകൊണ്ട് എല്ലാ ക്ലാസുകൾക്കും പോകാനും പഞ്ചായത്തുമായി നല്ലൊരു ബന്ധം പുലർത്തുവാനും കഴിഞ്ഞു. കുടുംബശ്രീയുമായി ബന്ധപ്പെട്ട എല്ലാ ക്ലാസുകൾക്കും എവിടെയായാലും പോകുമായിരുന്നു. എന്റെ ഭർത്താവും മകനും എനിക്ക് പിന്തുണയുണ്ടായിരുന്നു. ഇന്ന് നമ്മുടെ പഞ്ചായത്തിൽ ഒരുവിധം എല്ലാപേരും എന്റെ പേര് പറഞ്ഞാൽ അറിയുമെന്ന അവസ്ഥയും എനിക്കുണ്ട്. ഇതിനുമുമ്പ് ഒരു അനുഭവകഥ എഴുതാൻ പറഞ്ഞിരുന്നു എങ്കിൽ ഒരുപാട് എഴുതാൻ കഴിയുമായിരുന്നു.

എന്റെ ജീവിതകഥകൂടി ചുരുക്കി എഴുതിയാലെ എങ്ങനെ കുടുംബശ്രീ എനിക്ക് ഉപയോഗപ്പെട്ടു എന്ന് അറിയാൻ കഴിയൂ.

എന്റെ കുടുംബം അച്ഛൻ, അമ്മ, അണ്ണൻ, അഞ്ച് പെൺമക്കളും ഉള്ള ഒരു കുടുംബമായിരുന്നു. അച്ഛൻ നല്ലൊരു പൊതുപ്രവർത്തകനും പഞ്ചായത്ത് പ്രസിഡന്റും ഒക്കെയായിരുന്നു. ഞാൻ എട്ടാംക്ലാസ്സിൽ പഠിക്കുമ്പോൾ അച്ഛൻ മരിച്ചു. അണ്ണൻ (സർക്കാർ ഉദ്യോഗസ്ഥൻ) പത്താം ക്ലാസിൽ പഠിക്കുമ്പോൾ മരിച്ചു.

പിന്നീട് നമ്മൾ അഞ്ച് പെൺമക്കളും പഠിച്ചു. മൂത്തവൾക്ക് ജോലികിട്ടി. എല്ലാപേരും ആവശ്യത്തിന് പഠിക്കുകയും ചെയ്തു. എന്റെ കൂടെ പഠിച്ചയാളെ എന്റെ ഇഷ്ടപ്രകാരം വിവാഹം കഴിച്ചു. ഞങ്ങൾക്ക് ഒരു മകനുമുണ്ട്. പതിനഞ്ച് വർഷം നല്ലരീതിയിൽ ജീവിച്ചു എന്നുപറഞ്ഞാൽ എന്റെ ഭർത്താവ് ഗൾഫിൽ പോയി സകലസൗകര്യങ്ങളോടും കൂടി ഞാനും ഗൾഫിലായിരുന്നു. വീടും വണ്ടികളും എല്ലാമുണ്ടായിരുന്നു. ഞാൻ ഇവിടെ നാട്ടിൽ വന്ന് ഒന്നും ഇല്ലാത്ത അവസ്ഥയെന്നു പറയാം. എന്റെ ചേച്ചിയുടെ കൂടെ താമസിക്കുന്ന സമയത്താണ് കുടുംബശ്രീയിൽ അംഗമാകുന്നതും. ഈ അവസ്ഥയിൽ എനിക്ക് കുറച്ചു ഭൂമിയുണ്ടായിരുന്നതിൽ പഞ്ചായത്തിൽ നിന്നും കിട്ടിയ വീടുവച്ചു. ജീവിക്കാൻ വളരെ ബുദ്ധിമുട്ടായിരുന്നു. അച്ചാർ ഉണ്ടാക്കി വിറ്റൊക്കെ എനിക്ക് ജീവിക്കാൻ കഴിഞ്ഞു. കുടുംബശ്രീയുടെ ഒരു സജീവ പ്രവർത്തകയായി പരിഷത്തിലും ഒരു പൊതുപ്രവർത്തകയും ഒക്കെയാകാൻ എനിക്ക് കഴിഞ്ഞത് കുടുംബശ്രീ തന്നെയാണ്.

ഈ അവസ്ഥയിൽ പോകുമ്പോൾ വീണ്ടും വിധി എന്നെ ക്രൂരമായി ശിക്ഷിച്ചു. മൂന്നുവർഷങ്ങൾക്കുമുമ്പ് ഗൾഫിൽ നിന്ന് എന്റെ ഭർത്താവ് മരിച്ചു, വീണ്ടും ഞാൻ തകർന്നു. അവിടെ നിന്നും വീണ്ടും എന്നെ ജീവിതത്തിലേയ്ക്ക് കൊണ്ടുവന്നത് എന്റെ കുടുംബശ്രീയിലെ പ്രവർത്തകരും അംഗങ്ങളുമാണ്.

എന്റെ ഭർത്താവ് മരിക്കുമ്പോൾ എന്റെ മകനും പുറത്തായിരുന്നു. ഞാൻ ഒറ്റയ്ക്കായി ആ സമയത്ത് എന്റെ കുടുംബശ്രീ അംഗങ്ങൾ എന്റെ വീട്ടിൽ വന്ന് ഒരു തയ്യൽ മെഷ്യൻ എടുത്ത് തയ്യലറിയാവുന്ന ഒരാളെ വരുത്തി തയ്യൽ പഠിക്കാൻ തുടങ്ങി. എന്റെ വീട്ടിൽ വച്ച് തയ്യൽ പഠിച്ചു. എന്നെകൊണ്ട് അച്ചാറൊക്കെ ഇടീപ്പിച്ചു എന്നെ ജീവിതത്തിലേയ്ക്ക് വീണ്ടും തിരിച്ചുകൊണ്ടുവന്നു. ഇപ്പോഴും എ.ഡി.എസ് അംഗവും കുടുംബശ്രീയുടെ സെക്രട്ടറിയും ഒക്കെ ആയി രംഗത്തുണ്ട്. എല്ലാത്തിനും ഞാൻ എന്റെ കുടുംബശ്രീയോട് കടപ്പെട്ടിരിക്കുന്നു.

എന്ന്

**ബി ശോഭനദാസ്**
**കാർത്തിക അയൽകൂട്ടം**
**ഒറ്റൂർ ഗ്രാമപഞ്ചായത്ത്**

## എന്റെ മാത്രം കഥ

2003 ജൂൺ 27 നാണ് ഐശ്വര്യ കുടുംബശ്രീ നിലവിൽവന്നത്. കുടുംബശ്രീ എന്ന മഹത് സംരംഭം വന്നതോടുകൂടി പല നല്ല കാര്യങ്ങളിൽകൂടി എനിക്ക് സമൂഹത്തിലിറങ്ങി പ്രവർത്തിക്കുവാനും ഒരുപാട് കാര്യങ്ങൾ മനസിലാക്കുവാനും സാധിച്ചു. പഞ്ചായത്തു തലത്തിലും ബ്ലോക്ക് തലത്തിലും നടത്തിവരുന്ന ബോധവല്ക്കരണ ക്ലാസുകളിൽ പങ്കെടുക്കാനും അതിനെകുറിച്ച് മറ്റംഗങ്ങൾക്ക് പറഞ്ഞു മനസിലാക്കി കൊടുക്കാനും കഴിഞ്ഞിട്ടുണ്ട്. തൊഴിലുറപ്പ് പദ്ധതി സ്ത്രീകൾ പങ്കെടുക്കുകയും കിട്ടുന്ന ചെറിയ സമ്പാദ്യത്തിലൂടെ കുടുംബത്തെ സംരക്ഷിക്കാനും കഴിയുന്നുണ്ട്.

ഗ്രാമസഭകളിൽ പങ്കെടുക്കുവാനും മറ്റുള്ളവരോട് അഭിപ്രായങ്ങൾ തുറന്നുപറയാനും ഉള്ള ധൈര്യം കൈവന്നിട്ടുണ്ട്. ഓഫീസുകളിലായാലും ബാങ്കുകളിലായാലും വേണ്ടവിധം കാര്യങ്ങൾ കൈകാര്യം ചെയ്യാൻ കഴിയുന്നുണ്ട്. ചെറിയ സമ്പാദ്യത്തിൽ നിന്ന് ചില്ലറ വ്യാപാരങ്ങൾ തുടങ്ങുകയും അതിൽ നിന്ന് കിട്ടുന്ന ലാഭം ഓണത്തിന് വീതിച്ചെടുക്കുകയും ചെയ്യാറുണ്ട്. സ്ത്രീകൾക്ക് സ്വന്തമായി വരുമാനം ഉണ്ടാക്കാൻ കഴിയുന്നുണ്ട്. കുടുംബശ്രീ എന്ന പ്രസ്ഥാനം സ്ത്രീകൾക്ക് വലിയ ആശ്വാസം തന്നെയാണ് എന്നതിൽ സംശയമില്ല. സാമൂഹികമായും സാമ്പത്തികമായും സ്ത്രീകൾക്ക് ശക്തരാകട്ടെ കുടുംബശ്രീകൾ ഉയരങ്ങളിലെത്തട്ടെ.

**രുഗ്മിണി. ആർ**

**വാർഡ് 4,    പൂവങ്കിൽ വീട്**

**മുള്ളറംകോട്, മണമ്പൂർ പി ഒ**

## ഇരുളും വെളിച്ചവും

സ്ത്രീ ശാക്തീകരണം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന കുടുംബശ്രീയിൽ അംഗമാകുവാനും, അതിലൂടെ സാമൂഹ്യ മാറ്റത്തിന് തുടക്കം കുറിക്കുവാൻ കഴിയുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടുവാൻ കഴിഞ്ഞു എന്നുള്ളത് എന്നെ സംബന്ധിച്ചിടത്തോളം എന്റെ ജീവിതത്തിൽ എനിക്ക് കിട്ടിയ അവസരങ്ങളിൽ ഏറ്റവും പ്രാധാന്യമർഹിക്കുന്ന ഒന്നാണ്.

ഒരു സാധാരണ കുടുംബത്തിൽ ജനിക്കുകയും വിവാഹ ശേഷം വീട്ടമ്മയായി വീടിന്റെ അകത്തളങ്ങളിൽ മാത്രം ഒതുങ്ങിക്കൂടി ജീവിതം നയിച്ച ഞാൻ കുടുംബശ്രീ പ്രവർത്തനങ്ങളുടെ നേതൃനിരയിലേക്ക് കടന്നുവന്നത് തികച്ചും യാദൃശ്ചികമായിട്ടാണ്. 2003ൽ ഞാൻ താമസിക്കുന്ന വാർഡിൽ ആലയം എന്ന പേരിൽ ഒരു കുടുംബശ്രീ യൂണിറ്റ് രൂപീകരിക്കുകയും അതിന്റെ സെക്രട്ടറിയായി പ്രവർത്തിക്കുകയും ചെയ്തു. തുടർന്ന് എ.ഡി.എസ് രൂപീകരിക്കുകയും സെക്രട്ടറിയായി എന്നെ തെരഞ്ഞെടുക്കുകയും ചെയ്തു. വാർഡിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് നേതൃത്വപരമായ പങ്ക് വഹിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. കുടുംബശ്രീ യൂണിറ്റുകൾ സ്വയം പര്യാപ്തതയിലേക്ക് ഉയർത്തുന്നതിലേയ്ക്ക് ആവശ്യമായ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു. പൊതു പരിപാടിയിൽ പങ്കെടുക്കുവാനോ വേദികളിൽ സംസാരിക്കുന്നതിനോ ആദ്യകാലങ്ങളിൽ കഴിയുമായിരുന്നില്ല. ഇതിനൊക്കെ മാറ്റം വന്നത് കുടുംബശ്രീ പ്രവർത്തനം മൂലമാണ്.

എ.ഡി.എസിന്റെ സെക്രട്ടറിയായി പ്രവർത്തിക്കുന്ന കാലഘട്ടത്തിൽ കുടുംബശ്രീയുടെ പരിപാടികൾക്ക് പുറമെ ആരോഗ്യ ബോധവൽക്കരണ ക്ലാസ്സുകൾ, ബാലസഭ പ്രവർത്തനങ്ങൾ, ഇതിനു പുറമെ പഞ്ചായത്തിന്റെ പ്രവർത്തനങ്ങളിലും സജീവമായി പങ്കെടുക്കുവാനുള്ള അവസരം ലഭിച്ചിട്ടുണ്ട്.

2005 ൽ സി.ഡി.എസി ന്റെ അംഗമായി തിരഞ്ഞെടുക്കുകയും പിന്നീട് അഞ്ച് വർഷക്കാലം ചെയർപേഴ്സൺ ആയി പ്രവർത്തിക്കുവാനുള്ള അവസരവും ലഭിച്ചു. ഈ കാലയളവിൽ കിഴുവിലം ഗ്രാമപഞ്ചായത്തിൽ 260–ൽ പരം കുടുംബശ്രീ യൂണിറ്റുകൾ പ്രവർത്തിപ്പിക്കുവാനും അവർക്കുവേണ്ട തൊഴിൽപരീശീലനങ്ങൾ വിവിധ ട്രെയിനിംഗുകളും സംഘടിപ്പിക്കുന്നതിനും ശ്രമിച്ചിട്ടുണ്ട്. കുടുംബശ്രീയുടെ നേതൃത്വത്തിൽ മാർജിൻഫ്രീ സൂപ്പർമാർക്കറ്റ്, വനിത ഗാർമെന്റ് യൂണിറ്റ്, പീപ്പിൾ യൂണിറ്റ്, കൂൺ ഉൽപാദന യൂണിറ്റ് എന്നിങ്ങനെ വനിതകൾക്ക് വരുമാനമുണ്ടാക്കുന്ന തരത്തിലുള്ള യൂണിറ്റുകൾ തുടങ്ങുന്നതിന് കഴിഞ്ഞിട്ടുണ്ട്.

2010 ൽ നടന്ന തദ്ദേശ സ്വയംഭരണ തെരഞ്ഞെടുപ്പിൽ പുളിമൂട് വാർഡിൽ നിന്നും മൽസരിക്കുകയും പഞ്ചായത്ത് പ്രസിഡന്റാകാനുള്ള അവസരം ലഭിക്കുകയും ചെയ്തു. ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ ഒന്നരവർഷക്കാലം വിലയിരുത്തുമ്പോൾ കാർഷിക, വിദ്യാഭ്യാസ, ആരോഗ്യ മേഖലയിൽ നൂതനമായ പദ്ധതികൾക്ക് തുടക്കം കുറിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. 12-ാം പഞ്ചവത്സരപദ്ധതിയുടെ രൂപീകരണ പ്രവർത്തനങ്ങൾ വമ്പിച്ച ജനപങ്കാളിത്തത്തോടെ നടപ്പിലാക്കുന്നതിനുവേണ്ടിയാണ് തീരുമാനിച്ചിട്ടുള്ളത്.

ഇന്ന് നമ്മുടെ പഞ്ചായത്തിൽ 290- ൽ പരം കുടുംബശ്രീ യൂണിറ്റുകൾ പ്രവർത്തിക്കുന്നു. ഈ യൂണിറ്റുകൾക്ക് എല്ലാവിധ പ്രോത്സാഹനങ്ങളും ഉണ്ടാകുന്നതിനുവേണ്ടിയിട്ടുള്ള പദ്ധതികൾക്കാണ് ഗ്രാമപഞ്ചായത്ത് ഭരണസമിതി മുൻതൂക്കം നൽകുന്നത്. അടുക്കളയിൽ നിന്നും അരങ്ങിലേയ്ക്ക് എന്ന മുദ്രാവാക്യം ഉയർത്തി കേരളത്തിലെ കുടുംബശ്രീ അംഗങ്ങൾ സാമൂഹികപരമായും സാമ്പത്തികപരമായും മുന്നിലേക്ക് വളർന്നുകൊണ്ടിരിക്കുന്ന കാലഘട്ടത്തിലൂടെയാണ് നാം കടന്നുപോകുന്നത്. കുടുംബശ്രീ ഇന്ന് കേരളീയ സമൂഹത്തിൽ ഒട്ടനവധി വിപ്ലവകരമായ മാറ്റങ്ങൾക്ക് തുടക്കം കുറിക്കാൻ കഴിഞ്ഞ ബഹുജനപ്രസ്ഥാനമായി മാറിക്കഴിഞ്ഞിട്ടുണ്ട്. നമ്മുടെ സമൂഹത്തിൽ അവശതയനുഭവിക്കുന്നവരേയും അതുപോലെ ജീവിതത്തിൽ ഒറ്റപ്പെട്ടു ജീവിക്കുന്നവരേയും കണ്ടെത്തി മറ്റുള്ളവരൊടൊപ്പം പൊതുജന മദ്ധ്യത്തിൽ അവതരിപ്പിക്കേണ്ട ഉത്തരവാദിത്വം നമുക്കുണ്ട്. ഇന്ന് നമ്മൾ തനിച്ചല്ല. ഒരു ജനതയാകെ നമ്മുടെ പ്രവർത്തനങ്ങളെ നോക്കിക്കാണുകയും വിലയിരുത്തുകയും ചെയ്യുന്നു. ഈ മഹാപ്രസ്ഥാനത്തിൽ അംഗമാകുവാനും അതിലൂടെ പൊതുജനപ്രവർത്തനത്തിൽ ഇറങ്ങുവാനും എനിക്ക് അവസരം ലഭിച്ചതിൽ എന്റെ ജീവിതത്തിലേക്കുള്ള ഒരു വഴിത്തിരിവായി ഞാൻ കാണുന്നു. ഇതിലും തുടർന്നുള്ള കാലഘട്ടത്തിൽ കുടുംബശ്രീ പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുന്നതിനും എക്കാലവും നിങ്ങളോടൊപ്പം ഉണ്ടാകുമെന്നും അതിനുള്ള അവസരങ്ങൾ ലഭിക്കട്ടെ എന്നും ഞാൻ ആഗ്രഹിക്കുകയും കുടുംബശ്രീക്ക് എല്ലാവിധ ഭാവുകങ്ങളും നേർന്നുകൊണ്ട് സ്നേഹത്തോടെ

**വിനീത. എസ്**

**പ്രസിഡന്റ്**

**കിഴുവിലം ഗ്രാമപഞ്ചായത്ത്**

## സ്വപ്നത്തിൽ നിന്നും സത്യത്തിലേക്ക്

അംഗത്വം സ്വീകരിച്ചു. പുതിയൊരനുഭവമായിരുന്നു. ആ യോഗത്തിൽ പങ്കെടുത്തത്. അയൽക്കൂട്ടത്തിൽപോകുന്നത് സന്തോഷം നിറഞ്ഞ അന്തരീക്ഷത്തിൽ നിന്നും മാനസികമായി മടുപ്പു നിറഞ്ഞ അന്തരീക്ഷത്തിലേക്ക് പൊടുന്നനെ കൂപ്പുകുത്തി. കാരണം സ്ഥാനങ്ങളിൽ പ്രവർത്തിച്ചിരുന്നവരുടെ അഭിപ്രായ വ്യത്യാസങ്ങൾ ആയിരുന്നു. അതുകൊണ്ട് ഞാൻ പതുക്കെ പതുക്കെ പിൻവലിഞ്ഞു. ഞങ്ങൾ പറയുന്ന അഭിപ്രായങ്ങൾ ഒന്നും തന്നെ ഉൾക്കൊള്ളാൻ പറ്റാത്ത് സാഹചര്യത്തിൽ ഞാൻ പിരിഞ്ഞു.

അങ്ങനെ തോറ്റു കൊടുക്കാൻ ഞാൻ തയ്യാറല്ലായിരുന്നു. ഞാൻ മുന്നിട്ടിറങ്ങി. രണ്ടു മാസത്തിനകം ഒരു അയൽക്കൂട്ടം 12 അംഗങ്ങളുടെ സാന്നിദ്ധ്യത്തിൽ രൂപീകരിച്ചു. പിന്നീട് അത് 20 അംഗങ്ങളായി വർദ്ധിച്ചു. അയൽക്കൂട്ടത്തിൽ ലിങ്കേജ് ലോൺ എടുത്തതിനാൽ റിവോൾവിംഗ് ഫണ്ട് നേടിക്കൊടുക്കുവാനും എനിക്ക് കഴിഞ്ഞു. പക്ഷേ ഈ കുടുംബശ്രീ പ്രവർത്തനങ്ങൾ ഒരു പരിധി വരെ എന്റെ കുടുംബജീവിതത്തെ ബാധിച്ചിരുന്നു. അവയെല്ലാം തന്നെ അവഗണിച്ചുകൊണ്ട് കരവാരം പഞ്ചായത്തിലെ ഏറ്റവും നന്നായി അയൽക്കൂട്ട മിനിറ്റ്സ് എഴുതുന്ന അയൽക്കൂട്ടത്തിനുള്ള ക്യാഷ് അവാർഡിന് വിഷ്ണുശ്രീ കുടുംബശ്രീ എന്ന എന്റെ അയൽക്കൂട്ടത്തെ അർഹരാക്കാൻ കഴിഞ്ഞത് കുടുംബശ്രീ ജീവിതത്തിലെ വിലപ്പെട്ട നേട്ടങ്ങളിലൊന്നായിരുന്നു.

അയൽക്കൂട്ട സെക്രട്ടറി എ.ഡി.എസ് ചെയർപേഴ്സൺ എന്നീ സ്ഥാനങ്ങളിൽ പ്രവർത്തിക്കാൻ കഴിഞ്ഞത് എന്റെ കുടുംബശ്രീ പ്രവർത്തനങ്ങളുടെ ഫലമായിട്ടാണ്. ഇതിൽ ഞാൻ അഭിമാനിക്കുന്നു.

അയൽക്കൂട്ട വാർഷികത്തിൽപോലും റിപ്പോർട്ട് അവതരിപ്പിക്കാൻ ധൈര്യമില്ലാതിരുന്ന ഞാൻ ഒരു പരിധി വരെ വേദികളെ അഭിമുഖീകരിക്കുന്നുണ്ട്. ബാങ്കുമായി ഒരുവിധ മുൻപരിചയവുമില്ലാതിരുന്ന ഞാൻ ബാങ്ക് എന്താണെന്നും അവയുടെ നടപടിക്രമങ്ങൾ എന്തൊക്കെയാണെന്നും അറിയുന്നു. ഓരോ ട്രെയിനിംഗിനും എനിക്ക് പുതിയ പുതിയ അനുഭവങ്ങൾ, അറിവുകൾ എന്നിവ

നൽകികൊണ്ടേയിരുന്നു. അഭിപ്രായങ്ങൾ തുറന്നു പറയുന്നതിനും വിമർശനങ്ങളും നിർദ്ദേശങ്ങളും യഥാസമയം തുറന്നു പ്രകടിപ്പിക്കുന്നതിനും കഴിയുന്നുണ്ട്.

സാമ്പത്തിക സാമൂഹിക സ്ത്രീ ശാക്തീകരണങ്ങൾ എന്റെ കുടുംബശ്രീ ജീവിതത്തിൽ ഭാഗമായി നേടാൻ എനിക്ക് കഴിഞ്ഞിട്ടുണ്ട്.

കരവാരം പഞ്ചായത്തിലെ ഗ്രാമശ്രീ കുടുംബശ്രീ എന്നെ എഴുത്തുകാരിയുമാക്കി, എന്റെ കവിത കുടുംബശ്രീ മാസികയിൽ, എന്റെ ലേഖനം കുടുംബശ്രീ മാസികയിൽ, ഞങ്ങളുടെ രചനകൾ അടച്ചടിച്ചുവരുന്നു. . . ഇപ്പോഴും അതിന്റെ മധുരം ഞാൻ അറിയുന്നു.

പക്ഷേ ഇപ്പോൾ ഞാനെഴുതേണ്ടത് എന്റെ അനുഭവമാണ്. നീറുന്ന ജീവിതാനുഭവ ചരിത്രം വേണ്ട, മനസ്സിനു കുളിർമയേകിയ കുടുംബശ്രീ അനുഭവമാകാം. വിശദമായി എഴുതാൻ സമയക്കുറവുണ്ട്.

പ്രതികരണശേഷി ഒട്ടുമില്ലാതിരുന്ന കാലം. ജീവിതഭാരം വല്ലാതെ വീർപ്പുമുട്ടിക്കുന്നു. സുഹൃത്തുക്കളാരുമില്ല. വളർന്നിടത്ത് ഉണ്ടായിരുന്ന വരെ ഇനി കാണാനാവാത്ത അവസ്ഥ. ഈ സാഹചര്യത്തിലാണ് കുടുംബശ്രീ അംഗത്വം നേടുന്നത്. ആ കൂട്ടായ്മ തന്ന ബലത്തിൽ ഞാൻ പാരലൽ കോളേജ് അധ്യാപികയായി. നാട്ടുകാർ പറഞ്ഞു എനിക്ക് നേതൃത്വശേഷിയുണ്ടെന്ന്. പെട്ടെന്നാണ് കരവാരം ഗ്രാമപഞ്ചായത്തിലെ സി.ഡി.എസ് ചെയർപേഴ്സണായി അവരോധിക്കപ്പെട്ടത്. സാമൂഹ്യപ്രവർത്തനം എന്തെന്നുപോലുമറിയില്ല. എന്നെ സ്നേഹിക്കാനും, എനിക്ക് സ്നേഹിക്കാനും എത്രയെ പേർ. ഞാനറിയാതെ സംംഘടനയുടെ സുഖം എനിക്ക് ലഹരിയായി. പ്രതിബന്ധങ്ങൾ ധാരാളമുണ്ട്. സ്തീകളുടെ പ്രശ്നങ്ങൾ നേരിടാനുള്ള മനസ്സ്, പ്രതിബന്ധങ്ങളെ നേരിടാനുള്ള ഊർജ്ജമായി.

തിരു ജില്ലാ മിഷൻ എന്റെ കുടുംബം പോലെ എപ്പോഴും ഓടി എന്നാൽ തോന്നും അത്രയ്ക്ക് ധാരണയുള്ള ഉദ്യോഗസ്ഥർ. കുടുംബശ്രീ മിഷനിൽ വന്നുകഴിയുമ്പോൾ ഭൂരിഭാഗവും സ്ത്രീപക്ഷ കാഴ്ചപ്പാടുള്ളവരായി മാറുന്നു. അത് വീണ്ടും ഇതിൽ നിൽക്കാനുള്ള പ്രേരണയായി. എന്റെ കുട്ടികൾ പറഞ്ഞു. സാമൂഹ്യ പ്രവർത്തക എന്നൊരു സ്ത്രീയെക്കുറിച്ച് പറയുമ്പോൾ ആളുകൾക്ക് നല്ല അഭിപ്രായമാണ്. എന്റെ

മകൾക്ക് കല്ല്യാണ ആലോചനകൾ വന്നുതുടങ്ങി. ഞാൻ വിചാരിച്ചു എന്റെ പ്രവർത്തനം മൂലം എന്റെ കുട്ടിയുടെ ഭാവിക്ക് പ്രശ്നമുണ്ടാകാൻ പാടില്ല. ഒന്നുമായില്ലെങ്കിലും നല്ല അമ്മയാകണ്ടേ? പിൻതിരിയാൻ മനസ്സു തയ്യാറായി. ഒരുദിവസം ഒരു പരിപാടിയിൽ പങ്കെടുത്തുകൊണ്ടിരുന്നപ്പോൾ ജില്ലയിലെ ഡി.എം.സി വിളിക്കുന്നു. ഹൈദ്രാബാദിൽ ഒരു പരുപാടിക്കുപോകാമോ ഉടൻ മറുപടി പറയണം. ആകെ സംസ്ഥാനത്തുനിന്ന് 5 പേരാണ്. പറ്റില്ലായെങ്കിൽ അവർ വേറെ ജില്ലയിൽ നിന്ന് ആളെയെടുക്കും. എന്തുപറയും. ഉടൻ ഭർത്താവിനെ വിളിച്ചു. ഒന്നും മിണ്ടുന്നില്ല, വിളിക്കാം എന്നുപറഞ്ഞു കട്ടു ചെയ്തു. എന്റെ സുഹൃത്തുക്കൾ ഒന്നടങ്കം പറഞ്ഞു ഇതുപോലൊരു ചാൻസ് കളയരുത്. കുറെ കഴിഞ്ഞപ്പോൾ ഭർത്താവ് വിളിക്കുന്നു. ചെല്ലാം എന്നുപറഞ്ഞേക്ക്. എന്നിട്ട് നമുക്ക് ആലോചിക്കാം. വീട്ടിലെ കമ്മറ്റി കൂടി. ആരൊക്കെയാണ് പോകുന്നത് അന്വേഷിക്ക്. നല്ല ഒരു അവസരം നഷ്ടപ്പെടുത്തണ്ട. പക്ഷേ ഇത് ഉടൻ മതിയാക്കണം ഞാൻ പറഞ്ഞു. ഈ റ്റേം അവസാനിക്കുന്നതുവരെ മാത്രമേയുള്ളൂ. ശരി. ശേഷം ഉണ്ടായ അനുഭവം എനിക്ക് പറഞ്ഞേ മതിയാവൂ. കുടുംബശ്രീ സ്റ്റേറ്റ്മിഷനിൽ നിന്ന് എനിക്ക് നേരിട്ട് ഫോൺകോൾ വന്നിട്ടേയില്ല. അതാ വിളിക്കുന്നു ഹേമലതാ മേഡം. നമുക്ക് ഉടൻ പോകേണ്ടതുണ്ട്. 5 ദിവസം അവിടെ താമസിക്കണം. ട്രെയിനിലായിരിക്കും പോവുക. തയ്യാറായിക്കൊള്ളണം. ഞാനും നമ്മോടൊപ്പം മറ്റു നാലു ചെയർപേഴ്സൺമാരുമുണ്ടാകും. രണ്ടുദിവസം കഴിഞ്ഞപ്പോൾ വീണ്ടും ഫോൺ. തിരുവനന്തപുരത്തുനിന്നു രാവിലെ 6 മണിക്കു പുറപ്പെടുന്ന എ സി വോൾവോ ബസ്സിൽ നെടുമ്പാശ്ശേരിയിൽ പോകണം. അവിടെ നിന്ന് ഫ്ളൈറ്റിലാണ് പോകുന്നത്. ഞാൻ ഭൂമിയിലാണോ എന്നുറക്കെ ചവിട്ടി നോക്കി. മക്കളെ രണ്ടുപേരേയും വിളിച്ചു. നിങ്ങളറിഞ്ഞോ ഫ്ളൈറ്റിലാണ് ഹൈദ്രാബാദിൽ പോകുന്നത്. എടാ എനിക്ക് കുടുംബശ്രീയിൽ വന്നതുകൊണ്ടുമാത്രം കിട്ടിയ ഈ അവസരം വേറെ എവിടുന്നു കിട്ടാനാ. അതുമാത്രമോ, കേരളത്തിൽ നിന്നും എൻ.ആർ.എൽ.എം ന്റെ ചർച്ചക്കായി പോകുന്ന കോർട്ടീലിനോടൊപ്പം ഇരിക്കാൻ പോകുന്നത്. എൻജിനീയർമാരായ രണ്ടുമക്കളും വിചാരിച്ചാൽ ഇന്ത്യയിലെ നയതന്ത്രജ്ഞൻമാർ പങ്കെടുക്കുന്ന ചർച്ചാവേദിയിലെത്താൻ കഴിയുമോ, ഞാൻ വാചാലയായി.

എന്തായാലും യാത്രാവിവരണം ചെയ്യുന്നില്ല. ഞങ്ങൾ ഹൈദ്രാബാദിലെത്തി. എയർപോർട്ടിൽ നമ്മെ സ്വീകരിക്കാനായി ആളുകളെത്തി. രാത്രിയായപ്പോൾ ഹേമാമാഡം റൂമിലേക്കു വന്നു. നാളെ അവിടെ നമ്മുടെ അനുഭവം പറയണം. ആദ്യ സെഷൻ കഴിഞ്ഞാൽ എക്സ്പീരിയൻസ് ഷെംയറിംഗ് ആണ്. ശരി അടുത്ത പ്രശ്നം

ഇംഗ്ളീഷിലാണ് പ്രസന്റു ചെയ്യേണ്ടത്. ഒരു ഞെട്ടൽ. ബി കോമിനുക്ളാസ്സെടുക്കുമ്പോൾ പഠിച്ച സബ്ജക്റ്റ് വിളമ്പാം. ഇതെങ്ങനെയാണ് ദൈവമേ? അതുമാത്രമോ ആരുടെയൊക്കെ മുന്നിലാണ് ഈശ്വരാ!!!! ഞാനൊന്നെഴുതി. എഴുതാനാവും. എങ്ങനെ പ്രസന്റു ചെയ്യും. ഹേമമാഡത്തെ കാണിച്ചു. തിരുത്തലുകൾ വരുത്തി. രാവിലെ കുളിച്ചു റെഡിയായി. മറ്റു സൗകര്യങ്ങളെക്കുറിച്ചു പറയാൻ നിന്നാൽ വീണ്ടും വാചാലയാകും. അതൊക്കെ ഓരോ അനുഭവങ്ങളായിരുന്നു.

വിവിധ സംസാഥാനങ്ങളിൽ നിന്നെത്തിയ ഉദ്യോഗസ്ഥ പ്രമുഖർ, ഐ.എ.എസ്സുകാർ അങ്ങനെ നീളുന്നു. ഹേമമാഡം ചോദിച്ചു പറയുമല്ലോ ട്രാൻസിലേഷൻ വേണമെങ്കിൽ പറയണം. ഒരു പോസ്റ്റു ഗ്രാജുവേഷനുള്ള ഞാൻ എങ്ങനെ പിൻമാറും. നാണക്കേടല്ലേ. സകലദൈവങ്ങളേയും വിളിച്ചു കൊണ്ട് ആ മഹാവേദിയിൽ ഞാൻ ഇംഗ്ലീഷിൽ തന്നെ അനുഭവം പറഞ്ഞു. അന്നു വൈകുന്നേരം ശാരദാ മാഡം, ലിബി ജോൺസൺ സാർ എന്നിവരെത്തി. ഹേമലതാമാഡവും, നമ്മുടെ ഇ.ഡിയും വിജയാനന്ദൻസാറും വിജയശ്രീയെക്കുറിച്ചു പറഞ്ഞു കഴിഞ്ഞു. പിറ്റേ ദിവസം മുതൽ ഞങ്ങളവിടെ സ്റ്റാർസായി. എല്ലാവരും ചോദ്യങ്ങളുമായി സമീപിക്കും. മുറി ഇംഗ്ളീഷിൽ ഞങ്ങൾ കാച്ചും.

പിന്നീട് ഞങ്ങൾ രണ്ടു ജില്ലകളിൽ പോയി അവിടുത്തെ എസ്.ആർ.പി സംഘടന എന്താണെന്നു മനസ്സിലാക്കി. അവരു നൽകിയ സ്വീകരണവും അവിടുത്തെ വാർഡു സഭയും മറ്റും പ്രത്യേക അനുഭവങ്ങൾ തന്നെയായിരുന്നു.

ഇന്നു ഞാൻ രാവും പകലും കുടുംബശ്രീക്ക് വേണ്ടി പ്രവർത്തിക്കുന്ന ഒരു ട്രെയിനറാണ്. ചെയർപേഴ്സണുമാണ്. കുടുംബശ്രീ എന്നെ തന്റേടിയാക്കി. അതെ, ഈ തന്റേടം ഞാൻ കുടുംബശ്രീയിൽ നിന്നും കണ്ടെത്തി.

**ജൂബിലി വിനോദ്**

**കരവാരം ഗ്രാമപഞ്ചായത്ത്**

## നീർമുത്തുകൾ

എന്റെ പേര് രജനി. 2005 മുതൽ കുടുംബശ്രീ അയൽക്കൂട്ടത്തിൽ ചേരുകയും ആ സംഘത്തിന്റ പ്രവർത്തനം വളരെ നല്ല രീതിയിൽ മെച്ചപ്പെടുത്തുകയും 10 അംങ്ങൾക്ക് സ്വയം തൊഴിൽ പദ്ധതി കണ്ടെത്തി കൊടുക്കുകയും ചെയ്തു. അങ്ങനെ 2006 മെയ് മാസം ഞാൻ സി. ഡി .എസ് ചെയർപേഴ്സനായി തെരഞ്ഞെടുക്കുകയും ചെയ്തു. ആ അവസരത്തിൽ 134 സംഘങ്ങളാണ് കുടുംബശ്രീ യൂണിറ്റുകളായി പ്രവർത്തിച്ചിരുന്നത്. അതിനുശേഷം എല്ലാ വാർഡിലും പാവപ്പെട്ട അംഗങ്ങളെ ഉൾപ്പെടുത്തി കുടുംബശ്രീ യൂണിറ്റുകൾ രുപീകരിക്കുകയും ഇപ്പോൾ 364 കുടുംബശ്രീ യുണിറ്റുകൾ പ്രവർത്തിച്ച് വരുകയും ചെയ്യുന്നു.

2009–2010 കാലഘട്ടത്തിൽ ആദ്യമായി ജില്ലയിലെ ബെസ്റ്റ് സി.ഡി .എസ് അവാർഡ് ലഭിച്ചു. എനിക്കേറെ സന്തോഷകരമായ ഒരനുഭവമായിരുന്നു അത്. കുടുംബശ്രീ അംഗങ്ങൾക്കും പഞ്ചായത്തംഗങ്ങൾക്കും അഭിമാനമായി മാറി. തുടർന്ന് 2010–2011 ൽ വീണ്ടും ബെസ്റ്റ് സി.ഡി.എസ് ജില്ലാ അവാർഡും 2011–2012 സംസ്ഥാന അവാർഡും ലഭിച്ചു. ഒരു കുടുംബശ്രീ അംഗമായിരുന്ന എനിക്ക്, പഞ്ചായത്തിലെ കുടുംബശ്രീ പ്രവർത്തനങ്ങൾ നല്ല രീതിയിൽ കാഴ്ച വച്ചതിന് ലഭ്യമായ ഈ അവാർഡുകൾ എല്ലാം തന്നെ കുടുംബശ്രീയുടെ നേട്ടമായി ഞാൻ കരുതുന്നു.

ഞങ്ങളുടെ കുടുംബശ്രീ പ്രവർത്തനങ്ങൾ ജെ.എൽ. ജി പ്രവർത്തനങ്ങൾ എല്ലാം നോക്കി പഠനം, പ്രോൽസാഹനം നൽകുന്നതിനുമായി ആന്ധ്രാപ്രദേശ്, ഛത്തിസ്ഗഢ്, ഡൽഹി തുടങ്ങി പല സംസ്ഥാനങ്ങളിൽ നിന്നും മന്ത്രിമാർ ഉൾപ്പെടെയുള്ള പ്രമുഖർ വരികയും അവരുടെ പ്രോൽസാഹനങ്ങൾ ലഭ്യമാകുകയും ചെയ്തു. ഞങ്ങളുടെ പഞ്ചായത്തിലെ പാവപ്പെട്ട അമ്മമാർ, നിരാലംബരായ അഗതികൾ ഇവർക്കെല്ലാം കുടുംബശ്രീയുടെ ആനുകുല്യങ്ങൾ വാങ്ങി കൊടുക്കുന്നതിലൂടെ അവരുടെ സന്തോഷങ്ങൾ നേരിട്ട് കണ്ട് മനസിലാക്കുന്നതിനും സാധിച്ചു.

സ്ത്രീ ശാക്തീകരണം എന്നതിലൂടെ അനേകം കുടുംബങ്ങളുടെ ജീവിത പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സാധിച്ചു. 148 മൈക്രോസംരംഭങ്ങൾ, 77 സംഘകൃഷി

ഗ്രൂപ്പുകൾ എന്നിവയിലൂടെ 1500 ഓളം പേർക്ക് തൊഴിൽ ചെയ്ത് വരുമാനം കണ്ടെത്തുന്നതിനുള്ള സഹായങ്ങൾ ലഭ്യമാക്കി.

ബാലസഭയിലെ കുഞ്ഞുങ്ങളുടെ സർഗ്ഗാത്മക കലാശേഷികൾ വികസിപ്പിക്കാൻ ഉതകുന്ന പരിപാടികൾ സംഘടിപ്പിക്കുന്നതിനും അവരുടെ സന്തോഷങ്ങൾ നേരിട്ട് അനുഭവിക്കുന്നതിനും സാധിച്ചു.

എന്റെ ജീവിതത്തിൽ ഉള്ള ഏറ്റവും കൂടുതൽ മറക്കാൻ പറ്റാത്ത സംഭവം ആശ്രയ പദ്ധതി നടപ്പിലാക്കുകയും അതിലൂടെ ഏറ്റവും പാവപ്പെട്ട ജനങ്ങളെ സഹായിക്കാൻ സാധിച്ചു എന്നുള്ളതുമാണ്. എവിടെ വച്ചു കണ്ടാലും അവരുടെ ആ സ്നേഹത്തോടെയുള്ള പെരുമാറ്റവും, മോളെ എന്നുള്ള വിളിയും എനിക്ക് കുടുതൽ പ്രചോദനം ലഭിക്കാനും, സ്ത്രീ ശാക്തീകരണ പ്രസ്ഥാനമായ കുടുംബശ്രീ പ്രസ്ഥാനത്തിലൂടെ ഒത്തിരി ജനങ്ങളെ സഹായിക്കാൻ സാധിച്ചതിനും, അവരുടെ ആ സ്നേഹം പിടിച്ച് പറ്റാനും സാധിച്ചതിൽ എനിക്ക് ഇന്ന് വളരെ അഭിമാനം തോന്നുന്നു . എന്നെ ഞാനാക്കി മാറ്റിയ കുടുംബശ്രീ എന്ന സ്ത്രീ ശാക്തീകരണ പ്രസ്ഥാനം ഇനിയും ജനങ്ങളുടെ സ്നേഹം പിടിച്ച് പറ്റാൻ എനിക്ക് സാധിക്കട്ടെയെന്ന ആത്മവിശ്വാസത്തോടെ നിർത്തുന്നു. നമസ്കാരം

എന്ന്

**എസ് . രജനി**

**സി.ഡി.എസ്. ചെയർപേഴ്സൻ**

**കാരോട് പഞ്ചായത്ത്**

## കുടുംബശ്രീയിലൂടെ എന്റെ വിജയം

വിളപ്പിൽ പഞ്ചായത്തിൽ കരുവിലാഞ്ചി വാർഡിൽ 2000–മാണ്ടിൽ ഒരു കുടുംബശ്രീ പുതിയതായി രുപംകൊണ്ടപ്പോൾ ഞാൻ അതിൽ ചേരുകയും സെക്രട്ടറിയായി തിരഞ്ഞെടുക്കുകയും ചെയ്തു. അങ്ങനെ പ്രവർത്തിച്ചു വന്ന സമയത്ത് അതിലൂടെ സ്വാഗതം, ഈശ്വരപ്രാർത്ഥന മുതൽ എല്ലാം പഠിക്കുന്നതിന് സാധിച്ചിട്ടുണ്ട്. റിപ്പോർട്ട് എഴുതുന്നതും, കണക്ക് എഴുതുന്നതുമെല്ലാം മനസിലാക്കാൻ സാധിച്ചിട്ടുണ്ട്. അങ്ങനെ 4 വർഷം തുടർന്നു. അതിനുശേഷം എ.ഡി.എസ് തിരഞ്ഞെടുപ്പിൽ എ.ഡി.എസ് സെക്രട്ടറിയായി 3 വർഷം പ്രവർത്തിച്ചു.

കുടുംബശ്രീയുടെ കണക്കുകൾ നോക്കുന്നതിനും 31 കുടുംബശ്രീകളിലും പോകുന്നതിനും, വാർഡിൽ വീട്ടുനമ്പർ അടിക്കുന്നതിനും സാധിച്ചു. അതിലൂടെ എല്ലാവരും അറിയപ്പെടുന്ന ആളായി മാറി. അതിനുശേഷം 3 വർഷം അംഗൻവാടി വർക്കറായി താൽക്കാലികമായി വർക്ക് ചെയ്തു. അതിനുശേഷമാണ് പഞ്ചായത്ത് തിരഞ്ഞെടുപ്പ് വന്നത്. വനിതാ വാർഡായതുകൊണ്ട് പലരും മത്സരിക്കാൻ ആവശ്യപ്പെട്ടു. അങ്ങനെ എല്ലാവരും കൂടെ വോട്ട് തന്ന് വളരെയധികം ഭൂരിപക്ഷത്തോടുകൂടി വിജയിച്ചു.

കുടുംബശ്രീയിൽ നിന്നും എനിക്ക് ജീവിതത്തിൽ വളരെ നല്ല കാര്യങ്ങൾ നേടിയെടുക്കാൻ സാധിച്ചു.

**കുമാരി ലത**
**വാർഡ് മെമ്പർ**
**വിളപ്പിൽ പഞ്ചായത്ത്**

## കൈയ്യെത്തും ദൂരത്ത്

എന്റെ അനുഭവങ്ങളെ പറ്റി എഴുതുവാനാണെങ്കിൽ അനവധിയുണ്ട് . എങ്കിലും കുടുംബശ്രീയിൽ 2000 മുതൽ പ്രവർത്തിച്ചു വന്നതിൽ ഇക്കഴിഞ്ഞ 12 വർഷങ്ങൾക്കുള്ളിൽ എനിക്കുണ്ടായ പ്രധാനപ്പെട്ട ചില അനുഭവങ്ങളിലേക്ക് ഒരു എത്തി നോട്ടം. രണ്ടായിരാമാണ്ടിൽ സ്നേഹിത എന്ന പേരിൽ ഒരു സ്വയം സഹായ സംഘത്തിന്റെ സെക്രട്ടറി പദം ഏറ്റെടുത്തു കൊണ്ടായിരുന്നു എന്റെ പൊതുപ്രവർത്തന രംഗത്തേക്കുള്ള ചുവടുവയ്പ്. ഇന്നത്തേതു പോലെ വനിതകൾക്ക് അന്ന് പൊതുപ്രവർത്തനങ്ങൾക്ക് പൊതുവേ വിമുഖതയുള്ള കാലഘട്ടത്തിൽ സ്ത്രീ ശാക്തീകരണത്തിന്റെ പ്രതീകമായ കുടുംബശ്രീയിൽ പ്രവർത്തിച്ചുതുമൂലം അനവധി കാര്യങ്ങൾക്ക് മുൻകൈ എടുത്തു പ്രവർത്തിക്കുവാൻ കഴിഞ്ഞു. എന്റെ നാട്ടിലുള്ള ഒരു കള്ളുഷാപ്പ് നിമിത്തം, നിരവധി കുടുംബത്തിലെ പുരുഷൻമാരുടെ മദ്യപാനം മൂലം നശിച്ചുതുടങ്ങിയ കുടുംബങ്ങളിലെ വനിതകളെ ഉൾപ്പെടുത്തി ഈ കള്ളുഷാപ്പ് പൂട്ടിക്കുന്നതുവരെ സമരം ചെയ്യുവാനും അത് പൂട്ടിച്ച് അതുമൂലമുള്ള ശല്യം ഒഴിവാക്കുവാനും കഴിഞ്ഞതായിരുന്നു ആദ്യ കാൽവയ്പ്. തുടർന്ന് നിരവധി പ്രവർത്തനങ്ങൾ ഈ വനിതാ കൂട്ടായ്മയിലൂടെ ചെയ്യുവാൻ കഴിഞ്ഞു. തുടർന്ന് 4–ാം വാർഡ് എ.ഡി.എസ്. സെക്രട്ടറിയായി പ്രവർത്തനം നല്ലരീതിയിൽ ചെയ്തു സമൂഹത്തിലെ തിന്മകൾക്ക് എതിരെ ശബ്ദം ഉയർത്തുന്നതിന് എന്നെ കുടുംബശ്രീ നന്നായി സഹായിച്ചിട്ടുണ്ട്. എ.ഡി.എസിൽ പ്രവർത്തിച്ചവരെ 4–ാം വാർഡിലെ സി.ഡി.എസ്. മെമ്പർ ആക്കുവാൻ സാധിച്ചു. തുടർന്നു വന്ന ജനാധിപത്യ രീതിയിലുള്ള കുടുംബശ്രീ ചെയർപേഴ്സൺ ആകുവാൻ സാധിച്ചു. 2008 ഡിസംബർ 1 ന് ചെയർപേഴ്സൺ ആയതിനുശേഷം വനിതകൾക്ക് വേണ്ടി നിരവധി കാര്യങ്ങൾ ചെയ്യുവാൻ കഴിഞ്ഞു . ലീഗൽ സർവ്വീസ് സൊസൈറ്റിയുമായി സഹകരിച്ചു കൊണ്ട് വനിതകൾക്ക് നിയമ സാക്ഷരതയെക്കുറിച്ചും കുട്ടികളുടെ അവകാശങ്ങളെക്കുറിച്ചും അങ്ങനെ പലകാര്യങ്ങളും ചെയ്യുവാൻ കഴിഞ്ഞു. കുടുംബശ്രീ മിഷനിൽ നിന്നും പകർന്നുകിട്ടിയ ട്രെയിനിങ്ങുകൾ ലോകോത്തര നിലവാരമുള്ളവയായിരുന്നു. താഴെ തട്ടിലുള്ള ജനങ്ങൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ വളരെ അനുഭാവപൂർവ്വം ചർച്ചചെയ്ത് വളരെ ലളിതമാക്കി ഗവൺമെന്റിൽ നിന്നും ലഭിക്കുന്ന ഫണ്ടുകൾ അർഹതപ്പെട്ടവർക്ക് താഴെ തട്ടിലോട്ട് എത്തിച്ചുകൊടുക്കുന്നതിനും എന്റെ കുടുംബശ്രീ പ്രവർത്തനം മൂലം

എളുപ്പത്തിൽ സാധിക്കുവാൻ കഴിഞ്ഞു. അതിന് എന്റെ റോൾ മോഡൽ എ.ഡി.എം.സി. സിനി മാഡം ആയിരുന്നു എന്നുപറയാം. രണ്ടുവർഷ കാലയളവിൽ ഞാൻ ചെയർപേഴ്സൺ സ്ഥാനം വഹിച്ചു. കഴിഞ്ഞ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ തെരഞ്ഞെടുപ്പിൽ 4–ാം വാർഡിനെ പ്രതിനിധീകരിച്ച് എനിക്ക് മൽസരിക്കുവാൻ അവസരമുണ്ടായി. തദവസരത്തിൽ കുടുംബശ്രീ ചെയർപേഴ്സൺ സ്ഥാനം രാജിവയ്ക്കുകയും തെരഞ്ഞെടുപ്പിൽ മൽസരിച്ച് വിജയിക്കുകയും ചെയ്തു. തുടർന്ന് പഞ്ചായത്തിന്റെ വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ ആയി സത്യപ്രതിജ്ഞ ചെയ്തു. 2010 നവംബർ 1 ന് ചെയർപേഴ്സൺ ആയി പഞ്ചായത്തിൽ എന്റെ സേവനം ആരംഭിക്കുവാൻ കഴിഞ്ഞു. കഴിഞ്ഞ കാലയളവിൽ എനിക്കുണ്ടായിരുന്ന പൊതുപ്രവർത്തനത്തിന്റെ പരിചയം മൂലവും കുടുംബശ്രീയിൽ നിന്നും കിട്ടിയ വളരെ വിലയേറിയതും അമൂല്യവുമായ അറിവുകളുടേയും അടിസ്ഥാനത്തിൽ കഴിഞ്ഞ 22 മാസക്കാലമായി പഞ്ചായത്തിന്റെ സമഗ്രവികസനത്തിന് എന്റെ അറിവ് സഹായകമായി എന്നുള്ള അഭിമാനത്തോടെ, ഈ അറിവ് എന്ത് അധാർമ്മികതയോയും ചോദ്യം ചെയ്യുവാനും ഏത് സദസ്സിൽ നിന്നും പ്രസംഗിക്കുവാനും ആരുടെ മുന്നിലും തല ഉയർത്തി പിടിച്ച് നിന്ന് തന്റേടത്തോടെ സംസാരിക്കുവാനും ഞാൻ ഇന്ന് ഈ സ്ഥാനത്ത് എത്തിയത് കുടുംബശ്രീയിൽ വന്നതിനാലാണ്. ആ ഒരു നേതൃപാടവം തന്നെ കുടുംബശ്രീക്ക് എല്ലാവിധ ഭാവുകങ്ങളും നേർന്നുകൊണ്ട് ലോകമെമ്പാടും വ്യാപിച്ചുകൊണ്ടിരിക്കുന്ന കുടുംബശ്രീ പ്രസ്ഥാനത്തിന്റ വളർച്ച ഇനിയും ത്വരിതമാകട്ടെ എന്ന് ആശംസിച്ചുകൊണ്ട്, എന്റെ ഈ ചെറിയ അനുഭവക്കുറിപ്പ് സമർപ്പിക്കുന്നു.

**സ്നേഹപൂർവ്വം**

**ശ്രീകല**

**വികസന സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ**

**കടയക്കാവൂർ ഗ്രാമപഞ്ചായത്ത്**

## തിരിച്ചറിവിന്റെ വീഥിയിലേക്ക്

അന്നൊരു 4 മണിസമയം അന്നത്തെ വാർഡ്മെമ്പറും അദ്ദേഹത്തിന്റെകൂടെ രണ്ട് സാമൂഹിക പ്രവർത്തകരുമായി എന്റെ വീട്ടിൽ വന്നു. ഈ വാർഡിൽ ഒരു കുടുംബശ്രീ വിളിച്ചു കൂട്ടുന്നതിലുള്ള ഒരു ആലോചനയുമാണ് അവർ എന്റെ വീട്ടിൽ വന്നത്. കേവലം ഒരുമണിക്കൂർ കുടുംബശ്രീയെക്കുറിച്ചുള്ള ബോധവത്കരണ സംഭാഷണം നടത്തി. അവർ 5 മണിയോടെ മടങ്ങി. പിറ്റേദിവസം തന്നെ വീട്ടിന് ചുറ്റുമുള്ള 25 സ്ത്രീകളെ അറിയിക്കുകയും തുടർന്ന് 14/04/2000ൽ സമത വനിതാ സ്വാശ്രയ സംഘം തുടങ്ങുകയും ചെയ്തു. സമതാ കുടുംബശ്രീയിലെ സെക്രട്ടറിയായി എന്നെ തെരഞ്ഞെടുത്തു. എന്റെ ജീവിതത്തിൽ ആദ്യമായാണ് ഒരു ഉത്താരവാദിത്വപ്പെട്ട ഒരു ചുമതല വഹിക്കുന്നത്. ഇത്രയും നാൾ കുടുംബത്തിന്റെ മാത്രം ചുമതലക്കാരി യായിരുന്നു. എന്നാൽ ഇപ്പോൾ 25 അംഗങ്ങൾ അടങ്ങുന്ന ഒരു കുടുംബശ്രീയുടെ ചുമതലക്കാരിയാകാനുള്ള ഭാഗ്യം കൂടെ എനിക്കുണ്ടായി. യോഗങ്ങളിൽ ഒരു ഈശ്വരപ്രാർത്ഥന പാടുവാനോ സ്വാഗതം പറയുവാനോ, റിപ്പോർട്ട് എഴുതുവാനോ എനിക്കറിയില്ലായിരുന്നു. എന്നാൽ ഏത് കമ്മിറ്റികളിലും സംസാരിക്കാരിനുള്ള അറിവ് നേടി. ഇത് എന്റെ ജീവിതത്തിലെ വലിയൊരു നേട്ടമായി കാണുന്നു. സഹകരണ ബാങ്ക് പ്രസിഡന്റും, അന്നത്തെ പഞ്ചായത്ത് പ്രസിഡന്റും കുടുംബശ്രീ പ്രസ്ഥാനത്തിന് ശക്തിയും ധൈര്യവും ലഭിക്കുന്നതിനു വേണ്ടി ബോധവത്ക്കരണ ക്ളാസുകൾ, സംഘടിപ്പിക്കുകയും അതുവഴി സമൂഹത്തിലെ എല്ലാ പ്രശ്നങ്ങളിലും നമുക്കിടപെടാൻ കഴിഞ്ഞു. ഗ്രാമസഭകളിൽ നമ്മൾ ശ്രദ്ധിക്കപ്പെടുകയും പഞ്ചായത്തു ഭരണസമിതി ചെറിയ ചുമതലകൾ ഏൽപ്പിക്കുകയും ചെയ്തു. കുടുംബശ്രീ സെക്രട്ടറി പദവിയിൽ നിന്നും എ.ഡി.എസിന്റെ പ്രസിഡന്റ് എന്ന പദവിലേക്കുയരുന്നതിനും എനിക്ക് കഴിഞ്ഞു. 3 വർഷം കുടുംബശ്രീ സെക്രട്ടറിയായും 10 വർഷം എ.ഡി.എസ് സെക്രട്ടറിയായും പ്രവർത്തിക്കാനുമുള്ള ഭാഗ്യവും എനിക്കു കിട്ടി. ഈ അവസരത്തിൽ സാമുഹിക ആരോഗ്യ പ്രവർത്തനം വാർഡ് തലങ്ങളിൽ കുറച്ചുകൂടെ മെച്ചപ്പെടുത്തുന്നത്തിനു വേണ്ടി സർക്കാർ ജീവനാക്കാരായ ആരോഗ്യ പ്രവർത്തകരെ സഹായിക്കുന്നതിനു വേണ്ടി ആശാ പ്രവർത്തകയായി ആ മേഖലയിൽ പ്രവർത്തിക്കാനും എനിക്ക് സാധിച്ചു. ഇപ്പോൾ ഈ വാർഡിലെ എ.ഡി.എസിലെ വൈസ് പ്രസിഡന്റായും, ആശാ പ്രവർത്തകയായും ചുമതല വഹിക്കുന്നു. ആശാപ്രവർത്തകയായി ജോലി കിട്ടിയപ്പോൾ എല്ലാപേരും എന്നോട് ചോദിച്ചു കുടുംബശ്രീ സ്ഥാനങ്ങൾ വിട്ടുകൂടെയെന്ന് . എന്നാൽ ഞാൻ അവരോട് പറഞ്ഞു കുടുംബശ്രീയാണ്

എന്റെ ആദ്യത്തെ ചവിട്ടുപാത അവിടെ നിന്നും കാൽമാറ്റിയാൽ ഞാൻ വീണുപോകും. ഇപ്പോൾ ഞാൻ ഈ വാർഡിന്റെ തികഞ്ഞ ഒരു പ്രവർത്തകയാണ്. കുടുംബശ്രീയിലൂടെ എനിക്ക് ലഭിച്ച ശക്തിയും ബുദ്ധിയും ക്ഷമയും സൗമ്യതയും ഒട്ടനവധി മേഖലകളിൽ ചെലവഴിക്കാൻ കഴിഞ്ഞതിൽ ഒന്നു രണ്ടനുഭവങ്ങൾ എഴുതുവാൻ ഞാൻ താൽപ്പര്യപ്പെടുന്നു. എന്റെ വാർഡിൽ വിദ്യാഭ്യാസമുള്ളവരും അഭ്യസ്ഥവിദ്യരും മായ ഒട്ടനവധി യുവതി യുവാക്കൾ, കുറച്ചുപേർ കുഞ്ഞുനാളിൽ തന്നെ മദ്യപാനികളായും നടക്കുന്നത് എന്റെ ശ്രദ്ധയിൽപെട്ടു. ഇവരിൽ നിന്നെല്ലാം വ്യത്യസ്ഥനും എം.എ വിദ്യാർത്ഥിയുമായ പ്രവീൺദാസിനെ ഞാൻ ഈ കാര്യങ്ങൽൾ ബോദ്ധപ്പെടുത്തി. ഞങ്ങൾ രണ്ടുപേരും ചേർന്ന് പല പ്രാവശ്യത്തെ ബോധവത്ക്കരണത്തിലൂടെ നൽപ്പതോളം പേരെ ഉൾപെടുത്തി കൊണ്ട് ഒരു ആർട്സ്/സ്പോർട്സ് ക്ലബ് രൂപികരിക്കുകയും കേരളോത്സവങ്ങളിൽ പങ്കെടുപ്പിക്കുകയും അവർക്ക് സമ്മാനങ്ങൾ വാങ്ങിപ്പിക്കുന്നതിനും കഴിഞ്ഞു. ഞാനിന്നും അവരുടെ ചേച്ചിയായും, ആന്റിയായും പ്രവർത്തിക്കുന്നു. ഇന്ന് ഈ സ്പോർട്സ് ക്ലബ് ഈ നാടിന്റെ കലാലയമായി മാറി. ഇതിന്റെ തുടക്കകാരി എന്ന നിലക്ക് അവരുടെ ആദരവും ബഹുമാനവും ഇന്നെനിക്കുണ്ട്. ഇതിനെന്നെ അർഹയാക്കിയത് കുടുംബശ്രി മാത്രമാണ്.

ഞാൻ താമസിക്കുന്ന സ്ഥലവുമായി ബന്ധപ്പെട്ട് ഒരു വഴി തർക്കമുണ്ടായി ആവശ്യക്കാർ വാർഡ് മെമ്പറെ സമീപിച്ചു വഴി ആവശ്യപ്പെട്ടു. വാർഡ് മെമ്പറുടെ സാന്നിദ്ധ്യത്തിൽ വഴി നൽകാമെന്ന് ഞങ്ങളും സമ്മതിച്ചു. എന്നാൽ അവർ ഞങ്ങളെ പോലീസ് കേസിൽ ഉൾപ്പെടുത്തി കുരുക്കാൻ ശ്രമിച്ചു. എന്നാൽ മുതിർന്ന പ്രവർത്തകരുമായി സംസാരിച്ചപ്പോൾ അവരെന്നോട് പറഞ്ഞു. നിനക്ക് ധൈര്യമായും സംസാരിക്കാൻ അറിയാമല്ലോ. ധൈര്യമായും പോകുകയും അവരുടെ ചോദ്യങ്ങൾക്ക് സത്യസന്ധമായും മറുപടി നൽകുക. ആവശ്യമാണെങ്കിൽ മാത്രം ഞങ്ങളെ വിളിച്ചാൽ മതി. ഞങ്ങൾ വന്നുകൊള്ളാം. ധൈര്യം കളയാതെ ഞങ്ങൾ 4 സ്ത്രീകളാണ് പോലീസ് സ്റ്റേഷനിൽ പോയത്. ഞങ്ങൾക്കെതിരായി കുറെ സാമൂഹ്യവിരുദ്ധ പ്രവർത്തകരും കുറെ രാഷ്ട്രീയ നേതാക്കളും. പോലീസ് വാദികളോടും പ്രതികളോടും സംസാരിച്ചു. എന്നോടൊപ്പം വന്ന 4 പേർക്ക് വേണ്ടിയും ഞാനാണ് സംസാരിച്ചത്. അവിടെ വാദി പ്രതിയാവുകയും പ്രതിവാദിയാകുകയും ചെയ്തു. സ്റ്റേഷനിൽ പോകാനും ഉദ്യോഗസ്ഥരുമായി സംസാരിക്കുന്നതിനുമുള്ള ആർജ്ജവം എനിക്കു ലഭിച്ചത്

കുടുംബശ്രീയിൽ നിന്നാണ്. ഈ അടുത്ത കാലത്ത് വായനശാല തെരഞ്ഞെടുപ്പ് വന്നു. അവിടെയും വനിതാ മെമ്പറിന്റെ സ്ഥാനത്തേക്ക് എന്നെ തിരഞ്ഞെടുത്തു. എനിക്കു കിട്ടുന്ന ഓരോ അഭിനന്ദങ്ങളും കുടുംബശ്രീയുടെ കാൽ ചുവട്ടിൽ സമർപ്പിച്ചുകൊണ്ട് നിർത്തുന്നു.

**എന്ന്**

**ഉഷാകുമാരി**

**സമത കുടുംബശ്രി**

**ഒറ്റശേഖര മംഗലം ഗ്രാമപഞ്ചായത്ത്**

## താങ്ങായി തണലായി

കിഴുവിലം ഗ്രാമപഞ്ചായത്തിൽ 10–ാം വാർഡിൽ എസ്.എൻ. ജംഗ്ഷനിൽ കേന്ദ്രമാക്കി 09/06/2001 ൽ ശ്രീദുർഗ്ഗവനിതാ കൂടുംബശ്രി എന്ന നാമത്തിൽ അറിയപ്പെടുന്ന കുടുംബശ്രീ യൂണിറ്റിൽ പ്രസിഡന്റായി പ്രവർത്തിച്ചുതുടങ്ങി. ഒരു സാധാരണ കുടുംബത്തിലെ അംഗമായി ജനിക്കുകയും വിവാഹ ശേഷം വീട്ടിന്റെ പുറത്തു പോകാൻ പോലും കഴിയാത്ത അവസ്ഥയിലായിരുന്നു ഭർത്താവിന്റ വീട്ടിൽ 13 വർഷം ജീവിച്ചു. എന്റെ ജീവിതത്തിൽ സുഖം എന്ത് എന്ന് എനിക്ക് അറിയാൻ പോലും കഴിഞ്ഞില്ല. കാരണം വീട്ടിൽ നിന്നും അവരും വരാറില്ല. ഇവിടെ നിന്നും എന്നെ അയയ്ക്കത്തുമില്ല. ഈ സാഹചര്യത്തിൽ എന്തു ചെയ്യണമെന്നുപോലും എനിക്ക് അറിയില്ലായിരുന്നു. ഞാൻ താമസിക്കുന്ന വീട്ടിനടുത്തുള്ള ഒരു സ്ത്രീ വന്ന് എന്നോട് അയൽക്കൂട്ടത്തിൽ ചേരുന്നോ എന്ന് ചോദിച്ചു. എനിക്ക് താല്പര്യമുണ്ടായിരുന്നു. എന്നാൽ ഭർത്താവിന്റ അച്ഛൻ ആരുമായും ഇടപെടാനും സംസാരിക്കാനും സമ്മതിക്കുന്നില്ല. അതുകൊണ്ട് ആ മോഹം അങ്ങനെ തന്നെ കൊണ്ടുനടന്നു.

2001 മാർച്ചിൽ ഞാനും എന്റെ ഭർത്താവും 3 മക്കളുമായി എന്റെ നാട്ടിൽ (മുടപുരത്ത്) താമസമായി. അതും ചേച്ചിയുടെ വീട്ടിൽ. അവിടെ 10 മാസം താമസിച്ചു അതിനുശേഷം വാടകവീട്ടിൽ 13 മാസം താമസിച്ചു. ആ വീട്ടിൽ താമസിച്ചു കൊണ്ടിരുന്നപ്പോൾ തന്നെ 10 സെന്റ് പുരയിടം സ്വന്തമായി 19000 രുപ മാത്രമാണ് കൈവശമുണ്ടായിരുന്നത്. എന്നാൽ വസ്തുവിന് 216000/– രൂപയായി അത് വാങ്ങുമ്പോൾ. ബാക്കി കാശ് പലിശയ്ക്ക് എടുത്തു. അന്നു മുതൽ തുടങ്ങി എന്റെ ജീവിതത്തിൽ ദുഃഖത്തിന്റ അടിതട്ടിലേക്ക് തന്നെ തള്ളപ്പെട്ടു. പത്തുവർഷം ഞാൻ ഈ രീതിയിൽ കഴിഞ്ഞു. ഇതിനിടയ്ക്ക് 9/06/2001 ൽ ശ്രീദുർഗ്ഗ എന്ന നാമത്തിൽ 20 അംഗങ്ങൾ ചേർന്ന് ഒരു അയൽക്കൂട്ടം രൂപീകരിക്കുകയും അതിന്റെ പ്രസിഡന്റായി എന്നെ സ്ഥാനം ഏൽപിക്കുകയും ചെയ്തു. സത്യത്തിൽ അയൽക്കൂട്ടം തുടങ്ങുമ്പോൾ എന്തുപറയണം എങ്ങനെ മറ്റുള്ളവരോടു പെരുമാറണം എന്നുപോലും എനിക്ക് അറിയില്ലായിരുന്നു. മാത്രവുമല്ല 2 പേർ ഒന്നിച്ച് സംസാരിച്ചാൽ അതിനു മറുപടി പറയാൻ പോലും അറിയാത്ത അവസ്ഥയിലായിരുന്നു ഞാൻ ആദ്യമായി അയൽക്കൂട്ടത്തിൽ പ്രസിഡന്റ് ആയത്.

എന്നാൽ എ.ഡി.എസിന്റെ സെക്രട്ടറിയായി 2002ൽ സ്ഥാനമേറ്റു. അതിനുശേഷം കുടുംബശ്രീയുടെ പരിപാടികൾക്ക് പുറമേ ആരോഗ്യക്ലാസ്, ബോധവൽക്കരണം,

പഞ്ചായത്തുതല പരിപാടികൾ എന്നിവയ്ക്കൊക്കെ സജീവമായി പങ്കെടുക്കുകയും അതുപോലെ രാഷ്ട്രീയ പ്രവർത്തനത്തിലും പങ്കെടുക്കാൻ കഴിഞ്ഞിട്ടുണ്ട്.

2007 –ൽ 10–ാം വാർഡിൽ നിന്നും സി.ഡി.എസ് മെമ്പറായി വരുകയും പഞ്ചായത്തിന്റെ ഏതു പ്രവർത്തനത്തിനും മുൻകൈ എടുത്തു വാർഡിനുവേണ്ടിയും കുടുംബശ്രീക്കു വേണ്ടിയും പ്രവർത്തിക്കാൻ എനിക്ക് അവസരം കിട്ടി. എന്റെ വാർഡിൽ എ.ഡി.എസിൽ ഞാൻ വരുമ്പോൾ ആകെ 7 അയൽക്കൂട്ടങ്ങൾ ഉണ്ടായിരുന്നുള്ളു. എന്നാൽ എന്റെയും എ.ഡി.എസ് പ്രവത്തകരുടേയും വിപുലമായ പ്രവർത്തനത്തിന്റെ ഭാഗമായി 19 അയൽക്കൂട്ടങ്ങൾ സംഘടിപ്പിക്കാൻ കഴിഞ്ഞു. ഞാൻ കുടുംബശ്രീയിൽ വരുന്നതിനുമുമ്പ് ഒരു തയ്യൽക്കട നടത്തിവന്നിരുന്നതും, കുട്ടികളെ തയ്യൽ പഠിപ്പിച്ചുമായിരുന്നു ഒരു കൊച്ച് കുടുംബത്തിനെ പോറ്റികൊണ്ടുപോവുകയായിരുന്നു. അന്ന് എന്റെ ഭർത്താവ് ഗൾഫിലായിരുന്നു. എന്നാൽ അവിടെ നിന്നും അയക്കുന്ന കാശ് പലിശ കൊടുക്കുവാൻ മാത്രമേ ഉണ്ടായിരുന്നുള്ളു. ആ കാലഘട്ടത്തിൽ എന്റെ മക്കൾ ഒരു നേരത്തെ ഭക്ഷണത്തിനുപോലും ദുഃഖിച്ച സമയമുണ്ടായിരുന്നു. ജോലി ചെയ്യുന്ന കാശ് മുഴുവനും പലിശക്കാർക്ക് കെടുത്താലും സമാധാനമില്ലാത്ത അവസ്ഥകളിൽ എന്റെ കുട്ടികളെയും കൊണ്ട് മരിക്കാൻ ഞാൻ പലവട്ടം ശ്രമിച്ചിട്ടുണ്ട്. ആക്ഷേപം കൊണ്ട് ജീവിക്കാൻ പറ്റാത്തതുകൊണ്ട് അങ്ങനെ ഇരിക്കുമ്പോഴാണ് കുടുംബശ്രീയിൽ ചേർന്നത്. കാരണം അത്ര സമയമെങ്കിലും കടത്തിനെ കുറിച്ചും മറ്റുള്ളവയെക്കുറിച്ചും ചിന്തിക്കാതിരിക്കാമല്ലോ എന്ന് എന്റെ ജീവിതത്തിനു തന്നെ മാറ്റം വന്നതു കാരണം അതിനെക്കുറിച്ചൊന്നും ചിന്തിക്കാനുള്ള സമയം ഇപ്പോൾ കുടുംബശ്രീ വന്നപ്പോൾ കിട്ടുന്നില്ല. എന്റെ വാർഡിൽ ഇനി എന്തു കുടുംബശ്രീക്ക് ചെയ്തുകൊടുക്കാൻ പറ്റും എന്നുമാത്രമായി മനസ്സിൽ. 2010 ആയപ്പോൾ എന്റെ ഭർത്താവിന് ഒരു വിധം തെറ്റില്ലാത്ത രീതിയിൽ ശമ്പളം കിട്ടി തുടങ്ങി. അങ്ങനെ പലിശക്കാരെ കുറെയൊക്കെ ഒഴിവാക്കാൻ കഴിഞ്ഞു. എന്നാൽ എന്റെ കുട്ടികളുടെ പഠിത്ത കാര്യത്തിൽ യാതൊരുവിധ വിട്ടു വീഴ്ചയുമില്ലാതെ തന്നെ നടത്തി. ഇപ്പോൾ മൂത്തമകൾ ബി.എസ്സ്.സി നഴ്സിംഗ് കഴിഞ്ഞ്. 2–ാമത്തെ മകൾ ബി.കോം, ഇളയമകൾ ബി. എയ്ക്ക്.

2012–ൽ കിഴുവിലം ഗ്രാമപഞ്ചായത്ത് തദ്ദേശസ്വയംഭരണ തെരഞ്ഞെടുപ്പിൽ സി.ഡി.എസ് ചെയർപേഴ്സണായ ശ്രീമതി.വിനീത 16–ാം വാർഡിൽ നിന്നും മത്സരിക്കുകയും പഞ്ചായത്ത് പ്രസിഡന്റായി സ്ഥാനം ഏൽക്കുകയും ചെയ്തു. ആ ഒഴിവിലേക്ക് താല്ക്കാലികമായി സി.ഡി.എസ് ചെയർപേഴ്സൺ ആയി എന്നെ

സ്ഥാനമേൽപ്പിച്ചു. അതിനുശേഷം വീണ്ടും തെരഞ്ഞെടുപ്പ് 2012 ജനുവരിയിൽ വന്നു. അതിൽ 16 വാർഡിന്റെ ഭൂരിപക്ഷത്തിൽ സി.ഡി.എസ് ചെയർപേഴ്സണായി തിരിച്ചുവരുകയും ചെയ്തു. സത്യത്തിൽ ഇന്ന് 20 വാർഡിലും പോകാനും അവരുടെ പ്രവർത്തനങ്ങൾ നോക്കികാണാനും അവരുടെ ദുഖങ്ങളിൽ പങ്കുചേരാനും കഴിയുന്നുണ്ട്. മാത്രവുമല്ല എനിക്ക് ആദ്യം ഈ സ്ഥാനം കിട്ടിയപ്പോൾ എന്തു ചെയ്യണമെന്നുപോലും അറിയില്ല. ആരോടും അധികം സംസാരിക്കാത്ത പ്രകൃതമായിരുന്നു. അതിനുശേഷം അയൽക്കാരുമായി പരിചയപ്പെടാനും കാര്യങ്ങൾ കൈകാര്യം ചെയ്യുവാനുമുള്ള ധൈര്യം കൈവന്നു. മാത്രമല്ല. കിഴുവിലം ഗ്രാമ പഞ്ചായത്തിൽ മാത്രം ഒരു പ്രത്യേകത സി.ഡി.എസ് മെമ്പർമാർ മാത്രം ചേർന്ന്(10) കൊണ്ട് ഒരു കമ്മിറ്റി രൂപീകരിച്ച് അതിൽ നിന്നും 4 പേർ ചേർന്ന് ഒരു മാർജിൻഫ്രീ സൂപ്പർ മാർക്കറ്റ് ആരംഭിച്ചു. അത് 114 അയൽക്കൂട്ടങ്ങളിൽ നിന്നും 2000 രൂപ വീതം സമാഹരിച്ചുകൊണ്ട് തുടങ്ങിയത്. അതിനുശേഷം കച്ചവടം കുടുംബശ്രീകളിൽ നിന്നും ഒന്നിച്ചു സാധനങ്ങൾ വാങ്ങാൻ എത്തുന്നതുകൊണ്ട്, സി.ഡി.എസ് മെമ്പർ ചേർന്ന് നടത്തുന്ന മാർജിൻഫ്രീ സൂപ്പർമാർക്കറ്റാണ് കിഴുവിലം ഗ്രാമപഞ്ചായത്തിൽ നമ്മുടെ മാർജിൻഫ്രീ സുപ്പർമാർക്കറ്റിൽ നിന്നും 1000 രൂപ വീതം കുടുംബശ്രീക്ക് തിരികെ നൽകി. ആകെ സാമ്പത്തികമായി ബുദ്ധമുട്ടി നിൽക്കുന്ന സമയത്താണ് കിഴുവിലം പഞ്ചായത്തിൽ അംഗനവാടി സി.ഡി.എസ് സൂപ്പർവൈസറായ ശ്രീമതി. താഹിറ സ്ഥാനം ഏറ്റത്. ആ മാഡത്തിന്റ സഹായത്തോടെ ഇന്നും മാർജിൻഫ്രീ നിലനിന്നുപോകുന്നു. എനിക്ക് മറക്കാൻ കഴിയാത്ത ഒരു സഹോദരിയാണ് ശ്രീമതി താഹിറബീഗം. ഞാൻ സി.ഡി.എസ് ചെയർപേഴ്സണായി സ്ഥാനമേൽക്കുമ്പോൾ 249 അയൽക്കൂട്ടങ്ങൾ ഉണ്ടായിരുന്നു. ഇപ്പോൾ 291 അയൽക്കൂട്ടമാണ് ഉള്ളത്. ഈ കുടുംബശ്രീയിൽ വന്നതിനുശേഷമാണ് എന്നെ തന്നെ എനിക്ക് തിരിച്ചറിയാൻ കഴിഞ്ഞത്. എനിക്ക് ഈ ഒരു അനുഭവകുറിപ്പ് എഴുതാൻ തന്നെ കഴിഞ്ഞത് എന്റെ കുടുംബശ്രീയിലൂടെ കിട്ടിയ അറിവുകളാണ്. ഇല്ലെങ്കിൽ ഞാനും എന്റെ കുടുംബവും എന്നേ ഈ ഭൂമുഖത്ത് നിന്നും മാഞ്ഞു പോയേനെ. ആയതിനാൽ ഈ കുടുംബശ്രീയോട് എന്നും കടപ്പെട്ടിരിക്കുന്നു.

**ശ്രീദേവി**

**സി.ഡി.എസ് ചെയർപേഴ്സൺ**

**കിഴുവിലം ഗ്രാമപഞ്ചായത്ത്**

## ഇരുളിൽ നിന്ന് വെളിച്ചത്തിലേക്ക്

ഇന്ന് ഞാൻ മംഗലപുരം പഞ്ചായത്തിലെ ഒരു മെമ്പറാണ്. എന്നം ഇന്നത്തെ ഞാൻ ആക്കിയത് കുടുംബശ്രീയാണ്. കുടുംബശ്രീ ഇല്ലായിരുന്നുവെങ്കിൽ ഞാൻ അടുക്കള ചുമരുകൾക്കുള്ളിൽ ഒതുങ്ങിപോയേനേ. വീട്ടിൽ വെറുതേ ഇരുന്ന് സമയം പാഴാക്കാതം എന്തെങ്കിലും ചെയ്യണമെന്ന മോഹം കലശലായപ്പോഴാണ് കുടുംബശ്രീയുടെ രംഗപ്രവേശം. അങ്ങനെ വീടിനടുത്തുള്ള കുടുംബശ്രീയിൽ അംഗമാകുകയും അവർ എന്നെ പ്രസിഡന്റാക്കുകയും ചെയ്തു. പിന്നീട് എ.ഡി.എസ് പ്രസിഡന്റ് സി.ഡി.എസ് പഞ്ചായത്തിന്റെ ആദ്യത്തെ ചെയർപേഴ്സമ് എന്നിങ്ങനെ എന്റെ പ്രവർത്തന മേഖല വലുതായി കൊണ്ടിരുന്നു. എനിക്ക് ഇതൊന്നും ജോലി ഭാരമായി തോന്നിയിട്ടില്ല. എനിക്ക് ഇഷ്ടപ്പെട്ട മേഖല ആയതിനാൽ ഞാൻ ഈ ജോലികളെല്ലാം ആസ്വദിച്ചാണ് ചെയ്തിരുന്നത്. സുഖദുഃഖ സമ്മിശ്രമായ കുടുംബ ജീവിതത്തിന്റെ ദുഃഖങ്ങൾക്ക് കുടുംബശ്രീ പ്രവർത്തനം ഒരു ലേപനമായി. സി.ഡി.എസ് ചെയർപേഴ്സണായ സമയത്ത് മംഗലപുരം പഞ്ചായത്തിലെ എല്ലാ വാർഡുകളിലെയും കുടുംബശ്രീ യൂണീറ്റുകൾ സന്ദർശിക്കാനും അവരുടെ പ്രശ്നങ്ങളിൽ ഇടപെടാനും പ്രശ്നങ്ങൾ പരിഹരിക്കാനും അവസരങ്ങൾ ഉണ്ടായിട്ടുണ്ട്. ജില്ലാ മിഷൻ നൽകിയ പരിശീലനങ്ങളിൽ പങ്കെടുത്തത് കൊണ്ട് കാര്യങ്ങളെല്ലാം മനസ്സിലാക്കാനും ഇന്നത്തെ നിലയിലേയ്ക്ക് ഉയരുവാനും കഴിഞ്ഞു. കുടുംബശ്രീയിൽ പ്രവർത്തിച്ചപ്പോൾ നേടിയ അറിവ് ജനങ്ങളോട് നല്ല രീതിയിൽ ഇടപെടാൻ എന്നെ സഹായിച്ചു. അതുകൊണ്ടാണ് വൻ ഭൂരിപക്ഷത്തോടെ പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ ജയിക്കാൻ കഴിഞ്ഞത്. ഇതെല്ലാം എന്റെ ജീവിത യാഥാർത്ഥ്യങ്ങൾ.

സി.ഡി.എസ് ചെയർപേഴ്സൺ ആയിരുന്നപ്പോൾ ധാരാളം അനുഭവങ്ങൾ ഉണ്ടായിട്ടുണ്ട്. എല്ലാ വാർഡുകളിലും കുടുംബശ്രീ രൂപീകരിക്കാനും പ്രശ്നങ്ങൾ പരിഹരിക്കാനും കുടുംബശ്രീ യൂണിറ്റുകളിൽ പോകുമായിരുന്നു. അപ്പോൾ പല തരത്തിലുള്ളവരെയും കാണാൻ കഴിഞ്ഞിട്ടുണ്ട്. ഭർത്താവിനെ ഒളിച്ച് വരുന്നവർ, ഭർത്താവിന്റേയും ഭർതൃമാതാവിന്റേയും പീഢനങ്ങൾ ഏൽക്കുന്നവർ, രോഗിയായ ഭർത്താവിനേയും കുട്ടികളേയും കൊണ്ട് കഷ്ടപ്പെടുന്നവർ, അപൂർവ്വമെങ്കിലും മദ്യപിക്കുന്ന സ്ത്രീകൾ, വീട്ടിൽ എല്ലാ സൗകര്യമുണ്ടെങ്കിലും ഒരു രൂപ പോലും ചെലവഴിക്കാൻ സ്വാതന്ത്ര്യമില്ലാത്തവർ എന്നിങ്ങനെ പല തട്ടിലുള്ള മുഖങ്ങൾ കാണാൻ കഴിഞ്ഞിട്ടുണ്ട്. ഇവരുടെയെല്ലാം പ്രശ്നങ്ങൾ കുടുംബശ്രീയിൽ കൂടി ഒരു പരിധി വരെ മോചനം നേടാൻ കഴിഞ്ഞിട്ടുണ്ട്. ഞാൻ അവരോടൊപ്പം അവരുടെ ഒരു

കൂട്ടുകാരിയായി ഒരു കുടുംബത്തിലെ അംഗമായി സഹായിച്ചിട്ടുണ്ട്. അതിന് എന്നെ പ്രാപ്തയാക്കിയത് ജില്ലാ മിഷനിൽ നിന്നുള്ള ക്ലാസുകളാണ്. ആദ്യകാലത്ത് പല പുരുഷൻമാരും കുടുംബശ്രീയെ എതിർത്തിരുന്നു. ഇപ്പോൾ സ്ത്രീകളുടെ അവകാശമായി അംഗീകരിക്കാൻ തുടങ്ങി. കുടുംബശ്രീ എ.ഡി.എസ്, സി.ഡി.എസ്കളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ടു വന്ന വനിതാ മെമ്പർമാർക്ക് കൂടുതൽ ജനസ്വാധീനമുണ്ടെന്നുള്ളതും എന്റെ നേരിട്ടനുഭവമാണ്.

**വനജകുമാരി**
**വാർഡ് മെമ്പർ**
**മംഗലപുരം ഗ്രാമപഞ്ചായത്ത്**

## അടുക്കളയിൽ നിന്നും അധികാരത്തിലേക്ക്

അമൃത കുടുംബശ്രീയിലെ ഒരംഗമാണ് ഞാൻ. എന്റെ അനുഭവത്തിൽ കുടുംബശ്രീയിൽ ആദ്യമായി വന്നപ്പോൾ ഒരുപാട് പോരായ്മകൾ എനിക്കുണ്ടായിരുന്നു. സംസാരിക്കാനും ഇടപെടാനുമൊക്കെ ഒരുപാട് ബുദ്ധിമുട്ടി. പക്ഷെ ആഴ്ച തോറുമുള്ള ഞങ്ങളുടെ കൂടികാഴ്ച, ചർച്ച, പൊതുകാര്യങ്ങളിൽ ഉള്ള ഞങ്ങളുടെ ഇടപെടൽ ഇതെല്ലാം, പൊതുജന മദ്ധ്യത്ത് നിന്ന് സംസാരിക്കനുള്ള ശക്തി നേടി തന്നു. അടുക്കളയിൽ മാത്രം ഒതുങ്ങി കൂടിയിരുന്ന എനിക്ക് പുതുജീവൻ നൽകിയത് കുടുംബശ്രീയാണ്. അതുപോലെ ബാങ്കു കാര്യങ്ങളിൽ എനിക്ക് കൂടുതൽ അറിവ് നേടുവാൻ എനിക്ക് സാധിച്ചു.

ഈ കുടുംബശ്രീ ഞങ്ങൾക്ക് തന്ന ധൈര്യം വളരെ വലുതാണ്. കാരണം സാമ്പത്തിക ബുദ്ധിമുട്ടുകൾ അനുഭവിക്കുന്ന പലർക്കും ഒരു കൈതാങ്ങായി ഇന്ന് കുടുംബശ്രീ മാറികൊണ്ടിരിക്കുകയാണ്. അതുപോലെ കൃഷി ഒരനുഗ്രഹമായി ഞങ്ങൾക്ക്. സംഘം ചേർന്നുള്ള കൃഷി രീതികൾക്ക് ഞങ്ങളുടെ ജീവിതം തന്നെ മെച്ചപ്പെടുത്താൻ കഴിയുന്നുണ്ട്. തൊഴിലുറപ്പ് പദ്ധതി വന്നതോടെ എല്ലാപേർക്കും തൊഴിൽ ലഭിക്കുകയും ജീവിത നിലവാരം ഉയർത്താനും സാധിച്ചു.

കുടുംബശ്രീ എന്ന മഹാപ്രസ്ഥാനം ഏറ്റവും കൂടുതൽ ധന്യമാക്കിയത് സ്ത്രീകളുടെ പദവി ഉയർത്തി എന്നതാണ്. സ്ത്രീ പദവി സ്വയം പഠനം പ്രക്രീയയിലൂടെ സ്ത്രീകളുടെ പദവി എന്താണെന്ന് അവർക്ക് സ്വയം മനസ്സിലാക്കാനുള്ള വിലയേറിയ അവസരം വന്നു ചേർന്നു. അതുകൊണ്ട് മാത്രം അടുക്കളയിൽ മാത്രം കഴിയേണ്ടവരല്ല, മറിച്ച് സമൂഹത്തിൽ ഇറങ്ങി അർഹമായ പദവി പിടിച്ച് പറ്റണം എന്ന് മനസ്സിലാക്കുവാൻ കഴിഞ്ഞു.

എന്റെ അനുഭവത്തിൽ കുടുംബശ്രീ പ്രസ്ഥാനത്തിലൂടെ എനിക്ക് നല്ല അനുഭവങ്ങൾ ഉണ്ടായി. 8 വർഷം കുടുംബശ്രീയിലൂടെയുള്ള എന്റെ പ്രവർത്തനം എന്നെ ഇലകമൺ ഗ്രാമപഞ്ചായത്തിന്റെ വൈസ് പ്രസിഡന്റാക്കി ഉയർത്തി. ഈ പരമോന്നത സ്ഥാനം നേടിതന്നത് കുടുംബശ്രീ പ്രസ്ഥാനമാണെന്ന് അഭിമാനപൂർവ്വം ഞാൻ ഓർക്കുന്നു. കുടുംബശ്രീ മഹത്തായ പ്രസ്ഥാനമാണ്. പലർക്കും വളരെ നിസാരമെന്ന് കണ്ടിരുന്ന കുടുംബശ്രീ ഇന്ന് വളർന്ന് വളർന്ന് വലിയ ഒരു രക്ഷാകവചമായി മാറിയിരിക്കുന്നു. ഏതു വേദിയിലും അഭിമാനപൂർവ്വം എനിക്ക് പറയാൻ സാധിക്കും കുടുംബശ്രീ മഹത്തരങ്ങളിൽ മഹത്തായ പ്രസ്ഥാനമാണെന്ന്.

**ചന്ദ്രിക**

**അമൃത കുടുംബശ്രീ, ഇലകമൺ ഗ്രാമപഞ്ചായത്ത്**

## അരങ്ങിലെ വെട്ടം

എന്റെ പേര് മഞ്ജു.എം.എസ്. മഹാദേവ അയൽക്കൂട്ടത്തിലെ സെക്രട്ടറി ആയിരുന്നു. അച്ഛൻ, അമ്മ, സഹോദരി, സഹോദരൻ, ഭർത്താവ്, 2 മക്കൾ അടങ്ങുന്നതാണ് എന്റെ കുടുംബം. 1999 ൽ ആദ്യം അയൽക്കൂട്ടം കൂടുകയും അത് നല്ല പ്രവർത്തനങ്ങൾ ഒന്നും ഇല്ലാത്ത അവസ്ഥയുമായിരുന്നു. 2000 മാണ്ടിൽ അന്നത്തെ വാർഡ് കൗൺസിലറായിരുന്ന ശ്രീമതി. ശ്രീകല അവർകളുടെ അദ്ധ്യക്ഷതയിൽ ടി അയൽക്കൂട്ടം വിളിച്ചു ചേർക്കുകയും 20 പേരടങ്ങുന്ന കമ്മിറ്റിയിൽ എന്നെ സെക്രട്ടറിയായി തെരഞ്ഞെടുക്കുകയും ചെയ്തു. പ്രസിഡന്റ് ബിജു കെ.ആർ. ആദ്യം ഇതിനെ കുറിച്ച് ഒന്നും അറിയില്ലായിരുന്നു. ബാങ്കിൽ പോകുവാനും ഒക്കെ പേടിയായിരുന്നു. സാവകാശം ഇതെല്ലാം മാറി. കുടുംബശ്രീയുടെ പ്രവർത്തനങ്ങളിൽ സജീവമാകുകയും ചെയ്തു. 2 വർഷം കഴിഞ്ഞപ്പോൾ എ.ഡി.എസ് ചെയർപേഴ്സൺ ആയി തെരഞ്ഞെടുത്തു. മൂന്ന് വാർഡ് കേന്ദ്രീകരിച്ചായിരുന്നു പ്രവർത്തനം. ആദ്യം 8 അയൽക്കൂട്ടങ്ങൾ ആയിരുന്നു മൂന്ന് വാർഡിലും. പാവപ്പെട്ട ആളുകളുടെ പ്രശ്നങ്ങൾ മനസ്സിലാക്കുവാനും സ്വയംതൊഴിൽ ചെയ്യുന്നതിന് വേണ്ടി വനിതകളെ പ്രാപ്തരാക്കി. അവർക്ക് യു.എസ്.ഇ.പി ലോണുകൾ എടുത്തു കൊടുക്കുവാനും കഴിഞ്ഞിട്ടുണ്ട്. വീണ്ടും ഇലക്ഷൻ വന്നപ്പോൾ ഞാൻ തന്നെ തെരഞ്ഞെടുക്കപ്പെട്ടു. ഈ സമയത്താണ് എന്റെ സഹോദരിയുടെ വിവാഹം. അച്ഛൻ ജന്മനാൽ വികലാംഗനാണ്. അമ്മ കൂലിപ്പണി, സഹോദരൻ ടി സമയം ഗൾഫിൽ പോയി. എന്റെ ഭർത്താവും വിദേശത്തായിരുന്നു. സഹോദരിയുടെ വിവാഹം ഉറപ്പിച്ചു. ഇത് നടത്തുവാൻ തന്നെ ആരും കുടുംബത്തിൽ ഇല്ലായിരുന്നു. കുടുംബശ്രീയിൽ അന്നുണ്ടായിരുന്ന പി.ഒ. ഇന്ദിര മാഡം, എൽ.ഡി.എസ് പ്രസിഡന്റ് ശ്രീമതി ഗിരിജ, മറ്റ് എ.ഡി.എസ്. പ്രവർത്തകർ എന്നിവരുടെ പിൻതുണയോടെ ഞാൻ തന്നെ മുന്നിൽ നിന്നു വിവാഹം നടത്തിച്ചു. ടി കാലയളവിൽ അന്ന് ചിറയിൻകീഴ് താലൂക്ക് ലീഗൽ സർവ്വീസ് സൊസൈറ്റി (കെൽസി) നിന്നും കുടുംബശ്രീയിൽ നിന്നും ഒരാളിനെ പാരാ ലീഗൽ വോളണ്ടിയർ ആയി തെരഞ്ഞെടുത്തു. അങ്ങനെ കമ്മിറ്റി കൂടി എന്നെയാണ് തെരഞ്ഞെടുത്തത്. ഇതിന് ട്രെയിനിംഗ് ഉണ്ടായിരുന്നു. നല്ല അഡ്വക്കേറ്റുമാരാണ് ക്ലാസ് നയിച്ചത്. അപ്പോൾ എല്ലാ തലങ്ങളിലും ഇടപെടുവാൻ കുടുംബശ്രീ മുഖേന എനിക്ക് സാധിച്ചു. കേസുകൾ കോടതിയിൽ പോകാതെ ഒത്തു തീർപ്പുകൾ ചെയ്യുവാനും സമൂഹത്തിലെ കുറച്ചുപേരെ എനിക്ക് സഹായിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഇതെല്ലാം ഞാൻ കുടുംബശ്രീയിൽ നിന്നും നേടിയതാണ്. എന്റെ വീട് ഒരു ഓല കെട്ടിടമായിരുന്നു. മഴ പെയ്യുന്ന സമയം

രാത്രിയാണെങ്കിൽ കുട്ടികളെയും കൊണ്ട് എഴുന്നേറ്റ് ഇരിക്കുന്ന അവസ്ഥയായിരുന്നു. ചോർന്നൊലിക്കുന്ന കെട്ടിടം. അപ്പോഴാണ് ഐ.എച്ച്. എസ്.ഡി.പി പദ്ധതി പ്രകാരം ഭവനനിർമ്മാണമൊക്കെ വന്നത്. അങ്ങനെ എനിക്ക് ഒരു വീട് കിട്ടി. വീട് വാർത്ത് ഇട്ടു. പണി തീർന്നില്ല. എങ്കിൽ പോലും ടി കെട്ടിടത്തിൽ കിടക്കുമ്പോൾ എനിക്ക് അഭിമാനമുണ്ട്. അതുപോലെ വീടില്ലാത്ത പല വനിതകൾക്കും വീട് കുടുംബശ്രീ വഴി നൽകുവാൻ കഴിഞ്ഞിട്ടുണ്ട്. ഇങ്ങനെ 2010 ൽ നഗരസഭ വാർഡ് ഇലക്ഷൻ വന്നു. എനിക്ക് കുടുംബശ്രീ വഴി ജനങ്ങൾക്കിടയിലുള്ള വിശ്വാസം കൊണ്ടും എനിക്ക് ഇലക്ഷനിൽ മത്സരിക്കുവാൻ സീറ്റ് കിട്ടി. ഏറ്റവും കൂടുതൽ സ്ത്രീകളുടെ വോട്ടും വമ്പിച്ച ഭൂരിപക്ഷത്തോടും കൂടി വിജയിക്കാൻ സാധിച്ചു. ഇത് എനിക്ക് നേടാൻ കഴിഞ്ഞത് കുടുംബശ്രീ പ്രവർത്തനം കൊണ്ടാണ്. ഇതിൽ ഞാൻ അഭിമാനം കൊള്ളുന്നു.

എന്ന്

**മഞ്ജു.എം.എസ്**

**മഹാദേവ അയൽക്കൂട്ടം**

**ആറ്റിങ്ങൽ മുനിസിപ്പാലിറ്റി**

## കുടുംബശ്രീയിലൂടെ ഒരു ശാക്തീകരണം.

എന്റെ പേര് സിന്ധു. ഞാൻ കല്ലിയൂർ ഗ്രാമപഞ്ചായത്തിലെ പതിനൊന്നാം വാർഡായ പകലൂരിലെ താമസക്കാരിയും സൗഹൃദ കുടുംബശ്രീയിലെ സെക്രട്ടറിയും, ആ വാർഡിലെ, സി.ഡി. എസ് അംഗവുമാണ്.

എന്റെ കുടുംബശ്രീ രൂപീകരിച്ചിട്ട് 12 വർഷമാകുന്നു. ഈ കുടുംബശ്രീ രൂപീകരിക്കുന്നതിന് മുന്നിട്ടു നിന്നതും ഞാൻ തന്നെയാണ്. ഈ കുടുംബശ്രീയുടെ ആദ്യത്തെ സെക്രട്ടറിയായിരുന്ന കാലം എന്റെ ഭർത്താവറിയാതെയാണ് ഞാൻ കമ്മിറ്റികളിൽ പങ്കെടുത്തിരുന്നതും, കണക്കുകൾ എഴുതിയിരുന്നതും. ഞാൻ ആഗ്രഹിച്ച രീതിയിലുള്ള ഒരു വിവാഹജീവിതമല്ലാത്തതിനാൽ വിഷമിച്ചു കഴിഞ്ഞിരുന്ന കാലമായിരുന്നു. എന്റെ രണ്ട് ആൺമക്കളെ നോക്കിയും വീട്ടിലെ കാര്യങ്ങൾ ചെയ്തും കഴിഞ്ഞിരുന്ന കാലത്താണ് കുടുംബശ്രീയിൽ വന്നത്.

ഭർത്താവ് ജോലി കഴിഞ്ഞ് നേരത്തെ വന്നാൽ ആ ആഴ്ച കുടുംബശ്രീയ്ക്ക് പോകാൻ കഴിയില്ല. കമ്മിറ്റിക്ക് പോട്ടേ എന്നുചോദിച്ചാൽ മദ്യപിച്ചു വരുന്ന ദിവസമാണെങ്കിൽ, ഏത് കമ്മറ്റി മര്യാദയ്ക്ക് വീട്ടിലിരിക്കാൻ നോക്ക് എന്നു പറഞ്ഞ് വഴക്കായിരിക്കും. ഞാൻ ബുക്കുകൾ അമ്മയുടെ കൈവശം കൊടുത്ത് അയയ്ക്കും. കുടുംബശ്രീയുടെ സ്ത്രീശാക്തീകരണം ക്ലാസ്സുകളിൽ ഞാൻ പങ്കെടുക്കുകയും മറ്റും ചെയ്യുകയുണ്ടായപ്പോൾ കമ്മിറ്റിക്ക് എനിക്ക് പോയേ തീരു എന്നു പറയാൻ ധൈര്യം ഉണ്ടായി.

എനിക്ക് സാമ്പത്തികമായി കുടുംബശ്രീയിൽ വന്നതോടേ മാറ്റങ്ങൾ ഉണ്ടാകാനും കരുത്ത് ആർജ്ജിക്കുവാനും കഴിഞ്ഞു. ഇന്ന് എനിക്ക് ഇന്നത്തെ പ്രോഗ്രാമുകൾ എന്തൊക്കെയാണ് എന്ന് എന്റെ ഭർത്താവ് ചോദിക്കുന്നതിലേക്കു മാറാൻ കഴിഞ്ഞു.

ഭർത്താവിന്റ അടിമയെപ്പോലെ ജീവിച്ച ഞാനിന്ന് ആശാ വർക്കറും മേറ്റു, സി.ഡി.എസ് അംഗവും കൂടാതെ എൽ.ഐ.സി ഏജന്റും ആണ്. ഒരു മിനിറ്റു പോലും എനിക്ക് പാഴാക്കാനില്ല. പഴയ ജീവിത രീതികളിൽ ദുഃഖിച്ചു കഴിയാനും

എനിക്ക് സമയമില്ല. എല്ലാത്തിനും എനിക്ക് പ്രചോദനം കുടുംബശ്രീ പ്രവർത്തനമാണ്.

എനിക്ക് ഡ്രൈവിംഗ് പഠിക്കാനും സ്വന്തമായി ഒരു ടു വീലർ വാങ്ങുന്നതിനും കഴിഞ്ഞിട്ടുണ്ട്. എന്റെ വീട്ടിലെ ഏത് ആവശ്യത്തിനും കുടുംബശ്രീ, സഹോദരങ്ങളെ കൊണ്ട് നിറയുന്നത് എന്റെ ബന്ധുക്കൾ പോലും അസൂയയോടെ വീക്ഷിക്കും. എല്ലാത്തിനും പ്രചോദനമേകുന്ന കുടുംബശ്രീയെക്കുറിച്ചു പറയാൻ വാക്കുകൾ അതീതമാണ്.

എന്റെ ഈ മാറ്റം സമൂഹം അംഗീകരിക്കുകയും ഓരോരുത്തരും കുടുംബശ്രീകളിൽ ചേരുന്നതിന് തയ്യാറാകുകയും ചെയ്യുന്നുണ്ട്. എന്നാൽ കഴിയുന്ന സഹായങ്ങൾ ഞാൻ ഏവർക്കും ചെയ്തുകൊടുക്കുന്നുമുണ്ട്.

എന്റെ ഭർതൃഗൃഹത്തിലുള്ള എല്ലാവരും എന്നെ കണ്ട് കുടുംബശ്രീകളിൽ ചേരാൻ തയ്യാറായിട്ടുണ്ട്.

എന്റെ മാറ്റത്തിന്റെയും വിജയത്തിന്റെയും പ്രചോദനം കുടുംബശ്രീ പ്രവർത്തനമാണ്. കുടുംബശ്രീയെകുറിച്ച് പറഞ്ഞാലും എഴുതിയാലും എനിക്ക് മതിയാകില്ല . തൽക്കാലം ഇത്രയുമായി ചുരുക്കുകയാണ്.

**സിന്ധു ജി എസ്**
**സൗഹൃദ കുടുംബശ്രീ**
**കല്ലിയൂർ ഗ്രാമപഞ്ചായത്ത്**

# അനുഭവമേ സത്യം

18–05–2012 എന്റെ ജീവിതത്തിന്റെ തന്നെ വഴിതിരിവായ ഒരു ദിവസം ആയിരുന്നു. 10 വർഷത്തോളമായി വിജയകരമായ നേട്ടങ്ങൾ കൈവരിച്ച ദേവി സ്വയം സഹായ സംഘത്തിന്റെ രൂപീകരണം നടന്നത്. ആദ്യകാലങ്ങളിൽ ഇതിനെക്കുറിച്ച് ഒരു ധാരണയും ഇല്ലായിരുന്നു. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് വേണ്ടി തുടങ്ങിയ സംരഭം എ.പി.എൽ, ബി.പി.എൽ വ്യത്യാസമില്ലാതെ എല്ലാ ആൾക്കാർക്കും ഈ സംരംഭത്തിൽ ചേരാം. സ്ത്രീകളുടെ കൂട്ടായ്മയാണ് ഈ സംരംഭം കൊണ്ട് ഉദ്ദേശിക്കുന്നത്.

സംഘം രൂപീകരിക്കുന്നതിന്റെ ഗുണവും അതിന്റെ നേട്ടവും അതിൽ നിന്ന് നമുക്ക് ലഭിക്കുന്ന അറിവും അന്തസ്സുള്ള ഒരു ജീവിതവും ലഭിക്കുന്നതിനെ കുറിച്ച് എനിക്ക് ആദ്യമായി പറഞ്ഞ് തന്നത് അന്നത്തെ പഞ്ചായത്ത് പ്രസിഡന്റ് ബെനറ്റ് വൈ ഗോമസ് ആയിരുന്നു. എനിക്ക് അതിൽ നിന്ന് പഞ്ചായത്ത് വഴി പല ക്ലാസ്സുകളിലും വച്ച് കിട്ടിയ അറിവ് എന്റെ കുടുംബശ്രീയിലെ സ്ത്രീകളോട് പങ്ക് വയ്ക്കുകയും എല്ലാപേരുടേയും അഭിപ്രായം സംഘം രൂപീകരണം തന്നെ ആയിരുന്നു. 23 അംഗങ്ങൾ അപ്പോഴും ഇപ്പോഴും ഉണ്ടായിരുന്നു. അതിൽ നിന്ന് പ്രസിഡന്റ്, സെക്രട്ടറി, 5 ഭരണസമിതി അംഗങ്ങൾ എന്നിവരെ തെരഞ്ഞെടുത്തു. 10 രൂപ ത്രിഫ്റ്റ് സ്വരൂപിച്ചത് ഇന്ന് 2 ലക്ഷത്തോളം ആസ്തിയുള്ള ഒരു കുടുംബശ്രീയാണ്. അന്നത്തെ പഞ്ചായത്ത് പ്രസിഡന്റ്, ബെനറ്റ് വൈ ഗോമസ്, വൈസ് പ്രസിഡന്റ് കരുണാകരൻ സാർ, വി.ഇ.ഒ.ശ്രീകണ്ഠൻ സാർ എന്നിവരുടെ പിൻബലമാണ് സംഘത്തിന്റെ അടിത്തറ ശക്തമാക്കാൻ സഹായിച്ചത്. ദാരിദ്ര്യ നിർമ്മാർജ്ജനത്തിനും വനിതകളുടെ ക്ഷേമത്തിനും വേണ്ടി പ്രവർത്തിക്കുന്നതിൽ എനിക്ക് ലഭിക്കുന്ന സന്തോഷം എന്റെ അംഗങ്ങളുടെ പിൻബലം അതാണെന്റെ ഊർജ്ജം. ഒന്നിനും കഴിവില്ലാത്തവരായിരുന്നു. എന്നാൽ ഇപ്പോൾ ലോഷൻ ഉണ്ടാക്കി വിറ്റും തുണികൾ വാങ്ങി വിറ്റും കോഴികളെ വളർത്തിയും അച്ചാർ ഉണ്ടാക്കി വിറ്റും ചെറിയ തുകകൾ സമ്പാദിച്ച് പാസ് ബുക്കിൽ ഇടുന്നു. അതിനായി എസ്.ജി.എസ്.വൈ പദ്ധതി പ്രകാരം ഒരു ലോണിന് അപേക്ഷിച്ചിരുന്നു. 27–07–2011ൽ ലോൺ കിട്ടി. നല്ല രീതിയിൽ ഹോസ്റ്റൽ പ്രവർത്തനം നടത്തുന്നുണ്ട്. ഇതിൽ നിന്ന് നല്ല വരുമാനവും കിട്ടുന്നുണ്ട്. 10,000/– രൂപയോളം ലാഭവും കിട്ടി. പിറ്റേ മാസം മുതൽ മുടക്കമില്ലാതെ ലോമ് അടയ്ക്കുന്നുമുണ്ട്.

കുടുംബശ്രീയിലെ അംഗങ്ങളുടെ കുടുംബത്തിൽ എന്ത് കാര്യത്തിനും ഞങ്ങൾ ഒത്തൊരുമയോടെ എത്തി ആവശ്യമായ കാര്യങ്ങൾ ചെയ്യാറുണ്ട്.

കുടുംബത്തിലെ ചിട്ടവട്ടത്തിനുള്ളിൽ വളർന്ന ഞാൻ വിവാഹത്തിലൂടെയാണ് സ്വതന്ത്രമായൊരു ജീവിതം തുടങ്ങിയത്. ആദ്യമായി ഗ്രാമസഭകളിൽ പോയി വാർഡ് മെമ്പറെ പരിചയപ്പെടുകയും തുടർന്ന് അവിടെ ഒരു കുടുംബശ്രീ രൂപീകരിക്കുന്നതിനെ പറ്റി ആലോചിക്കുകയും അടുത്ത ആഴ്ചയിൽ തന്നെ ഒരു അയൽക്കൂട്ടം രൂപീകരിക്കുകയും അതിന്റെ സെക്രട്ടറി ആകാൻ സാധിക്കുകയും ചെയ്തു. അവിടെ നിന്നും പഞ്ചായത്ത് ആഫീസിൽ പോകാൻ വേണ്ടി ഭർത്താവ് സഹായിക്കുകയും ചെയ്തു. തുടർന്ന് എന്റെ വാർഡിൽ 10 അയൽക്കൂട്ടങ്ങൾ കൂടാൻ കഴിഞ്ഞു. ആ വാർഡിലെ എ.ഡി.എസ്. ാകാൻ കഴിഞ്ഞു. തുടർന്ന് സി.ഡി.എസ്. ചെയർപേഴ്സൺ ആകാനും സാധിച്ചു. പുറം ലോകം എന്ത് എന്ന് അറിയാത്ത ഞാൻ എന്നിലെ കഴിവും കിട്ടിയ അവസരവും എനിക്ക് വളരെ പെട്ടെന്ന് ഉയരങ്ങളിൽ െത്താൻ സാധിച്ചു. സമൂഹത്തിൽ നടക്കുന്ന് പ്രശ്നങ്ങളിൽ ഇടപെടാനുള്ള ധൈര്യം കൂടുതൽ കിട്ടിയതും കുടുംബശ്രീ പരിശീലനത്തിൽ കൂടിയാണ്. പാവപ്പെട്ടവരുടെ പ്രശ്നങ്ങളിൽ ഇടപെടാനും അതിന് ഒരു പരിധി വരെ പരിഹാരങ്ങൾ നിർദ്ദേശിക്കാനും കഴിയുന്നുണ്ട്. സി.പി. സ്ഥാനം ഉള്ളപ്പോൾ തന്നെ വർക്കിംഗ് ഗ്രൂപ്പുകൾ, ഗ്രാമസഭകൾ എന്നിവയിൽ സജീവമാകാൻ സാധിച്ചു. സി.പി. സ്ഥാനം ഉള്ളപ്പോൾ തന്നെ കുടുംബശ്രീ മിഷന്റെ ആർ.പി. ആകാൻ സാധിച്ചു. ഇത് എന്റെ ജീവിതത്തിന്റെ മറ്റൊരു വഴിതിരിവായിരുന്നു. കുടുംബത്തിന് സ്ഥിരമായ ഒരു വരുമാനം കിട്ടാനും കുടുംബത്തെ സംരക്ഷിക്കാനും എനിക്ക് സാധിച്ചു. പൊതുപ്രവർത്തനം എന്റെ ഡീവിതത്തിന്റെ ഒരു ഭാഗമായി തന്നെ തീർന്ന ഒരു അവസ്ഥയിൽ എത്തി. ഇപ്പോൾ തിരുവനന്തപുരം ജില്ലയിലെ സെർജ് എന്ന പരിശീലന ഗ്രൂപ്പിലെ ഒരു അംഗമാകാനും എനിക്ക് സാധിച്ചു. ഏത് ജില്ലയിലെ പഞ്ചായത്തിലും പോയി ക്ലാസ് എടുക്കാനുള്ള ധൈര്യവും കഴിവും എനിക്ക് ലഭിച്ചത് കുടുംബശ്രീ പ്രസ്ഥാനത്തിലൂടെയാണ്. ഭർത്താവും രണ്ട് കുട്ടികളും ഉള്ള എന്റെ കുടുംബം എന്നോടൊപ്പം സഹകരിച്ചു കഴിയുന്നു. എന്റെ അയൽക്കൂട്ടത്തെ സ്മരിച്ചുകൊണ്ട്.

**വസന്ത**

**കോഴിമട കുടുംബശ്രീ യൂണിറ്റ്**

**മംഗലപുരം ഗ്രാമപഞ്ചായത്ത്**

## ഞാനും എന്റെ ജീവിതവും

ഞാൻ ബീനറോയ്, തിരുവനന്തപുരം ജില്ലയിൽ ചിറയിൻകീഴ് താലൂക്കിൽ അഞ്ചുതെങ്ങ് പഞ്ചായത്തിൽ ഉൾപ്പെട്ട നെടുങ്ങണ്ട ദേശത്ത് താമസിക്കുന്നു. ഭർത്താവ് മരണപ്പെട്ടിട്ട് ഒരു വർഷം കഴിയുന്നു. എനിക്ക് രണ്ട് ആൺമക്കളാണ്. മൂത്തമകൻ അഖിൽരാജ് ബി.എസ്.സി നഴ്സിംഗിന് മൂന്നാം വർഷം പഠിക്കുന്നു. ഇളയമകൻ ചിന്തുരാജ് ഇപ്പോൾ ഗൾഫിൽ പോയിട്ട് ഒരു മാസമാകുന്നു.

ഞാൻ ഒരു ഇടത്തരം കുടുംബത്തിലാണ് ജനിച്ചത്. അച്ഛന് തിരുവനന്തപുരം മെഡിക്കൽ കോളേജിന് സമീപം കച്ചവടമായിരുന്നു. അമ്മ വീട്ടമ്മ. അച്ഛൻ മദ്യപാനിയായിരുന്നു. തൻമൂലം ഞങ്ങളുടെ സ്വത്തുവകകൾ മിക്കവയും നശിക്കേണ്ട സാഹചര്യം ഉണ്ടായി. കുട്ടിക്കാലം മുതൽ ഞങ്ങൾ പല സ്ഥലങ്ങളിലും വാടകയ്ക്കാണ് താമസിച്ചു വന്നിരുന്നത്. അച്ഛന്റെ മരണശേഷം ആണ് എന്റെ വിവാഹം നടന്നത്. വിവാഹശേഷം ഭർത്താവ് ഗൾഫിൽ പോകുകയും, ഏകദേശം 8 വർഷത്തോളം സാമാന്യം നല്ല ജീവിതം പുലർത്തുവാനും കഴിഞ്ഞിരുന്നു. പക്ഷേ, മൂത്തമകൻ 5 സ്റ്റാൻഡേർഡിൽ പഠിക്കുമ്പോൾ അദ്ദേഹം നാട്ടിലേക്ക് വന്നു. നാട്ടിൽ വന്നതിനുശേഷം എന്റേയും കുട്ടികളുടെയും കാര്യങ്ങൾ നോക്കാതെ വന്നു. ജോലിക്കു പോകുമെങ്കിലും വീട്ടിലെ ആവശ്യങ്ങൾ അിറഞ്ഞ് പെരുമാറില്ല. കുട്ടികളുടെ വിദ്യാഭ്യാസ ചെലവിനും മറ്റുമായി മാസംതോറും വലിയ ഒരു തുക ആവശ്യമായി വന്നു. എനിക്ക് പ്രത്യേകിച്ച് ഒരു തൊഴിലും അറിയില്ല. ആ സമയത്താണ് 2008 ഫെബ്രുവരി മാസം അഞ്ചുതെങ്ങ് പഞ്ചായത്തിൽ മൂന്നാം വാർഡ് കേന്ദ്രമാക്കി ശിവാലയ വനിതാ കുടുംബശ്രീ സ്വയം സഹായ സംഘം എന്ന പേരിൽ ഒരു വനിതാ സംഘം ഞങ്ങൾ 20 പേർ ചേർന്ന് രൂപീകരിക്കുകയുണ്ടായി. ഇപ്പോൾ 10 വർഷമായി ഞാൻ അതിലെ ഒരു സജീവ അംഗമായി പ്രവർത്തിച്ചു വരികയാണ്. ഇതിൽ അംഗമായതിനുശേഷം സാമ്പത്തികമായി എനിക്ക് ഒരുപാട് സഹായം ലഭിക്കുകയുണ്ടായി. മക്കളുടെ വിദ്യാഭ്യാസ ആവശ്യങ്ങൾക്കും കുടുംബം പുലർത്തികൊണ്ടു പോകുന്നതിനും മറ്റുമായി ഈ സംഘത്തിൽ നിന്നും ലോൺ എടുക്കുകയും മാസം തോറും ഗഡുക്കളായി തിരിച്ചടക്കുകയും ചെയ്തു വരുന്നു.

2010 മാണ്ട് സ്വയം തൊഴിൽ പദ്ധതി പ്രകാരം ഞങ്ങളുടെ കുടുംബശ്രീയിലെ 5 അംഗങ്ങൾ ചേർന്ന് ഒരു തയ്യൽ യൂണിറ്റ് രൂപീകരിക്കുകയും അതിൽ ഇപ്പോൾ സജീവമായി പ്രവർത്തിച്ചു വരികയും ചെയ്യുന്നു. അതിലേക്കായി ഞാൻ പഞ്ചായത്തു മുഖാന്തിരം തയ്യൽ പഠിക്കുവാൻ ട്രെയിനിംഗിന് പോയിരുന്നു. 6 മാസത്തെ ട്രെയിനിംഗിന് ശേഷമാണ് ഇപ്പോൾ തയ്യൽ യൂണിറ്റ് രൂപീകരിച്ചത്. ഇപ്പോൾ അതിൽ നിന്നുള്ള വരുമാനം കൊണ്ടാണ് ഉപജീവനം നടത്തിവരുന്നത്. പഞ്ചായത്ത് അധികൃതരും കുടുംബശ്രീ മേൽഘടകങ്ങളും ഞങ്ങളുടെ സംഘത്തിന് ബാങ്കിൽ നിന്നും ആവശ്യമായ വായ്പ എടുക്കുന്നതിന് എല്ലാവിധ സഹായങ്ങളും ചെയ്തുവരുന്നു. എന്റെ മൂത്തമകന് നഴ്സിംഗിന് അഡ്മിഷൻ എടുക്കുന്നതിന് ഫീസടയ്ക്കുവാൻ യാതൊരു വഴിയും മുന്നിൽ കാണാതിരുന്ന സമയത്താണ് സംഘത്തിന് ബാങ്ക് വായ്പ ലഭിക്കുന്നത്.  ആ സമയം എനിക്ക് സംഘത്തിൽ നിന്നും ബാങ്ക് വായ്പ ലഭിക്കുകയുണ്ടായി. അങ്ങനെ തുടർന്നുവന്ന എന്റെ എല്ലാവിധ ആവശ്യങ്ങൾക്കും ഈ കുടുംബശ്രീ തന്നെയാണ് എനിക്ക് എന്നും താങ്ങും തണലുമായി നിന്നിട്ടുള്ളത്.

എന്ന്

**ബീനാറോയ്**

**ശിവാലയം അയൽക്കൂട്ടം**

**അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്ത്**

## ഇതാ ഇവിടൊരിടം

മണമ്പൂർ പഞ്ചായത്ത് കണ്ണംകര 9–ാം വാർഡിൽ പ്രവർത്തിക്കുന്ന മഹാത്മ അയൽക്കൂട്ടത്തിലെ പ്രസിഡന്റായ രഞ്ജുവാണ് ഞാൻ. 2004–ൽ ആണ് ഞങ്ങളുടെ അയൽക്കൂട്ടം രൂപീകരിച്ച് രജിസ്റ്റർ ചെയ്തത്. അന്ന് ഞാൻ ഈ അയൽക്കൂട്ടത്തിലെ ഒരംഗമായിരുന്നു. അഞ്ച് മാസം ഗർഭിണിയായിരുന്നപ്പോഴാണ് ഞാൻ ആദ്യമായി അയൽക്കൂട്ടത്തിലെ അംഗമാകുന്നത്. പ്രസവത്തിന് മൂന്ന് മാസത്തോളം ഫൈൻ വാങ്ങാതെ ലീവ് തന്നു. 200 രൂപ എല്ലാവരും കൂടി എനിക്ക് പിരിച്ചു തന്നുവളരെ കഷ്ടപ്പെടുന്ന ഒരു സമയമായിരുന്നു. എന്റെ ഭർത്താവ് ഓട്ടോ ഡ്രൈവർ ആണ്. കൂലിക്കാണ് ഓട്ടോ ഓടിക്കുന്നത്. ഞങ്ങളുടെ രണ്ടാമത്തെ കുഞ്ഞായിരുന്നു. അത് പെൺക്കുഞ്ഞാണ്. എനിക്ക് തൊഴിൽ ഒന്നും ഇല്ലായിരുന്നു. എസ്.എസ്.എൽ.സി വരെയാണ് എന്റെ വിദ്യാഭ്യാസം. എന്റെ സ്ഥലം ചിറയിൻകീഴാണ്.

വിവാഹം കഴിച്ച് കൊണ്ടുവന്ന സ്ഥലം പാലാംകോണം. പ്രസവം കഴിഞ്ഞ് 3 മാസമായപ്പോൾ ഭർത്താവിന്റെ വീട്ടിൽ വന്നു. അയൽക്കൂട്ടത്തിലെ പ്രസിഡന്റായി നിന്നിരുന്ന ദിവ്യകുമാരി വീട് മാറിപ്പോയതിനാൽ ആ സ്ഥാനത്തേക്ക് എല്ലാവരും ചേർന്ന് എന്റെ പേര് നിർദ്ദേശിച്ചു. എവിടെയെങ്കിലും പോകേണ്ടിവരുന്ന സമയത്ത് കുഞ്ഞിനെ ഞങ്ങൾ നോക്കിക്കൊള്ളാമെന്ന് പറഞ്ഞു. കുടുംബശ്രീയിൽ അംഗമായതുകൊണ്ട് ഏതൊരു കാര്യം വന്നാലും എല്ലാവരും ഒന്നിച്ച് ഉണ്ടാകുന്നതു തന്നെ വലിയൊരാശ്വാസമാണ്. അതുതന്നെ വലിയൊരനുഭവമാണ്. ഒന്നിച്ച് നിൽക്കുന്നത് അതിനുശേഷം എന്റെ ജീവിതത്തിൽ വളരെയധികം മാറ്റങ്ങൾ ഉണ്ടായി. ഹെൽത്തിൽ നിന്ന് സർവ്വേയിൽ പങ്കെടുക്കാൻ തുടങ്ങി. 2 കുട്ടികളുടെ കാര്യത്തിലും ചിലവിനും ഒന്നും ചേട്ടൻ ജോലി ചെയ്യുന്നത് തികയാതെ വന്നപ്പോൾ സർവ്വേക്ക് പോകുന്നതിൽ ഭർത്താവിന് വലിയ എതിർപ്പില്ലായിരുന്നു. വിവാഹത്തിന് മുൻപ് ശ്രീകാര്യം കുടുംബകോടതിയിൽ അഡ്വക്കേറ്റിന്റെ ക്ലർക്കായി ഒന്നരവർഷം ജോലിക്ക് പോയിട്ടുണ്ട്. വിവാഹത്തിന് ശേഷം ഒന്നിനും പോകുന്നത് ചേട്ടന് ഇഷ്ടമല്ലായിരുന്നു. ഇപ്പോൾ തൊഴിലുറപ്പ് പദ്ധതി വന്നതിന് ശേഷം ആദ്യം മുതൽ ഇപ്പോൾ വരെ ഇതിൽ ജോലി ചെയ്യുന്നു. ഭർത്താവിന് വളരെ മാറ്റങ്ങൾ ഉണ്ട്. എന്റെ ജോലിയിൽ ഭർത്താവിനും കുടുംബത്തിനും സഹായകമാകുന്നു. പഞ്ചായത്തിൽ നിന്ന് ഞങ്ങൾക്ക് ഒരു വീട് വയ്ക്കാൻ 75000/– രൂപ സഹായം കിട്ടി. എന്റെ പൊതുപ്രവർത്തനം കൊണ്ട് എല്ലാവരും സഹായിക്കുകയും ചെയ്തു. കുടുബശ്രീയിൽ അംഗമായി എ.ഡി.എസിന്റെ

സെക്രട്ടറിയായി, മേറ്റായി സി.ഡി.എസിന്റെ ഭാരവാഹിയുമായി ഇതിൽ എല്ലാം എനിക്ക് എടുത്തു പറയുന്ന നേട്ടം ഒരുപാട് നല്ല കൂട്ടുകാരെ കിട്ടി. സംസാരിക്കാനുള്ള കഴിവ്, അറിവ്, തന്റേടം ഒക്കെ കിട്ടി. ചെറുകിട സംരംഭം അയൽക്കൂട്ടം വഴി നടത്തി നിത്യവരുമാനം ഉണ്ടാകുന്നുണ്ട്. ഒത്തിരി സ്ഥലങ്ങൾ കാണാൻ അവസരം കിട്ടി. ഇപ്പോൾ ഞങ്ങൾ ചെറിയൊരു വീട് വച്ചു. കടങ്ങൾ വീട്ടിവരുന്നു സമാധാനവും സന്തോഷവുമായി ജീവിതം മുന്നോട്ട് പോകുന്നു. സ്ത്രീയും നിയമവും എന്നീ പുസ്തകങ്ങൾ വായിച്ച് കുറേ അറിവ്നേടി. ഇതിന് അവസരം തന്ന ജില്ലാമിഷന് എന്റെ ആയിരം നന്ദി.

**രഞ്ജു**
**മഹാത്മ അയൽക്കൂട്ടം**
**മണമ്പൂർ ഗ്രാമപഞ്ചായത്ത്**

ഹായ് ! കൂട്ടുകാരെ ഞാൻ നന്ദ. കുടുംബശ്രീയുടെ 13–ാം വാർഷികത്തോടനുബന്ധിച്ച് കുടുംബശ്രീ സഹോദരിമാരുടെ അനുഭവസമാഹരണം എന്ന ആശയം വളരെ പ്രശംസനീയമാണ്. എന്തെന്നാൽ എനിക്കുമുണ്ട് നിങ്ങളോട് പങ്കു വയ്ക്കാൻ എന്റേതായ അനുഭവങ്ങൾ. എന്റെ അനുഭവത്തെക്കുറിച്ച് പറയുമ്പോൾ കുടുംബശ്രീയിൽ അംഗമാകുന്നതിന് മുൻപുള്ള എന്നെ നിങ്ങൾക്കറിയണ്ടേ? തീർച്ചയായും നിങ്ങൾ അറിയണം എങ്കിൽ മാത്രമേ എന്റെ അനുഭവക്കഥ പൂർണ്ണമാകുകയുള്ളൂ.

എന്റെ കുട്ടിക്കാലം മുതൽക്കു തന്നെ സാമൂഹ്യസേവനം വളരെ ഇഷ്ടമായിരുന്നു. മറ്റുള്ളവരുടെ ദു:ഖം എന്റേയും ദു:ഖമായി കരുതിയിരുന്നു. ഒരുദിവസത്തിൽ ഒരു മണിക്കൂറെങ്കിലും മറ്റുള്ളവർക്ക് വേണ്ടി ചെലവഴിക്കണം എന്നതായിരുന്നു എന്റെ പക്ഷം. അരുതാത്ത കാര്യങ്ങൾ ഒന്നും തന്നെ ചെയ്യില്ല എന്ന ബോധം എന്റെ മാതാപിതാക്കൾക്കിടയിൽ ഉണ്ടായിരുന്നതിനാൽ എനിക്ക് ഒരുപാട് സ്വാതന്ത്യം അവർ തന്നു. മദർ തെരേസയും ഫ്ളോറൻസ് നൈറ്റിംഗലും ഹെലൻകെല്ലറും ഒക്കെയായിരുന്നു എന്റെ റോൾ മോഡൽ. കോളേജ് തലത്തിലെത്തിയപ്പോൾ പഠനത്തോടൊപ്പം വിവിധ സാമൂഹിക സാംസ്കാരിക സംഘടനയിൽ പ്രവർത്തിക്കുകയും അതുവഴി പലരേയും സഹായിക്കുവാനും സമൂഹത്തിന്റെ പ്രശ്നങ്ങളെ ആഴത്തിൽ മനസ്സിലാക്കുവാനും സാധിച്ചു. പുസ്തകങ്ങളെ ഒരുപാട് സ്നേഹിച്ചിരുന്നു. അതു പോലെ കുറെ നല്ല സുഹൃത്തുക്കളെയും.

വിവാഹം, കുടുംബം എന്നിവ വളരെ പരിപാവന സങ്കല്പമായിരുന്നുവെങ്കിലും എന്റെ ജീവിതം വിവാഹത്തിൽ കുരുക്കിടുവാൻ ഞാൻ തയ്യാറായിരുന്നില്ല. പക്ഷേ വീട്ടുക്കാർ അക്കാര്യത്തിൽ എന്റ കൂടെ നിന്നില്ല. അങ്ങനെ ഞാൻ വിവാഹിതയായി.

ഏറ്റെടുക്കുന്ന ഏതൊരു ജോലിയും ആത്മാർത്ഥമായി ചെയ്യുക എന്നതാണ് എന്റെ നിലപാട്. എന്റെ ഭർതൃവീട്ടിലും ഞാൻ ആ നിലപാട് എടുത്തു. ജീവിതത്തിന്റെ എല്ലാ സൗഭാഗ്യങ്ങളും ഉണ്ടായിരുന്ന വീട്ടിലാണ് ഞാൻ മരുമകളായി ചെന്നത്. ഒന്നുമാത്രം അവിടെയുണ്ടായിരുന്നില്ല– വ്യക്തി സ്വാതന്ത്ര്യം. അതിൽ ഞാൻ പരാതിയോ പരിഭവമോ കാണിച്ചിട്ടില്ല. ആ കുടുംബത്തിൽ ഒരുപാട് പ്രതിസന്ധികളും ദു:ഖങ്ങളുമൊക്കെ ഉണ്ടായിട്ടും ഞാൻ ആ കുടുംബത്തിന്റെ നെടുംതൂണായി

പ്രവർത്തിച്ചു. ഇങ്ങനെയൊക്കെ നൂറ് ശതമാനം ആത്മാർത്ഥത കാട്ടിയിട്ടും അവർ പലപ്പോഴും എന്നെ ഒരു പുഴുവിനെപ്പോലെ ചതച്ചരച്ചു. പലപ്പോഴും ഈ ജീവിതം വലിച്ചെറിഞ്ഞ് പോകാൻ ഞാൻ ആഗ്രഹിച്ചു. അപ്പോഴും എന്നെ ആശ്രയിച്ചുകഴിയുന്ന ചില വ്യക്തികൾ ആ കുടുംബത്തിലുണ്ടായിരുന്നു. അതുകൊണ്ട് അതിനും കഴിഞ്ഞിരുന്നില്ല. മനസ്സ് നീറി പുകയുമ്പോഴും ആരോടും ഒരു വാക്കുകൊണ്ട് പോലും ഞാൻ പ്രതികരിച്ചിരുന്നില്ല. പകരം എന്റെ മനസ്സ് എല്ലാത്തിൽ നിന്നും ഉൾവലിഞ്ഞുകൊണ്ടിരുന്നു. വെളിച്ചത്തെ ഭയക്കുന്ന ഒരവസ്ഥ. എന്റെ ജീവിതം എനിക്കുതന്നെ ഒരു ഭാരമായി തോന്നി. എല്ലാത്തിൽനിന്നും ഒരു ഒളിച്ചോടൽ അനിവാര്യമാണെന്ന് എനിക്കു തോന്നി. ആത്മഹത്യയെക്കുറിച്ച് ചിന്തിച്ച രാത്രികൾ....പകലുകൾ. എന്റെ അക്കാലത്തെ അവസ്ഥയെക്കുറിച്ച് ഞാനിനി പറയുന്നില്ല. കാരണം അത് ആലോചിക്കുമ്പോൾ തന്നെ എന്റെ കണ്ണുകൾ നിറയും. എങ്കിലും ഈ അവസ്ഥ എന്നെ സ്നേഹിക്കുന്നവരെ ഒരുപാട് വേദനിപ്പിച്ചു.

അക്കാലത്ത് കുടുംബശ്രീ പ്രസ്ഥാനം നിലവിൽ വന്നിട്ടേയുള്ളൂ. പലരും ഒരു യൂണിറ്റ് ഉണ്ടാക്കാൻ എന്നെ പ്രേരിപ്പിച്ചു. എന്നാൽ ഈ പ്രസ്ഥാനം അടിക്കൂട്ടമാണെന്നും നുണക്കൂട്ടമാണെന്നും പറഞ്ഞ് വീട്ടുക്കാർ എന്നെ വിലക്കി. കുറച്ചു മാസങ്ങൾക്കുശേഷം എന്റെ അയൽക്കാർ ഒരു യൂണിറ്റ് ഉണ്ടാക്കുകയും അതിന്റെ സെക്രട്ടറിയുടെ ചുമതല എനിക്കു നൽകുകയും ചെയ്തു.

എന്റെ പ്രിയപ്പെട്ട സഹോദരിമാരെ ഞാൻ തുറന്നു പറയട്ടെ എനിക്ക് അതിലൂടെ കിട്ടിയ ആശ്വാസം, സമാധാനം എല്ലാം എത്രയോ വിലപ്പെട്ടതായിരുന്നു. തുടർന്ന് ഞാൻ എ.ഡി.എസ്സിലൂടെ സി.ഡി.എസ്സിലേക്കും കുടുംബശ്രീയുടെ നേതൃനിരയിലും എത്തി. എല്ലാത്തിനുമുപരി കുടുംബശ്രീ പ്രസ്ഥാനം ഒരു ധൈര്യമാണ്. എനിക്ക് ഉന്നതവിദ്യാഭ്യാസവും സാമൂഹ്യപ്രവർത്തനത്തിൽ ഒരുപാട് അനുഭവസമ്പത്തും ഉണ്ട് എന്ന് പറയുമ്പോഴും കുടുംബശ്രീയുടെ മുന്നിൽ അവയെല്ലാം വെറുമൊരു വട്ടപൂജ്യം തന്നെയാണ്. ഇന്ന് ഞാനൊരു ഭീരുവിനെപോലെ പ്രതിസന്ധികളെ പേടിക്കുന്നില്ല. ചില സന്ദർഭങ്ങളിൽ എന്നെക്കുറിച്ച് ഞാൻ തന്നെ അൽഭുതം കൊള്ളാറുണ്ട്. എവിടെന്നു കിട്ടി എനിക്കു ഇത്രയും ധൈര്യം, തന്റേടം.

മറ്റൊരു സന്തോഷവും ഞാൻ നിങ്ങളോട് പങ്ക് വയ്ക്കുന്നു. ഒരിക്കൽ എന്നെ എല്ലാ കാര്യത്തിൽനിന്നും പിന്തിരിപ്പിച്ചിരുന്ന എന്റെ ജീവിത പങ്കാളി ഇന്നെനിക്കു

എല്ലാവിധത്തിലുമുള്ള പ്രോൽസാഹനവും പിന്തുണയും നൽകുന്നു. ഞാൻ വീട് വിട്ട് പുറത്തിറങ്ങുന്നത് ഇഷ്ടമില്ലാതിരുന്ന അദ്ദേഹം ഇന്ന് കുടുംബശ്രീയുടെ പല പ്രവർത്തനങ്ങളിൽ ഞാൻ പങ്കെടുക്കുമ്പോഴും മണിക്കൂറുകളോളം എനിക്കുവേണ്ടി വെളിയിൽ കാത്തുനിന്ന് എന്നെ വീട്ടിലേക്ക് കൂട്ടികൊണ്ടുപോകുന്നു. എന്റെ ഈ അനുഭവം എഴുതുമ്പോൾ സന്തോഷത്താൽ എന്റെ കണ്ണുകൾ നിറഞ്ഞൊഴുകുകയാണ്. എന്റെ പഴയജീവിതത്തിലേക്കു ഞാൻ കടന്നു വന്നിരിക്കുന്നു. എന്റെയീജീവിതത്തിൽ ഞാൻ സംതൃപ്തയാണ്. എനിക്കീ പുനർജൻമം തന്ന കുടുംബശ്രീയെ ഞാൻ പോറ്റമ്മയായി കാണുന്നു.

**നന്ദ പ്രഭാകർ**
**ഐശ്വര്യ കുടുംബശ്രീ**
**കാട്ടായിക്കോണം**
**തിരുവനന്തപുരം സി.ഡി.എസ്**

## മണിച്ചെപ്പ്

കാരോട് പഞ്ചായത്തിലെ വെൺകുളം വാർഡിൽ പ്രവർത്തിക്കുന്ന ദീപം ഐക്യം എന്ന കുടുംബശ്രീയിലെ അംഗങ്ങൾ (17) ചെയ്യുന്ന പ്രവർത്തനങ്ങൾ പാലിയേറ്റീവ് കെയർ യൂണിറ്റുമായി പ്രവർത്തിച്ച് രോഗികൾക്കുവേണ്ടിയുള്ള പ്രവർത്തനങ്ങൾ കൂടാതെ പാവപ്പെട്ടവരുടെ മക്കൾക്ക് വിവാഹ ധനസഹായങ്ങൾ പഠിക്കുന്ന കുട്ടികൾക്ക് പഠനോപകരണങ്ങൾ ഫീസിനു രൂപ കൂടാതെ രോഗികളെ സന്ദർശിച്ച് അവർക്ക് ഒരാഴ്ചയ്ക്കുള്ള മരുന്നിന് പൈസ ഇങ്ങനെയുള്ള ധനസഹായങ്ങൾ ചെയ്യുന്നു. കൂടാതെ കൂട്ടായ കൃഷിയിലൂടെ ഞങ്ങൾക്ക് നിത്യേനയുള്ള പച്ചക്കറികളും എല്ലാവരുടെ വീട്ടിലും മുട്ടകോഴികൾ, ആടുകൾ, പശുക്കൾ ഇവയൊക്കെയുണ്ട്. പാലിനുവേണ്ടിയോ, മുട്ടയ്ക്കുവേണ്ടിയോ, പച്ചക്കറികൾക്കുവേണ്ടിയും ഞങ്ങളുടെ സംഘാംഗങ്ങൾ അന്യരെ ആശ്രയിക്കാറില്ല. സ്കൂളുകളിൽ യൂണിഫോം വിതരണം ചെയ്യുമ്പോൾ ഞങ്ങളുടെ സംഘാംഗങ്ങൾ അതിലും ഭാഗമാകുന്നു. 2 പേർക്കെങ്കിലും യൂണിഫോം കൊടുക്കും, ബുക്കുകൾ, പഠനോപകരണങ്ങൾ എന്നിവയ്ക്ക് രൂപ കൊടുക്കും. കുടുംബശ്രീകൾ നാട്ടിന് ഐശ്വര്യമാണ്. വലിയവനെന്നോ ചെറിയവനെന്നോ വലിപ്പമില്ലാതെ എല്ലാവരും കൂട്ടായി പ്രവർത്തിക്കുന്നു.

**ദീപം ഐക്യം കുടുംബശ്രീ**

## ഓർമ്മച്ചെപ്പ്

എന്റെ പേര് ഫ്ളോറൻസ്.ജി എന്റെ ഭർത്താവും രണ്ടുമക്കളുമടങ്ങുന്ന നാലംഗങ്ങളാണ് ഞങ്ങളുടെ കുടുംബം. ദാരിദ്ര്യരേഖക്ക് താഴെയുള്ള ഞങ്ങളുടെ കുടുംബം കൃഷിപ്പണിയും മറ്റ് കൂലിപ്പണിയും ചെയ്തു കഴിയവേ എന്റെ ജീവിത പങ്കാളിക്ക് പണിസ്ഥലത്ത് വച്ച് പാറവീണ് കാലിൽ പരിക്ക് പറ്റുകയും പണി ചെയ്യാൻ കഴിയാതെയാകുകയും ചെയ്തു. തുടർന്ന് മക്കളുടെ വിദ്യാഭ്യാസം മറ്റു ചിലവുകൾ ഇതിനെല്ലാം വളരെ ബുദ്ധിമുട്ട് അനുഭവിക്കുന്ന സമയത്താണ് കുടുംബശ്രീ അയൽക്കൂട്ടങ്ങൾ പഞ്ചായത്ത് തലത്തിൽ രൂപീകരിക്കുന്നത്. ഞാനും എന്റെ തൊട്ടടുത്ത വീടുകളിൽ നിന്നുമായി ഇരുപതംഗങ്ങൾ ചേർന്ന് അയൽക്കൂട്ടം രൂപീകരിച്ചു. പ്രസ്തുത അയൽക്കൂട്ടത്തിന് നവജ്യോതി എന്ന് നാമകരണം ചെയ്തു. ടി സംഘത്തിന്റെ ഭാരവാഹിയായി സെക്രട്ടറി സ്ഥാനത്തേക്ക് എല്ലാ അംഗങ്ങളും കൂടി എന്നെ തെരഞ്ഞെടുത്തു. ഞങ്ങളുടെ സംഘം രൂപീകരിച്ചിട്ട് 12 വർഷം തികഞ്ഞു.

കുടുംബശ്രീ അയൽക്കൂട്ടത്തിൽ ചേർന്ന് പ്രവർത്തിക്കാൻ തുടങ്ങിയതോടെ ജീവിതത്തിൽ ആകെ ഒരു മാറ്റം ഓരോ ആഴ്ചകളിൽ ഓരോ അംഗങ്ങളുടെ വീട്ടിൽ വച്ച് കൂടുന്ന യോഗത്തിൽ ഓരോ അംഗങ്ങളുടെയും അവരുടെ കുടുംബപ്രശ്നങ്ങൾ മനസ്സിലാക്കുന്നതിനും അത് പരിഹരിക്കാൻ കൂട്ടായി പ്രവർത്തിക്കാനും കഴിഞ്ഞു. ഏറ്റവും പ്രധാനമായി എന്റെ വീട്ടിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിച്ചു. കുട്ടികളുടെ വിദ്യാഭ്യാസത്തിനും ജീവിതപങ്കാളിയുടെ ആശുപത്രി ചെലവിനും ഉള്ള തുക അംഗങ്ങൾ സ്വരൂപിച്ചു തന്നു. ഇത് എനിക്ക് ഒരനുഭവമായിരുന്നു. പിന്നെ ഞാൻ മുൻകൈ എടുത്ത സംഘത്തിൽ അവശത അനുഭവിക്കുന്ന അംഗങ്ങളെ ചെന്ന് കണ്ട് ആശ്വസിപ്പിക്കുകയും അവർക്ക് ആവശ്യമായ കാര്യങ്ങൾ ചെയ്തു കൊടുക്കുവാനും സാധിച്ചു. അംഗങ്ങളുടെ കുടുംബങ്ങളിൽ ഉണ്ടാകുന്ന മരണം, വിവാഹം, മറ്റ് അത്യാവശ്യ കാര്യങ്ങളിൽ ഒരുമിച്ച് പങ്കെടുത്ത് അവരോടൊപ്പം ആയിരിക്കുവാനും സാധിച്ചു. അതുപോലെ കൃഷിപ്പണി ഒറ്റയ്ക്ക് ചെയ്തു കൊണ്ടിരുന്നത് ഇപ്പോൾ കുടുംബശ്രീ മിഷന്റെ നേതൃത്വത്തിൽ സംഘമായി ചെയ്യുന്നു. ഇതുകൊണ്ടുള്ള ഒരു നേട്ടം ആധുനിക രീതിയിലുള്ള കൃഷിരീതികൾ മറ്റ് അംഗങ്ങളുടെ അനുഭവത്തിൽ നിന്ന് പഠിച്ചിട്ട് കൂടുതൽ വിപുലമായി ചെയ്യാൻ സാധിക്കുന്നു.

അയൽക്കൂട്ട യോഗങ്ങളിൽ അദ്ധ്യക്ഷത വഹിക്കുന്നത് കൊണ്ട് ഗ്രാമസഭ യോഗങ്ങളിലും മറ്റ് അത്യാവശ്യ യോഗങ്ങളിലും സംഘാംഗങ്ങളുടെ ആവശ്യങ്ങൾ

ഉന്നയിക്കുന്നതിനും സ്വാഗതം, കൃതഞ്ജത എന്നിവ ഒരു മടിയും കൂടാതെ പറയുവാനുള്ള ധൈര്യവും ഈ അയൽകൂട്ടങ്ങളിൽ ചേർന്ന് പ്രവർത്തിച്ചതു മൂലം ലഭിച്ചു.

നിരക്ഷരരായ സംഘാംഗങ്ങളെ തുടർ വിദ്യാ കേന്ദ്രങ്ങളിലെത്തിച്ച് അവർക്ക് വിദ്യ പകർന്നു കൊടുക്കാൻ സാധിച്ചു. മാത്രമല്ല അയൽക്കൂട്ടം കൂടുന്നതിനൊപ്പം ബാലസഭ രൂപീകരിക്കാനും സാധിച്ചു. ഇതുവഴി കുട്ടികളുടെ കലാ കായിക വാസനകൾ പ്രോൽസാഹിപ്പിക്കുന്നതിനും അങ്ങനെ അവരെ സമഗ്രമായ വളർച്ചയിലേക്ക് നയിക്കാനും സാധിച്ചു. ഏതൊരുകാര്യവും സംഘടിപ്പിച്ചു നടത്തേണ്ടതെങ്ങനെ എന്നും എങ്ങനെ മുമ്പോട്ട് കൊണ്ട് പോകാൻ സാധിക്കുമെന്നും അയൽക്കൂട്ട യോഗങ്ങളിൽ ചർച്ച ചെയ്തു തീരുമാനിക്കാറുണ്ട്. കൂട്ടായപ്രവർത്തനത്തിലൂടെ സ്വയം തൊഴിൽ കണ്ടുപിടിക്കുന്നതിനും അത് ചെയ്യാനാവശ്യമായ ലിങ്കേജ് വായ്പ എ.ഡി.എസ്. വഴി സി.ഡി.എസിൽ എത്തിച്ച് ബാങ്കിൽ നിന്നും ആവശ്യമായ വായ്പ എടുക്കുന്നതിനും സാധിച്ചു. കൂടാതെ ഓരോ അംഗത്തിന്റെയും ആവശ്യം മാനിച്ച് ആന്തരിക വായ്പ എടുക്കുന്നതിനും സാധിക്കുന്നു.

ശാരീരികവും, മാനസികവും, സാമൂഹികവും, സാമ്പത്തികവും ആയി സുസ്ഥിതിയിൽ എത്തിച്ചേരാൻ കുടുംബശ്രീ അയൽക്കൂട്ടത്തിൽ ചേർന്ന് പ്രവർത്തിച്ചതു മൂലം എനിക്ക് സാധിച്ചു എന്ന് അഭിമാനത്തോടെ എനിക്ക് പറയാൻ കഴിയും. പുതിയ പുതിയ അനുഭവങ്ങളും കാഴ്ചപ്പാടുകളും ഇതുവഴി ലഭിക്കുന്നു. എല്ലാവരും കുടുംബശ്രീ അയൽകൂട്ടങ്ങളിൽ ചേർന്ന് പ്രവർത്തിക്കണം എന്നാണ് എനിക്ക് പറയാനുള്ളത്. സ്ത്രീകളുടെ സമഗ്ര വിമോചനത്തിന് കുടുംബശ്രീ അയൽക്കൂട്ടങ്ങളിൽ അംഗങ്ങളാകൂ സ്ത്രീ ശാക്തീകരണം ശക്തമാക്കൂ.

**ഫ്ളോറൻസ് ജി**
**നവജ്യോതി കുടുംബശ്രീ**
**കാരോട് പഞ്ചായത്ത്**

ഞാൻ ഷീജ. ഞാനും എന്റെ ഭർത്താവും 2 മക്കളും ചേർന്നതാണ് എന്റെ കുടുംബം. എന്റെ ഭർത്താവ് ഒരു കൂലി വേലക്കാരനാണ്. എന്റെ ഭർത്താവിന്റെ വരുമാനം കൊണ്ട് ഒരു കുടുംബം കഴിഞ്ഞ് കൊണ്ട് പോകാൻ സാധിക്കുകയില്ല. എനിക്കാണെങ്കിൽ വേറെ വരുമാനം ഒന്നും ഇല്ല. മക്കളുടെ പഠിത്ത ചിലവും അവരുടെ മറ്റു ചെലവുകളും എല്ലാം നോക്കണം. അങ്ങനെ ഇരിക്കുമ്പോഴാണ് എന്റെ വീട്ടിനടുത്തുള്ള ഒരു ചേച്ചി നീ ഒരു കുടുംബശ്രീയിൽ ചേരുന്നുണ്ടോ എന്ന് ചോദിച്ചു. ഞാൻ ഉടനെ തന്നെ അതിൽ അംഗമാവുകയും ചെയ്തു. ഞാൻ അതിൽ തുടങ്ങിയിട്ട് 8 വർഷം ആയി. അപോപൾ എനിക്ക് എന്റെ വീട്ടിൽ എന്താവശ്യത്തിനും ഞാൻ സംഘത്തിൽ നിന്നും വായ്പകൾ എടുക്കുകയും എന്റെ ആവശ്യങ്ങൾ നിറവേറ്റുകയും ചെയ്യും. കുടുംബശ്രീ വഴി പച്ചക്കറികൾ നടുകയും അതിൽ നിന്നും ചെറിയ തോതിൽ വരുമാനം കിട്ടുകയും ചെയ്ത് വരുന്നു. എന്തുകൊണ്ട് നോക്കിയാലും നമുക്ക് നമ്മുടെ അയൽക്കൂട്ടം ഒരു നേട്ടം തന്നെ

**ഷീജ**

**നവജ്യോതി കുടുംബശ്രീ**

## സഫലം

എന്റെ പേര് ജയ. കഴിഞ്ഞ 15 വർഷമായി ഭർത്താവ് ഉപേക്ഷിച്ച എനിക്ക് രണ്ട് മക്കളാണ് ഉള്ളത്. 19 വയസ്സുള്ള മന്ദബുദ്ധിയായ ഒരു മകനും, ഒരു മകളും ഉണ്ട്. ഇവരുടെ ഏക ആശ്രയം ഞാനാണ്. ഒരു മകളെ വിവാഹം ചെയ്ത് കൊടുത്തു. ഞാൻ കുറെ വർഷങ്ങളിലായി പല സ്ഥലങ്ങളിലും ജോലി നോക്കിയിരുന്നു. ഇപ്പോൾ ഞാൻ ടൗണിലെ ഒരു ചായക്കടയിൽ കുറെ മാസങ്ങളായി ജോലി ചെയ്യുന്നു.

സ്വന്തമായി ഒരു വീടുപോലും ഇല്ലാത്ത എനിക്ക് പറക്കമുറ്റാത്ത മന്ദബുദ്ധിയായ ഈ മകനേയും കൊണ്ട് ആരും ആശ്രയമില്ലാത്ത ഞാൻ ജോലി സ്ഥലത്തേയ്ക്ക് എന്റെ മകനേയും ഒപ്പം കൊണ്ട് പോകാറുണ്ട്. എന്റെ ഒരു ദിവസം ആരംഭിക്കുന്നത് പുലർച്ചെ 2 മണിക്കാണ്. വീട്ടിലെ ജോലികളെല്ലാം കഴിഞ്ഞ് കൃത്യം 2.30 ന് തന്നെ ഞാൻ മകനേയും കൂട്ടി വീട്ടിൽ നിന്നിറങ്ങും. 3 മണിക്കാണ് ജോലി സ്ഥലത്ത് എത്തിച്ചേരേണ്ടത്. ഈ പ്രാരാബ്ധങ്ങൾക്കിടയിലും സഹപ്രവർത്തകരുടെ നിഷ്ക്കരുണമായ വാക്കുകൾ ഭയന്ന് ഞാൻ കൃത്യ സമയത്ത് തന്നെ ജോലിസ്ഥലത്ത് എത്താറുണ്ട്. എത്തിക്കഴിഞ്ഞാൽ വൈകുന്നേരം 5 മണിവരെ കടയിൽ ഒരേ ജോലിത്തിരക്കാണ്. തിരക്കു കാരണം ഉച്ചയ്ക്കുള്ള ഭക്ഷണം പല ദിവസങ്ങളിലും കഴിക്കാൻ സാധിക്കാറില്ല. ചില ദിവസങ്ങളിൽ അമിത ജോലി ഭാരം മൂലം വളരെ വൈകിയാണ് ഞാൻ ഭക്ഷണം കഴിക്കുന്നത്. ഇതിനു പുറമേ എനിയ്ക്ക് എന്റെ ജോലികൾ സുഗമമായി ചെയ്തു തീർക്കാൻ സാധിക്കാറില്ല. സഹപ്രവർത്തകരുടേയും മറ്റുള്ളവരുടേയും പരിഹാസത്തിന് ഞാനും എന്റെ മകനും പാത്രമാകാറുണ്ട്. നിത്യരോഗിയായ എന്റെ മകന് ഒരു മാസത്തെ ചികിത്സാ ചെലവിനു തന്നെ 2000/- രൂപ ആവശ്യമാണ്. അതിനു പുറമേ നിരവധി രോഗങ്ങളാൽ പീഢനം അനുഭവിക്കുന്ന എന്റെ ചികിത്സയ്ക്കായി മാസം 1000/- രൂപ വരെ ചെലവാകുന്നുണ്ട. വലിയൊരു കുടുംബഭാരം മുഴുവനും എന്റെ ചുമതലിൽ ആയതുകൊണ്ട് ജോലി നഷ്ടപ്പെട്ടാലോ എന്ന ഭയത്താൽ എന്റെ സഹപ്രവർത്തകരോടും മററുള്ളവരോടും എതിർത്ത് സംസാരിക്കാൻ ഞാൻ ധൈര്യം കാണിക്കാറില്ല.

ഇനി എന്റെ ആരോഗ്യപ്രശ്നങ്ങൾ പറയാം. സമയം തെറ്റിയുള്ള ഭക്ഷണവും, പ്രാഥമിക ആവശ്യങ്ങളായ ടോയ്‌ലറ്റ്, ശുദ്ധമായ കുടിവെള്ളം, സുഗമമായി ജോലിചെയ്യാനുള്ള അന്തരീക്ഷം എന്നിവയുടെ അഭാവംമൂലം നിരവധി ശാരീരിക മാനസിക ബുദ്ധിമുട്ടുകൾ ഞാൻ അനുഭവിക്കുന്നുണ്ട്.

എന്റെ കുടുംബശ്രീ യൂണിറ്റിലെ ഒരു യോഗത്തിൽ വായിച്ച കുടുംബശ്രീ ജില്ലാ മിഷന്റെ സ്ത്രീയും ആരോഗ്യവും എന്ന പുസ്തകം എന്റെ ജീവിതത്തിലേയ്ക്ക് പുതിയ വെളിച്ചം വീശി. ഇതുമായി ബന്ധപ്പെട്ട് നടന്ന ചർച്ചയിൽ ഞാൻ എന്റെ കയ്പേറിയ ജീവിത അനുഭവങ്ങൾ മറ്റ് അംഗങ്ങളോട് വെളിപ്പെടുത്തി. അവർ എനിക്ക് എന്റെ ജോലി സ്ഥലത്തെ പ്രശ്നങ്ങൾ നേരിടുന്നതിനു വേണ്ട ആത്മബലം നൽകി.

**ജയ**

**ആനാട് ഗ്രാമപഞ്ചായത്ത്**

## ഒപ്പം നിന്നവർ

എന്റെ പേര് ഹൈമ എം. ഞാൻ ഒരു തെറ്റില്ലാത്ത വിദ്യാഭ്യാസവും തൊഴിലധിഷ്ഠിത വിദ്യാഭ്യാസം എന്നിവ പഠിച്ചവളായിട്ടും എനിയ്ക്ക് ഒരു ജോലിയും ഇല്ലാതെ ഒരു വീടിന്റെ അകത്തളങ്ങളിൽ ഒതുങ്ങിക്കൂടുന്ന ഒരു വീട്ടമ്മയായിരുന്നു ഞാൻ. എനിക്ക് രണ്ട് കുട്ടികളുണ്ട്. മൂത്തത് മകൾ, രണ്ടാമത്തേത് ആൺകുട്ടി. ഇളയകുട്ടി ഒരു സുഖമില്ലാത്ത കുട്ടിയാണ്. ടി കുട്ടിയെ ഇട്ടിട്ട് എനിക്ക് ഓഫീസ് ജോലിക്കു പോകുവാനോ ഒരു സ്ഥാപനത്തിൽ ഇരുന്ന് ജോലി ചെയ്യുവാനോ കഴിയില്ല. സുഖമില്ലാത്ത കുട്ടിയ്ക്ക് ഒരുപാട് പണത്തിന്റെ ആവശ്യമുണ്ട്. എന്റെ ഭർത്താവ് ഒരു കൂലിപണിക്കാരനാണ്. ഒരാളിന്റെ വരുമാനം കൊണ്ട് എന്റെ കുടുംബം ജീവിച്ചുപോകുന്നത് വലിയ ബുദ്ധിമുട്ടിലായിരുന്നു. എന്നും കടവും അമ്മായിയിൽ നിന്നും നാത്തൂന്റെ വായിൽ നിന്നുമെല്ലാം ഞാൻ ഒരുപാട് ശകാരങ്ങൾ കേട്ട് എന്റെ ജീവിതം വഴിമുട്ടി. ഞാൻ എന്റെ വീട്ടിൽ തിരിച്ചെത്തി. രണ്ട് കുട്ടികളെയും കൊണ്ട് ഞാൻ എങ്ങനെ ജീവിതം മുന്നോട്ട് കൊണ്ടുപോകും എന്ന് വിചാരിച്ചിരിക്കുമ്പോഴാണ് നവം വനിതാ സ്വയം സഹായ സംഘത്തിലെ അംഗങ്ങളായ മൂന്നാലുപേർ എന്റെ വീട്ടിൽ വന്ന് എന്നോട് ചോദിച്ചു. നീ നമ്മുടെ അയൽക്കൂട്ടത്തിൽ ഒരു അംഗമാകുകയും അതിലെ സെക്രട്ടറിയാവുകയും ചെയ്യണം എന്ന് അവർ എന്നോട് ആവശ്യപ്പെട്ടു. തുടർന്ന് ഞാൻ ആ അയൽക്കൂട്ടത്തിന്റെ സെക്രട്ടറിയായി. തുടർന്ന് അയൽക്കൂട്ടത്തിന്റെ ബുക്കുകൾ എല്ലാം ഒത്ത് നോക്കിയപ്പോൾ കണക്കുകൾ എല്ലാം താറുമാറായി കിടക്കുകയും ഒരു അടുക്കും ചിട്ടയുമില്ലാതെയാണ് ഈ അയൽക്കൂട്ടത്തിന്റെ പോക്ക് എന്ന് മനസ്സിലായി. ഒരുപാട് ദിവസം ഞാൻ പഞ്ചായത്ത് കുടുംബശ്രീയുമായി ബന്ധപ്പെട്ട് അന്നത്തെ ചെയർപേഴ്സൺ ശ്രീകലയായിരുന്നു. അവരുടെ സഹായവും കുടുംബശ്രീ അക്കൗണ്ട് റീനയുടെ സഹായത്തോടെയും കണക്കുകൾ ഒരുവിധം കരയ്ക്കടുപ്പിച്ചു. 20 അംഗങ്ങളെ കൂട്ടിയിണക്കി മുന്നോട്ട് പോയ അയൽക്കൂട്ടത്തിൽ 10 പേർ പിരിഞ്ഞുപോയി. തുടർ പ്രവർത്തനം നിലയ്ക്കും എന്ന അവസ്ഥയിലാണ് ഞാൻ അംഗമാകുന്നത്. തുടർന്ന് 10 അംഗങ്ങളെ കൂട്ടിചേർത്ത് വീണ്ടും 20 അംഗങ്ങൾ ചേർന്ന് പ്രവർത്തനം തുടർന്നുകൊണ്ടിരിക്കുന്നു.

എന്റെ അയൽക്കൂട്ടത്തിൽ കൈതൊഴിലും, കശുവണ്ടി ഫാക്ടറി തൊഴിലാളികൾ, തൊഴിലുറപ്പ് പണിചെയ്യുന്നവർ, റിട്ടേർഡ് ടീച്ചർ, വീട്ടമ്മമാർ എന്നിവരുണ്ട്. എല്ലാപേരിലും ഭൂരിപക്ഷവും പാവപ്പെട്ടവരാണ്. ഞാൻ അയൽക്കൂട്ടത്തിൽ അംഗമായതോടെ വാർഡ് എ.ഡി.എസ്. സെക്രട്ടറിയായി പ്രവർത്തിച്ചു. തുടർന്നും എ.ഡി.എസ്

തെരഞ്ഞെടുപ്പിൽ എ.ഡി.എസ്സായി തിരഞ്ഞെടുക്കപ്പെട്ടു. ഈ അയൽക്കൂട്ടത്തിൽ വന്നതിനുശേഷം ഗ്രാമസഭകളിൽ പങ്കെടുക്കുന്നത്. മുൻപ് ഗ്രാമസഭ എന്ന് കേട്ടിട്ടുണ്ട്. അതിന്റെ സത്യാവസ്ഥ മനസ്സിലാക്കുവാൻ ഞാൻ ശ്രമിച്ചില്ല. ഇന്ന് എനിയ്ക്ക് വാർഡിലെ ഏത് പ്രവർത്തനം നടന്നാലും അതിൽ പങ്കെടുക്കുവാൻ സാധിക്കുന്നുണ്ട്. കാരണം ഞാൻ ഇന്ന് നമ്മുടെ വാർഡിലെ സി.ഡി.എസ് ആണ്. എന്നെ സി.ഡി.എസ് ആക്കിയതിൽ ഏറിയ പങ്കും എ.ഡി.എസ് ഭാരവാഹികൾക്കും നമ്മുടെ വാർഡ് മെമ്പറായ ആ വ്യക്തിയെയും ഞാൻ നമസ്ക്കരിക്കുന്നു. ഇന്ന് എനിയ്ക്ക് എന്റെ സുഖമില്ലാത്ത മോനെയും എന്റെ മകളെയും ബുദ്ധിമുട്ടില്ലാതെ ജീവിതം മുന്നോട്ട് പോകാൻ സാധിക്കുന്നുണ്ട്. തൊഴിലുറപ്പ്, ആരോഗ്യപരമായ രീതിയിലും, വാർഡ് തല സർവ്വേകൾ എന്നിവ എനിയ്ക്ക് കുട്ടികളെ വീട്ടിലാക്കി വീടിനു പരിസരത്ത് നിന്നുകൊണ്ട് ഓരോ ചെറിയ ചെറിയ ജോലികൾ ചെയ്ത് മൂലധനം ഉണ്ടാക്കാൻ കഴിയുന്നുണ്ട്. സോപ്പ്, വൈൻ, അച്ചാർ എന്നിവ ഉണ്ടാക്കാൻ പഠിച്ചു. സോപ്പ് ഞാൻ ഉണ്ടാക്കി ചെറിയതോതിൽ വീടുകളിൽ കൊടുക്കുന്നു. ഇനി കുടുംബശ്രീ പ്രേരക് മുഖേന തയ്യൽ പരിശീലനവും പഠിയ്ക്കുവാൻ പോകുന്നു. ഇനി എനിയ്ക്ക് ഒരു സ്ഥാപനത്തിലല്ലായെങ്കിലും ഒരു കൈത്തൊഴിൽ ഞാൻ പഠിച്ച് സ്വയം പര്യാപ്തയാകും എന്ന മനസ്സും തന്നത് കുടുംബശ്രീ പ്രവർത്തനം കൊണ്ടാണ്.

പണ്ടൊക്കെ ഞാൻ ആരോടു സംസാരിക്കുവാൻ ഒന്നു പാടുപെടുമായിരുന്നു. ഇന്ന് ബാങ്കിലായാലും ഒരു മീറ്റിംഗിലായാലും പഞ്ചായത്തിലായാലും ആരോടും സംസാരിക്കുവാനുള്ള ഒരു പ്രചോദനം കുടുംബശ്രീ പ്രവർത്തനത്തിലൂടെ ലഭിച്ചു. കുടുംബപരമായാലും, കുട്ടികളുടെ ജീവിതപരമായാലും സാമൂഹ്യപരമായാലും നിന്നും നോക്കുകയാണെങ്കിൽ നല്ലൊരു പ്രവർത്തനം കാഴ്ച വെയ്ക്കുവാൻ സാധിക്കുന്നു എന്നതാണ് എന്റെ വിശ്വാസം. ഇന്ന് എന്റെ ഭർത്താവിന്റെ പിണക്കമെല്ലാം ഒരുവിധം തീർന്ന് നമ്മൾ സന്തോഷത്തോടെ ജീവിതം മുന്നോട്ട് പോകുന്നു. ഇനിയും നല്ല നല്ല പ്രവർത്തനങ്ങൾ ഉണ്ടാവട്ടെ എന്ന് പറഞ്ഞുകൊണ്ട് എന്റെ ഈ അനുഭവക്കുറിപ്പ് അതിന്റേതായ ഗൗരവത്തിൽ പരിഗണിച്ച് അനേകായിരം സഹോദരിമാർക്ക് ഗുണകരമാകുമെന്നുള്ള ശുഭാപ്തി വിശ്വാസത്തോടെ ചുരുക്കുന്നു.

വിശ്വാസപൂർവ്വം

**ഹൈമ എം**

**നവം വനിത അയൽക്കൂട്ടം**

**കടയ്ക്കാവൂർ ഗ്രാമപഞ്ചായത്ത്**

## പറയാൻ ഒരുപാടുണ്ട്

എന്റെ പേര് എ.സഫീദ. ഞാൻ പെരുമാതുറ ഒറ്റപ്പന പത്താം വാർഡിലെ ബിസ്മി അയൽക്കൂട്ടത്തിന്റെ പ്രസിഡന്റ് ആണ്. ഞാൻ ഈ കുടുംബശ്രീ പ്രസ്ഥാനത്തിൽ വന്നതിന് ശേഷം എനിക്ക് ഉണ്ടായ കുറച്ച് അനുഭവങ്ങൾ ഞാൻ വിവരിക്കുന്നു. 2002–ൽ ഞാൻ 11–ാം വാർഡിൽ താമസിച്ചുകൊണ്ടിരിക്കെ ഒരു അയൽക്കൂട്ടത്തിൽ ചേരുകയും അതിന്റെ സെക്രട്ടറിയായി പ്രവർത്തിക്കുകയും ചെയ്തു. 4 വർഷത്തോളം അതിൽ പ്രവർത്തിച്ചിരുന്നു. അതുകഴിഞ്ഞ് 10–ാം വാർഡിൽ താമസം മാറുകയുണ്ടായി. പിന്നെ കല്യാണം കഴിഞ്ഞപ്പോൾ ആ കുടുംബശ്രീയിൽ തുടർന്ന് പോകാൻ കഴിഞ്ഞില്ല. അത് കഴിഞ്ഞ് ഒരു വർഷം കഴിഞ്ഞപ്പോൾ നമ്മുടെ ഇപ്പോഴത്തെ 11–ാം വാർഡ് മെമ്പർ ശ്രീ അബ്ദുൾ വാഹിദ് സർ എന്നെ വാർഡ് മെമ്പറായി മത്സരിക്കുന്നതിന് ആവശ്യപ്പെടുകയും ഞാൻ തയ്യാറാവുകയും ചെയ്തു. തുടർന്ന് 284 വോട്ടിന്റെ ഭൂരിപക്ഷത്തോടെ ജയിക്കുകയും ചെയ്തു. ഞാൻ സ്വപ്നത്തിൽപോലും കാണാത്ത ഈ സ്ഥാനവും അംഗീകാരവും എനിക്ക് കിട്ടിയിത് ഈ കുടുംബശ്രീ പ്രസ്ഥാനത്തിൽ പ്രസ്ഥാനത്തിൽ പ്രവർത്തിച്ചതുകൊണ്ട് മാത്രമായിരുന്നു. അതിലൂടെ സമൂഹത്തിൽ നല്ല വിലയും അംഗീകാരവും എനിക്ക് എന്നും ഉണ്ടായിരുന്നു. വാർഡിലെ ഒരുപാട് പാവപ്പെട്ട കുടുംബങ്ങളെ ആശ്രയ ഗുണഭോക്താക്കളെ, നിത്യവൃത്തി കഴിയാൻ പോലും ഗതിയില്ലാത്ത കുടുംബങ്ങൾ, ഇങ്ങനെ കുറച്ച് അനുഭവങ്ങൾ എനിക്ക് കാണേണ്ടി വന്നു. എല്ലാപേരേയും ഒരുമിച്ച് സഹായിക്കാൻ കഴിഞ്ഞില്ല. എങ്കിലും കുറച്ച് പേർക്ക് വിധവാ പെൻഷൻ, വാർദ്ധക്യകാല പെൻഷൻ, വികലാംഗ പെൻഷൻ എന്നിവയും പാവപ്പെട്ട മത്സ്യതൊഴിലാളികളും, കയർ തൊഴിലാളികളും തിങ്ങിപാർക്കുന്ന ഈ പ്രദേശത്ത് വീടില്ലാത്ത 39 കുടുംബങ്ങൾക്ക് വീട് എന്നിവയും 20 വനിതകളെ ഉൾപ്പെടുത്തി 13 കുടുംബശ്രീയോളം രൂപീകരിക്കുകയും ചെയ്തു. ഇതുമൂലം സമൂഹത്തിലെ ജനങ്ങളുടെയിടയിൽ നിന്നും കിട്ടിയ വിലയേറിയ അംഗീകാരങ്ങൾ, പാവപ്പെട്ട കുടുംബങ്ങളെ സഹായിക്കാൻ കഴിഞ്ഞത്, എന്നെ നാട്ടുകാർ തിരിച്ചറിഞ്ഞത്, എല്ലാം ഈ കുടുംബശ്രീ പ്രസ്ഥാനം വഴി മാത്രമാണ്. അതിൽ എനിക്ക് എന്നും ഈ പ്രസ്ഥാനത്തോട് നന്ദിയും കടപ്പാടുമുണ്ട്. നമ്മൾ ഇതുകൊണ്ട് ഉദ്ദേശിക്കുന്നത് സ്ത്രീശാക്തീകരണവും, ദാരിദ്ര്യ നിർമ്മാർജ്ജനവുമാണ്. ഇതിൽ സ്ത്രീശാക്തീകരണം എന്ന ആശയം കുടുംബശ്രീ വന്നതിനുശേഷം അർത്ഥവത്തായിട്ടുണ്ട്. ദാരിദ്ര്യ നിർമ്മാർജ്ജനം കൂടുതൽ ഫലവത്തായിട്ടില്ല. ഈ പ്രസ്ഥാനത്തിൽ വന്നതിനുശേഷം സമൂഹത്തിലുള്ള നല്ല ആൾക്കാരുമായി സഹകരിക്കുന്നതിനും കുറച്ച് നല്ല കാര്യങ്ങൾ മനസ്സിലാക്കുവാനും കഴിഞ്ഞിട്ടുണ്ട്.

ആഴ്ചയിൽ ഒരു ദിവസം ഒരു മണിക്കൂറെങ്കിലും എന്റെ ദുഃഖം എന്റെ അയൽവാസികളുമായി പങ്കുവെയ്ക്കുവാൻ കഴിഞ്ഞിട്ടുണ്ട്. അതുകൂടാതെ സമൂഹത്തിലെ കുട്ടികളുമായി നല്ലൊരുഭാഗം സമയം ചിലവഴിക്കേണ്ടി വന്നിട്ടുണ്ട്. ഞാൻ മൂന്ന് ബാലസഭ രൂപീകരിച്ചു. രണ്ട് വർഷത്തോളം നല്ല രീതിയിൽ പ്രവർത്തിച്ചു. കുടുംബശ്രീയിലെ മുതിർന്ന വനിതകളെക്കാളും കുട്ടികൾക്ക് ബുദ്ധിയും ആത്മധൈര്യവും വന്നു. പിന്നെ അവർ ചോദ്യങ്ങൾ ചോദിക്കുവാൻ തുടങ്ങി. ഈ ബാലസഭ അയൽക്കൂട്ടം പ്രവർത്തനം തുടങ്ങിയിട്ട് രണ്ടു വർഷം കഴിഞ്ഞു. ഞങ്ങൾക്ക് പഞ്ചായത്തിന്റെ ആനുകൂല്യം വാങ്ങിത്തരാത്തതെന്താണ്? കുട്ടികൾ ഈ ചോദ്യം ഉയർത്തുകയും ബാലസഭ പ്രവർത്തനം നിലയ്ക്കുകയും ചെയ്തു. ഇതിൽ ഒരു ബാലസഭ തുടർന്ന് പ്രവർത്തിക്കുന്നുണ്ട്. പിന്നെ വാർഡിൽ പകർച്ച വ്യാധികൾ തടയുന്നതിനുവേണ്ടി അയൽക്കൂട്ടത്തിന്റെ കീഴിൽ ശുചീകരണ പ്രവർത്തനം നടത്താൻ കഴിഞ്ഞിട്ടുണ്ട്. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 125 കുടുംബങ്ങളിൽ 90ഓളം കുടുംബങ്ങളുടെ കീഴിൽ മേറ്റായി പ്രവർത്തിച്ച് പണി ചെയ്യുന്നതിന് കഴിഞ്ഞിട്ടുണ്ട്. അതുപോലെ തന്നെ ഇതിന് വേതനം വാങ്ങുകയും ചെയ്തു. പഞ്ചായത്തിന്റെ കീഴിൽ ഒരു തയ്യൽ പരിശീലനം തുടങ്ങി. ഞാനും ആ പരിശീലനത്തിൽ പങ്കാളിയാവുകയും എന്റേയും എന്റെ കുടുംബക്കാരുടേയും തുണികൾ മറ്റുള്ളവരെ ആശ്രയിക്കാതെയും പൈസ കൊടുക്കാതെയും സ്വന്തമായി തയ്ക്കുകയും ഒരു നിത്യവരുമാന മാർക്ഷമായി ഞാൻ അതിനെ പ്രയോജനപ്പെടുത്തുകയും ചെയ്തു. അതുമൂലം ദിവസം കുറഞ്ഞത് 100 രൂപയോളം കിട്ടുന്നുണ്ട്. ഇതെല്ലാം എന്റെ അയൽക്കൂട്ടം വഴി എനിക്ക് കിട്ടിയ നേട്ടങ്ങളാണ്. മൈത്രിയുടെ കീഴിൽ ഒരു ടെക്സ്റ്റെയിൽ & ടെയിലറിംഗ് ഷോപ്പ് തുടങ്ങുന്നതിനായി ഞങ്ങൾ നാല് വനിതകൾ ചേർന്ന് ഒരു അപേക്ഷ കൊടുക്കുകയും ആ സംരംഭത്തിൽ ഞങ്ങളെ ഉൾപ്പെടുത്തി ലിസ്റ്റിൽ പേര് വരുകയും ചെയ്തു. അതും നല്ല രീതിയിൽ മുമ്പോട്ട് പ്രവർത്തിച്ച് കൊണ്ടുപോകണം എന്നുള്ള ആഗ്രഹം എനിക്കുണ്ട്. പിന്നെ നമ്മുടെ അയൽക്കൂട്ടത്തിൽ സോപ്പ് സ്വന്തമായി നിർമ്മിക്കുന്നു. എന്റെ കുടുംബത്തിന്റെ തുണി അലക്കുന്നതിനായി മറ്റുള്ള കടകളെ ആശ്രയിക്കേണ്ടി വന്നിട്ടില്ല. നല്ലൊരു ലാഭവും ഈ സംരംഭത്തിൽ നിന്നും കിട്ടുന്നുണ്ട്.

**എ.സഫീദ**

**ബിസ്മി അയൽക്കൂട്ടം**

**ചിറയിൻകീഴ്**

<u>**കനലിൽ നിന്നും കുളിരിന്റെ കൂടാരത്തിലേക്ക്**</u>

ഞാൻ രോഹിണി സുരേഷ്. പുതുവൽ 17–ാം വാർഡിൽ നിന്നും ഉള്ള സി.ഡി.എ സ്. അംഗമാണ്. എന്റെ കഥ എങ്ങനെ തുടങ്ങണം എന്ന് അറിയില്ല. എന്തായാലും എന്റെ ആദ്യകാലം മുതലേ തുടങ്ങാം.

ഞാൻ ബന്ധുക്കളോ സ്വന്തക്കാരോ ഇല്ലാത്ത ഒരു കുടുംബത്തിലെ അംഗമാണ്. കാരണം എന്റെ അമ്മയെ ഒരു അമ്മ എടുത്ത് വളർത്തിയതാണ്. എന്റെ അമ്മയ്ക്ക് ഒരു വിവാഹ ജീവിതം ഇല്ലായിരുന്നു. ഞങ്ങൾ രണ്ട് മക്കളേയും എന്റെ അമ്മ പിഴച്ച് പെറ്റതാ ണ്. അച്ഛൻ ആര് എന്നുള്ള സംശയത്തിലാണ് എന്നെ പെറ്റത് തന്നെ. അപ്പോൾ ഞങ്ങൾക്ക് സമൂഹത്തിലുള്ള വിലയെക്കുറിച്ച് മനസ്സിലാകുമല്ലോ. പിന്നെയും എന്റെ അമ്മ തെറ്റുകൾ മാത്രമേ കാണിച്ചിരുന്നുള്ളൂ. അതിന്റെ ഫലമായി ഞങ്ങൾക്ക് നല്ല വസ്ത്രങ്ങളോ പഠിക്കാൻ സൗകര്യങ്ങളോ ഭക്ഷണമോ ഇല്ലായിരുന്നു. എന്റെ അമ്മയെ എടുത്ത് വളർത്തിയ അമ്മ അതായത് ങ്ങളുടെ ഭാഷയിൽ ഞങ്ങളുടെ പെറ്റമ്മ. എന്റെ പെറ്റമ്മച്ചി ഞങ്ങളെ ഭിക്ഷയെടുപ്പിച്ച് വളർത്തി. അയൽക്കാർ ഞങ്ങൾക്ക് ക്ഷണങ്ങൾ തന്നു. ഈ കഷ്ടപ്പാടിലും ഞാൻ പത്താം ക്ലാസ് പാസ്സായി. അപ്പോഴേയ്ക്കും ഞാൻ ഒരു വിവാഹജീവിതത്തിലേയ്ക്ക് കടന്നു. എന്റെ കല്യാണം സ്ത്രീധനമൊന്നും ഇല്ലാതെ യായിരുന്നു.

ഞാൻ കുടുംബശ്രീ അംഗമായി വരുന്നത് ഇതോടു കൂടിയാണ്. അന്ന് ആരോടും അധികം സംസാരിക്കുന്നതിനും കാര്യങ്ങൾ പറയുന്നതിനും മടിയായിരുന്നു. പക്ഷെ എന്റെ ഭർത്താവ് എല്ലാത്തിനും നല്ല സപ്പോർട്ട് തന്നു. ഞാൻ വന്നതോടു കൂടി വീട്ടിലെ ജോലി ഭാരമെല്ലാം എന്റെ തലയിലായി. എനിക്ക് അധികം അടുക്കളപ്പണിയൊന്നും അറ യില്ലായിരുന്നു. അതിനാൽ കുറെയേറെ സങ്കടങ്ങൾ സഹിക്കേണ്ടതായി വന്നു. ആ കാലത്ത് ഞാൻ ആരോടും ഒന്നും തുറന്ന് പറയില്ല. എല്ലാം മനസ്സിലൊതുക്കി കരഞ്ഞ് നടക്കും. ഒരു പാട് കേട്ടു കേട്ടു സഹിച്ചു. അപ്പോഴേക്കും ഞാൻ കുടുംബശ്രീയിലുള്ള എന്റെ സഹോദരങ്ങളോട് സംസാരിച്ചു. അവരിൽ പരലും എന്നെ വേണ്ടും വിധത്തിൽ ഉപദേശിച്ചു. കൂടുതൽ നീ താഴ്ന്നു കൊടുത്താൽ അവർ തലയിൽ കയറും അതു കൊണ്ട് കുറച്ചൊക്കെ നീ പ്രതികരിക്കണം. അങ്ങനെ കുറേശ്ശേ സംസാരിച്ച് തുടങ്ങി.

അപ്പോൾ എനിക്ക് ഒരു മനോധൈര്യമായി. അവരിൽ നിന്നുളഅള ശകാരങ്ങൾ കുറഞ്ഞ് വന്നു. അത്രയൊക്കെ ആയാലും അവർ എന്റെ അമ്മയേക്കാൾ എന്നെ നോക്കും.

അപ്പോഴേക്കും ഞാൻ ഒന്നിലധികം സംഘടനകളിലൊക്കെ സെക്രട്ടറി പ്രസിഡന്റ് പദവിയിൽ എത്തി. അങ്ങനെ ഇക്കഴിഞ്ഞ ഇലക്ഷനിൽ എന്റെ അയൽക്കൂട്ടത്തിൽ നിന്നും ഞാൻ എ.ഡി.എസ് ആയി തെരഞ്ഞെടുക്കപ്പെട്ടു. ഇന്ന് എനിക്ക് അതിൽ അഭിമാനമുണ്ട്. എന്നിട്ടും എന്റെ അമ്മ പഴയ തെറ്റുകൾ തന്നെ ആവർത്തിച്ചു കൊണ്ടിരിക്കുകയാണ്. അതോർത്ത് വിഷമിച്ചിരിക്കാതെ ജീവിക്കുവാനുള്ള മനോധൈര്യവും ചങ്കുറപ്പും എല്ലാം എനിക്ക് തന്നത് കുടുംബശ്രീ പ്രവർത്തനത്തിലൂടെയായിരുന്നു. ഇന്ന് ഏത് പ്രതിസന്ധി വന്നിരുന്നാലും സങ്കടം വന്നിരുന്നാലും ഞാൻ തരണം ചെയ്യുകയാണ്. എന്റെ ഭർത്താവ് ഒരു മത്സ്യതൊഴിലാളിയാണ്. എനിക്ക് ഒരു മകൻ ജനിച്ചതിന് ശേഷം ഞാൻ ആശുപത്രികളിൽ കയറി ഇറങ്ങേണ്ടതായി വന്നു. അപ്പോഴൊക്കെ ഭർത്താവിന് കിട്ടുന്ന പൈസ ആശുപത്രിയിൽ ചെലവാകും. ചിലപ്പോഴൊക്കെ രാത്രികാലങ്ങളിൽ ആശുപത്രിയിൽ കൊണ്ട് പോകേണ്ടതായി വന്നു. അന്ന് കുറച്ച് സാമ്പത്തിക പ്രതിസന്ധികളുണ്ടായി. അന്ന് എന്നെ സഹായിച്ച് എനിക്ക് എല്ലാ പിന്തുണയും തന്നത് എന്റെ അയൽക്കൂട്ട സഹോദരിമാരാണ്. ഇന്ന് സമൂഹത്തിൽ ഒത്തിരിയെങ്കിലും ഒരു വില ഞങ്ങൾക്ക് കൽപ്പിച്ച് കിട്ടുന്നുണ്ട്.

എന്ന്

**രോഹിണി സുരേഷ്**

**പുതുവൽ 17, കഠിനംകുളം**

## എന്നെ ഞാനാക്കിയ കുടുംബശ്രീ

വെള്ളറട ഗ്രാമപഞ്ചായത്തിൽ ആദ്യമായി കുടുംബശ്രീ ആരംഭിച്ചത് 2001 ൽ ആണ്. ഞാൻ അഞ്ചുമരംക്കാല വാർഡിൽ ആണ് താമസം. അന്ന് 5 വാർഡിൽ കുടുംബശ്രീകൾ തുടങ്ങുമെന്ന് അന്നത്തെ വാർഡ് മെമ്പർ പറയുകയും കാതക്കോട് എന്ന സ്ഥലത്തും കുടുംബശ്രീ തുടങ്ങി. അന്ന് എന്റെ ഭർത്താവ് പോകാൻ അനുവാദം തന്നില്ല. ഒടുവിൽ മെമ്പരിന്റെ സമ്മർദ്ദംകൊണ്ട് അനുവാദം കിട്ടി. അന്ന് തന്നെ സംഘത്തിന്റെ പ്രസിഡന്റായി തെരഞ്ഞെടുത്തു. എന്റെ സംഘത്തിനു സമന്വയ എന്ന പേരു നല്കി.

ഞാൻ തീരെ ദാരിദ്ര്യ കുടുംബം അല്ല. സാമാന്യം ജീവിക്കാൻ കഴിയും എന്നേ ഉള്ളൂ. എന്റെ കയ്യിൽ ഒരു പൈസപോലും സൂക്ഷിക്കാനും കഴിയില്ല. സാധനങ്ങൾ ഭർത്താവ് തന്നെ വാങ്ങിക്കൊണ്ട് വരും. എവിടെയെങ്കിലും പോകുമ്പോൾ മാത്രം പൈസ തരും. ഞാൻ ഭർത്താവിന്റെ കൈയിൽ ഇരിക്കുന്ന രൂപയെ കണ്ടിട്ടുള്ളൂ. സ്വന്തമായി എന്റെ പേർക്കോ എന്റെ കൈയിലോ ഇല്ല. അങ്ങനെ ഇരിക്കുമ്പോഴാണ് സ്ത്രീകളുടെ ഉന്നമനത്തിനായി കുടുംബശ്രീ ആരംഭിച്ചത്.

എന്റെ ഭർത്താവ് പുറത്ത് ഒരിടത്തും പോകാൻ അനുവദിക്കില്ല. പിന്നെ ഞാൻ ബാങ്കിൽ ആഴ്ചതോറും പിരിയുന്ന പൈസ കൊണ്ട് അടയ്ക്കാൻ പോകാൻ തുടങ്ങി. 6 മാസം കഴിഞ്ഞപ്പോൾ ലോൺ കൊടുക്കാൻ തുടങ്ങി. ഞാൻ ഭർത്താവിനോട് പറഞ്ഞു. അന്നേരം ഭർത്താവിനു സന്തോഷമായി. നീ 1000 രൂപ എടുത്തു താ. . . . .

ഞാൻ രൂപ എടുത്തു കൊടുത്തു. എന്റെ ഭർത്താവിനു 5000/- രൂപ വരെ അദ്ദേഹത്തിനും എടുത്തുകൊടുത്തു. ആവശ്യങ്ങൾ നിറവേറ്റിയിരുന്നു. പെട്ടെന്നുളഅള അത്യാവശ്യങ്ങൾ നിറവേറ്റാൻ കുടുംബശ്രീയ്ക്കു മാത്രമേ കഴിയൂ. അന്നൊക്കൊ ഞങ്ങൾ പാണ്ടി സ്ഥലത്തുനിന്നും വരുന്ന തമിഴന്മാരോടാണ് 500 ഉം 1000 വും രൂപ എടുക്കുന്നത്. അത് 1000 രൂപ എടുക്കുമ്പോൾ 900 രൂപയേ തരൂ. തിരിച്ചടയ്ക്കുമ്പോൾ 900 രൂപയ്ക്ക് 1250 രൂപ അടച്ചുതീർക്കണം. ആ സ്ഥിതിയിലാണ് കുടുംബശ്രീ വന്നത്. ഇപ്പോൾ ഞങ്ഹളുടെ പ്രദേശത്ത് ഒരു പാണ്ടിക്കാരനെ പോലും കാണാൻ ഇല്ല.

കുടുംബശ്രീ മുഖേന ജില്ലയിൽ പോയി പശു, ആട്, കോഴി എന്നിവ വളർത്തുന്നതിനുള്ള ട്രെയിനിംഗിൽ ഒരാഴ്ച തങ്ങി പഠിച്ചു അവിടന്ന് സർട്ടിഫിക്കറ്റ് നൽകുകയും ആട് വളർത്തുന്നതിന് അപേക്ഷ നൽകി ജില്ലയിൽ നിന്നും ഞങ്ങൾ 5 വനിതകൾക്ക് 35000/- രൂപ സബ്സിഡി കിട്ടുകയും ചെയ്തു. പക്ഷേ ലോൺ വിജയാ ബാങ്കിൽ നിന്നും നല്കിയില്ല. ഒരു വർഷം വരെ ആയപ്പോൾ ഞങ്ങൾ അഞ്ചുപേരും ചേർന്ന് സബ്സിഡി എടുത്തു.

പഞ്ചായത്തിൽ കുടുംബശ്രീയിൽ നിന്നും എ.ഡി.എസ്. സെക്രട്ടറിയായി പ്രവർത്തിക്കാൻ കഴിഞ്ഞു. അങ്ങനെ 2008 ൽ ദേശീയ ഗ്രാമീണ തൊഴിലുറപ്പിൽ മേറ്റായി പരിശീലനം കിട്ടുകയും പ്രവർത്തിക്കുകയും ചെയ്തുവരുന്നു. ഇപ്പോൾ എ.ഡി. എസ്. സെക്രട്ടറിയായും സി.ഡി.എസ്. അംഗവുമാണ്.

എനിക്ക് കുടുംബശ്രീ മുഖേന പല ദൂരെ സ്ഥലങ്ങളിലും ട്രെയിനിംഗിന് പങ്കെടുക്കാൻ കഴിഞ്ഞു. പന്ത്രണ്ട് വർഷഹ്ങൾക്ക് മുൻപ് ആരോടും അത്ര സഹകരണം ഇല്ലായിരുന്നു. എന്നാൽ ഇന്ന് സ്ത്രീ പുരുഷ ഭേദമില്ലാതെ ഇടപഴകാൻ സാധിക്കുന്നു. ഞാൻ പണ്ടത്തെ മിണ്ടാപ്രാണി അല്ല. എന്നെ ഇത്രത്തോളം വലുതാക്കിയത് കുടുംബശ്രീ മാത്രമാണ്.

എന്റെ മരണകാലം വരെയും ഞാൻ കുടുംബശ്രീയുടെ അംഗമായിരിക്കും. ഇനിയും ധാരാളം എഴുതുവാനൊക്കെ ഉണ്ട്. പക്ഷെ എഴുതാൻ തുടങ്ങിയപ്പോൾ എല്ലാം വിട്ട് പോയി. എന്റെ നന്മകൾ മാത്രമേ എനിക്ക് ഉണ്ടായിട്ടുള്ളൂ. ഇത്രയും എഴുതി നിറുത്തുന്നു.

**ജലജ**

**സമന്വയ**

**വെള്ളറട**

വെമ്പായം ഗ്രാമപഞ്ചായത്ത് കുടുംബശ്രീ രൂപം കൊണ്ടിട്ട് 12 വർഷം കഴിഞ്ഞു. അന്നുമുതൽ ഞാൻ കുടുംബശ്രീയിൽ പ്രവർത്തിക്കുകയാണ്. അടുക്കളയിൽ നിന്നും അരങ്ങത്തേയ്ക്കുള്ള സ്ത്രീകളുടെ ചുവടുവെയ്പ്പിനു വേണ്ടിയാണ് സർക്കാർ കുടും ബശ്രീ എന്ന കുടുംബം രൂപപ്പെടുത്തിയത്.

എന്റെ വ്യക്തിപരമായ അഭിപ്രായം രേഖപ്പെടുത്തുകയാണെങ്കിൽ സാമൂഹിക മായും മാനസികമായും എനിക്ക് വളരെയേറെ മുന്നിലെത്താൻ സാധിച്ചു. കുടുംബശ്രീ എന്ന കുടുംബത്തിലേക്ക് എത്തുന്നതിന് മുമ്പ് സമൂഹം എന്തെന്നും ദിനം പ്രതി നമ്മുടെ എന്തെല്ലാം മാറ്റങ്ങൾ വിധേയമാകുന്നുവെന്നും ഞാൻ മനസ്സിലാക്കിയിരുന്നില്ല.

എന്നാൽ കുടുംബശ്രീ എന്നുള്ള സംരംഭത്തിൽ എത്തിയത് എന്റെ ജീവിത ത്തിലെ ഒരു വഴിത്തിരുവ് തന്നെയായിരുന്നു.

എന്റെ വീട്ടിൽ ഭർത്താവ് കൊണ്ടുവരുന്ന തുച്ഛമായ രൂപ കൊണ്ട് വീട്ടിലെ ആവ ശ്യങ്ങളും കുട്ടികളുടെ പഠനവും എനിക്ക് നോക്കേണ്ടി വന്നിരുന്നു. പലപ്പോഴും അത് കൃത്യമായി നിർവ്വഹിക്കാൻ എനിക്ക് കഴിയുമായിരുന്നില്ല. എന്നാൽ കുടുംബശ്രീയിൽ എത്തിയതിനുശേഷം എന്റെ കുട്ടികളുടെ പഠനം കൃത്യമായി കൊണ്ടു പോകാൻ കഴി ഞ്ഞു. കുടുംബശ്രീയിൽ നിന്നും അതിനുള്ള ധൈര്യവും ധനസഹായവും എനിക്ക് ലഭി ച്ചു.

ഞാനാരാണെന്നും എന്റെ കർത്തവ്യങ്ങൾ എന്താണെന്നും, അവയെല്ലാം എങ്ങനെ നിർവ്വഹിക്കണമെന്നും ഞാൻ പഠിച്ചു. മാത്രമല്ല എനിക്ക് വിദ്യാഭ്യാസം വളരെ കുറവാ യിരുന്നു. എഴുത്തും വായനയും എനിക്ക് പ്രയാസമായിരുന്നു. എന്നാൽ കുടുംബശ്രീ യിൽ വിദ്യാഭ്യാസ വോളന്റിയർ എന്നെ എഴുത്തിനും വായനയിലും നല്ല രീതിയിൽ പരി ശീലനം നൽകി സഹായിച്ചു. ഇത് എന്റെ വ്യക്തി ജീവിതത്തിലെ മാറ്റങ്ങളെ ഏറെ സ്വാധീനിച്ചു.

മുമ്പ് ശാരീരികമായും മാനസികമായും ഏറെ പീഡനങ്ങൾക്കിരയായിരുന്നു. ഞാൻ ആര് എന്ത് പറഞ്ഞാലും ഭർത്താവ് വിശ്വസിക്കുമായിരുന്നു. എന്നാൽ ഞാൻ അദ്ദേഹത്തെ ഓരോന്നായി മനസ്സിലാക്കി കൊടുത്തു. എനിക്ക് കിട്ടിയ അറിവുകൾ അദ്ദേഹത്തിന് പകർന്നുകൊടുത്തു. അദ്ദേഹത്തെ നല്ലൊരു ജീവിതം നടത്തി കൊണ്ടു പോകാൻ ഞാൻ പ്രേരിപ്പിച്ചു. എഴുതുവാനും വായിക്കാനും പഠിപ്പിച്ചു. സമൂഹജീവി യായ മനുഷ്യർ തന്റെ കർത്തവ്യങ്ങൾക്ക് കൊടുക്കേണ്ട വില എന്താണെന്ന് എനിക്ക് അദ്ദേഹത്തെ മനസ്സിലാക്കി കൊടുക്കാൻ കഴിഞ്ഞു. മാത്രമല്ല അദ്ദേഹം ഇന്നൊരു

പുരുഷ സംഘത്തിലെ അംഗമാണ്. എന്നാൽ സാമ്പത്തികമായി ഞങ്ങൾ വളരെ പിന്നിലായിരുന്നു. എന്റെ രണ്ടു കുട്ടികലുടെ വിദ്യാഭ്യാസം പോലും വഴി മുട്ടിയ അവസ്ഥയായിരുന്നു. എന്നാൽ, കുടുംബശ്രീയിൽ അംഗത്വം നേടിയ ശേഷം കിട്ടുന്നതിൽ 10 രൂപ വീതം മിച്ചം പിടിച്ച് പാസ് ബുക്കിൽ അടയ്ക്കാൻ തുടങ്ങി. അങ്ങനെ പാസ് ബുക്കിൽ 500 രൂപ സമ്പാദ്യമായപ്പോൾ 500 രൂപ ലോണായി ലഭിച്ചു. അതുപയോഗിച്ച് 5 കോഴിക്കുഞ്ഞുങ്ങളെ ഞാൻ വാങ്ങി. അവ മുട്ടയിട്ട് തുടങ്ങിയപ്പോൾ അത് വിറ്റാണ് ഞാൻ ലോണടച്ചത്. കൂടാതെ മിതമായ സ്ഥലത്ത് പച്ചക്കറി കൃഷി നടത്തി അതിൽ നിന്നും ലാഭം കണ്ടെത്താൻ എനിക്ക് കഴിഞ്ഞു. ഇന്ന് 500 മുതൽ 50000 വരെ ലോണെടുക്കാനും അത് സ്വയം തിരിച്ചടയ്ക്കാനും എനിക്ക് കഴിയുന്നു. മാത്രമല്ല എന്റെ മക്കളുടെ വിദ്യാഭ്യാസത്തിനും എന്റേതും ഭർത്താവിന്റെതുമായ ആവശ്യങ്ങൾക്ക് വേണ്ടത് സ്വരൂപിക്കാനും എനിക്ക് കഴിയുന്നുണ്ട്. അങ്ങനെ സാമ്പത്തികമായും എനിക്ക് പുരോഗതി നേടാൻ കഴിഞ്ഞു.

ഇന്ന് ഞാൻ സമൂഹത്തിൽ അിറയപ്പെടുന്ന ഒരു വ്യക്തിയായി മാറിയിരിക്കുന്നു. ഇന്ന് ഞാൻ ഒരു കുടുംബശ്രീ സി.ഡി.എസ് മെമ്പർ ആണ്. കൂടാതെ വാർഡിലുണ്ടാകുന്ന സാമൂഹികവും സാമ്പത്തികവുമായ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ കഴിയുന്നു. അതിലൂടെ എന്റെ വ്യക്തിത്വ വികസനവും സാധ്യമാകുന്നു. സ്റ്റേജിൽ കയറാനും അറപ്പില്ലാതെ പൊതു ജനങ്ങളോടു സംസാരിക്കാനും കഴിയുന്നു. സമൂഹത്തിന്റെ നന്മയ്ക്ക് വേണ്ടി പ്രവർത്തിക്കാനും ഞാൻ അനുഭവിച്ചതുപോലുള്ള ദുരിതം അനുഭവിക്കുന്ന സ്ത്രീകളെ സഹായിക്കുവാനും എനിക്ക് കഴിയുന്നു. ഇതിലൂടെയെല്ലാം എന്റെ വ്യക്തിത്വത്തെ ഉയർത്താനും നല്ലൊരു വ്യക്തിയായി ജീവിക്കാനും എന്നെ സഹായിച്ചു.

എന്നാൽ ബാങ്കിംഗ് പ്രവർത്തനം എന്താണ് എന്നോ എനിക്ക് അറിയില്ലായിരുന്നു. ഇത് എന്റെ പ്രവർത്തനത്തിന്റെ ഫലമായി ഈ പ്രസ്ഥാനത്തിൽ വന്നതിനുശേഷം എനിക്ക് ഇത് സ്വന്തമായി അക്കൗണ്ട് ഉണ്ട്. അത് എന്റെ നേട്ടം തന്നെയാണ്. ഒരു ജോലിക്കും പോകാതിരുന്ന എനിക്ക് ഇന്ന് തൊഴിലുറപ്പ് പദ്ധതിയിലൂടെ പണം സമ്പാദിക്കുവാൻ കഴിയുന്നു. ഇത് എല്ലാം എന്റെ വ്യക്തപരമായ നേട്ടങ്ങൾ തന്നെയാണ്.

**ശാന്തകുമാരി**

**വിഘ്നേശ്വര**

**വെമ്പായം**

## അന്ധകാരത്തിൽ നിന്ന് ഒരു ഉയർത്തെഴുന്നേൽപ്പ്

കുടുംബശ്രീ എനിക്ക് പല നല്ല അനുഭവങ്ങളും നേട്ടങ്ങളും ഉണ്ടാക്കിയിട്ടുണ്ട്. എന്റെ ജീവിതം തന്നെ മാറ്റി മറിക്കാൻ കുടുംബശ്രീക്ക് കഴിഞ്ഞു. ആരുമായിട്ട് ഒരു ബന്ധവുമില്ലാതെ വീട്ടകാര്യങ്ങളും നോക്കി ചടഞ്ഞു കൂടി വീട്ടിനകത്തിരുന്ന എനിക്ക് ഇന്ന് പുറംലോകവുമായിട്ട് വലിയ ബന്ധം ഉണ്ടായി. പല ആളുകളുമായി പരിചയപ്പെടാനും അവരുടെ പല പ്രശ്നങ്ങളും മനസ്സിലാക്കുവാനും അവർക്ക് കഴിയുന്ന സഹായം കുടുംബശ്രീ മുഖേന ചെയ്യാനും എനിക്കു സാധിച്ചു.

ആദ്യകാലങ്ങളിൽ ഞാൻകുടുംബശ്രീകമ്മറ്റിയിൽ പോകുന്നതിൽ എന്റെ ഭർത്താവിനും മക്കൾക്കും എതിർപ്പായിരുന്നു. അയൽക്കൂട്ടമെന്നത് അടിക്കൂട്ടമാണെന്ന് പറഞ്ഞ് മക്കൾ എന്നെ കളിയാക്കിയിരുന്നു നാലുപെണ്ണുങ്ങൾ കൂടി ചേരുന്നിടത്ത് നുണയും ഏഷണിയും വഴക്കും ഉണ്ടാകുമെന്നും വീട്ടിലുള്ള ആണുങ്ങൾക്ക് തലപൊക്കി നടക്കാൻ കഴിയുകയില്ലെന്നും മറ്റും പറഞ്ഞാണ് എതിർത്തിരുന്നത്.

അങ്ങനെ എന്തെങ്കിലും പ്രശ്നം ഉണ്ടാകുകയാണെങ്കിൽ അപ്പോൾ നിർത്താമെന്നുപറഞ്ഞാണ് ആദ്യകാലങ്ങളിൽ ഞാൻ കുടുംബശ്രീയിൽ പോയിരുന്നത്. എന്നാൽ ഇന്നാണെങ്കിൽ അതിനു വേണ്ടത്ര അനുകൂലികളാണവർ. പോരാത്തതിന് എന്റെ മൂത്തമകൾ ബി എഡിനു കുടുംബശ്രീയെക്കുറിച്ച് ഒരു പ്രബന്ധം തന്നെ എഴുതി കോളേജിൽ ഹാജരാക്കുകയും ഉന്നതമാർക്ക് നേടുകയും ചെയ്തു.

ഞങ്ങളുടെ കുടുംബശ്രീ തുടങ്ങിയിട്ട് ഏഴുവർഷമായി. ആദ്യത്തെ പ്രസിഡന്റും രണ്ടാമത്തെ അംഗവും ഞാൻ തന്നെയായിരുന്നു. അന്ന് എനിക്ക് പല നല്ല കാര്യങ്ങളും തുടങ്ങിവയ്ക്കാൻ കഴിഞ്ഞു.

കുടുംബശ്രീയിൽ ചേർന്ന ശേഷം എന്റെ സമ്പാദ്യശീലം വർദ്ധിപ്പിച്ചു. എനിക്ക് എന്നെക്കുറിച്ച് ശക്തമായ ഒരു ബോധം തന്നെ ഉണ്ടായി. എന്തു പ്രശ്നങ്ങളേയും നേരിടാനും ഏതു തുറങ്ങളിലും കടന്നുചെന്ന് അവകാശങ്ങൾ നേടിയെടുക്കുന്നതിനും എനിക്ക് സാധിച്ചു. സ്വയംപര്യാപ്തതയും സ്വാശ്രയശീലവും എന്നിലുണ്ടായി. അനാവശ്യചിലവുകൾ ചുരുക്കാൻ ഞാൻ പഠിച്ചു. എല്ലാപേരോടും

സൗഹൃദത്തോടേയും സ്നേഹത്തോടേയും പെരുമാറാൻ ഞാൻ ഒറ്റയ്ക്കല്ല എന്ന ഒരുബോധവും എനിക്കുണ്ടായി.

പലതുള്ളി  പെരുവെള്ളം എന്ന പോലെ ചെറിയ സംഖ്യകളിലൂടെ ആഴ്ചതോറും ഞാൻ കൂട്ടായി സ്വരൂപിച്ച എന്റെ സമ്പാദ്യവുംഇന്ന് എനിക്ക് ഒരു വലിയ മുതൽ ക്കൂട്ടായിരിക്കയാണ്. അയൽക്കൂട്ടത്തിൽ നിന്ന് ലോണായി എടുക്കുന്ന തുക എന്റെ കുട്ടികളുടെ വിദ്യാഭ്യാസകാര്യത്തിനായി ഉപകരിച്ചു. അങ്ങനെ അവർക്ക് പഠിത്തം പൂർത്തിയാക്കാനും (വിജയിക്കാനും) കഴിഞ്ഞു. ഒരു ജാമ്യവും ഇല്ലാതെ പരസ്പര വിശ്വാസത്തിൽ കുടുംബശ്രീയിൽ നിന്നും ലോണായി എടുത്ത തുക എന്റെ മകളുടെ വിവാഹത്തിനുപോലും ഉപകരിച്ചു.

ലോണിനു പലിശയായി അടയ്ക്കുന്ന തുകയും പലതരം സംരംഭങ്ങളിലൂടെ ഉണ്ടാക്കിയ ലാഭവും ഓണക്കാലങ്ങളിൽ (ഓണാവശ്യങ്ങൾ) സന്തോഷമായി ചിലവഴിക്കാനും എനിക്ക് സാധിച്ചു.

റ്റി വി കണ്ടും ഉറങ്ങിയും ദുർവിനിയോഗം ചെയ്തിരുന്ന സമയം കൂട്ടായ്മയോടെ പല സംരംഭങ്ങളിലും ഉപയോഗിക്കാൻ തുടങ്ങിയതോടെ വരുമാനം വർദ്ധിപ്പിക്കുവാൻ എനിക്ക് കഴിഞ്ഞു. ഈ തുക എന്റെ ഭർത്താവിനൊപ്പം പല കാര്യങ്ങൾക്കായി കുടുംബത്തിന് വിനിയോഗിക്കാൻ എനിക്ക് സാധിച്ചു. അത് എന്റെ ഭർത്താവിന് ഒരു തണലാവുകയും ചെയ്തു. പല കാര്യങ്ങൾക്ക് പണത്തിന്റെ കുറവുകാരണം ഞങ്ങൾ വഴക്കിടാറുണ്ടായിരുന്നു.  കുടുംബശ്രീ കമ്മറ്റിയിലൂടെ വരുമാനം വന്നതോടെ അത് ഇല്ലാതായി. കമ്മറ്റികളിൽ ഹാജരാകുന്നതിനും എടുക്കുന്ന പണം തിരികെ അടയ്ക്കുന്നതിനും മറ്റും കൃത്യനിഷ്ഠ എനിക്ക് ഉണ്ടായി.

എന്റെ കുടുംബത്തിനും ഐക്യവും സ്നേഹവും സമാധാനവും ഉ  ണ്ടാക്കുവാൻ കുടുംബശ്രീക്ക് ഏറെക്കുറെ കഴിഞ്ഞു എന്നുതന്നെ പറയാം.

ഓരോ ആഴ്ചകളിലും കമ്മറ്റികളിൽ പത്രവാർത്തകൾ വായിക്കുകയും അതിനെക്കുറിച്ച് കൂട്ടായി ചർച്ച ചെയ്യുകയും വിലയിരുത്തുകയും ചെയ്തതോടെ പത്രം വായന എനിക്ക് ശീലമായി തീർന്നു. ദിവസവും പത്രം വായിക്കുവാൻ ഞാൻ സമയം തീർത്തും കണ്ടെത്തുവാൻ തുടങ്ങി.

ഇന്ന് ബാങ്കിൽ പോയി ബാങ്ക് ഇടപാടുകൾ നടത്താൻ എനിക്ക് ഒരു ബുദ്ധിമുട്ടുമില്ലാതെയായി. അത്യാവശ്യങ്ങൾക്ക് ഉപകരിക്കുന്ന വീട്ടുമുറ്റത്തെ ഒരു ബാങ്കായി എനിക്ക് കുടുംബശ്രീ. ഓരോ ആഴ്ചയിലും ശനിയാഴ്ച വരാൻ ഞാൻ കാത്തിരിക്കുകയും കുശലം പറയുന്നതിനും തമാശ പറഞ്ഞ് പൊട്ടിച്ചിരിക്കുന്നതിനും കൂട്ടായ്മയോടെ തൊഴിൽ ചെയ്യുന്നതിനും എനിക്ക് സാധിച്ചു. പഞ്ചായത്തുമായിട്ട് ബന്ധം പുലർത്താനും എനിക്ക് കുടുംബശ്രീ മുഖേന സാധിച്ചു. അങ്ങനെ കുടുംബശ്രീ എന്റെ ജീവിതത്തിന്റെ ഒരു ഭാഗമായി മാറി.

**വിജയ കുമാരി**
**സൗഭാഗ്യകുടുംബശ്രീ**
**കല്ലിയൂർ ഗ്രാമപഞ്ചായത്ത്**

2006 ഏപ്രിൽ മാസം 20 അംഗങ്ങൾ ചേർന്ന് ഒരു കുടുംബശ്രീ രൂപീകരിച്ചു. ഏകകണ്ഠേന എന്നെ പ്രസിഡന്റാക്കുകയും ഷീബയെ സെക്രട്ടറിയാക്കി പ്രഖ്യാപിക്കുകയും ചെയ്തു. ഡിഗ്രിക്ക് 2 വർഷം വരെ പോകുകയും ടൈപ്പ് റൈറ്റിംഗ് ലോവർ, ഹയറുമൊക്കെ പാസ്സാവുകയും ഇടയ്ക്കൊക്കെ തയ്യൽ പഠിക്കുകയും ചെയ്തിട്ടുണ്ട്. എനിക്ക് ഈ കുടുംബശ്രീ കൂട്ടായ്മ വളരെ നല്ല അനുഭവമാണ് കിട്ടിയത്. ഈ 6 വർഷത്തിനിടയിൽ ഓരോ പദ്ധതികൾ വഴി പല പല ട്രെയിനിംഗ് കോഴ്സുകളിൽ പങ്കെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. തയ്യൽ പരിശീലനം, എംബ്രോയ്ഡറി ഡിസൈനിംഗ്, ഫ്രേബിക് പോയിന്റ് ഈറ കൊണ്ടുള്ള കർട്ടൻ, ബിഗ്ഷോപ്പർ നിർമ്മാണം, പേപ്പർ ബാഗ് പരിശീലനം, സോപ്പുനിർമ്മാണം എന്നിങ്ങനെ ഒട്ടനവധികാര്യങ്ങൾ പഠിക്കാൻഅവസരം ലഭിച്ചു. ഇപ്പോൾ തയ്യൽ നടത്തുന്നുണ്ട്. ഡിസൈൻ ചെയ്യുന്നുണ്ട്. ഈ പ്രവർത്തനങ്ങൾ വഴി ഞാൻ കുറെ വരുമാനങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. പാവപ്പെട്ടവർക്കുംഎന്റെ കുടുംബത്തിനുംവേണ്ടി വിനിയോഗിക്കുന്നു. വിദ്യാഭ്യാസം ഉണ്ടായിരുന്നിട്ടും പെൺകുട്ടിയായതുകൊണ്ട് അടിച്ചമർത്തപ്പെട്ടും വീടിനകത്ത് ഒതുങ്ങി കഴിഞ്ഞിരുന്ന ഞാൻ വിവാഹം കഴിഞ്ഞിട്ടും മറ്റുള്ളവരെ അഭിമുഖീകരിക്കാൻ നാണവും അറപ്പുമായിരുന്നു. എന്നാൽ യൂണിറ്റിൽ പ്രവർത്തിച്ചതിനുശേഷം ഒരുവിധം അറപ്പൊക്കെ മാറിത്തുടങ്ങി. സമ്പാദ്യങ്ങൾ സ്വരൂപിച്ചും യൂണിറ്റിനുവേണ്ടി ബാങ്കിൽ പോകാനും അക്കൗണ്ട് കൈകാര്യം ചെയ്യാനും ശീലിച്ചു മാത്രമല്ല ബാങ്കിൽ നിന്ന് ലോണെടുത്ത് യൂണിറ്റംഗങ്ങൾ എന്റെ മേൽനോട്ടത്തിൽ ഫേബ്രിക് പെയിന്റിന്റെ ഒരു യീണിറ്റ് നടത്തുകയും അതിൽ നിന്ന് വരുമാനം ഉണ്ടാക്കുകയും ചെയ്തു. 10,000 രൂപ സബ്സിഡി കിട്ടി. 40,000 രൂപ ബാങ്കിൽ അടച്ചു തീർത്തു. വരുന്ന സംശയങ്ങൾക്ക് മേലധികാരികളിൽ നിന്ന് പരിഹാരം കിട്ടുമായിരുന്നു. അങ്ങനെ വീടിന്റെ അകത്തളങ്ങളിൽ മാത്രം ഒതുങ്ങി കഴിഞ്ഞിരുന്ന ഞാൻ ഞങ്ങളുടെ വാർഡിൽ മത്സരിക്കുകയുണ്ടായി. കുറച്ചു വോട്ടിന്റെ പേരിൽ ഞാൻ തോറ്റു പോയി. എന്നാലും വാർഡു മൊത്തം ചുറ്റാൻ അവസരമുണ്ടായി. പല മനുഷ്യരുടെ പല തരത്തിലുള്ള ജീവിത രീതി പഠിക്കാൻ കഴിഞ്ഞു. മാത്രമല്ല വാർഡിൽ സി ഡി എസ്സായി മത്സരിക്കുകയും വിജയിക്കുകയും ചെയ്തു. ഇപ്പോൾ സി ഡി എസ്സായി പ്രവർത്തിക്കുകയാണ്. ചുറ്റുപാടുമുള്ള കുറച്ച് കൊച്ചുമക്കൾക്ക് ഫീസു വാങ്ങാതെ ട്യൂഷൻ കൊടുക്കുന്നുണ്ട്. ഞങ്ങളുടെ യൂണിറ്റിലെ അംഗങ്ങൾക്ക് ഒരു ആവശ്യം വന്നാൽ സഹായം ചെയ്യുന്നുണ്ട്. ഇപ്പോൾ 4 തയ്യൽ മെഷീനും 1 എംബ്രോയിഡറി

മിഷ്യനും ഉണ്ട്. വിപുലമായ ഒരു റെഡിമെയ്ഡ് സ്ഥാപനം നടത്താൻ താൽപ്പര്യമുണ്ട്. 3 മക്കളുള്ള ഞാൻ സന്തോഷവതിയാണ് വാർഡിൽ ചെറിയ ചെറിയ സഹായങ്ങൾ ചെയ്യുന്നുണ്ട്. ഇന്ന് ഞാൻ സ്വന്തമായി ഉണ്ടാക്കുന്ന സോപ്പ്, ലോഷൻ, ഡിഷ് വാഷ് എന്നിവ ഉപയോഗിക്കുന്നു. യൂണിറ്റിലെ പാവപ്പെട്ട് അംഗങ്ങൾക്ക് കൊടുക്കുന്നുണ്ട്. പിന്നെ പത്രത്തിൽ എന്ത് ട്രെയിനിംഗ് കണ്ടാലും പോകും. തിരുവനന്തപുരം വരെ സ്വന്തമായി. യാത്ര ചെയ്യാനും ശീലിച്ചു. എന്നെ ഞാനാക്കിയ യൂണിറ്റിനെ ഞാൻ സ്നേഹിക്കുന്നു. ആദരിക്കുന്നു.

ഞാൻ ഇടത്തരം കുടുംബത്തിലെ അംഗമാണ്. എനിക്ക് കുടുംബശ്രീയിൽ വന്നത് മുതൽ നല്ല അനുഭവങ്ങൾ കിട്ടി തുടങ്ങി. പുതിയ പുതിയ വ്യക്തികളെ പരിചയപ്പെടാൻ സാധിച്ചു. സ്ത്രീകൾക്ക് സമൂഹത്തിൽ മാറ്റമുണ്ടായി. കഴിവിനെക്കാൾ ഉപരിയായിട്ട് കാര്യശേഷി കൈവന്നു. പുരുഷൻമാരുടെ അഭിപ്രായത്തോടെ യോജിക്കാൻ ഇപ്പോഴും വളരെ ബുദ്ധിമുട്ടുണ്ട്. സ്ത്രീകൾ പുറത്ത് ഇറങ്ങുമ്പോൾ തന്നെ കടകളിൽ അരിക്കുന്ന പുരുഷൻമാർ പറയും ഇവൾ എന്ത് പറക്കി കെട്ടിപോകുന്നു എന്ന്. ഇപ്പോൾ ഈ ധാരണ മാറി. സ്ത്രീകൾ വാർഡ്മെമ്പർമാരായി. സി ഡി എസ് അംഗങ്ങളായി. എ ഡി എസ് പ്രവർത്തകരായി. ജനങ്ങൾ അറിയുന്നവരായി. ബാങ്കിലും മറ്റ് സ്ഥാപനങ്ങളിലും ചെന്നാൽ അവൾ ഏത് വാർഡാണ് എന്ത് ആവശ്യത്തിനുവന്നു എന്നതിലുപരി സ്ത്രീകളെ മനസ്സിലാക്കി പെരുമാറാൻ തുടങ്ങി. ഇതൊക്കെ നല്ല അനുഭവങ്ങളാണ്.

**പെരിങ്ങമല ഗ്രാമപഞ്ചായത്ത്**

## വഴിത്താര

കുടുംബശ്രീ എന്ന മഹത് സംരംഭത്തിൽ അംഗമാകാൻ കഴിഞ്ഞതിൽ എനിക്കിപ്പോൾ അതീവ സന്തോഷമുണ്ട്. കുടുംബശ്രീയിലെ അംഗങ്ങൾഒരു കുടുംബം പോലെയാണ് ആഴ്ചതോറും ഒത്തുകൂടുന്നുണ്ട്. സമ്പാദ്യശീലം വളർത്തുന്നതോടൊപ്പം കുടുംബപ്രശ്നങ്ങൾ പരിഹരിക്കാനും കുടുംബശ്രീ വഴി കഴിയുന്നു. ആദ്യമൊക്കെ കുടുംബശ്രീയിൽ അംഗമായി പ്രവർത്തിക്കുന്നതിനെതിരെ കുടുംബത്തിലുള്ളവരും നാട്ടുകാരും പരിഹസിച്ചിരുന്നു. ഇന്ന് കുടുംബത്തിലെ ഭർത്താവുൾപ്പെടെ നാട്ടുകാരും നമ്മുടെ കുടുംബശ്രീ പ്രവർത്തനങ്ങളെ പ്രശംസിക്കുന്നു. ചെറിയ ചെറിയ തൊഴിൽ യൂണിറ്റുകൾ തുടങ്ങി അതിൽ നിന്നും കിട്ടുന്ന ലാഭവിഹിതം ഭർത്താവിന്റെ സാമ്പത്തിക ബാദ്ധ്യത കുറയ്ക്കുന്നതോടൊപ്പം അഭിമാനവും തോന്നാറുണ്ട്. കുടുംബങ്ങളിൽ നിന്ന് നല്ല പിന്തുണയാണ് കിട്ടുന്നുണ്ട്.

പണ്ടൊക്കെ കൃഷിയിടങ്ങളിൽ പുരുഷൻമാരാണ് കൂടുതലും പണിയെടുക്കുന്നുണ്ട്. കുടുംബശ്രീ വഴി സ്ത്രീകളും സംഘകൃഷികൾ നടത്തുകയും നല്ല വരുമാനമുണ്ടാക്കി കുടുംബത്തെ പോറ്റുന്നവരുമുണ്ട്. ഒരു വീട്ടിലേയ്ക്ക് ആവശ്യമായ പച്ചക്കറികൾ സ്വന്തമായി കൃഷിസ്ഥലം ഇല്ലാത്തവർ പാട്ടത്തിന് കൃഷിസ്ഥലങ്ങൾ കണ്ടെത്തി കൃഷി ചെയ്ത് അവരവരുടെ വീട്ടിലേയ്ക്കും വിപണനകേന്ദ്രങ്ങൾ വഴിയും വിറ്റും വരുമാനം ഉണ്ടാക്കുന്നു. വിപണനകേന്ദ്രങ്ങൾ വഴി വിറ്റഴിക്കുന്നതിന് പഞ്ചായത്തിൽ നിന്നും സൗകര്യങ്ങൾ ഒരുക്കി തരുന്നു.

പണ്ട് പുരുഷൻമാർക്കൊപ്പം സ്ത്രീകളും തൊഴിൽ ചെയ്തിരുന്നുവെങ്കിലും പുരുഷൻമാർക്ക് കൊടുക്കുന്ന അംഗീകാരവും വേതനവും നൽകിയിരുന്നില്ല. എന്നാലിന്ന് തൊഴിലുറപ്പ് പദ്ധതി കുടുംബശ്രീ വഴി നടപ്പിലാക്കിയതുമൂലം പുരുഷൻമാർമാത്രം കൈകാര്യം ചെയ്തിരുന്ന ജോലികൾ സ്ത്രീകളും ചെയ്യുകയും സ്ത്രീക്കും പുരുഷനും തുല്യവേതനം ലഭിക്കുകയും ചെയ്യുന്നു.

അമ്മമാരുടെ ഈ പ്രവർത്തനങ്ങൾ കുട്ടികൾ നിരീക്ഷിക്കുയും അവർക്കും ഇതിൽ പങ്കാളിയായാൽ സന്തോഷമാണെന്ന് സ്ക്കൂൾ അധികൃതരെ അറിയിക്കുകയും അതനുസരിച്ച് കുട്ടികളും സ്ക്കൂൾ പരിസരത്ത് പച്ചക്കറി കൃഷികളും പൂന്തോട്ടങ്ങളും

നിർമ്മിക്കാൻ തുടങ്ങി. കുടുംബശ്രീ വഴി സ്ത്രീകൾക്കിന്ന് ഏതുരംഗത്തും പുരുഷൻമാർക്കൊപ്പം നിൽക്കാൻ സാധിക്കുന്നു.

**രേണുക**

**ശ്രീഭദ്ര കുടുംബശ്രീ**

**ആര്യങ്കോട് ഗ്രാമപഞ്ചായത്ത്**

## മറക്കാനാവാത്ത അനുഭവക്കുറിപ്പുകൾ

ഞാൻ അംബിക. വിതുര പഞ്ചായത്തിലെ പൊന്നാംചുണ്ട് വാർഡിൽ താമസിക്കുന്ന ഒരു വീട്ടമ്മ. 2010 വരെ കൊപ്പം വാർഡിലായിരുന്നു. വാർഡ് വിഭജനവും കൂട്ടി ചേർക്കലുമൊക്കെ വന്നതോടെയാണ് കൊപ്പം വാർഡിന്റെ കണ്ണായ ഭാഗം കൂടെ പൊന്നാംചുണ്ട് വാർഡിലേക്ക് മാറ്റപ്പെട്ടത്. 28 വർഷത്തോളം ഒരു ട്യൂട്ടോറിയൽ കോളേജ് അധ്യാപികയായിരുന്നു. അതിനിടെ ഭർത്താവിനൊപ്പം കേരളത്തിനു വെളിയിലും കുറച്ചുനാൾ താമസിച്ചിരുന്നു. എന്നതൊഴിച്ചാൽ മറ്റൊന്നും അവകാശപ്പെടാനില്ലാതിരുന്നു. 1999–ൽ ജനകീയാസൂത്രണത്തിന്റെ ഭാഗമായി അന്നത്തെ പഞ്ചായത്ത് സമിതി വനിതാ ചാരിറ്റബിൾ സൊസൈറ്റിക്കു രൂപം കൊടുത്തു. ഞാൻ അതിന്റെ കൺവീനറായി.

വിതുര പഞ്ചായത്തിലുടനീളം സംഘങ്ങൾ രൂപീകരിക്കണമെന്ന് പഞ്ചായത്ത് നിർദ്ദേശിച്ചു. 2000 മുതൽ സംഘങ്ങൾ രൂപീകരിക്കാനിറങ്ങി. വീടുകൾ തോറും കയറിയിറങ്ങി അംഗങ്ങളെ തേടിപ്പിടിച്ചു വേണം അന്ന് സംഘം രൂപീകരിക്കേണ്ടത്. കുറച്ചു സംഘങ്ങൾ രുപീകരിച്ചു ഞാനും ഒരു സംഘത്തിൽ അംഗമായി.

ജാതിമത രാഷ്ട്രീയ വലിപ്പചെറുപ്പ ഭേദമന്യേ ഞങ്ങൾ കുറേപ്പേർ സംഘം രൂപീകരണത്തിനായി ഇറങ്ങി തിരിച്ചു. പുരുഷമേധാവിത്വം ശരിക്കും അറിഞ്ഞു. പലയിടത്തും പുരുഷൻമാർ ഇതിനെതിര് പ്രകടിപ്പിച്ചു.

അയൽക്കൂട്ടങ്ങളിൽ പ്രവർത്തിച്ചുതുടങ്ങിയശേഷമാണ് ബാങ്കിൽ പോകാൻ പഠിച്ചതും, പൈസ നിക്ഷേപിക്കാനും പിൻവലിക്കാനുമൊക്കെ ശീലിച്ചത്. സമൂഹത്തിലേക്കിറങ്ങിയപ്പോഴാണ് പാവപ്പെട്ട വനിതകളുടെ വിഷമങ്ങളും അവർ അനുഭവിക്കുന്ന ദുരിതങ്ങളും മനസ്സിലായത്. അവരിൽ പ ലരെയും സംഘങ്ങളിൽ അംഗങ്ങളാക്കുകയും പലവിധത്തിൽ സഹായിക്കാനും കഴിഞ്ഞിട്ടുണ്ട്.

സ്ത്രീശാക്തീകരണത്തിനുള്ള ക്ലാസ്സുകൾ കൊടുക്കാനും സ്ത്രീപദവി എന്തെന്നു മനസ്സിലാക്കിയിട്ട് അയൽക്കൂട്ടങ്ങളിലേയ്ക്ക് പകർന്നുകൊടുക്കാനും കഴിഞ്ഞിട്ടുണ്ട്.

വീട്ടിലിരിക്കുന്ന സ്ത്രീകളെ ചീത്തയാക്കാനുള്ള പുറപ്പാടായിരിക്കും എന്നുവരെ പറഞ്ഞു. ഒക്കെ കേട്ടപ്പോൾ നിരാശ തോന്നി.

അതൊന്നും നടക്കുന്ന കാര്യമല്ല എന്നു പഞ്ചായത്തിൽ നിന്നും അറിയിച്ചു. വനിതാ ചാരിറ്റബിൾ സൊസൈറ്റിയുടെ കൺവീനർ സ്ഥാനത്തു നിന്നും മാറണം എന്നു ചിന്തിച്ചു തുടങ്ങി. ഇന്നത്തെ പഞ്ചായത്ത് ചീഫ് എക്സിക്യൂട്ടീവ് മദൻ മോഹൻ സാർ അന്ന് (2000ത്തിൽ)വിതുര പഞ്ചായത്തിലെ സജീവ പ്രവർത്തകൻ ആയിരുന്നു. അദ്ദേഹം ധൈര്യം തന്നു. സംഘങ്ങൾക്കു ക്ലാസ്സുകൾ തന്നു. എനിക്കും ധൈര്യം വന്നു തുടങ്ങി. രൂപീകരിച്ച സംഘങ്ങൾ രജിസ്റ്റർ ചെയ്തു. 175 ലധികം സംഘങ്ങൾ രൂപീകരിക്കാൻ എനിക്കു കഴിഞ്ഞു. ഭാരവാഹികൾക്കു സംഘങ്ങളിൽ ക്ലാസ്സെടുക്കാൻ എനിക്കു കഴിഞ്ഞു.

അതിനുശേഷമാണ് വിതുരയിൽ കുടുംബശ്രീയിൽ നിലവിൽ വന്നത്. രൂപീകരിച്ച സംഘങ്ങളിൽ മുഴുവൻ കുടുംബശ്രീയിൽ അഫിലിയേറ്റ് ചെയ്തു.

ഇന്നു ഞാൻ വിതുര പഞ്ചായത്തിലെ പൊന്നാംചുണ്ട് വാർഡിൽ എ.ഡി.എസ് ചെയർപേഴ്സണും മൈനാകം അയൽക്കൂട്ടത്തിലെ അംഗവുമാണ്.

മൈക്കുകണ്ടാൽ വിറയ്ക്കുമായിരുന്ന എനിക്ക് ആ പേടി മാറിയത് കുടുംബശ്രീ പ്രവർത്തനം കൊണ്ടു മാത്രമാണ്. പ്രമുഖവ്യക്തികളോടൊപ്പം വേദി പങ്കിടാനും സംസാരിക്കാനും കഴിയുന്നു. കുടുംബശ്രീ മുഖാന്തിരം പല വിശിഷ്ടവ്യക്തികളെയും പരിചയപ്പെടാനും കഴിഞ്ഞിട്ടുണ്ട്.

കുടുംബശ്രീ പ്രവർത്തനങ്ങളുടെ ഭാഗമാക്കുകയും പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തുകയും ചെയ്തപ്പോൾ ഒരു വ്യക്തി എന്ന നിലയിൽ പലതും പഠിക്കാൻ കഴിഞ്ഞു. കൂട്ടായ്മയുടെ പ്രാധാന്യം മനസ്സിലായി. സ്തീകളുടെ കൂട്ടായ്മ, സ്നേഹം, അടുപ്പം ഇതൊക്കെ മനസ്സിലാക്കി സ്ത്രീകളെ ശക്തിപ്പെടുത്താനും ഒരു പരിധി വരെ എനിക്കു കഴിഞ്ഞു എന്നതിൽ ചാരിതാർഥ്യമുണ്ട്. അങ്ങനെ അവഗണനയുടെയും അടിച്ചമർത്തലിന്റേയും ഭാഗങ്ങളിൽ നിന്നും അയൽക്കൂട്ടത്തിലേയ്ക്ക് എത്തിയ സ്ത്രീകൾ അറിവുള്ളവരായി തീർന്നു. അവർ അംഗീകരിക്കപ്പെട്ടു തുടങ്ങി. തൊഴിൽ യൂണിറ്റിലൂടെ സാമ്പത്തികമായും മെച്ചപ്പെട്ടു. സ്ത്രീകൾ വീട്ടിലെ ആശ്വാസമായി

മാറിത്തുടങ്ങി. ഇതിനൊക്കെ സഹായിക്കാൻ ഞാനും ഒരു പരിധി വരെ പങ്കാളിയാണെന്നുള്ളതിൽ അഭിമാനിക്കുന്നു.

ഒരു അദ്ധ്യാപികയായി ഒതുങ്ങി കൂടിയിരുന്നതല്ലാതെ സമൂഹവുമായി ഒരു ബന്ധവുമില്ലാതിരുന്ന എനിക്ക് കുടുംബശ്രീ പ്രവർത്തനങ്ങളിൽ വന്നതോടെ സ്വന്തം പ്രശ്നങ്ങൾ തിരിച്ചറിയാനും ഒരുപരിധി വരെ അതിനൊക്കെ പരിഹാരം കാണാനും കഴിയുന്നു.സംഘാംഗങ്ങളെയും അതിനൊക്കെ പ്രാപ്തരാക്കാൻ കഴിഞ്ഞിട്ടുണ്ട് എന്നാണ് എന്റെ വിശ്വാസം.

കുറച്ചു പൈസയ്ക്കൊക്കെ അത്യാവശ്യം വരുമ്പോൾ വീട്ടുമുറ്റത്തു പടുത്തുയർത്തിയ ബാങ്കായ മൈനാകം ആശ്വാസം തരുന്നു പലതവണ ലോണെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. അനായാസം ലോണെടുത്തു വലിയ വലിയകാര്യങ്ങൾ നേടാൻ കഴിഞ്ഞിട്ടുണ്ട്.

ഒരുവീഴ്ചയുടെ ഫലമായി കാൽമുട്ടിലെ ഒരു ഓപ്പറേഷൻ നടന്നതിനെ തുടർന്ന് മരുതാമല വാർഡിലെ സംഘങ്ങളുടെ. വാർഷികത്തിനു എനിക്കു പങ്കെടുക്കാൻ കഴിയാതെ വന്നു. വാർഡുപേഴ്സണും എ ഡി എസ് അംഗങ്ങളും എന്നെ കാണാൻ വന്നു. ടീച്ചറിനെ അനുസ്മരിച്ചുകൊണ്ട് ടീച്ചറില്ലാതെ ഞങ്ങൾ ആദ്യമായി വാർഷികം നടത്തി. ഞങ്ങളുടെ വാർഷിക റിപ്പോർട്ടുകളിൽ ടീച്ചർ നിറഞ്ഞ് നിൽക്കുന്നു. ഇത് കേട്ടപ്പോൾ എനിക്ക് എന്നെത്തന്നെ വിശ്വസിക്കാനാവാതെ ഒരുനിമിഷം നിശ്ശബ്ദമായിരുന്നുപോയി.

2012 ജൂലൈ 2 ന് മറ്റൊരനുഭവം. എന്റെ സ്വന്തം വാർഡായ പൊന്നാചെണ്ടിലെ 20 സംഘങ്ങളെയും ഉൾപ്പെടുത്തിക്കൊണ്ട് സ്ത്രീയും ആരോഗ്യവും പുസ്തകത്തെ സംബന്ധിച്ചും ജാഗ്രതാ സമിതിയെക്കുറിച്ചും ഒരു ക്ളാസ്സ് സംഘടിപ്പിച്ചു. ജില്ലാ ആർ പി ശ്രീമതി എസ് ഷീലയാണ് ക്ളാസ്സെടുക്കാനെത്തിയത്. അവർ ആമുഖമായി സംസാരിച്ച കൂട്ടത്തിൽ എന്റെ പേരു പറയുന്നു. ഞാൻ പല രംഗങ്ങളിലും പ്രവർത്തിച്ചിട്ടുണ്ട്. എങ്കിലും ഈ രംഗത്തെത്താൻ എന്റെ ജീവിതത്തിൽ സ്വാധീനം ചെലുത്തി എന്നെ സഹായിച്ചതിനു ഞാൻ ടീച്ചറിനോടു കടപ്പെട്ടിരിക്കുന്നു.

ഞാൻ കുടുംബശ്രീയിൽ പ്രവർത്തിച്ചതിന്റെ ഫലങ്ങൾ ഇങ്ങനെയൊക്കെയാണ് വന്നത്. സമൂഹത്തിൽ ഒരു ബന്ധവുമില്ലാതെ ഇരുന്ന എനിക്ക് കുടുംബശ്രീയിൽ

അടുക്കള മാത്രം സാമ്രാജ്യമായിരുന്ന ഒരുകൂട്ടം വനിതകളെ അവരുടെ പുരുഷൻമാരുടെ അനുവാദത്തോടെ തന്നെ സമൂഹത്തിലേയ്ക്കുകൊണ്ടുവരാനും തൊഴിൽ യൂണിറ്റുകളിൽ ഏർപ്പെടുത്താനും കഴിഞ്ഞു. സ്ത്രീ പദവി എന്തെന്നും സ്ത്രീയും പുരുഷനും സമൂഹത്തിൽ തുല്യരാണെന്നും ഒരുപരിധി വരെ മനസ്സിലാക്കി കൊടുക്കാൻ കഴിഞ്ഞിട്ടുണ്ട്. കുടുംബശ്രീ നടത്തി തന്ന ക്ലാസ്സുകളും എനിക്കു വളറെയേറെ പ്രയോജനപ്പെട്ടിട്ടുണ്ട്.

ഇന്നത്തെ അയൽക്കൂട്ടങ്ങളിൽ പലതിനും ആത്മാർത്ഥതയും കൂട്ടായ്മയും കുറഞ്ഞു പോകുന്നുണ്ടോ എന്ന സംശയമുണ്ട്. മയക്കുമരുന്നുകളും മദ്യവും കൊലപാതകങ്ങളും ആത്മഹത്യയും അപകടമരണങ്ങളും, മോഷണവും, ലൈംഗിക ചൂഷണവും എൻഡോസൾഫാനുമൊക്കെ നമ്മുടെ നാട്ടിൽ നിന്ന് തൂത്തെറിയാൻ എന്താണൊരു മാർഗ്ഗം. ഇതൊക്കെ നമ്മുടെ നാട്ടിൽ നിന്നും അപ്രത്യക്ഷമായെങ്കിലെന്ന് ആത്മാർത്ഥമായി ആഗ്രഹിക്കുന്നു. കുടുംബശ്രീക്ക് ഇതിൽ ചിലതിലൊക്കെ കൈകടത്താനാകും എന്നു പ്രതീക്ഷിക്കുന്നു. ഒക്കെ സഫലമാകുമെന്നുള്ള ശുഭപ്രതീക്ഷയോടെ ഞാൻ എന്റെ അനുഭവക്കുറിപ്പ് തല്ക്കാലംഅവസാനിപ്പിക്കുന്നു. കുടുംബശ്രീയിലേയ്ക്ക് വരാനും അതിന്റെ നല്ല പ്രവർത്തനങ്ങൾക്ക് എന്നെ സഹായിക്കുകയും ചെയ്ത ഒട്ടനവധി പേരുണ്ട്. അവരോടൊക്കെ ഞാനെന്റെ നന്ദിയും കടപ്പാടും അറിയിക്കുന്നു.

**ആർ അംബിക**

**വിതുര ഗ്രാമപഞ്ചായത്ത്**

ഞാൻ അയൽക്കൂട്ട അംഗമായിട്ട് 12 വർഷം ആയി. ഇതിനിടയിൽ എനിക്ക് ധാരാളം നല്ല അനുഭവങ്ങൾ ഉണ്ടായിട്ടുണ്ട്. മറ്റ് സ്ത്രീകളുമായി ഇടപഴകാനും അവരുടെ കുടുംബത്തെക്കുറിച്ചും ജീവിതാനുഭവങ്ങളെക്കുറിച്ചും മനസ്സിലാക്കാനും സാധിച്ചിട്ടുണ്ട്. ബാങ്കിന്റെ പടി കയറാൻ പേടിച്ച് മടിച്ചിരുന്ന ഞാൻ 6 പ്രാവശ്യമായി 20 ലക്ഷം രൂപ യാതൊരു പേടിയുമില്ലാതെ വായ്പ എടുത്ത് എന്റെ സംഘത്തിലെ അംഗങ്ങളുടെ ആവശ്യം നിറവേറ്റിയിട്ടുണ്ട്. അവസാനം എടുത്ത 5 ലക്ഷം രൂപയുടെ വായ്പയിൽ നിന്നും 3 ലക്ഷം രൂപ മകളുടെ വിവാഹത്തിന് ലഭിക്കുമെന്ന് കരുതിയ വായ്പ ലഭിക്കാതെ വന്നപ്പോൾ ആത്മഹത്യയുടെ വക്കിലെത്തിയ സുമതിചേച്ചിയുടെ കുടുംബത്തിനു നൽകാൻ എന്റെ അയൽക്കൂട്ട അംഗങ്ങളെ സമ്മതിപ്പിച്ചെടുത്ത് എന്നതാണ്. അയൽക്കൂട്ട അംഗമല്ലാത്തതിനാൽ അത്രയും വലിയ തുക നൽകാൻ ആവില്ലെന്ന് പകുതിയിൽ കൂടുതൽ അംഗങ്ങളും നിർബന്ധം പിടിച്ചു. എന്നാൽ രണ്ടുദിവസം രാപകലില്ലാതെ ശ്രമിച്ചിട്ടാണെങ്കിലും കൊടുക്കാൻ എന്റെ കൂട്ടുകാരെക്കൊണ്ടു സമ്മതിപ്പിച്ചു. കല്ല്യാണം കഴിഞ്ഞ് മൂന്നിന്റെയന്ന് സുമതിചേച്ചിക്ക് വായ്പ കിട്ടി. വായ്പ തിരികെ നൽകാൻ വന്ന ചേച്ചി എന്നെ കെട്ടിപ്പിടിച്ചു പൊട്ടികരഞ്ഞപ്പോഴാണ് ജീവിതത്തിൽ ഇന്നുവരെ കിട്ടിയില്ലാത്ത ആത്മസംതൃപ്തി എനിക്ക് ലഭിച്ചത്. എന്റെ ജീവിതത്തിലെ തന്നെ ഹൃദയസ്പർശിയായ നിമിഷമായിരുന്നു അത്.

എന്ന്,

**വിലാസിനി**

**പനവൂർ പഞ്ചായത്ത്**

## ഒറ്റയ്ക്കല്ലൊറ്റയ്ക്കല്ലൊറ്റയ്ക്കല്ല

എന്റെ പേര് രാധിക ജി. പാപ്പാല ദേശത്തെ ചാക്കുടി എന്ന സ്ഥലത്താണ് താമസം. കുടുംബശ്രീ വനിതാ സ്വയം സഹായ സംഘം ചാക്കുടി എ യിലെ അംഗമാണ്. ടി സംഘം 13 വർഷം പിന്നിടുന്നു. തുടക്കത്തിൽ 39 അംഗങ്ങൾ ഉണ്ടായിരുന്നു. ഇപ്പോൾ 25 അംഗങ്ങളാണ് ഉള്ളത്. അതിൽ ഒരംഗമാണ് ഞാൻ. എന്റെ ജീവിതത്തിലെ താളപ്പിഴവുകൾ വന്നതോടെ മനസ്സാകെ കുഴഞ്ഞു മറിഞ്ഞു. എനിക്ക് ജീവിക്കണമെന്ന് മനസ്സിനെ പറഞ്ഞു വിശ്വസിപ്പിച്ചു. അതിനായി കുടുംബശ്രീയിൽ കൂടുതൽ ശ്രദ്ധയൂന്നി. സ്വയം തീരുമാനിച്ചു. കുടുംബശ്രീയിൽ ആരെങ്കിലുമായിത്തീരണമെന്ന്. ടി സംഘത്തിലെ സെക്രട്ടറി സ്ഥാനം വഹിക്കാമെന്ന് ഞാൻ സ്വയം പറഞ്ഞു. അംഗങ്ങൾ താല്പര്യത്തോടെ സംഘം സെക്രട്ടറിയായി എന്നെ പ്രഖ്യാപിച്ചു. 2 വർഷം സംഘത്തിൽ തുടർന്നു. അതിൽ തുടരവെ എ.ഡി.എസ് തെരെഞ്ഞെടുപ്പിൽ എ.ഡി.എസ് സെക്രട്ടറിയായി. മറ്റ് സംഘത്തിലെ അംഗങ്ങൾ എന്നെ തെരെഞ്ഞെടുത്തു.

എ.ഡി.എസ് സെക്രട്ടറിയായി വന്നതോടെ എന്റെ വാർഡുകളിലെ എല്ലാ ആളുകൾക്കും എന്നെ പരിചയമായി. ഒരുകൂട്ടം ആളുകൾ നിന്നാൽ അവിടെ ചെല്ലാൻ മടിയായിരുന്നു. അത് ഒരുതരം പേടിയായിരുന്നു. എന്നാൽ കുടുംബശ്രീയിൽ വന്നതോടെ ഒരുപാട് മാറി. സംസാരിക്കാൻ പഠിച്ചു. ഒരുകൂട്ടം ആളുകളുടെ അടുത്തു ചെന്ന് ഇടപെടാൻ ധൈര്യം വന്നു. സി ഡി എസ് തെരെഞ്ഞെടുപ്പിലും എന്നെ സി ഡി എസ് മെമ്പറായി തെരെഞ്ഞെടുത്തു. ഓരോ സംഘങ്ങളിലും ചെന്ന് അവർക്ക് കുടുംബശ്രീയെക്കുറിച്ചും അതിലെ സാമ്പത്തിക ഇടപാടുകളെക്കുറിച്ചും പറഞ്ഞ് മനസ്സിലാക്കി കൊടുത്തു. അതിലുപരി ഒരുപാട് നേട്ടങ്ങൾ ജനങ്ങൾക്ക് നേടിക്കൊടുത്തിട്ടുണ്ട്. വീടില്ലാത്ത ഒരുപാട് കുടുംബങ്ങൾക്ക് ഇ.എം. എസ് ഭവനപദ്ധതിയിലും ഐ എ വൈ പദ്ധതിയിലും വീടുകൾ കൊടുക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

എ.ഡി.എസ് ആയി വന്നതിനുശേഷം മഹാത്മാഗാന്ധി ഗ്രാമീണ ദേശീയ തൊഴിലുറപ്പ് പദധതിയിൽ മേറ്റായി പ്രവർത്തിക്കുന്നു. 250ഓളം കുടുംബങ്ങളെ രജിസ്റ്റർ ചെയ്യിപ്പിക്കാൻ കഴിഞ്ഞു. ആദ്യപണിയിൽ തന്നെ 60 ഓളം തൊഴിലാളികൾ പണിയെടുത്തു. തുടർന്നുള്ള പണികളിൽ കൂടുതൽ തൊഴിലാളികൾ വന്നു തുടങ്ങി.

ഇപ്പോൾ തൊഴിൽസേനയിലും രജിസ്റ്റർ ചെയ്തിട്ടുണ്ട്. കുടുംബശ്രീയിൽ പ്രവർത്തിക്കവെ ആരോഗ്യസേവനമായി ആശാവർക്കറായി എന്നെ വാർഡിലേയ്ക്കു നിയമിച്ചു. ആശാവർക്കറും കുടുംബശ്രീയും ഒരേ പോലെ പ്രവർത്തിക്കുമ്പോൾ എന്റെ മനസ്സിൽ മറ്റു ചിന്തകളില്ല. ഇതാണ് എന്റെ ജീവിതം എന്നുതോന്നിപ്പോകും. എന്റെ സംഘത്തിൽ തുടക്കത്തിൽ 10 രൂപയായിരുന്നു നിക്ഷേപം. എന്നാൽ ഇപ്പോൾ 20 രൂപയായി മാറി. എന്റെ സംഘത്തിൽ നിന്നും വായ്പ എടുക്കുന്നത് 10000/- മുതൽ 20000/- രൂപ വരെ എടുക്കുന്നു. എന്റെ കുടുംബം ദാരിദ്ര്യം കുറഞ്ഞു വന്നു.

അയൽക്കൂട്ട പ്രവർത്തനശേഷം ഓരോ വേദികളിലും ധൈര്യത്തോടെ പ്രസംഗിക്കുവാൻ സാധിച്ചു. പുരുഷ സംഘങ്ങളുടെ വേദികളിൽ പങ്കെടുക്കുവാൻ സാധിച്ചു. ഗ്രാമസഭകളിൽ ധൈര്യമായി സംസാരിക്കുന്നു. സി.ഡി.എസ് മെമ്പറായതിനുശേഷം ജനകീയാസൂത്രണപദ്ധതിയുടെ പഞ്ചായത്ത് തല വർക്കിംഗ് ഗ്രൂപ്പിൽ അംഗമാകാൻ കഴിഞ്ഞു. അവിടെ നിന്നും ബ്ളോക്ക് തലത്തിലും പട്ടികജാതി വികസന വർക്കിംഗ് ഗ്രൂപ്പ് അംഗമായി മാറി. ഇതിൽ എല്ലാത്തിലും പ്രവർത്തിക്കുമ്പോഴാണ് ബ്ളോക്കിന്റെ കീഴിലുള്ള പ്രീ -മെട്രിക്ഹോസ്റ്റലിൽ വാർഡനായി മൂന്നര മാസം ജോലി കിട്ടി. ആ സമയങ്ങളിൽ കുടുംബശ്രീയിൽ പങ്കെടുക്കാൻ കഴിയാത്തതിൽ വളരെ വിഷമമുണ്ടായിരുന്നു. വീണ്ടും വന്ന തെരെഞ്ഞെടുപ്പിൽ സംഘത്തിൽ വോളന്റിയറായും എ.ഡി.എസ് എക്സിക്യൂട്ടീവ് അംഗമായും സി.ഡി.എസ് മെമ്പറായും എനിക്ക് വീണ്ടും വരാൻ സാധിച്ചു. ഇന്നും നല്ല മനസ്സോടെ ഈ പ്രവർത്തനം മുന്നോട്ടു കൊണ്ടു പോകുന്നു.

**രാധിക ജി**

**കുടുംബശ്രീ വനിതാസ്വയം സഹായസംഘം**

**കിളിമാനൂർ ഗ്രാമപഞ്ചായത്ത്**

## ഓർമ്മച്ചെപ്പ്

വിതുര ഗ്രാമപഞ്ചായത്തിലെ ചെറ്റച്ചൽ വാർഡിൽ കാലംകാവ് കാർത്തികയിൽ ബി.ദേവകിഅമ്മയുടെ വസതിയിൽ വച്ച് 26–7–2002 വൈകിട്ട് നാലുമണിക്ക് ഒരു വനിതാസ്വയം സഹായസംഘം രൂപീകരണയോഗം കൂടുകയും ശാസ്തസ്വയം സഹായസംഘം രൂപം കൊള്ളുകയും ചെയ്തു. 26–07–2002 മുതൽ ഞാൻ ഈ സംഘത്തിൽ പ്രവർത്തിച്ചു വരികയാണ്. ഈ സംഘത്തിൽ ചേർന്ന ആദ്യനാളുകളിൽ എനിക്ക് സംഘത്തെക്കുറിച്ച് യാതൊരു അറിവും ഉണ്ടായിരുന്നില്ല. എണീറ്റ് നിന്ന് സ്വാഗതം പറയുന്നതിനുപോലും മടിയായിരുന്നു. കുറച്ചുനാൾ കഴിഞ്ഞപ്പോൾ സ്വാഗതം പറയാനും നന്ദി പറയാനുമൊക്കെ ഉള്ള ധൈര്യം കിട്ടി. സംഘത്തിൽ വരുന്നതിനു മുമ്പ് ബാങ്കുമായി എനിക്ക് യാതൊരുവിധ ബന്ധവുമുണ്ടായിരുന്നില്ല. എന്നാൽ സംഘത്തിൽ വന്നതിനുശേഷം ബാങ്കുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചെയ്യാനുള്ള പ്രാപ്തികിട്ടി. ആദ്യമൊക്കെ ബാങ്കിൽ പൈസ അടയ്ക്കാനുള്ള വൗച്ചർ ഫോം പൂരിപ്പിക്കാൻ തെറ്റുമോ എന്ന ഭയമായിരുന്നു. ഇപ്പോൾ ആ പേടിയൊക്കെ മാറി.

ആഴ്ചതോറും സംഘാംഗങ്ങളെ കാണുന്നതിനും ഓരോ വീട്ടിൽ വച്ച് പ്രതിവാരം യോഗം കൂടുന്നതുകൊണ്ട് അവരുടെ ചുറ്റുപാടുകൾ മനസ്സിലാക്കുന്നതിനും അവരെ സഹായിക്കുന്നതിനും സംഘത്തിൽ വന്നതുകൊണ്ടാണ് എനിക്കു സാധിക്കുന്നത്. സംഘാംഗങ്ങൾ അവരുടെ പ്രശ്നങ്ങൾ പങ്കുവയ്ക്കുന്നതിനുള്ള വേദിയാണ് സംഘം.
പണത്തിന് ആവശ്യം വന്നാൽ സംഘത്തിൽ നിന്നും വായ്പ എടുക്കാൻ സാധിക്കുന്നതും സംഘത്തിൽ അംഗമായാലുള്ള ഗുണമാണ്. സംഘത്തിൽ വന്നതിനുശേഷം സമ്പാദ്യശീലം വളർത്തിയെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. സംഘത്തിലുള്ള എല്ലാ അംഗങ്ങൾക്കും സ്വന്തം അക്കൗണ്ടിൽ ഉള്ള പാസ്ബുക്ക് എസ് ബി ടിയിൽ നിന്നും എടുത്തിട്ടുണ്ട്. പരസ്പരസ്നേഹവും വിശ്വാസവും വളർത്തിയെടുക്കാൻ സംഘത്തിൽ വന്നതിനുശേഷം സാധിച്ചിട്ടുണ്ട്. വീട്ടിനുള്ളിൽ ഒതുങ്ങി കഴിഞ്ഞിരുന്ന പ്രകൃതമായിരുന്നു എന്റേത്. എന്നാൽ സംഘത്തിൽ വന്നതിനുശേഷം സംഘാംഗങ്ങളുമായി ഇടപെടുന്നതിന് അവരുടെ സന്തോഷത്തിലും ദുഖത്തിലും പങ്കാളിയാവാൻ കഴിഞ്ഞിട്ടുണ്ട്.

സംഘത്തിൽ ചേർന്നശേഷം സംഘത്തിന്റെ ആവശ്യത്തിനായി പഞ്ചായത്തിലോ ബാങ്കിലോ പോകുന്നത് അഭിമാനമാണ്. സംഘത്തിൽ വന്നശേഷം പഞ്ചായത്തും ബാങ്കുമായി നല്ല അടുപ്പമായി. സംഘത്തിൽ വന്നശേഷം ദുഃഖകരവും സന്തോഷകരവും ആയ ധാരാളം അനുഭവങ്ങൾ ഉണ്ടായിട്ടുണ്ട്. അതിൽ ഒരിക്കലും മറക്കാൻ പറ്റാത്ത ഒന്നാണ് ഈ സംഘത്തിന്റെ രൂപീകരണത്തിന് പ്രധാന പങ്ക് വഹിച്ച ദേവകിഅമ്മയുടെ അകാലവിയോഗം. 22–9–2006– ൽ ആയിരുന്നു അവർ ഞങ്ങളെ വിട്ടു പിരിഞ്ഞത്. ദേവകി അമ്മയുടെ പരിശ്രമം കൊണ്ടുമാത്രമാണ് ശാസ്ത സംഘം രൂപം കൊണ്ടത്. ഈ ദുഃഖത്തിൽ കരകയറാൻ ഇനിയും കഴിഞ്ഞിട്ടില്ല. വിങ്ങുന്ന ഒരു ഓർമ്മയായ് ആ ദുഃഖം ഇപ്പോഴും നിലനിൽക്കുന്നു.

ഒരിക്കൽ ഓണത്തോടനുബന്ധിച്ച് ഞങ്ങൾ സംഘാംഗങ്ങൾ വസന്തകുമാരിയുടെ നേതൃത്വത്തിൽ പർപ്പടകം ഉണ്ടാക്കുന്നതിന് തീരുമാനിച്ചു. അതിനുവേണ്ടി ഉഴുന്നും മാവും ഏർപ്പാടാക്കി. സംഘാംഗമായ വസന്തകുമാരി തന്നെ മുൻകൈ എടുത്ത് മാവ് കുഴച്ചു. ഞങ്ങൾ സംഘാംഗങ്ങൾ മാവ് ഉരലിലിട്ട് ഇടിച്ച് പരുവപ്പെടുത്തി. പരുവത്തിൽ ഇടിച്ച മാവ് ഞങ്ങൾ മുറിച്ചെടുത്ത് പപ്പടത്തിന്റെ മാതൃകയിൽ പരത്തി വെയിലത്ത് വച്ചുണക്കി എടുത്തു. മഴ വരുമ്പോൾ വെയിലത്ത് ഉണക്കാൻ ഇട്ടിരിക്കുന്ന പപ്പടം ഞങ്ങൾ വേഗത്തിൽ പെറുക്കിമാറ്റിമായിരുന്നു.ആ ഓണത്തിന് സംഘാംഗങ്ങളുടെയും പരിസരവാസികളുടേയും വീട്ടിലെല്ലാം ഞങ്ങൾ ഉണ്ടാക്കിയ പപ്പടമാണ് സദ്യക്ക് ഉപയോഗിച്ചത്. പപ്പടം ഉണ്ടാക്കിയതോടു കൂടിയാണ് എനിക്ക് മനസ്സിലായത്, എത്ര പ്രയാസപ്പെട്ടിട്ടുണ്ടാക്കുന്ന പപ്പടമാണ് നമ്മൾ നിസ്സാരമായി കടകളിൽ നിന്നും കവറുകളിൽ വാങ്ങുന്നത് എന്ന്. എന്നെ സംബന്ധിച്ചിടത്തോളം ഇത് രസകരവും വിജ്ഞാനപ്രദവുമായ അനുഭവം തന്നെയായിരുന്നു.

സംഘത്തിന്റെ കാര്യത്തിനുവേണ്ടിയാണ് ഞാൻ ആദ്യമായി വെള്ളനാട് ബ്ളോക്കിൽ പോയത്. ബ്ളോക്കിൽ നിന്ന് സംഘത്തിനു ലഭിച്ച റിവോൾവിംഗ് ഫണ്ട് വാങ്ങുന്നതിന് ഞാനും ദേവകിയമ്മയും ജോളി രാധാകൃഷ്ണനും ഒരുമിച്ചുള്ള ആ യാത്ര വളരെ ആനന്ദകരമായിരുന്നു. റിവോൾവിംഗ് ഫണ്ട് ഉപയോഗിച്ച് സംഘാംഗങ്ങളെ നറുക്കിട്ടെടുത്ത് ആടു വാങ്ങുന്നതിനായി 2000/– രൂ പ വീതം നൽകി. അങ്ങനെ നറുക്കിൽ എന്റെ പേരു വീണു. ഞാൻ ഒരാടിനെ വാങ്ങി. കുടുംബശ്രീയും സംഘങ്ങളും ഉള്ളതുകൊണ്ടാണ് എനിക്ക് ആടിനെ വാങ്ങാൻ സാധിച്ചത്. അതിനുമുമ്പ് എനിക്ക് ആട് ഇല്ലായിരുന്നു. ഞങ്ങളുടെ സംഘത്തിൽ പലവ്യഞ്ജന കച്ചവടം

ഉണ്ടായിരുന്നു. സംഘാംഗങ്ങൾ ഓരോരുത്തരും സാധനങ്ങൾ തൂക്കി നൽകുന്നത് ആളുകൾക്ക് കൗതുകമുള്ള കാഴചയായിരുന്നു.

സംഘാംഗങ്ങളുടെ വീട്ടിൽ എന്തെങ്കിലും വിശേഷം ഉണ്ടായാൽ അത് സംഘത്തിൽ അറിയിക്കുകയും ഞങ്ങൾ ഓരോരുത്തരും സന്തോഷത്തോടെയും ഒത്തൊരുമയോടെയും അവിടെപോയി സഹകരിക്കുകയും ചെയ്ത സന്ദർഭങ്ങൾ എന്നെ സംബന്ധിച്ചിടത്തോളം മറക്കാനാകാത്തതും സന്തോഷകരവുമായ അനുഭവങ്ങൾ എന്റെ മനസ്സിന്റെ താളുകളിൽ കുറിച്ചിട്ടവ തന്നെയാണ്.

**ഷീനാകുമാരി ആർ**

**ശാസ്താ കുടുംബശ്രീ**

**വിതുര കുടുംബശ്രീ**

ഞാൻ നിങ്ങളുടെ സരളചേച്ചി. മഹത്തായ കുടുംബശ്രീ പ്രസ്ഥാനത്തിലെ എന്റെ അനുഭവങ്ങൾ ഞാൻ നിങ്ങളോട് പറയട്ടെ. കുടുംബശ്രീ അയൽക്കൂട്ടം രൂപീകരിക്കാൻ പ്രയത്നിച്ച ഒരു വ്യക്തിയാണ് ഞാൻ. ആ അവസരത്തിൽ ഒളിഞ്ഞും തെളിഞ്ഞും ചില സ്ത്രീകൾ പരിഹസിച്ചു അയൽക്കൂട്ടം രൂപീകരണം കഴിഞ്ഞ് കുറച്ചു നാളുകൾക്കുശേഷം ചില നുണപ്രചാരണഭാഗമായി എന്നെ വാനോളം പുകഴ്ത്തിയവർ കടലിന്റെ അടിത്തട്ടിലേയ്ക്ക് വലിച്ചെറിഞ്ഞു. അതെന്നെ വളരെയധികം തളർത്തിയിരുന്നു. വീട്ടിൽ നിന്നും ഉണ്ടായിരുന്ന എതിർപ്പുകൾ കുറഞ്ഞു വന്നു. കൂടുതൽ പ്രവർത്തിക്കുവാൻ കരുത്തുവന്നു. കുടുംബശ്രീ പഞ്ചായത്തിൽ എല്ലാ വാർഡുകളിലും വ്യാപിക്കുന്നതിന്റെ ഭാഗമായി ഞാനും സി.ഡി.എസ് ചെയർപേഴ്സണായ സിന്ധുവും മെമ്പർ സെക്രട്ടറിയായ മോഹൻ സാറും കൂടി പുലിയം എന്ന സ്ഥലത്ത് അയൽക്കൂട്ടം രൂപീകരിക്കാൻ പോയി. ഞങ്ങൾ അയൽക്കൂട്ടം രൂപീകരിച്ചത് ഒരു എസ് സി കേന്ദ്രമാക്കിയായിരുന്നു. സമയം വളരെ വൈകിത്തുടങ്ങി. നേരം ഇരുട്ടി. ഞങ്ങൾ മൂന്നുപേരും കൂടി പോകാൻ ഇറങ്ങിയപ്പോൾ ഒരു പ്രായമുള്ള ആൾ പറഞ്ഞു. നിങ്ങൾ ഇപ്പോൾ പോകണ്ട എന്ന്. എന്നിട്ടും മിന്നാമിനുങ്ങിന്റെ നുറുങ്ങുവെട്ടം എന്നു പറയുന്നതുപോലെ റബ്ബർ പുരയിടത്തിൽ അരിച്ചിറങ്ങുന്ന വെളിച്ചം മാത്രം. കുറച്ചു നടന്നു കഴിഞ്ഞപ്പോൾ ആരുടെയൊക്കെയോ വിളയും ബഹളവും. ആരൊക്കെയോ ഓടുന്ന ഒച്ചയും കേൾക്കാമായിരുന്നു. വാഹനങ്ങൾ വളരെ കുറവുള്ള പ്രദേശമായിരുന്നു. ഞങ്ങളും യഥാർത്ഥത്തിൽ നടക്കുകയല്ല, ഓടുകയാണെന്നു തന്നെപറയാം. അടുത്ത വീട്ടിൽ എന്നതെങ്കിലും സംഭവം ഉണ്ടായോ എന്നുചോദിച്ചപ്പോൾ അവർക്ക് അറിയില്ല എന്നു പറഞ്ഞു. എന്തായാലും ഞങ്ങൾ വളരെ ഇരുട്ടി വീടുകളിൽ എത്തിചേർന്നു. അടുത്തദിവസം പത്രത്തിലും റ്റി വി യിലും വന്ന വാർത്ത കണ്ട് ഞെട്ടിപ്പോയി. മതപരിവർത്തനത്തിനായി വന്ന ക്രിസ്ത്യൻ മിഷനറിയായ കൂപ്പറെ വെട്ടി കൊലപ്പെടുത്താൻ ശ്രമിച്ചു എന്നാണ്. ആ സ്ഥലത്താണ് ഞങ്ങളും ഉണ്ടായിരുന്നത്. ആലോചിച്ചു നോക്കിയാൽ ഇന്നും ശരീരം വിറയ്ക്കും. അങ്ങനെ കുടുംബശ്രീ പ്രവർത്തകയായ എനിക്ക് എവിടെ ചെന്നാലും സരള ചേച്ചി എന്നുവിളിക്കാൻ സാധിക്കുന്നു. ഈ പ്രസ്ഥാനത്തിലൂടെ വന്ന എനിക്ക് ജനപ്രതിനിധിയാകാനും പാവപ്പെട്ടവരെ സഹായിക്കാനും സാധിക്കുന്നുണ്ട്. ഇന്ന് കുടുംബശ്രീ സ്പർശിക്കാത്ത ഒരിടമില്ല. ഇതിൽ ചെറിയ ഒരു ഭാഗമായി മാറാൻ കഴിഞ്ഞത് വളരെ അഭിമാനമുള്ളതായി തോന്നുന്നു. മറ്റുള്ള പഞ്ചായത്തുകളിൽ

അയൽക്കൂട്ടം രൂപീകരിക്കാൻ സാധിച്ചതിലും സന്തോഷം ഏറെയുണ്ട്. ഇനി ഒരു ജന്മമുണ്ടെങ്കിലും ഞാൻ കുടുംബശ്രീയിൽ പ്രവർത്തിച്ച് മറ്റുള്ളവരുടെ ദുഃഖത്തിലും സന്തോഷത്തിലും പങ്ക് ചേരും. കുടുംബശ്രീ എണ്ണവറ്റാത്ത കെടാവിളക്കായി ജ്വലിക്കട്ടെ. തിരിനാളത്തിൽ ലോകം മുഴുവൻ വെളിച്ചം പരത്തട്ടെ എന്ന് പറഞ്ഞുകൊണ്ട്.

**സ്വന്തം സരളചേച്ചി**

**കടയ്ക്കാവൂർ ഗ്രാമപഞ്ചായത്ത്**